**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1773** **29-09-2025 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം-ബേബി കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ബേബി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | നെല്ല് സംഭരണ വിദഗ്ധ സമിതി റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>സംഭരണ പ്രക്രിയയുടെ നവീകരണം<br><br>i. നെല്ല് സംഭരണ കേന്ദ്രങ്ങൾ (Paddy Procurement Centres) (PPC) കേന്ദ്ര ഗവൺമെൻറ് പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് പ്രധാന നെല്ലുല്പാദന പ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കണം.PPC യിൽ വേണ്ട യന്ത്ര സാമഗ്രികകൾ ഡ്രയറുകൾ, വിന്നോയിങ് മെഷിൻ, വെയിങ് സ്കെയിൽ, ഗ്രെയ്ൻ അനലൈസർ, മോയ്സ്ചർ മീറ്ററുകൾ, കംപ്യൂട്ടറുകൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സജ്ജീകരിക്കേണ്ടതാണ്. നെല്ല് സംഭരിക്കുന്നതിന് നിരവധി PPCകൾ ഒറ്റയ്ക്കോ കൂട്ടായോ വെയർഹൗസിംഗ് ഫെസിലിറ്റികൾ സ്ഥാപിക്കുകയോ /പാട്ടത്തിനെടുക്കുകയോ /പുറം കരാർ കൊടുക്കുകയോ ചെയ്യണം.<br><br>ii. PPC കൾ വഴി നെല്ല് സംഭരിക്കുന്നതിനായി നിർദ്ദിഷ്ട ശേഷിയും താൽപര്യവുമുള്ള PACS/FPCs എന്നിവയെ നെല്ല് സംഭരണത്തിനുള്ള നോഡൽ ഏജൻസികളായി സർക്കാരിന് പ്രഖ്യാപിക്കാവുന്നതാണ്. ഇവയ്ക്കു പുറമേ,നെല്ല് സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുടെ സഹായം സ്വീകരിക്കാവുന്നതും, സ്വകാര്യ മേഖല പങ്കാളിത്തം അനുവദിക്കാവുന്നതുമാണ്.<br><br>iii. കർഷകർക്ക് സൗകര്യപ്രദമായ വാഹനത്തിൽ നെല്ല് PPC കളിലേക്ക് കൊണ്ടുവരാനും സംഭരിച്ച നെല്ല് PPCയിൽ നിന്ന് മില്ലുകളിലേയ്ക്ക് കൊണ്ടുപോകുന്നതിനുമുള്ള ഗതാഗത സംവിധാനത്തിന് സപ്ലൈകോ പുറം കരാർ |

സംവിധാനം ഏൽപ്പിക്കുകയും, ഇതിനായുള്ള സെൻട്രൽ ഡാറ്റ പ്രോസസ്സിംഗ് സിസ്റ്റത്തിലൂടെ നീക്കം തൽസമയം മോണിറ്റർ ചെയ്യുകയും വേണം.

iv. പി.പി.സി കളിൽ പാഡി റസീറ്റ് ഷീറ്റ് (PRS) തത്സമയം നൽകി കർഷകർക്ക് മുൻകൂട്ടി നിശ്ചയിച്ച ഏറ്റവും കുറഞ്ഞ ദിവസങ്ങൾക്കകം പണം നൽകണം.

<u>മറ്റു നയ നവീകരണ നിർദ്ദേശങ്ങൾ</u>

i. സംസ്ഥാന പ്രോത്സാഹന ബോണസ്(SIB) വിളവിൻെറ അളവിനെ അടിസ്ഥാനപ്പെടുത്തുന്നത് ഒഴിവാക്കി കൃഷി ചെയ്യുന്ന വിസ്‌തൃതിയുമായി ബന്ധിപ്പിക്കുക. ഇത് വഴി നെൽകൃഷി വികസിപ്പിക്കാനും കൃഷി വകുപ്പിന്റെ ഇതര നെൽകൃഷി സബ്സിഡികളുമായി ബന്ധപ്പെടുത്താനും കഴിയും. ഇളു വിതരണം ചെയ്യാൻ കൃഷിവകുപ്പിൻെറ AIMS-കതിർ- KKH വിവര സാങ്കേതിക സംവിധാനത്തിലെ ഡാറ്റാബേസിനെ ആശ്രയിക്കാം.

ii. വിള-വിളവെടുപ്പ്-സംഭരണ കലണ്ടർ സമന്വയിപ്പിക്കുക.

iii. ബന്ധപ്പെട്ട വകുപ്പുകൾ വാർഷിക സംഭരണ നയവും പ്രവർത്തന പദ്ധതിയും മുൻകൂട്ടി തയ്യാറാക്കുക, ഉത്തരവിലൂടെ വിജ്ഞാപനം ചെയ്യുക.

iv. ഇതിനായി കൃഷി -പൊതുവിതരണം -ജലസേചനം -ധനകാര്യം വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുക- നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ക്യാബിനറ്റ് സബ് കമ്മിറ്റി (CSC) സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഫലപ്രദമായ ഒരു സ്ഥിരം സംവിധാനമാക്കാവുന്നതാണ്. ഏകോപനത്തിനും പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കുന്നതിനുമുള്ള നോഡൽ ഓഫീസറായി ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ജില്ലയിൽ പ്രവർത്തിക്കേണ്ടതും തീരുമാനങ്ങൾ ജില്ലാ തലത്തിൽ പാലിക്കേണ്ടതുമാണ്.

v. കർഷകർക്ക് രജിസ്ട്രേഷൻ- ഒറ്റ തവണ രജിസ്ട്രേഷൻ, ആധാറും ഭൂരേഖയും ബന്ധിപ്പിച്ചു(Unique Farmer ID) നൽകണം. കൃഷി വകുപ്പിന്റെ AIMS/Integrated Agri-Information System -ൽ സപ്ലൈകോയ്ക്കു access നൽകുക. അനുയോജ്യമായ Remote Sensing-Analytics-AI സാങ്കേതിക വിദ്യകൾ ഉപയോഗിക്കണം.

vi. സംഭരിച്ച നെല്ലിന് എൻഡ്-ടു-എൻഡ് ട്രെയ്സബിലിറ്റി ഉറപ്പാക്കുക-വിള കണക്കാക്കുന്നതിനു സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക. കൃഷിയിടം Geo tag ചെയ്യുക. സംസ്ഥാന ഇൻസെന്റീവ് ബോണസ് MSP-യിൽ നിന്നും മാറ്റി ക്രോപ് ഇൻഷുറൻസ്, കാർഷിക സബ്സിഡികളിൽ നൽകുക.

vii. ഔട്ട് ടേൺ റേഷ്യോ- OTR കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് 68% ആയി പുനഃസ്ഥാപിക്കുക. PPCകളിൽ നെല്ലിന്റെ ഗുണനിലവാരം ഉറപ്പാക്കുക. വെള്ളപ്പൊക്കം പോലുള്ള പ്രത്യേക സാഹചര്യങ്ങളിൽ മാത്രം ശാസ്ത്രീയമായി തയ്യാറാക്കിയ Allowance Matrix ഉപയോഗിക്കുക.

viii. സംഭരണം പൂർണമായി ഡിജിറ്റൈസ് ചെയ്തു കൊണ്ട് ആധാർ അധിഷ്ഠിത ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയർ ലഭ്യമാക്കുക.നിലവിലെ സപ്ലൈകോ സംവിധാനം AIMS- KKH പോർട്ടൽ വിവരങ്ങൾ എന്നിവ പങ്കിട്ട് കുറ്റമറ്റതാക്കുക. പരാതി പരിഹാരവും പ്രശ്നങ്ങളുടെ ഒത്തുതീർപ്പും സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുക.

ix. മില്ല് രജിസ്ട്രേഷനും നെല്ല് അലോക്കേഷനും- മില്ലുകൾക്കു ഒരു വർഷത്തിൽ എപ്പോൾ വേണമെങ്കിലും ചെയ്യാൻ പറ്റുന്ന ഒറ്റ തവണ രജിസ്ട്രേഷൻ അനുവദിക്കുക. മില്ലുകളെ Geo-tag ചെയ്യുക. PPC/PACS ൽ നിന്നും നെല്ലിന്റെ അലോക്കേഷനും PDS റിലീസും ഡിജിറ്റലായി കൈകാര്യം ചെയ്യുക. CMR-ലേക്കും open market-ലേക്കുമുള്ള മില്ലിങ് വേർപെടുത്തുക. മില്ലിങ് നടത്തി അരി സപ്ലൈകോയ്ക്ക് മടക്കുക മാത്രമാകണം മില്ലുകളുടെ കടമ. ഇതിനുള്ള ചിലവ് സപ്ലൈകോ നൽകണം. ഇത് ഉപോൽപന്ന വില കണക്കിലെടുത്താകണം.

x. ലോഡിങ്ങും അൺലോഡിങ്ങും സംബന്ധിച്ച തൊഴിൽ തർക്കങ്ങൾ പരിഹരിക്കുക- ഡിസ്ട്രിക്ട് ലേബർ ഓഫീസർ അനുശാസിക്കുന്ന ലോഡിങ്-അൺലോഡിങ് ചാർജുകൾ ഉറപ്പാക്കുക, ലോഡിങ്/ അൺലോഡിങ് യന്ത്രവത്ക്കരിക്കുക. ജില്ലാതലത്തിൽ കളക്ടർ തലത്തിൽ പ്രശ്നപരിഹാരത്തിനുള്ള പ്ലാറ്റ്ഫോം ഉറപ്പാക്കുക.

xi. സ്റ്റേക്ക്ഹോൾഡേഴ്സിന്റെ (കർഷകർ, പാടശേഖര സമിതികൾ, കൃഷിഭവനുകൾ, അഗ്രി കോപ്പറേറ്റീവുകൾ ഗ്രാമപഞ്ചായത്തുകൾ,സപ്ലൈകോ) പങ്കാളിത്തവും ബോധവൽക്കരണവും ഉറപ്പാക്കുക.

| | | | |
|---|---|---|---|
| | | | ധനകാര്യ മാനേജ്മെൻറ്<br><br>i. കേന്ദ്ര ഗവൺമെന്റിന്റെ National Agriculture Infrastructure Financing Facility യിൽ നിന്ന് പി.പി.സി കൾ നിർമിക്കുന്നതിനുള്ള അടിസ്ഥാന മൂലധനം കുറഞ്ഞ പലിശ ചെലവിൽ കണ്ടെത്താവുന്നതാണ്.<br><br>ii. സംഭരണത്തിന് ധനസഹായം- കേരള സർക്കാരിന്റെ കടമെടുക്കൽ പരിധിയിൽ നിന്ന് സംഭരണത്തിന് ധനസഹായം ചെയ്യുന്നത് ഒഴിവാക്കികിട്ടാൻ ശ്രമിക്കേണ്ടതാണ്. ഓരോ വർഷവും വിനിയോഗിക്കാത്ത പ്ലാൻ ഫണ്ടുകളിൽ നിന്ന് (കൃഷി-പൊതുവിതരണ വകുപ്പ്) auto-replenish ആകുന്ന ഒരു Revolving Fund രൂപീകരികരിക്കാവുന്നതാണ്. PACs / സ്വകാര്യ സംഭരണ കേന്ദ്രങ്ങൾ(Private PPC/ Mills) / Farmer Producer Company കൾ സംഭരണത്തിന് ശേഷം നിശ്ചിത സമയത്തിനകം കർഷകന് പണം നൽകണം. സ്വകാര്യ സംഭരണ കേന്ദ്രങ്ങൾ സംഭരണത്തിന് സ്വന്തമായ നിലയിൽ പ്രവർത്തന മൂലധനം കണ്ടെത്തണം.<br><br>iii. സപ്ലൈകോയുടെ നെല്ല് സംഭരണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കണം. RBI യിൽ നിന്ന് ഇതര സംസ്ഥാനങ്ങൾക്കു നൽകുന്ന നെല്ല് സംഭരണത്തിനുള്ള Cash Credit Limit കേരള സർക്കാരിന് ഇതര സംസ്ഥാനങ്ങളെപ്പോലെ ലഭ്യമാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കണം. |
| (ബി) | പ്രസ്തുത കമ്മിറ്റിയുടെ എന്തെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (ബി) | നെല്ല് സംഭരണ വിദഗ്ധ സമിതി റിപ്പോർട്ടു സംബന്ധിച്ച വിഷയം, സർക്കാർ പരിശോധിച്ച് വരുന്നതിനാൽ, പ്രസ്തുത സമിതി നിർദ്ദേശങ്ങൾ ഒന്നും തന്നെ നടപ്പിൽ വരുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ പതിനഞ്ച് ലക്ഷത്തി മുപ്പത്തിയേഴായിരത്തി എണ്ണൂറ്റി ഇരുപത്തി ഒന്ന് രൂപ മാത്രം (Rs.15,37,821/-) ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; റിപ്പോർട്ടിലെ നടപ്പിലാക്കാൻ കഴിയാത്ത വ്യവസ്ഥകൾ ഏതെല്ലാമെന്ന് അറിയിക്കാമോ? | (ഡി) | നെല്ല് സംഭരണ വിദഗ്ധ സമിതി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. നെല്ല് സംഭരണ വിദഗ്ധ സമിതി റിപ്പോർട്ടു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നതിനാൽ, പ്രസ്തുത സമിതി നിർദ്ദേശങ്ങൾ ഒന്നും തന്നെ നടപ്പിൽ വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ





# നെല്ല് സംഭരണ സംവിധാനം നവീകരിക്കുന്നു

## കേരള സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട്

**തിരുവനന്തപുരം, ഡിസംബർ 2023**

# നെല്ല് സംഭരണ സംവിധാനം നവീകരിക്കുന്നു

**കേരള സർക്കാർ രൂപീകരിച്ച വിദഗ്ധ**

**സമിതിയുടെ റിപ്പോർട്ട്**

**തിരുവനന്തപുരം, ഡിസംബർ 2023**

## ഉള്ളടക്കം

ആമുഖം
കൃതജ്ഞത
എക്സിക്യൂട്ടീവ് സംഗ്രഹം
റിപ്പോർട്ടിന്റെ പ്രധാന സവിശേഷതകൾ
**1.0** സന്ദർഭം, ലക്ഷ്യങ്ങൾ, രീതിശാസ്ത്രം, പരിമിതികൾ
**1.1** സന്ദർഭം
**1.2** പഠനത്തിന്റെ ലക്ഷ്യങ്ങൾ
**1.3** സമീപനവും രീതിശാസ്ത്രവും
**1.3.1** DPS നവീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശ തത്വങ്ങൾ
**1.4** പഠനത്തിനുള്ള പരമിതികളും ഡാറ്റാ വിടവുകളും

**2.0** നെല്ല് സംഭരണ സംവിധാനം-വെല്ലുവിളികളും അവസരങ്ങളും
**2.1** ഡിപിഎസ്-അവലോകനവും നേട്ടങ്ങളും
**2.2** സാമ്പത്തികവും ധനപരവുമായ പ്രത്യാഘാതങ്ങൾ
**2.3** സ്വതന്ത്രമായ തീരുമാനമെടുക്കൽ നിയന്ത്രിക്കപ്പെട്ടു

**3.0** തല്പര കക്ഷികളുമായുള്ള കൂടിയാലോചനകൾ: പ്രധാന വെല്ലുവിളികളും ആശങ്കകളും
**3.1** കർഷകരുടെ നിർദ്ദേശങ്ങളും പരാതികളും
**3.2** മില്ലുടമകളുമായുള്ള കൂടിയാലോചനകളും അവരുടെ നിർദ്ദേശങ്ങളും
**3.3** മില്ലുകൾ നല്കുന്നതും പി ഡി എസ് വിതരണം ചെയ്യുന്നതുമായ സി എം ആറിന്റെ പൊരുത്തക്കേട്
**3.4** SWOT വിശകലനം-നിലവിലുള്ള സംഭരണ മാതൃക (കർഷക-ഏജന്റ്-മില്ലർ-സപ്ലൈകോ)
**3.5** കൃഷിയുടെ ചെലവ് vs നെല്ല് സബ്സിഡി
**3.6** കേരളത്തിലെ കുത്തരി മട്ടയരിയുടെ വില
**3.7** കേരളത്തിലെ അരി ഉപഭോഗം-പൊരുത്തമില്ലാത്ത ഡാറ്റ
**3.8** സാമ്പത്തിക നഷ്ടങ്ങളുടെ വിവിധ വശങ്ങളിലുള്ള വിശകലനം: ധാരാളം പണം പാഴാക്കുന്നു
**3.9** കണക്കിൽപ്പെടാത്ത ഉപോൽപ്പന്നങ്ങളും തടഞ്ഞുവച്ച് CMR-ഉം
**3.9.1** മില്ലുടമകൾ CMR തടഞ്ഞു വച്ചത് കാരണമുള്ള നഷ്ടം
**3.9.2** മില്ലുടമകൾ ഉപോൽപ്പന്നങ്ങൾ തടഞ്ഞുവച്ചത് കാരണമുള്ള നഷ്ടം
**3.10** തെരഞ്ഞെടുത്ത വ്യവഹാരത്തിന്റെയും വിധിന്യായത്തിന്റെയും അനന്തരഫലങ്ങൾ

**4.0** നിലവിലെ സംഭരണ സംവിധാനങ്ങൾ നവീകരിക്കുന്നതിനുള്ള തന്ത്രങ്ങൾ
**4.1** മികച്ച രീതികളും പഠിച്ച പാഠങ്ങളും
**4.2** നിലവിലെ സംഭരണ സമ്പ്രദായം നവീകരിക്കുന്നതിനുള്ള തൂണുകൾ
**4.2.1** ഡി പി എസ് നവീകരണത്തിന്റെ തൂണുകൾ
**4.2.2** ഡിജിറ്റലൈസേഷനും ഡേറ്റാ സഹായമുള്ള തീരുമാനമെടുക്കലും
**4.3** DPS സോഫ്റ്റ് വെയർ സംവിധാനം
**4.3.1** നിലവിലുള്ള DPS സോഫ്റ്റ് വെയർ സംവിധാനത്തിന്റെ പരിമിതികൾ
**4.3.2** നിർദ്ദിഷ്ട DPS സോഫ്റ്റ് വെയർ സിസ്റ്റത്തിന്റെ പ്രധാന ഘടകങ്ങൾ

**5.0** പ്രക്രിയകളും വെല്ലുവിളികളും ശുപാർശകളും
**5.1** കേരളത്തിൽ DPS തുടരുന്നതിനുള്ള (തുടരാതിരിക്കുന്നതിനും) യുക്തി

**5.2** **DPS നവീകരിക്കുന്നതിനുള്ള യുക്തി**
**5.3** **വിമർശനാത്മക അവലോകനവും പ്രധാന ശുപാർശകളും**
**6.0** **ഉപസംഹാര അഭിപ്രായങ്ങളും പോംവഴികളും**
**6.1** **മെച്ചപ്പെട്ട കാര്യക്ഷമത-മെച്ചപ്പെട്ട സാമ്പത്തികം**
**6.2** **സംഭരണ മാതൃകകൾ: തന്ത്രപരമായ ഓപ്ഷനുകൾ**
**6.2.1** **ഓപ്ഷൻ-1 വികേന്ദ്രീകൃത സംഭരണം അവസാനിപ്പിക്കുകയാണെങ്കിൽ?**
**6.2.2** **ഓപ്ഷൻ-2 അംഗീകൃത സംഭരണ ഏജന്റുകളായി മില്ലുടമകൾ**
**6.2.3** **ഓപ്ഷൻ 3 PACs വഴിയും PPC കൾ (പാഡി പ്രൊഡക്ഷൻ സെന്ററുകൾ) വഴിയുമുള്ള സംഭരണം**
**6.2.3.1** **സ്ഥാപനപരമായ മാതൃകയും പ്രക്രിയകളും**
**6.2.3.2** **പങ്കും (Role) ഉത്തരവാദിത്ത മേട്രിക്സും**
**6.3** **മാതൃകയുടെ നേട്ടങ്ങൾ**
**6.4** **പോംവഴി**

# നെല്ല് സംഭരണ സമ്പ്രദായം നവീകരിക്കൽ

**ആമുഖം**

"കേൾക്കാത്തത് കേൾക്കുവാനും, അറിയാത്തത്, അറിയുവാനും നിങ്ങളുടെ ഗുരു നിങ്ങളെ ഉപദേശിച്ചിട്ടുണ്ടോ"….. *ചന്ദോഗ്യ ഉപനിഷത്ത്*

നിലനിൽപ്പിന് ഭക്ഷ്യസുരക്ഷ നിർണ്ണായകമാണ്. ഇത് പരോക്ഷമായി സൂചിപ്പിക്കുന്നത്, ആരോഗ്യകരമായ ഒരു ജീവിതത്തിനാവശ്യമായ ഭക്ഷണസ്വാതന്ത്ര്യത്തിനും ആഹാരക്രമത്തിനും അനുയോജ്യമാംവിധം മതിയായതും, പോഷകസമൃദ്ധവും, സുരക്ഷിതവുമായ ഭക്ഷണം ഭൗതിക മായും, സാമ്പത്തികമായും എല്ലാവർക്കും ലഭ്യമാണെന്നാണ് (FAO; 2002). കേരളം ഒരു ഭക്ഷ്യകമ്മി സംസ്ഥാനമായതിനാൽ ഒരു സുരക്ഷാതന്ത്രമെന്ന നിലയിൽ പൊതുഇടപെടലിന് നിർണ്ണായക പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട്, പ്രത്യേകിച്ച് ദരിദ്രർക്കും ദുർബലർക്കും. കേരളത്തിലെ പൊതുവിതരണ സംവിധാനം, സ്ഥാപനവൽക്കരിക്കപ്പെട്ട സുരക്ഷാതന്ത്രത്തിന്റെ മികച്ച മാതൃകയായി വികസിച്ചി രിക്കുന്നു. സംസ്ഥാനം 2005-ൽ വികേന്ദ്രീകൃത സംഭരണ സംവിധാനം (DPS) തിരഞ്ഞെടു ക്കുകയും സപ്ലൈക്കോയെ നോഡൽ ഏജൻസിയായി നിയോഗിക്കുകയും ചെയ്തിരുന്നു. കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനായി, കേരള സർക്കാർ, (GOK) കാലാകാലങ്ങളിൽ ഇന്ത്യാഗവൺമെന്റ് (GOI) പ്രഖ്യാപിക്കുന്ന മിനിമം താങ്ങുവിലയ്ക്ക് (MSP) പുറമേ സംസ്ഥാന ഇൻസന്റീവ് ബോണസ് (SIB) കൂടി ലഭ്യമാക്കുന്നു. ഇങ്ങനെ സംഭരിക്കുന്ന നെല്ല് അരിയാക്കി, സംസ്ഥാനത്തെ റേഷൻ കടകൾ വഴി കുത്തരി/മട്ടയരി (CMR) ആയി ലഭ്യമാക്കുന്നു.

എന്നിരുന്നാലും 'വിത്ത് മുതൽ പ്ലേറ്റ് വരെ' എന്ന വിതരണ ശൃംഖല, മുതലെടുപ്പുകളുടെ സങ്കീർണ്ണ മായ ഒരു പരസ്പര പ്രവർത്തനമാണ്, കൂടാതെ, പ്രശ്നത്തിന്റെ ചില വശങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്ന വിഘടിതമായ ഒന്നിലധികം ഏജൻസികളുണ്ട്, അതേസമയം കാതലായ ഭാഗം കാണാതെ പോകുകയും ചെയ്യുന്നു. വിഘടിതീതമായ സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്യുന്ന ദ്രുത പരിഹാരങ്ങൾ ഫലങ്ങൾ മെച്ചപ്പെടുത്തിയിട്ടുമില്ല.

സുസ്ഥിരമായ ഭക്ഷ്യമിച്ചമുള്ളപ്പോൾ, ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുള്ള നയങ്ങളും ഇടപെട ലുകളും ഇപ്പോഴും നല്ല നിലയിലുള്ളതും, ചെലവ് കുറഞ്ഞതുമാണോ എന്ന് പുനർവിചിന്തനം ചെയ്യുന്നതിനുള്ള സമയം ആയിരിക്കുന്നു. “നിയന്ത്രണ നിർവ്വഹണവും ഭരണ നിലവാരവും' ദുർബല മാണെങ്കിൽ പൊതുജനക്ഷേമത്തിന്റേയും പണത്തിനുള്ള മൂല്യത്തിന്റേയും അടിത്തറ തോണ്ടുന്ന സ്വകാര്യമേഖലയുടെ ഇടപെടലും വളരെ ചെലവേറിയതാണ്. ദരിദ്രർക്കും ദുർബലർക്കും ഭക്ഷ്യസുരക്ഷ എന്ന വലിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും, കർഷകരെ പ്രോത്സാഹിപ്പിക്കു ന്നതിനും സർക്കാരിന് എങ്ങനെ സാധിക്കും എന്നതാണ് പ്രധാന ചോദ്യം.

ഒരു പ്രശ്നം അതിന്റേതായ രീതിയിൽ പരിഹരിക്കാനുള്ള ശ്രമം ആ പ്രശ്നത്തെ അനിശ്ചിതമായി നിലനിറുത്തുന്ന ഈ അവസ്ഥയെ 'വിഷ്യസ് ഇൻഫിനിറ്റ് റിഗ്രസ്'[1] എന്ന് വിളിക്കപ്പെടുന്നു. കർഷകനേയും, ഉപഭോക്താവിനേയും നികുതിദായകനേയും മാത്രം ലക്ഷ്യം വച്ച് DPS

[1] ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിശദീകരണങ്ങൾ നൽകുമ്പോൾ, ഒരു ദുഷിച്ച അനന്തമായ മടങ്ങിപ്പോക്ക് ഉടലെടുക്കുകയും നിർദ്ദിഷ്ട വിശദീകരണത്തിനുള്ളിൽ തന്നെ അതേ പ്രശ്നം ആവർത്തിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും ഈ വൈകല്യം ആദ്യം തന്നെ വ്യക്തമാകണമെന്നുമില്ല. ഒരാൾ അതേ വിശദീകരണത്തിന്റെ മറ്റൊരു ആവർത്തനത്തിലൂടെ പ്രശ്നങ്ങളുടെ പുനരാവൃത്തി പരിഹരിക്കാൻ ശ്രമിച്ചാൽ നിശ്ചയമായും പ്രശ്നം വീണ്ടും ആവർത്തിക്കപ്പെടും. അങ്ങനെ, ഒരു വിശദീകരണം ദുഷിച്ച അനന്തമായ മടങ്ങിപ്പോക്കിലേക്ക് നയിക്കുമെങ്കിൽ അതൊരു പരാജയപ്പെട്ട വിശദീകരണമാണ്. നിയന്ത്രിക്കപ്പെട്ട സ്ഥാപനങ്ങളിലെ വിഘടിത ഏജൻസികൾ വാഗ്ദാനം ചെയ്യുന്ന പരിഹാരങ്ങൾ, പരിഹാരങ്ങൾ വൈകിപ്പിക്കുവാൻ മാത്രമേ ഉതകുകയുള്ളൂ.

നവീകരിക്കുകയാണ് വേണ്ടത്. *സബ്സിഡി നൽകേണ്ടവയേക്കാൾ സബ്സിഡി പ്രദാനം ചെയ്യുന്ന ഏജന്റുമാർക്കുവേണ്ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണ്യമായ ഊർജ്ജവും വിഭവങ്ങളും പ്രത്യക്ഷമായി പാഴായിക്കൊണ്ടിരിക്കുന്നു. പ്രത്യക്ഷത്തിൽ, ഏജൻസികൾ ഒരു ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗമാണ്, എന്നാൽ അത് സ്വമേധയാ ഒരു ലക്ഷ്യമല്ല.*

ഈ സാഹചര്യത്തിൽ, DPS-നെ അതിന്റെ സമഗ്രതയിൽ പരിശോധിക്കുന്നതിനും, തിരഞ്ഞെടുക്കലുകളും സാധ്യതകളും നിർദ്ദേശിക്കുന്നതിനുമായി, കേരളസർക്കാർ, കൃഷിവകുപ്പ് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കർക്കശമായ ഡാറ്റാ നിയന്ത്രണങ്ങളുടെയും ഡാറ്റാ ധാർമ്മികതാ വെല്ലുവിളികളുടെയും പരമിതിക്കുള്ളിൽ നിന്നു കൊണ്ട് ഞങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളത് മനസ്സിലാക്കുവാനും ഞങ്ങൾ പഠിച്ച കാര്യങ്ങൾ പ്രതിഫലിപ്പിക്കുവാനുമുള്ള ടീമിന്റെ പരിശ്രമമാണ് ഈ റിപ്പോർട്ട്.

ഡോ.വി.കെ.ബേബി-ഐഎഎസ് (Rtd), ചെയർമാൻ<br>
കേരളത്തിലെ നെല്ല് സംഭരണം നവീകരിക്കുന്നതിനുള്ള വിദഗ്ധ സമിതി

## കൃതജ്ഞത

സംഭരണസംവിധാനം നവീകരിക്കേണ്ടതിന്റെ ആവശ്യകത ആവർത്തിച്ചുകൊണ്ട്, നല്ല മാർഗ്ഗനിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകിയതിന് കേരള സർക്കാർ, ശ്രീ.പി.പ്രസാദ്, ബഹു: കൃഷി വകുപ്പ് മന്ത്രി, ശ്രീ.ജി.ആർ.അനിൽ, ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി, ശ്രീ.കെ.കൃഷ്ണൻകുട്ടി, ബഹു. വൈദ്യുതി മന്ത്രി എന്നിവർക്ക് ആദ്യം തന്നെ ഞങ്ങളുടെ ആത്മാർത്ഥമായ നന്ദി അറിയിക്കട്ടെ. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ഡോ.ബി.അശോക്, ഐ.എ.എസിന്റെ നിർല്ലോഭമായ പിന്തുണയും മാർഗനിർദ്ദേശവും പ്രചോദനവും ഇല്ലായിരുന്നെങ്കിൽ റിപ്പോർട്ട് സാധ്യമാകുമായിരുന്നില്ല. റിപ്പോർട്ട് പ്രയോജനപ്പെടുത്താവുന്ന വലിയ ലക്ഷ്യങ്ങൾ കാണുന്നതിന് പല അവസരങ്ങളിലും അദ്ദേഹം സഹായിച്ചിട്ടുണ്ട്.

ഡോ.കെ.എൻ.എസ്. നായരുടെ അപഗ്രഥന രചനയുടെയും മാർഗനിർദ്ദേശത്തിന്റെയും പ്രസക്തമായ ഭാഗം ഞാൻ ഏറ്റവും ആദരവോടെ രേഖപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ എല്ലാ പ്രധാന വിഭാഗങ്ങളിലും അദ്ദേഹം വിശകലനാത്മകമായ കാഴ്ചപ്പാടുകളും വിമർശനാത്മക നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. മിസ്റ്റർ. സനൽകുമാർ ഉൾപ്പെടെ കോ-ഓപ്റ്റ് ചെയ്യപ്പെട്ട മറ്റ് അനൗദ്യോഗിക വിദഗ്ധർ, കേരള കാർഷിക സർവ്വകലാശാല, അസി. പ്രൊഫസർ ഡോ. പ്രതീഷ് പി ഗോപിനാഥ്, ശ്രീ ജോണിജോസ് (നെല്ല് സംഭരണ വിദഗ്ധൻ) എന്നിവരും, കേവലം ഉദ്യോഗസംബന്ധമായ ജിജ്ഞാസയും താല്പര്യവും കാരണം റിപ്പോർട്ടിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്.

കൂടാതെ ഏകോപനത്തിനും വിവരശേഖരണത്തിനും യോഗങ്ങളും കൂടിയാലോചനകളും സംഘടിപ്പിച്ചതിനും സമിതിയുടെ അംഗങ്ങളായ സപ്ലൈകോ സിഎംഡി ഡോ.ശ്രീറാം വെങ്കിട്ടരാമൻ, ഐ.എ.എസ്, **WTO** സെൽ സ്പെഷ്യൽ ഓഫീസർ, ശ്രീമതി. ആരതി എൽ.ആർ, ഐ ഇ എസ് എന്നിവർക്കും ഞാൻ എന്റെ അഗാധമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു. കൂടാതെ ലോജിസ്റ്റിക്സ്, ഏകോപനം, പ്രമാണീകരണം, ബന്ധപ്പെട്ട രേഖകളുടെ ശേഖരണം എന്നിവയിൽ ശ്രീമതി സിന്ധു.കെ യും ശ്രീമതി അഖില.കെ.എസും സംഘവും ഉൾപ്പെടെയുള്ള **WTO** സെല്ലും ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് കമ്മീഷണർ ശ്രീ. സജിത്ത്ബാബു ഐ.എ.എസ് അന്വേഷണത്തിനുള്ള ഒരു യഥാർത്ഥ പ്രചോദനമാകുകയും, ഡാറ്റായുടെ പിൻബലമുള്ള വളരെ മൂല്യവത്തായ ഉൾക്കാഴ്ചകൾ പ്രദാനം ചെയ്യുകയും ചെയ്തു. സിവിൽ സപ്ലൈസ് സെക്രട്ടറി ശ്രീ അജിത് കുമാർ, ഐ.എ.എസ്, സിവിൽ സപ്ലൈസ് മുൻ സെക്രട്ടറി ശ്രീ പി.എം.അലി അസ്ഗർ പാഷാ ഐ.എ.എസ്, സപ്ലൈകോയിലെയും കൃഷിവകുപ്പ്/ഡയറക്ടറേറ്റ്-ലെയും ഉദ്യോഗസ്ഥർ, രജിസ്ട്രേഷൻ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ, സമിതിയെ നയിച്ച ബന്ധപ്പെട്ട മറ്റെല്ലാ ഏജൻസികളും വകുപ്പുകളും എന്നിവരോട് സമതി നന്ദി അറിയിക്കുന്നു. കൃഷി ഡയറക്ടർ ശ്രീമതി.അഞ്ജു കെ.എസ്, ഐ.എ.എസ്, തിരുവനന്തപുരം **SAMETI** ഡയറക്ടർ, ശ്രീമതി.ജാൻസി.കെ.കോശി എന്നിവരും അവരുടെ ജീവനക്കാരും ഒരാഴ്ചക്കാലത്തെ ശില്പശാല സംഘടിപ്പിക്കുന്നതിന് വലിയ പിന്തുണ നൽകുകയുണ്ടായി. **KABCO** മാനേജിംഗ് ഡയറക്ടറുടെ പേഴ്സണൽ സെക്രട്ടറി ശ്രീ ക്ലമൻസ്, കൃഷി വകുപ്പിന്റെ ഐ റ്റി സെൽ ഡെപ്യൂട്ടി മാനേജർ ശ്രീ വിഷ്ണുനാരായണൻ, പി.എം, സപ്ലൈകോ പി.എം.ഒ ശ്രീ ജഗന്നാഥ്.ബി എന്നിവർ ശില്പശാലയ്ക്ക് സഹായം നൽകി. ശ്രീ ക്ലമൻസ് ഏകോപന ത്തിലും തുടർനടപടികളിലും വളരെ അർത്ഥവത്തായ സഹായം നൽകി.

ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ, ശ്രീ ജോൺ സെബാസ്റ്റ്യൻ, എഫ് സി ഐ റീജിയണൽ മാനേജർ മിസ്റ്റർ സഹ്റാൻ, GST കമ്മീഷണർ ഓഫീസിലെ ശ്രീ അബ്രഹാം റെൻ, ഐ.എ.എസ്, മുൻ വിജിലൻസ് ഓഫീസർ ശ്രീ ഷാഹുൽ ഹമീദ് ഐ പി എസ്, സപ്ലൈകോ നെല്ല് സംഭരണ മാനേജർ, ശ്രീ സുനിൽ കുമാർ.ബി എന്നിവരോട് പ്രത്യേക നന്ദി അറിയിക്കുന്നു. ഈ റിപ്പോർട്ടിലെ ഉൾക്കാഴ്ചയുടെ ഭൂരിഭാഗവും കർഷകർ, ധാന്യമില്ലുടമകൾ, ഏജന്റുമാർ, പി എസി എസ് പ്രധാന വിദഗ്ധർ എന്നിവരുമായുള്ള കൂടിയാലോചനകൾ, ഫീൽഡ് സന്ദർശനങ്ങൾ എന്നിവയിൽ നിന്നും, ഒരു മുഖ്യഭാഗം, തൽപ്പരകക്ഷികളിൽ നിന്ന് ഓൺലൈനിൽ ലഭിച്ച പ്രതികരണങ്ങളിൽ നിന്നും ലഭിച്ചവയാണ്. അവർ എല്ലാവരോടും റിപ്പോർട്ടിന് സംഭാവന നൽകിയ സപ്ലൈകോ, സിവിൽ സപ്ലൈസ്, കൃഷിവകുപ്പ് ഉദ്യോഗസ്ഥരോടും തല്പരകക്ഷികളോടും ഞങ്ങൾ തീർച്ചയായും കടപ്പെട്ടിരിക്കുന്നു.

**എക്സിക്യൂട്ടീവ് സംഗ്രഹം**

സംഭരണം ഒരു മഞ്ഞുമലയാണ്. നിലവിൽ സംസ്ഥാനത്ത് തുടർന്നുപോരുന്ന വികേന്ദ്രീകൃത നെല്ല് സംഭരണ സംവിധാനം (ഡിപിഎസ്) ഒരു മഞ്ഞുമല പോലെയാണ്. സംവിധാനത്തെ നവീകരി ക്കുന്നതിന് അല്ലെങ്കിൽ പരിഷ്കരിക്കുന്നതിന് താഴെത്തട്ടിലുള്ള മാറ്റങ്ങളുടെ ആഴത്തിലുള്ള ധാരണ വളരെ നിർണ്ണായകമാണ്. ഒരു കമ്പോള സംവിധാനത്തിനു കീഴിൽ, ആവശ്യമായി വരുന്നതിനേക്കാൾ ഏകദേശം 2-3 മടങ്ങ് വരുന്നതും, ആനുപാതികമല്ലാത്തതുമായ ഉയർന്ന ചെലവിൽ ഭക്ഷ്യ സുരക്ഷയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനം പാടുപെടുകയാണ്. ഗുരുതരമായ കാര്യക്ഷമതയില്ലായ്മയും, തട്ടിപ്പുകളും, ഉയർന്ന ഇടപാട് ചെലവുകളും, സംസ്ഥാനത്തിന്റെ വിഭവ അടിത്തറയെ തന്നെ നശിപ്പിക്കുന്നു.

**ഭക്ഷ്യസുരക്ഷ, ഉയർന്ന ചെലവ്-കുറഞ്ഞ ഫലം:-**

കുത്തരി/മട്ടയരിയുടെ (CMR) കണക്കാക്കിയ ചെലവ് കിലോയ്ക്ക് `80.4 രൂപയും, ഇത് പൊതു വിപണിയിലുള്ളതിന്റെ രണ്ടിരട്ടിയിലധികവുമാണ്. സംസ്ഥാനം, നിലവിൽ കർഷകർക്കുള്ള മിനിമം താങ്ങുവിലയും (MSP) സംസ്ഥാന പ്രോത്സാഹന ബോണസും (SIB) നിലനിറുത്തികൊണ്ട്, വികേന്ദ്രീകൃത സംഭരണസംവിധാനം (DPS) അവസാനിപ്പിക്കുകയാണെങ്കിൽ ലഭിക്കുന്ന മിച്ചത്തിൽ നിന്ന് കർഷകർക്കും ഉപഭോക്താക്കൾക്കും ഗണ്യമായി ഉയർന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കേരള സർക്കാരിന് സാധിക്കുന്നതാണ്. ഇത് നിലവിലുള്ള സംഭരണ സംവിധാനം അടിയന്തിരമായി നവീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. മറ്റൊരു തരത്തിൽ, സംസ്ഥാനം അതിന്റെ മുഴുവൻ അവകാശമായ 12.45 എൽഎംറ്റി അരിയും ലഭ്യമാക്കുന്നതിന് തീരുമാനിക്കുക യാണെങ്കിൽ ഖജനാവിലേക്കുള്ള ചെലവ് ഗണ്യമായി കുറയ്ക്കാൻ സാധിക്കും.

**യഥാർത്ഥ പ്രശ്നം ധനത്തിന്റെ അഭാവമല്ല:-**

എല്ലാ വെല്ലുവിളികളുടെയും ദോഷങ്ങളുടെയും ഏറ്റവും വലിയ കാരണം, ധനത്തിന്റെ അഭാവ മാണെന്ന് നിരന്തരം പ്രവചിക്കപ്പെടുന്നു എന്നിരുന്നാലും അനർത്ഥങ്ങൾ പ്രധാനമായും ധനത്തിന്റെ അപര്യാപ്തത കാരണമല്ല, മറിച്ച് ധനം കൈകാര്യം ചെയ്യുന്ന രീതിയാണ്. സംഭരണ പ്രക്രിയ അടിസ്ഥാനപരമായി ശരിയാക്കാതെ കൂടുതൽ പണം 'ചോരുന്ന ബക്കറ്റിൽ' നിക്ഷേപിക്കുന്നത് നിലവിലുള്ള പ്രശ്നങ്ങളെ അനിശ്ചിതമായി നിലനിറുത്താൻ മാത്രമേ സഹായകമാകൂ.

**വികേന്ദ്രീകത സംഭരണ സംവിധാനം (DPS) ഒരു സ്വാശ്രയ സമ്പ്രദായത്തിലാകാം;** ആവശ്യമായ വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, ഇന്ത്യാ ഗവൺമെന്റ് മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നു വ്യതിചലി

ക്കാതെ, സംഭരണ സംവിധാനവും അതിന്റെ സാമ്പത്തിക പരിപാലനവും നന്നായി കൈകാര്യം ചെയ്യുകയാണെങ്കിൽ സംസ്ഥാനത്തെ നെല്ല് സംഭരണം ഒരു ഓട്ടോ-ഫിനാൻസ് അല്ലെങ്കിൽ സെൽഫ്-ഫിനാൻസ് മോഡിൽ നന്നായി നടന്നേക്കാം. കൈകാര്യം ചെയ്യുന്നതിനുള്ള ചെലവും പലിശ ചെലവുകളും ഉൾപ്പെടെയുള്ള സംഭരണ ചെലവിന്റെ (MSP) 75%ത്തിനു മുകളിൽ മുൻകൂറുകൾക്ക്/ റീഇംബേഴ്സ്മെന്റിനുള്ള വ്യവസ്ഥകളോടുകൂടി ഇന്ത്യാഗവൺമെന്റ് നൽകുന്നു. (അനുബന്ധം 8) ഇന്ത്യാ ഗവൺമെന്റ് നിശ്ചയിച്ച പ്രകാരവും കൂടാതെ WPC No 26941/2021-ൽ ബഹു: ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ, സപ്ലൈകോ പരീക്ഷിക്കുകയും സാധൂകരിക്കുകയും ചെയ്ത പ്രകാരം 68% നിരക്കിൽ ഒ.റ്റി.ആർ പുനഃസ്ഥാപിക്കുക; മില്ലിംഗിൽ വരുന്ന ഉപോൽപ്പന്നങ്ങളുടെ മൂല്യം വീണ്ടെടുക്കുക, കർഷകരുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായി എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ ഗുണനിലവാരം ശക്തിപ്പെടുത്തുക, പകരമായും മറുവഴിയായും കേരളത്തിന്റെ സംഭരണശാഖയിലേക്ക് കുറഞ്ഞ നിരക്കിലുള്ള നെല്ലിന്റെ 'വെർച്വൽ സംഭരണവും' വരവും ഇല്ലാതാക്കുക; എന്നിവയിൽ നിന്നുള്ള മിച്ചം സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) നൽകുന്നതിന് പര്യാപ്തമാണ്.

**പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) നിയന്ത്രിക്കുന്ന നെല്ല് സംഭരണകേന്ദ്രങ്ങൾ (PPCs) വഴിയുള്ള സംഭരണം.** ഏറ്റവും പ്രായോഗികമായ സ്ഥാപനപരമായ പരിഷ്കരണ മാതൃകയായിരിക്കും; സംഭരണവും ശേഖരണവും കർഷക ഉൽപ്പാദന കമ്പനികളോ സ്വകാര്യ മേഖലയോ ഉൾപ്പെടെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) നിയന്ത്രിക്കുന്ന നെല്ല് സംഭരണ കേന്ദ്രങ്ങളെ (PPCS) ഏല്പിക്കുക എന്ന ഒറ്റ പ്രവർത്തിയിലൂടെ ശേഖരണവും മില്ലിങ്ങും ഒഴിവാക്കി ആരോപിതമായ ചോർച്ച ഗണ്യമായി കുറയ്ക്കുന്നതിനും പല അപകടസാധ്യതകളെയും ഇല്ലാതാക്കാനും സാധിക്കും. ഇത് തത്സമയ പി ആർ എസ് ജനറേഷൻ, കർഷകർക്കുള്ള തൽക്ഷണ പേയ്മെന്റ്, പി പി സി-കളിൽ നിന്നുള്ള ഗുണനിലവാര ഉറപ്പ്, ഏകീകൃത തത്സമയ ഡിജിറ്റൽ പ്ലാറ്റ്ഫോം എന്നിവയ്ക്കൊപ്പം നിലവിലുള്ള സംവിധാനത്തെ ബാധിക്കുന്ന ഒട്ടുമിക്ക പ്രശ്നങ്ങളും പരിഹരിക്കുകയും, വിശ്വാസം പുന സ്ഥാപിക്കുകയും സാമ്പത്തിക സമ്മർദ്ദം കുറയ്ക്കുകയും ചെയ്യും.

**മിനിമം താങ്ങുവില (MSP) ക്ഷാമത്തിന്റെ ഒരു നിമിത്തമാണ്;** NSFAയുടെ കീഴിലുള്ള സുസ്ഥിരമായ മിച്ചത്തിന്റേയും ഉറപ്പായ ഭക്ഷ്യസുരക്ഷയുടെയും വ്യവസ്ഥകൾക്കുകീഴിൽ, ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനുമുള്ള വിപണിയുടെ പങ്ക് നിർണ്ണായകമാണ്. ഭക്ഷ്യസുരക്ഷയുടെയും പണത്തിനുള്ള മൂല്യത്തിന്റേയും കാഴ്ചപ്പാടിൽ നിന്ന് നോക്കുമ്പോൾ നിലവിലുള്ള ഡി പി എസ് സംവിധാനം, അത് പരിഷ്കരിക്കുകയോ നവീകരിക്കുകയോ ചെയ്തില്ലെങ്കിൽ വളരെ ചെലവേറിയതും അസ്ഥിരവുമാണ്. ഇപ്പോൾ പ്രയോഗത്തിലുള്ള സംവിധാനം നിർത്തലാക്കുകയാണെങ്കിൽ, കർഷകരും ഉപഭോക്താക്കളും പ്രത്യക്ഷത്തിൽ മെച്ചപ്പെട്ട നിലയിലാകും. സംഭരണത്തിനുള്ള പ്രത്യക്ഷവും പരോക്ഷവുമായ ചെലവുകൾ എല്ലാം കണ ക്കാക്കുകയും മൂല്യനിർണ്ണയം നടത്തുകയും ചെയ്താൽ, ഒരു കിലോ കുത്തരി/മട്ടയരിയ്ക്ക് (CMR) പൊതു വിപണിയിലുള്ള 35-40 രൂപയുടെ സ്ഥാനത്ത് ഖജനാവിലേക്കുള്ള ചെലവ് ഏകദേശം 80-40 രൂപ വരും. പകരം മുഴുവൻ NFSA വിഹിതവും ഇന്ത്യാഗവൺമെന്റ് ലഭ്യമാക്കുകയാണെങ്കിൽ, വർഷത്തിൽ 12.45 എൽ എം റ്റി അരി എന്ന NFSA ലക്ഷ്യം, കിലോയ്ക്ക് 4.5 രൂപാ എന്ന പ്രകാരം കുറഞ്ഞ നിരക്കിൽ കൈവരിക്കാനാകും. (അദ്ധ്യായം 6.2.1 കാണുക) **DPSലെയും PDSലെയും ഭരണപരമായ അധികചെലവുകൾ, ആരോപിക്കപ്പെടുന്ന തട്ടിപ്പുകൾ, ചോർച്ചകൾ, വഴിതിരിക്കലുകൾ എല്ലാം കണക്കാക്കുകയാണെങ്കിൽ, ചെലവ് കിലോയ്ക്ക് 100 രൂപയ്ക്ക് പുറത്ത് വരും.** സംസ്ഥാനത്തിന് മേൽപ്പറഞ്ഞ നഷ്ടങ്ങളും കാര്യക്ഷമതയില്ലായ്മകളും പ്രതിരോധിക്കാൻ സാധിക്കുന്നില്ലെങ്കിൽ ഭക്ഷ്യസുരക്ഷ ശക്തിപ്പെടുത്തുന്നതിന്, യഥാർത്ഥ ചെലവും പൊതുവിപണി വിലയും തമ്മിലുള്ള

വ്യത്യാസം, കർഷകരും ഉപഭോക്താക്കളുമായി പങ്കിടാവുന്നതാണ്. കൂടാതെ, ഡിപിഎസ് നിർത്തലാക്കുമ്പോൾ കേന്ദ്രപൂളിൽ നിന്നുള്ള അരിവിഹിതം വർദ്ധിക്കുകയും, സംസ്ഥാനത്തെ നെല്ലുൽപ്പാദനം സംസ്ഥാനത്തെ അരിലഭ്യതയെ കൂടുതൽ വർദ്ധിപ്പിക്കുകയും ചെയ്യും. കേരള നെല്ലിന് നല്ല ഡിമാന്റുള്ളതിനാൽ, കർഷകർക്ക്, അവരെ സാമ്പത്തികമായി മെച്ചപ്പെടുത്തുന്നതിന് ഉയർന്ന മൂല്യമുള്ളതും ഉയർന്ന ഉൽപ്പാദനക്ഷമതയുള്ളതുമായ ഇനങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്യാവുന്നതാണ്. ശക്തമായ ഒരു സുരക്ഷാതന്ത്രമെന്ന നിലയിൽ, കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ആഭ്യന്തര ഉത്പാദനം നിലനിർത്തുന്നതിനും MSP-യും വിസ്തൃതിയുമായി ബന്ധപ്പെടുത്തിയ SIBയും തുടരേണ്ടതാണ്.

*ഈ സാഹചര്യത്തിൽ നെല്ല് സംഭരണ സംവിധാനത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ/പരാതികൾ എന്നിവ പഠിക്കുന്നതിനും പരിഹരിക്കുന്നതിനുമായി 11/01/2023-ന് ബഹു: മന്ത്രിയുടെ (ഭക്ഷ്യവും പൊതുവിതരണവും വകുപ്പ്) അദ്ധ്യക്ഷതയിൽ ബഹു: കൃഷിവകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്, വൈദ്യുതി വകുപ്പ് മന്ത്രിമാരുമായി ഒരു യോഗം ചേർന്നു. അതനുസരിച്ച്, നെല്ല് സംഭരണ സംവിധാന ത്തിന്റെ നിലവിലുള്ള രീതി പഠിക്കുന്നതിനും വിവിധ പ്രശ്നങ്ങളെയും വെല്ലുവിളികളെയും അഭിസംബോധന ചെയ്തുകൊണ്ട് സംഭരണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികൾ നിർദ്ദേശിക്കുന്നതിനായി 23/01/2023 തീയതിയിലെ Go(MS)No 12/2023 പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി (അനുബന്ധം 1).*

*കമ്മിറ്റി അവതരിപ്പിച്ച ഈ റിപ്പോർട്ട് വിതരണ ശൃംഖലയും സംഭരണ പ്രക്രിയയും സൂക്ഷ്മമായി പരിശോധിച്ച്, അവയുടെ കാര്യക്ഷമതയും പരിണതഫലങ്ങളും ആഘാതങ്ങളും വിലയിരുത്തുന്ന ആഴത്തിലുള്ള ഒരു അവലോകനമാണ്. സംവിധാനത്തിന്റെ പ്രവർത്തനക്ഷമത, ഉത്തരവാദിത്വം, സുതാര്യത എന്നിവ വർദ്ധിപ്പിക്കുന്നതിനായി അതിനെ നവീകരിക്കുന്നതിനും തീരുമാനങ്ങളെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കുള്ള തന്ത്രങ്ങളും അത് കണ്ടെത്തുന്നു. പ്രക്രിയകൾ സുഗമമാക്കുന്നതിനും ഗുണനിലവാരം, മാനദണ്ഡങ്ങൾ, സത്യസന്ധത, സമയനിഷ്ഠ, ഡേറ്റാധിഷ്ഠിത തീരുമാനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് നൂതന സാങ്കേതികവിദ്യകൾ സമന്വയിപ്പിക്കുന്നതിനും റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ഇത് മൊത്തത്തിലുള്ള ലാഭം വർദ്ധിപ്പിച്ചും മിതവ്യയം ഉറപ്പാക്കിയും നിലവിലുള്ള സംവിധാനത്തിലുള്ള പക്ഷപാതം കുറയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു.* റിപ്പോർട്ടിൽ വിശദമാക്കിയ പ്രകാരമുള്ള ശുപാർശകൾ നന്നായി നടപ്പിലാക്കുകയാണെങ്കിൽ, സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയ്ക്ക് സംഭാവന നൽകുകയും സാമ്പത്തിക ഭാരം കുറയ്ക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

**റിപ്പോർട്ടിന്റെ പ്രധാന സവിശേഷതകൾ**

പരിഷ്കാരങ്ങൾ ശുപാർശ ചെയ്യുമ്പോൾ പ്രതിരോധം കുറയ്ക്കുന്നതിന് സൗമ്യവും പടിപടിയായും ഉള്ള (painless surgery) ഒരു പ്രക്രിയയാണ് കമ്മിറ്റി സ്വീകരിച്ചത്. സംഭരണ സംവിധാനത്തെ ബാധിക്കുന്ന പല തടസ്സങ്ങളുടെയും അസ്വാഭാവികമായ പ്രോത്സാഹനങ്ങളുടെയും നിർമ്മാർജ്ജനം ഇത് ശുപാർശ ചെയ്യുന്നില്ല. പകരം, ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനുള്ള തികച്ചും വ്യത്യസ്ത രീതിയായ "സ്വീകരിച്ചിട്ടില്ലാത്ത മാർഗ്ഗങ്ങൾ" നിർദ്ദേശിക്കുകയും അതുവഴി ഭൂരിഭാഗം പ്രതിബന്ധങ്ങളും സ്വയം അപ്രസക്തയാകുകയും ചെയ്തു. സംസ്ഥാനത്ത് സംഭരണ സംവിധാനം നവീകരിക്കുന്നതിനും നയപരമായ തീരുമാനങ്ങളിലേക്ക് നയിക്കുന്ന യുക്തിസഹമായ സംവാദങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ചില സൂചനകൾ ഉന്നയിക്കുന്നതിനും ഞങ്ങൾ ഒരു കൂട്ടം പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നു. നിർദ്ദേശങ്ങളിൽ ഇവ ഉൾപ്പെടുന്നു.

**1. സംഭരണത്തിന് ധനസഹായം:**

സംഭരണത്തിനുള്ള ഏറ്റവും വലിയ തടസ്സം ധനത്തിന്റെ അഭാവമാണെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ കാര്യക്ഷമമായും മിതമായ ചെലവിലും സംഭരണം കൈകാര്യം ചെയ്യാൻ കേരള സർക്കാരിന് സാധിക്കുമെങ്കിൽ സംവിധാനത്തിന് ധസഹായം ചെയ്യാൻ കഴിയുമെന്നതിനാൽ ഇത് ഒരു വലിയ പരിധി വരെ വാസ്തവമല്ലെന്ന് മനസ്സിലാകും. കർഷകർക്ക് സമയബന്ധിതമായി പണം നൽകുന്നതിന് ഏറ്റവും മുൻഗണന നൽകേണ്ടതാണ്. അംഗീകൃത നെല്ല് സംഭരണകേന്ദ്രങ്ങളുടെ കീഴിൽ (PPC) ഇത് തൽക്ഷണ പേയ്മെന്റിലൂടെ നേടിയെടുക്കാവുന്നതാണ്. കടം തീർക്കാൻ കഴിവില്ലാത്ത നെല്ല് സംഭരണ കേന്ദ്രങ്ങൾ നിയന്ത്രിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കു മാത്രമേ കേരളസർക്കാർ ഗ്യാരന്റി/പിന്തുണ-യിൽ കടം എടുക്കേണ്ടി വരികയുള്ളൂ.[2] പകരമായി FPO-കൾക്കും സ്വകാര്യ മേഖലയ്ക്കും ഈ വിടവ് നികത്താനാകും. പ്രവർത്തന മൂലധന സൈക്കിളുമായി ചേർന്ന് കടം തീർക്കാൻ കാര്യക്ഷമമായി കൈകാര്യം ചെയ്യുകയും ഇന്ത്യ ഗവൺമെന്റുമായുള്ള കണക്കുകൾ സമയബന്ധിതമായി പൊരുത്തപ്പെടുത്തുകയും തട്ടിപ്പുകൾ/ചോർച്ചകൾ എന്നിവ ഏതെങ്കിലുമുണ്ടെങ്കിൽ അത് നിയന്ത്രിക്കുകയും ചെയ്യുന്നത് ധനസഹായം വളരെ എളുപ്പമാകും. കൂടാതെ, കേരള സർക്കാരിന്, സ്വയമേവ നികത്തുന്ന ഒരു റിവോൾവിങ് ഫണ്ട് സജ്ജീകരിച്ചുകൊണ്ട്, അതായത് വിനിയോഗിക്കാത്ത പ്ലാൻ ഫണ്ടുകളുടെ ഒരു ഭാഗം നീക്കിവച്ചുകൊണ്ട്, ഒരു സംഭരണ ധനസഹായസൗകര്യം സൃഷ്ടിക്കുകയും ആർ ബി ഐ-യിൽ നിന്ന് നെല്ല് സംഭരണത്തിനുള്ള ക്യാഷ് ക്രഡിറ്റ് പരിധി, നബാർഡ് വാഗ്ദാനം ചെയ്യുന്ന ക്രഡിറ്റ് സൗകര്യങ്ങൾ മുതലായവ ലഭ്യമാക്കാൻ സാധിക്കുമോ എന്ന് ആരായുകയും ചെയ്യാം.

> **ബോക്സ് 1.1 തന്ത്രപരമായ സാമ്പത്തിക ആസൂത്രണം.**
> പ്രതിവർഷം, ഏകദേശം `2060 കോടി വിലമതിക്കുന്ന ശരാശരി 7.25 ലക്ഷം ടൺ നെല്ല് സംഭരിച്ചു വരുന്നു. ധനസഹായപരമായ വീക്ഷണത്തിൽ, ഓരോ സംഭരണ സീസണിനും 3-4 മാസത്തെ ഇടവേളയുള്ളതും ഫലപ്രദമായി കൈകാര്യം ചെയ്താൽ ധനസഹായത്തിന്റെ 75%ത്തിനു മുകളിൽ (ഒരു സീസണിൽ `760 കോടി വരെ) ഒരു സ്വയമേവ നികത്തൽ രീതിയിൽ ആകാവുന്നതും, ഒരു സീസണിൽ `240 കോടി എന്ന കണക്കിൽ കാലതാമസം വന്ന പേയ്മെന്റിനുള്ള പലിശ ചെലവ്/സർക്കാർ നൽകുന്ന ധനസഹായവും ചേർത്ത് (കാലതാമസം ഒഴിവാക്കുക) ഓരോ സീസണിലും സംസ്ഥാനം തിരിച്ചു പിടിക്കേണ്ടതുമാണ്.

**2.** സംഭരിച്ച അളവിൽ നിന്ന്, കൃഷി സ്ഥലത്തിന്റെ വിസ്തൃതിയുമായി ബന്ധിപ്പിച്ച എസ് ഐ ബി (സംസ്ഥാന ഇൻസന്റീവ് ബോണസ്) മാറ്റുന്നത്:- നിലവിൽ സംഭരണം ഹെക്ടറിന് **2200** കി.ഗ്രാം ആയി പരിമിതപ്പെടുത്തിയിരിക്കുന്നു. പരിധിക്കപ്പുറമുള്ള അധിക അളവ് സംഭരിക്കുന്നതിന് ഫാം തലത്തിലുള്ള ഉയർന്ന ഉൽപ്പാദനക്ഷമത കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഉൽപ്പാദനക്ഷമത വർദ്ധിക്കുന്നതിനാൽ, പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യവും കർഷകരിൽ നിന്നുയരുന്നുണ്ട്. യഥാർത്ഥ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് പരിധി എടുത്തു മാറ്റുന്നത് നിർണ്ണായകവും, അതേ സമയം കേരളത്തിലെ എസ്ഐബി പ്രേരിതമായ ഉയർന്ന സംഭരണനിരക്ക് കാരണം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്കുള്ള നെല്ലിന്റെ വരവ് തടയേണ്ടത് പ്രധാന വുമാണ്. ഫാം തലത്തിൽ ഉത്പാദനക്ഷമതയിൽ പരക്കെയുള്ള വ്യതിയാനങ്ങൾ/ ഏറ്റക്കുറച്ചി ലുകളും, വിളവെടുപ്പിനുശേഷമുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ശാസ്ത്രീയ മല്ലാത്തതും, കാരണം ഫാം തലത്തിൽ ആദായം കൃത്യമായി കണക്കാക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്. അതിനാൽ ആദായത്തിൽ നിന്ന് എസ് ഐ ബി ബന്ധം വേർതിരിക്കുന്നതിനും കർഷകർക്ക് നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം (DBT) ആയി കൃഷി ചെയ്യുന്ന വിസ്തൃതിയനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനും കമ്മിറ്റി ശുപാർശ ചെയ്യുന്നു. ഇത് വെർച്വൽ വ്യാപാരം ഇല്ലാതാക്കുകയും

[2] നെല്ല് സംഭരണത്തിനും ക്രെഡിറ്റ് ഗാരന്റി പദ്ധതികൾക്കുമുള്ള സംസ്ഥാനങ്ങൾക്കുള്ള ആർബിഐ ക്യാഷ് ക്രെഡിറ്റ് ലിമിറ്റ് പര്യവേഷണം ചെയ്യുക.

വർഷങ്ങളായി കുറഞ്ഞുകൊണ്ടിരിക്കുന്ന നെൽകൃഷിക്ക് കീഴിൽ കൂടുതൽ പ്രദേശങ്ങൾ കൊണ്ടു വരുന്നതിന് കർഷകരെ ശക്തമായി പ്രോത്സാഹിപ്പിക്കുകയും ചെയ്യും. തൽഫലമായി കർഷകർ പി പി സി-കളിലേക്ക് കൊണ്ടുവരുന്ന ഏത് അളവും എം.എസ്.പി നിരക്കിൽ സംഭരി ക്കാൻ സാധിക്കുന്നതാണ്. ഇന്ത്യാ ഗവൺമെന്റ് സംഭരണ പരിധി ഏർപ്പെടുത്തിയാലും കൃഷി ചെയ്ത പ്രദേശത്തിനനുസൃതമായി കർഷകർക്ക് എസ് ഐ ബിയ്ക്ക് അർഹതയു ണ്ടായിരിക്കുന്നതാണ്.

**3. ഒരു ഹെക്ടർ കണക്കിന് എസ് ഐ ബി കണക്കാക്കുന്നതിനുള്ള വസ്തുനിഷ്ഠമായ രീതി വികസിപ്പിക്കുക:**

ഒരു ഏകീകൃത ഡാറ്റാ അടിസ്ഥാനത്തിൽ വ്യക്തിഗത ഫാമുകളുടെ ജിയോ ടാഗി ങ്ങിനു പുറമേ എസ് ഐ ബിയ്ക്ക് വേണ്ടി കർഷകർ ഒരു വലിയ സ്ഥലം ക്ലെയിം ചെയ്യുന്നതിന്റെ കർഷകരുടെ അപകട സാധ്യതകൾ ഒഴിവാക്കുന്നതിന്, ഒരു ഹെക്ടറിന് പൂർണ്ണമായ സംസ്ഥാന ഇൻസെന്റീവ് ബോണസിനുള്ള യോഗ്യത യ്ക്കുള്ള മാനദണ്ഡമായി ഒരു ഹെക്ടറിനുള്ള ഏറ്റവും കുറഞ്ഞ അളവ് നെല്ല് ക്രമീകരി ക്കുന്നതിന് നിർദ്ദേശിക്കുന്നു. ഈ മാന ദണ്ഡം നിലവിലെ സംഭരണ പരിധിയെ അല്ലെങ്കിൽ കഴിഞ്ഞ 3-5 വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ഉൽപ്പാദനക്ഷമതയുടെ ശരാശരിയെ അടി സ്ഥാനപ്പെടുത്തിയുള്ളതാകാം. ഒരു ഹെക്ടറിന് ഈ നിശ്ചിത അളവിലെങ്കിലും നെല്ല് നല്കുന്ന കർഷകർ മാത്രമേ കൃഷി യുടെ യഥാർത്ഥ വിസ്തൃതി അനുസരി ച്ചുള്ള മുഴുവൻ എസ് ഐ ബിയ്ക്കും അർഹതനേടുകയുള്ളൂ. ഈ പരിധിയിൽ താഴെ ഉത്പാദിപ്പിക്കുന്ന കർഷകർക്ക്, സീസണിൽ കൃഷിയിറക്കിയ രജിസ്റ്റർ ചെയ്തിട്ടുള്ളതും, ഉറപ്പു വരുത്തിയിട്ടുള്ള തുമായ വിസ്തൃതിയെ അടിസ്ഥാനപ്പെടു ത്തി അവർക്ക് കുറവ് വന്നിട്ടുള്ളതിന് ആനുപാതികമായി കണക്കാക്കിയ കുറഞ്ഞ എസ് ഐ ബി ലഭിക്കുന്നതാണ്. ഈ സമീപനം കർഷകരെ അവരുടെ നെൽകൃഷിയുടെ വിസ്തൃതി വിപുലപ്പെടുത്തുന്നതിനു മാത്രമല്ല, ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ഇത് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിന്റെ സംഭരണ ശാഖയിലേക്ക് നെല്ല് കൊണ്ടുവരുന്നുവെന്ന് ആരോപിക്കപ്പെടുന്ന രീതിയെ നിരുത്സാഹ പ്പെടുത്തുകയും ചെയ്യുന്നതാണ്.

> **എസ്ഐബി നെല്ലിന്റെ അളവിൽ നിന്നും കൃഷി ചെയ്ത വിസ്തൃതിയിലേക്ക് വേർപെടുത്തി.**
>
> **എസ്ഐബി അളവുമായി ബന്ധപ്പെടുത്തുന്നതിന്റെ അപകട സാധ്യതകൾ:** മറ്റു സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്കുള്ള നെല്ലിന്റെ വരവ് (വെർച്വൽ വ്യാപാരം) വ്യത്യസ്ത സാഹചര്യങ്ങളിൽ ഓരോ സീസണിലും കൃഷി ഭൂമി അടിസ്ഥാന ത്തിൽ ഉത്പാദനക്ഷമത കണക്കാക്കുന്നത് വെല്ലുവിളിയാണ് (ഭൂമിശാസ്ത്രപരമായും, വിത്തുകൾ, ജലസേചനം, മണ്ണ്, ഫാമിന്റെ വലിപ്പം, നിക്ഷേപങ്ങൾ, മാനേജ്മെന്റ് മുതലായവ). വിള വെടുപ്പിനുശേഷമുള്ള കൃഷി ഓഫീസർമാരുടെ സാക്ഷ്യ പത്രം ശാസ്ത്രീയമല്ലാത്തതും അത് കടലാസിലുള്ള ഉത്തരവാദിത്ത ത്തിന്റെ ആവശ്യത്തിനു മാത്രമേ പ്രയോജനപ്പെടുകയുള്ളൂ.
>
> **പ്രദേശവുമായി ബന്ധപ്പെടുത്തിയ എസ്ഐബി:** ഇത് എങ്ങനെ പ്രവർത്തിക്കും? കർഷകന്റെ കൈവശമുള്ള സ്ഥലങ്ങൾ ഒരു മൊബൈൽ ആപ് വഴി സമാന സ്ഥിതിയിലുള്ളവരുമായി ജിയോടാഗ് ചെയ്യുകയും, ബന്ധപ്പെട്ട കൃഷി ഓഫീസർ പരിശോ ധിച്ച് ഉറപ്പാക്കുകയും ചെയ്യും. എന്നിരിക്കിലും വിസ്തൃതി കൂടുത ലായി റിപ്പോർട്ട് ചെയ്യപ്പെടാനുള്ള സാധ്യത കുറയ്ക്കുന്നതിന്, കഴിഞ്ഞ 3-5 വർഷങ്ങളിലെ സംസ്ഥാന /ജില്ലയുടെ ശരാശരി ഉത്പാദനക്ഷമതയെ അടിസ്ഥാനമാക്കി കർഷകർ ഒരു ഹെക്ടറിന് ഏറ്റവും കുറഞ്ഞ ഒരു അളവ് ഉൽപ്പാദിപ്പിക്കണം. അളവ് പരിധിയേക്കാൾ കുറവാണെങ്കിൽ, ആനുപാതികമായി എസ്ഐബി കുറയ്ക്കുന്നതാണ്. സർക്കാർ നിശ്ചയിക്കുന്ന പ്രകാരം കേരള സർക്കാരിന്റെ ഉൽപ്പാദന സബ്സിഡികൾ ക്രമീകരിച്ചതിനുശേഷം ശാസ്ത്രീയമായി പുതുക്കിയ കൃഷിയുടെ ചെലവ് അടിസ്ഥാനപ്പെടുത്തി എസ്ഐബി നിശ്ചയിക്കു ന്നതാണ്. തുക DBT ആയി മാറ്റും.

കൂടാതെ, സംസ്ഥാനത്തുടനീളം കർഷകർക്ക് ഭൂമിവിതരണം ചെയ്തതിലുള്ള പ്രശ്നങ്ങൾ കാര്യ ക്ഷമമായി പരിഹരിക്കുവാൻ സാധിക്കും. കർഷകർ അവരുടെ കൈവശമുള്ള ഭൂമിയുടെ ലൊക്കേ

ഷനുകൾ വ്യക്തമാക്കികൊണ്ട്, നിർബന്ധമായും പുതുക്കുന്നതിനുള്ള വ്യവസ്ഥകളോടു കൂടി ഒരിക്കൽ മാത്രം രജിസ്റ്റർ ചെയ്യേണ്ടതും അതിനുശേഷം അവ സമാനസ്ഥിതിയിലുള്ളവയുമായി ജിയോടാഗ് ചെയ്യുകയും ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ ബന്ധപ്പെട്ട സംഭരണ ഏജൻസിയുടെ അധികാരപരിധിയുടെ കീഴിൽ സംഭരണ പ്രക്രിയ സുഗമമായി കൈകാര്യം ചെയ്യാൻ സാധിക്കുകയും ചെയ്യുന്നതാണ്.

ഇതുകൂടാതെ, കർഷകതലത്തിൽ നെല്ലിന്റെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവയെക്കുറിച്ചുള്ള ചരിത്രപരമായ ഡാറ്റകൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനത്തിന്റെ സാമർത്ഥ്യം, ഗുരുതരമായ അപാകതകളുടെയോ, വ്യതിയാനങ്ങളുടെയോ കണ്ടെത്തൽ സാധ്യമാക്കുകയും, അവ സ്വഭാവിക ഘടകങ്ങളാൽ സമർത്ഥിക്കാൻ സാധിക്കുന്നില്ലെങ്കിൽ സംവിധാനത്തിനുള്ളിൽ മുന്നറിയിപ്പുകളും അലേർട്ടുകളും ഉണ്ടാക്കുകയും ചെയ്യും. ഇത് എസ്ഐബി വിഹിതത്തിനുള്ള ന്യായവും സുതാര്യവുമായ സംവിധാനം ഉറപ്പാക്കുകയും സംഭരണ പ്രക്രിയയുടെ സത്യസന്ധത നിലനിറുത്താൻ സഹായിക്കുകയും ചെയ്യുന്നു.

**4. തൽസമയ പിആർഎസ് സൃഷ്ടിയും കർഷകന് ഉടനടിയുള്ള പേയ്മെന്റും:** ഗുണനിലവാരം ഉറപ്പാക്കിയ സംഭരണത്തിന്മേൽ പി പി സി ഒരേ സമയം തൽസമയ പി ആർ എസ് സൃഷ്ടിക്കുകയും പേയ്മെന്റ് നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

**5. സപ്ലൈകോ-യെ ശക്തിപ്പെടുത്തുക, പരിമിതപ്പെടുത്തിയ (റിംഗ്-ഫെൻസ്ഡ്) ബാങ്ക് അക്കൗണ്ട് പ്രൊഫഷണൽ മാനേജ്മെന്റ് കഴിവുകൾക്ക് പ്രേരകമാകും:** നോഡൽ ഏജൻസി എന്ന നിലയിൽ സപ്ലൈകോയെ ഉചിതമായ സാമ്പത്തിക-കടം പുനഃക്രമീകരണം വഴി ശക്തിപ്പെടുത്തേണ്ടതാണ്. (അതായത്, ആസ്തികളുടെ പുനർമൂല്യനിർണ്ണയം, കടം ഓഹരിയായി മാറ്റുക മുതലായവ). മുഴുവൻ സംഭരണ ബിസിനസും കൺകറന്റ് ഓഡിറ്റ് ആന്റ് സെറ്റിൽമെന്റിന്റെ കീഴിൽ, സപ്ലൈകോയുടെ ഒരു പ്രത്യേകമായ ഏക റിംഗ്ഫെൻസ്ഡ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. സംഭരണം ഒരു മാനേജ്മെന്റ് പ്രവർത്തനമാണ്. പ്രവർത്തിപരമായ ശക്തിപ്പെടുത്തലിന്റെ പ്രധാന മേഖലകൾ ആസൂത്രണവും ധനകാര്യ മാനേജ്മെന്റും, വിതരണ ശൃംഖലകൾ, സാങ്കേതികവിദ്യയും ഡിജിറ്റലൈ സേഷനും, കരാർ മാനേജ്മെന്റും, സർക്കാരിന് പ്രതീക്ഷിക്കാത്ത നഷ്ടങ്ങൾ ഉണ്ടാകാതിരിക്കാൻ, വ്യവഹാരങ്ങൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുന്നതും ഉൾപ്പെടുന്നു.

**6. പി പി സി-കൾ വഴി സ്ഥാപനമാതൃകയിലുള്ള സംഭരണം, മില്ലിംഗിൽ നിന്നും വേർപ്പെടുത്തിയ ശേഖരണവും സംഭരണവും MSP-യിൽ നിന്നും വേർപെടുത്തിയ എസ്ഐബി;** സാധ്യതകൾക്കനുസൃതമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും (GP) PPC-കൾ സജ്ജീകരിച്ചുകൊണ്ട്, കേരള സർക്കാരിന് സംഭരണ പ്രക്രിയ നവീകരിക്കാവുന്നതാണ്. PAC, FPCs/EPOs-കൾ സ്വകാര്യമേഖല എന്നിവപോലുള്ള ഏജൻസികൾ പിപിസി-കളെ നിയന്ത്രിക്കേണ്ടതും കർഷകർക്ക് ഉടനടി നേരിട്ട് പണം കൊടുക്കുകയും ചെയ്യേണ്ടതാണ്. അവർ അവരുടെ സ്വന്തം മൂലധനം കണ്ടെത്തുകയും പലിശ ചെലവ് ഉൾപ്പെടെയുള്ള മുഴുവൻ ചെലവും കണക്കാക്കുകയും ഇന്ത്യാ ഗവൺമെന്റ് ലഭ്യമാക്കിയ MSP-യിലും പൊതുചെലവ് എന്നിവയിൽ നിന്ന് പിപിസി-കൾക്ക് വിതരണം ചെയ്യുന്നതുമാണ്. തക്കസമയത്തുള്ള അക്കൗണ്ടിംഗും, സങ്കീർണ്ണതകളില്ലാത്ത പൊരുത്തപ്പെടുത്തലും ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള ഫണ്ടുകളുടെ സമയബന്ധിതമായ ലഭ്യത ഉറപ്പാക്കും. കേരള സർക്കാർ തലത്തിലുള്ള പേയ്മെന്റിൽ വരുന്ന ഏതെങ്കിലും കാലതാമസം, കേരള സർക്കാരിൽ നിന്നുള്ള പലിശസഹായം എന്ന രീതിയിൽ നഷ്ടപരിഹാരം ചെയ്യുന്നതാണ്. നിർദ്ദിഷ്ട മാതൃകയിൽ സംഭരണം/ശേഖരണം, മില്ലിങ് എന്നിവ വേർപെടുത്തുന്നത് മില്ലുടമകളുടെ കൈവശമുള്ള ചരക്ക് പട്ടികയ്ക്ക് കേരള സർക്കാർ ധനസഹായം നൽകുന്നതിന്റെ, അപകടസാധ്യത ഒഴിവാക്കും.

കൂടാതെ, ഇതിന് നെല്ല് സംഭരണത്തിലെ സാമ്പത്തിക സമ്മർദ്ദം കുറയ്ക്കുവാനും ചോർച്ച കുറയ്ക്കുന്ന തിലൂടെ സംസ്ഥാനത്തിന് ഗണ്യമായ ലാഭം ഉണ്ടാക്കുവാനും സാധിക്കുന്നതാണ്.

**7. സ്ഥാപനപരമായ ഏകോപനവും ശക്തിപ്പെടുത്തലും (കൃഷി - പൊതുവിതരണം - ജലസേചനം-ധനകാര്യം):**

സംഭരണ സംവിധാനത്തിന്റെ വിജയത്തിന്, സ്ഥാപനപരമായ ഘടനയുടെ ശേഷി, ശക്തി, സംസ്കാരം എന്നിവ നിർണ്ണായകമാണ്. തൊഴിൽപരമായ കഴിവ്, സാങ്കേതികവിദ്യകൾ എന്നിവ ഉൾപ്പെടുത്തിയും അടിസ്ഥാന സൗകര്യങ്ങളുടെ പിന്തുണയോടുംകൂടി നിർദ്ദിഷ്ട സ്ഥാപന വാസ്തു വിദ്യയെ ശക്തിപ്പെടുത്തേണ്ടതാണ്. ഭക്ഷ്യസുരക്ഷയും, പണത്തിന്റെ മൂല്യവും എന്ന എല്ലാത്തിനും ഉപരിയായ ലക്ഷ്യങ്ങളുടെ കീഴിൽ ഏജൻസികൾ തടസ്സങ്ങളില്ലാതെ പ്രവർത്തിക്കും. നെല്ല് സംഭരണത്തിനായുള്ള കാബിനറ്റ്-സബ്കമ്മിറ്റി തുടരാവുന്നതും അതിന്റെ തീരുമാനങ്ങൾ മന്ത്രിസഭാ തീരുമാനങ്ങൾക്കു തുല്യവുമാണ്.

**8. വാർഷിക സംഭരണ നയവും പ്രവർത്തന പദ്ധതിയും:** കേരള സർക്കാർ, വാർഷിക സംഭരണ നയം, മാനദണ്ഡങ്ങൾ, പ്രോട്ടോക്കോളുകൾ, കർത്തവ്യങ്ങളും ചുമതലകളും എന്നിവ വേണ്ടത്ര മുൻകൂട്ടി പ്രഖ്യാപിച്ചേക്കാം. ഇന്ത്യാ ഗവൺമെന്റിന്റെ MSP പ്രഖ്യാപനം വൈകിയാലും മറ്റെല്ലാ സംഭരണ പ്രക്രിയകളും ആസൂത്രണം ചെയ്യേണ്ടതും, പാടശേഖര സമിതികളുടെ സ്ഥാപനപരമായ പ്രവർത്തന ങ്ങളിലൂടെ ബന്ധപ്പെട്ടവരിൽ അവബോധം സൃഷ്ടിക്കുകയും വേണം.

**9. വിള-വിളവെടുപ്പ്-സംഭരണ കലണ്ടർ സമന്വയിപ്പിക്കുക:** സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള[3] വിള കണക്കാക്കൽ സ്വീകരിക്കുക. (ഉദാ: YES TECH); പരസ്പരപരിശോധനയ്ക്കും വസ്തുതകൾ സ്ഥിരീകരി ക്കുന്നതിനും മാത്രം വിളവെടുപ്പ് ഉപയോഗിക്കുക. വിള-വിളവെടുപ്പ് സംഭരണ കലണ്ടർ ഗ്രാമപഞ്ചായത്ത്/ജില്ലാ തലത്തിൽ സമന്വയിപ്പിക്കേണ്ടതാണ്.

**10. സംയോജിത സംഭരണത്തിന്റെ ഡിജിറ്റൈസേഷൻ:** ആധാറും (ബയോമെട്രിക്സ്)ഉം ബന്ധപ്പെടുത്തി കൃഷി-സംഭരണ - പി ഡി എസ് പോർട്ടലുകളെ സംയോജിപ്പിക്കുന്ന പുതിയ സോഫ്റ്റ്വെയർ, എല്ലാ ഉപയോക്താക്കൾക്കും ഉപയോക്തൃ-സൗഹൃദ മൊബൈൽ ആപ്പ്. സമഗ്രതയ്ക്കു വേണ്ടി എല്ലാ ഇടപാടുകളും ബ്ലോക്ക് ചെയിൻ രീതിയിൽ ടോക്കണൈസ്/എൻക്രിപ്റ്റ് ചെയ്യപ്പെടും. 'കൃഷിസ്ഥലം മുതൽ മുൾക്കത്തി' വരെ (Farm to fork) പിന്തുടരാനുള്ള ആദ്യം മുതൽ അവസാനം വരെയുള്ള നിരീക്ഷണക്ഷമത, ഉൽപ്പാദനത്തിന്റെ അമിത കണക്കുകൂട്ടൽ അധിക സംഭരണം എന്നിവയിലുള്ള അപകടസാധ്യതയും, മില്ലുടമകളുടെ നെല്ല് പകരം വയ്ക്കലും കുറയ്ക്കുന്നതാണ്. AIMS/PFM മായി സംയോജിപ്പിക്കുന്നതും ഇന്ത്യാഗവൺമെന്റ് ക്ലെയിമുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സൗകര്യപ്പെടുത്തും. മുഴുവൻ ഡാറ്റയും ഏതൊരു പൗരനും ലഭ്യമാകുന്ന തരത്തിൽ സ്വമേധയാ വെളിപ്പെടുത്തലിനു വിധേയമായിരിക്കണം.

**11. എൻഡ്-ടു-എൻഡ് ട്രെയ്സബിലിറ്റി:** കർഷകനിൽ നിന്നും ഉപഭോക്താവിലേക്കുള്ള നെല്ലിന്റേയും അരിയുടെയും നീക്കം ട്രാക്ക് ചെയ്യുന്നതിന് ഘട്ടംഘട്ടമായി എൻഡ്-ടു-എൻഡ് ട്രേയ്സബിലിറ്റി ആവിഷ്കരിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഫാമുകളിൽ നിന്ന് മില്ലുകളിലേക്ക് നെല്ലും,

[3] YES-TECH, വിപുലമായ പരീക്ഷണങ്ങൾക്കുശേഷം വികസിപ്പിച്ചതും ഇന്ത്യയിലെ 100 ജില്ലകളിൽ പ്രാരംഭമായി പ്രവർത്തിപ്പിച്ചതുമായ സമഗ്രമായ ഒരു ഉപകരണമാണ് ഇത്. ഗ്രാമപഞ്ചായത്ത് തലത്തിൽ കൃത്യമായ ആദായം കണക്കാക്കുന്നതിന് രീതി ശാസ്ത്രങ്ങളും മികച്ച സമ്പ്രദായങ്ങളും സംയോജന സ്ഥിതി വിവരകണക്കുകലും പ്രദാനം ചെയ്യുന്ന സാങ്കേതിക വിദ്യയാൽ പ്രവർത്തിക്കുന്ന വിളവ് കണക്കാക്കൽ സംവിധാനമായ YES-TECH നടപ്പിലാക്കുന്നതിന് സൗകര്യപ്പെടുത്തുന്നു.

മില്ലുകളിൽ നിന്നും പിഡിഎസിലേക്ക് സിഎംആർ-ഉം കൊണ്ടുപോകുന്നത് ആർഎഫ്ഐഡിയും ഫാസ്റ്റ്റ്റാഗും ഉപയോഗിച്ച് സപ്ലൈകോ നിയന്ത്രിക്കേണ്ടതാണ്.

**12. ഉൽപ്പാദന അനുപാതം (OTR):** ഇന്ത്യാ ഗവൺമെന്റ് മാനദണ്ഡങ്ങൾ പ്രകാരം ഒറ്റിആർ 68%ത്തിൽ തുടരും, താഴ്ത്തി പരിഷ്കരിക്കുന്നതിന്, തെളിവടിസ്ഥാനത്തിൽ സാധൂകരിക്കപ്പെട്ട കാരണങ്ങളില്ല. പി പി സി - കൾ ഗുണമേന്മയുള്ള നെല്ല് സംഭരിക്കുകയും വിളവെടുപ്പിനുശേഷമുള്ള ഗുണനിലവാര ഉറപ്പിനായി (ഉണങ്ങൽ, പാറ്റൽ എന്നിവ പോലെയുള്ള) കർഷകരെ സഹായിക്കുകയും ചെയ്യും. ന്യായമായ ശരാശരി ഗുണമേന്മയിൽ നിന്നും (FAQ) വ്യതിയാനങ്ങളുണ്ടെങ്കിൽ മോശം ഗുണ നിലവാരം മൂലമുള്ള നഷ്ടം നികത്താൻ പിപിസി ശാസ്ത്രീയമായി നിർണ്ണയിച്ച മാട്രിക്സ് ഉപയോഗി ക്കേണ്ടതാണ് (പാൽ സംഭരണത്തിലെന്നപോലെ) നിലവിൽ ഏജന്റുമാർ/മില്ലുടമകൾ ഈടാക്കുന്ന ഏകപക്ഷീയമായ 'കിഴിവ്' സംവിധാനം പിപിസികൾ സ്ഥാപിക്കുന്നതിലൂടെ സ്വയമേവ നിർത്ത ലാകുന്നതാണ്.

**13. കർഷക രജിസ്ട്രേഷൻ:** മൊബൈൽ ആപ്പ് സപ്പോർട്ട് ചെയ്യുന്ന, ആധാറും ജിയോ ടാഗ് ചെയ്ത കാർഷിക രേഖകളുമായി ബന്ധിപ്പിച്ചതും തനത് കർഷക ഐഡി കാർഡും ആവശ്യാനുസരണം സാധൂകരിക്കുന്നതിനും കാലാനുസൃതമാക്കുന്നതിനുമുള്ള വ്യവസ്ഥകളുമുള്ള, ഒറ്റത്തവണ രജിസ്ട്രേ ഷൻ (വർഷം മുഴുവൻ പ്രവർത്തിക്കുന്നത്.)

**14. മില്ലുടമയുടെ രജിസ്ട്രേഷനും വിഹിതവും:** മൊബൈൽ ആപ്പ് പിന്തുണയുള്ളതും മാന ദണ്ഡങ്ങൾ പാലിക്കുന്നതുമായ കേരളത്തിലെ /മറ്റ് സംസ്ഥാനങ്ങളിലെ ഏതെങ്കിലും മില്ലിന് വർഷം മുഴുവൻ ഓപ്പൺ ആക്കിയിട്ടുള്ള ഒറ്റത്തവണ രജിസ്ട്രേഷൻ (മില്ലിങ് സൗകര്യം കേരളത്തി നകത്തായിരിക്കേണ്ടതാണ്.) പിൻവാങ്ങുന്നത് അടുത്ത വർഷം മാത്രമായിരിക്കും എന്ന വ്യവസ്ഥ കളോടുകൂടി മില്ലുടമകളുടെ വാർഷിക സാധൂകരണം. മറ്റു പലതിന്റേയും കൂട്ടത്തിൽ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ, ശേഷി, സ്ഥാനം (ലൊക്കേഷൻ) ആവശ്യമായ മറ്റ് ഘടകങ്ങൾ എന്നിവ ഉൾപ്പെടുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മില്ലുകളെ റാങ്ക് ചെയ്യുക യും ജിയോടാഗ് ചെയ്യുകയും ചെയ്യുന്നതായിരിക്കും. മില്ലുകൾ, സംഭരണശാലയും മില്ലിങ്ങും വേർപെടുത്തുന്നതു വഴി മില്ലുകൾക്ക് മില്ലിംഗിനുള്ള 7-10 ദിവസങ്ങളിലേക്ക് മാത്രമാണ് ചരക്ക് പട്ടികയുടെ പ്രയോജനം ലഭിക്കുന്നത്. പക്ഷപാതപരമായ ഇടപെടലുകൾ ഒഴിവാക്കി മില്ലുകൾക്ക് നെല്ല് അനുവദിക്കുന്നത് യാന്ത്രിക മാക്കുന്നതാണ്.

**15. നെല്ല് സംഭരണ കേന്ദ്രങ്ങൾ:** ഓരോ ഗ്രാമപഞ്ചായത്തിലും (GP) ഒന്നോ അതിലധികമോ പിപിസി-കൾ സ്ഥാപിക്കുകയും സംഭരണ ഏജൻസികൾ/PACS/കർഷക ഉൽപ്പാദക കമ്പനികൾ[4] എന്നിവയാൽ നിയന്ത്രിക്കപ്പെടുകയും വേണം. പിപിസി-കൾ[5] ഡ്രയറുകൾ, പാറ്റൽ യന്ത്രങ്ങൾ, വെയിങ് സ്കെയിൽ, ഗ്രേയിൻ അനലൈസർ, മോയ്സ്ചർ മീറ്റർ മുതലായവയാൽ സജ്ജീകരിക്ക

[4] ഒരു ഗ്രാമപഞ്ചായത്ത്/നിയുക്ത പ്രദേശത്തെ പിഡിസി-കളുടെ എണ്ണം സാധ്യത അടിസ്ഥാനപ്പെടുത്തി ആയിരിക്കേണ്ടതും, ആവശ്യമായ ഗുണനിലവാര ഉറപ്പിനുള്ള എല്ലാം സൗകര്യങ്ങളും സജ്ജീകരിക്കപ്പെട്ടതുമായിരിക്കേണ്ടതാണ്. അംഗീകൃതമോ അല്ലെങ്കിൽ പിഎസികൾ നിയന്ത്രിക്കുന്നതോ ആയ സേവനങ്ങളും ഉപകരണങ്ങളും എത്തിച്ചുകൊടുക്കുന്നതിന് സൗകര്യപ്രദമായ സ്ഥാനങ്ങളിൽ നിലവറകളും വെയിംഗ് ബ്രിഡ്ജുകളും ഉണ്ടായിരിക്കേണ്ടതാണ്.

[5] **https://agnext.com/moistur--meter/or similar type**

പ്പെട്ടതും, പിഎസി-കൾ/ജിപി-കൾ/നാഷണൽ അഗ്രികൾച്ചർ ഇൻഫ്രാ ഫിനാൻസിംഗ് ഫെസിലിറ്റി[6] എന്നിവയുടെ ധനസഹായം ലഭിക്കുന്നതുമാണ്.

**16. ഗുണനിലവാര ഉറപ്പ്:** എല്ലാ ഘട്ടങ്ങളിലും, മാന്വൽ സിസ്റ്റങ്ങൾ മാറ്റി ഉയർന്ന നിലവാരമുള്ള ആധുനിക ഉപകരണങ്ങൾ കൊണ്ട് ഗുണനിലവാര ഉറപ്പ് യന്ത്രവൽകൃതമാക്കേണ്ടതും, ഇന്ത്യാ ഗവൺമെന്റ്/കേരള സർക്കാരിന്റെ നടന്നുവരുന്നു പരിപാടികളുടെ കീഴിൽ ധനസഹായം ചെയ്യേണ്ടതുമാണ്.

**17. ലോഡിങ്ങും അൺലോഡിങ്ങും തൊഴിൽ തർക്കങ്ങളും:** DLO-യുടെ നിലവിലുള്ള നിരക്കുകൾ/മാനദണ്ഡങ്ങൾക്ക് അനുയോജ്യമായി, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റി നിശ്ചയിക്കുന്ന പ്രകാരമുള്ള ലോഡിങ് അൺലോഡിങ് ചാർജ്ജുകൾ. പുരോഗമനപരമായ യന്ത്രവൽക്കരണം സ്വീകരിക്കുകയും, നിയമലംഘനത്തിനും/ഏതെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ വീണ്ടെടുക്കു ന്നതിനും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

**18. സാമ്പത്തിക സ്ഥിതിയും കാര്യക്ഷമതയും ഓഡിറ്റ് ചെയ്യപ്പെടുന്നു:** പ്രധാനപ്പെട്ട മേഖലകളിൽ, ലിക്വിഡിറ്റി മാനേജ്മെന്റ്, പലിശ ചെലവുകൾ, അധിക ചെലവുകൾ, ക്ലെയിമുകൾ നിരസിക്കുന്നതിലേക്ക് നയിക്കുന്ന GoI-MoU ലംഘനങ്ങൾ, കാലതാമസം വന്ന ക്ലെയിമുകൾ, ഇന്ത്യാ ഗവൺമെന്റ് ഫണ്ടുകളുടെ യഥാസമയ ലഭ്യത എന്നിവ ഉൾപ്പെടുന്നു. സംഭരണത്തിലെ അനാവശ്യ ജോലികൾ വെട്ടിക്കുറയ്ക്കുന്നതിന് കർശനമായ മേൽനോട്ടം, അമിത സബ്സിഡി ഒഴിവാക്കുക, ഫാമുകളുടെയും മില്ലുകളുടെയും ഉപോൽപ്പന്നങ്ങളുടെ (വൈക്കോൽ ബെയലിങ്, നുറുക്കരി, അരിയുടെ തവിട് മുതലായവ) മൂല്യനിർണ്ണയും ഉറപ്പാക്കുക, വിതരണ ശൃംഖലയുടെ കാര്യക്ഷമമായ മാനേജ്മെന്റും ആരോപിക്കപ്പെടുന്ന തിരിച്ചുവിടലും ചോർച്ചയും തടയുക.

**19. തത്സമയ മേൽനോട്ടവും പ്രശ്നങ്ങളുടെ പരിഹാരവും:** സമയോചിതമായ തിരുത്തലിനും തീരുമാനമെടുക്കുന്നതിനുമുള്ള ശക്തമായ ഡാഷ്ബോർഡ് സജ്ജീകരണവും വിശകലനങ്ങളും അടങ്ങുന്ന തൽസമയമേൽനോട്ടം, സംയോജിത സംഭരണസംവിധാനത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്. ഉൽപ്പന്നങ്ങളും, ഫലപ്രാപ്തിസൂചകങ്ങളും ട്രാക്ക് ചെയ്യുകയും നയലക്ഷ്യങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**20.** നിശ്ചിത സമയപരിധിക്കുള്ളിൽ പരിഹരിച്ചില്ലെങ്കിൽ ഉയർന്ന തലത്തിലേക്ക് സ്വയമേവ ഉയരുന്നതിന് സൗകര്യമുള്ള പരാതി പരിഹാരസംവിധാനം, ജില്ലാതലത്തിൽ, ജില്ലാ കളക്ടറുടെ (DC), **അന്തർ-സ്ഥാപന ഏകോപനവും അഭിപ്രായ വ്യത്യാസം/തർക്കം കൈകാര്യം ചെയ്യലും. DC യുടെ തീരുമാനം അന്തിമമായിരിക്കുന്നതും ജലസേചനം ഉൾപ്പെടെ എല്ലാ ജില്ലാതല ഏജൻസികളും ഉദ്യോഗസ്ഥരും പാലിക്കേണ്ടതുമാണ്.**


## 1.0. സന്ദർഭം, ലക്ഷ്യങ്ങൾ, രീതിശാസ്ത്രം, പരിമിതികൾ

### 1.1. സന്ദർഭം

നെല്ല് പ്രധാന ഭക്ഷ്യവിളയാണെങ്കിലും കേരളം ദീർഘകാലമായി ഭക്ഷ്യക്ഷാമമുള്ള സംസ്ഥാനമാണ്. കേരള ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് (DES) റിപ്പോർട്ട് ചെയ്തതു പോലെ, സമീപവർഷങ്ങളിൽ ഗണ്യമായ ഉൽപ്പാദന നേട്ടം ഉണ്ടായിട്ടും നെല്ലിന്റെ വിസ്തൃതിയും ഉത്പാദനവും വർഷങ്ങളായി കുറഞ്ഞുവരികയാണ്. 1970-71 മുതൽ 2022-23 വരെയുള്ള കാലയളവിൽ യഥാക്രമം

6 https://agricifra.doc.gov.in/home/eligible projects

വിസ്തൃതി 8.8 ഹെക്ടറിൽ നിന്നും 1.9 ഹെക്ടറിലേക്കും ഉത്പാദനം 19.7 ലക്ഷം ടണ്ണിൽ നിന്നും 9.1 ലക്ഷം ടണ്ണിലേക്കും കുത്തനെ താഴ്ന്നു. അതേ കാലയളവിൽ നെല്ലിന്റെ ഉത്പാദന ക്ഷമത 2,314 കി.ഗ്രാം/ഹെക്ടറിൽ നിന്ന് 4,731 കി.ഗ്രാം/ഹെക്ടറിലേക്ക് സ്ഥിരമായി ഉയർന്നു.[7] കേരളത്തിന് ഉപഭോഗ ത്തിനായി വർഷത്തിൽ 30 ലക്ഷം ടൺ അരിയുടെ ആവശ്യമുണ്ട്. നിലവിൽ ആവശ്യമുള്ള തിന്റെ ഏകദേശം 15% മാത്രം സംസ്ഥാനം ഉത്പാദിക്കുകയും ബാക്കിയുള്ളത് എൻഎഫ്എസ്എയുടെ കീഴിൽ ഇന്ത്യാ ഗവൺമെന്റിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കണ്ടെത്തുകയും ചെയ്യുന്നു.





കുറിപ്പ്: റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രകാരം DES എന്നത് 0.657 എന്ന ഒരു വിനിമയ ഘടകം ഉപയോഗിച്ച് അരിയുടെ അടിസ്ഥാനത്തിൽ ഉത്പാദനവും ഉത്പാദനക്ഷമതയും കണക്കാക്കുന്നതാണ്. ഞങ്ങൾ അരിയുടെ അടിസ്ഥാനത്തിലല്ലാതെ, നെല്ലിന്റെ അടിസ്ഥാനത്തിൽ സംഭരണം നടത്തുന്നതിനാൽ, അതേ വിനിമയ ഘടകം ഉപയോഗിച്ചാണ് മുകളിലെ ചാർട്ടിൽ നെല്ല് ഉത്പാദനവും ഉത്പാദന ക്ഷമതയും കണക്കാക്കിയിട്ടുള്ളത്. DES ഡാറ്റായുടെ രീതി ശാസ്ത്രപരമായ കാർക്കശ്യ ത്തേയും കൃത്യതയേയും കുറിച്ച് ഗുരുതരമായ ആശങ്കകൾ ഉള്ളതിനാൽ, ഇത് യോഗ്യതയുള്ള ഒരു മൂന്നാം കക്ഷി ഏജൻസിക്ക് പരിശോധിക്കാവുന്നതാണ്.

ജി.ഒ (എം.എസ്) നം. 22/2005 തീയതി 04/06/2005 പ്രകാരം കർഷകർക്ക് ആദായകരമായ വില നൽകിക്കൊണ്ട് നെൽകൃഷി പ്രോത്സാഹിപ്പിക്കുകയും സംസ്ഥാന ഭക്ഷ്യസുരക്ഷയ്ക്ക് സംഭാവന നൽകുകയും ചെയ്യുക എന്ന പ്രധാന ലക്ഷ്യങ്ങളോടെ കേരള സർക്കാർ വികേന്ദ്രീകൃത സംഭരണ സംവിധാനം (DPS) സ്വീകരിച്ചു. അതനുസരിച്ച്, സംസ്ഥാനത്തെ നെല്ല് സംഭരണത്തിന്റെ നിർവ്വഹണ ഏജൻസിയായി കേരള സംസ്ഥാന പൊതുവിതരണ കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്. ഉത്പാദന ക്ഷമതയിൽ വർദ്ധനവ് ഉണ്ടായെങ്കിൽപ്പോലും, ഈ തന്ത്രത്തിന് കൃഷിയുടെ വിസ്തൃതിയിലും ഉത്പാദന ത്തിലുമുള്ള കുറവ് വിജയകരമായി തടയുവാൻ സാധിച്ചില്ല. അത് കൂടാതെ, നെൽകൃഷി യുടെ നിലവിലുള്ള തോത് നിലനിർത്തുന്നത് നിർണ്ണായകമായ ഒരു വെല്ലുവിളി തുടരുകയും ചെയ്യുന്നു.

[7] Htt://www.financialexpress.com/market/commodities-kerala-government-to-buy-rice-worth-100-crore-from-west-bengal570436/

നെല്ല് സംഭരണത്തിനുള്ള  മിനിമം താങ്ങുവില (MSP) കമ്മീഷന് ഫോർ അഗ്രികൾച്ചറൽ കോസറ്റ്സ് ആന്റ് പ്രൈസസ് (CACP) പ്രഖ്യാപിക്കുകയും അത് പൂർണ്ണമായും ഇന്ത്യാ ഗവൺമെന്റ് ഫണ്ട് ചെയ്യുന്നതും, MSP ഉയർത്തുന്നതിന് കേരളം കർഷകർക്ക് സംസ്ഥാന ഇൻസന്റീവ് ബോണസ് (SIB) നൽകുകയും ചെയ്യുന്നു. ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന MSPയുടെയും കേരള സർക്കാർ പ്രഖ്യാപിക്കുന്ന വിതരണവിലയും തമ്മിലുള്ള വ്യത്യാസം സംസ്ഥാനം സപ്ലൈകോയ്ക്ക് നൽകുന്നു. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്കനുസൃതമായി  അരി സംഭരണത്തിനും വിതരണത്തിനുമുള്ള യഥാർത്ഥ ചെലവുകൾ ഇന്ത്യാഗവൺമെന്റ് തിരികെ നൽകുന്നു.

എന്നിരുന്നാലും, വർഷങ്ങളായി സംഭരണ പ്രക്രിയയിൽ പ്രത്യക്ഷത്തിൽ നിരവധി പ്രശ്നങ്ങൾ അപ്രതീക്ഷിതമായി ഉയർന്നു വന്നിട്ടുണ്ട്. അതിൽ പലതിന്റേയും കൂട്ടത്തിൽ, കർഷകർക്ക് പണം നൽകുന്നതിനുള്ള കാലതാമസം, മില്ലുടമകളുടെ സംഭരണത്തിലുള്ള കാലതാമസം, സംഭരണ സമയത്ത് ഏകപക്ഷീയമായ കിഴിവുകൾ, വില വ്യത്യാസം അല്ലെങ്കിൽ പിഡിഎസിലേ ക്കുള്ള മാറ്റം, തട്ടിപ്പുകളും പാഴാക്കലും, സംഭരണ സംബന്ധിയായ ചെലവ് വർദ്ധന, ഗുണനിലവാര മാനദണ്ഡങ്ങളും ഘടകങ്ങളും പാലിക്കാതിരിക്കൽ മുതലായവ ഉൾപ്പെടുന്നു. റിപ്പോർട്ട് ചെയ്തതനുസരിച്ച് സംഭരണ സംവിധാനം മാനദണ്ഡങ്ങളിൽ നിന്നുള്ള കാര്യമായ വ്യതിയാനങ്ങളാൽ വികൃതമാക്കപ്പെട്ടതും, നടപ്പിലാക്കുന്ന സമയത്ത് നിരവധി അനൗപചാരിക ക്രമീകരണങ്ങളാൽ സവിശേഷമാക്കപ്പെട്ടതുമാണ്. ഇത് സംസ്ഥാന തലത്തിൽ ഇടപെടൽ ആവശ്യമാകുന്ന തരത്തിൽ കർഷകർക്ക് വലിയ തോതിൽ പ്രതികൂലമാകുകയും ഇടയ്ക്കിടെ പ്രതിസന്ധിയുടെ പരിധിവരെ എത്തുകയും ചെയ്യുന്നു.




അതുകൂടാതെ, കേരളം അതിന്റെ റവന്യൂ വരവിന്റെ ഗണ്യമായ ഒരു പങ്ക്, സബ്സിഡികൾ നൽകുന്നതിനുവേണ്ടി ചെലവഴിക്കുന്നു, അതിൽ വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന പൊതുവിതരണ കോർപ്പറേഷനുള്ള ഗ്രാന്റ് (3,385.08 കോടി), റേഷൻ സബ്സിഡി (1,714.35 കോടി), കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റു ഏജൻസികളും മുഖേനയുള്ള നെല്ല് സംഭരണം (844.55 കോടി)[8] എന്നിവ ഉൾപ്പെടുന്നു. തന്നെയുമല്ല പലിശ ചെലവുകളും

[8] അവലംബം:സംസ്ഥാന ധനകാര്യ ഓഡിറ്റ് റിപ്പോർട്ട്, സി.എ.ജി, മാർച്ച് 2021

സംഭരണവുമായി ബന്ധപ്പെട്ട മറ്റ് ചെലവുകളുടെ റീഇംബേഴ്സ്മെന്റും പോലുള്ള അദൃശ്യമായ പ്രധാന സബ്സിഡികളും ഉണ്ട്.

**1.2 പഠനത്തിന്റെ ലക്ഷ്യങ്ങൾ**

**TOR (അനുബന്ധം 2)** വിഭാവന ചെയ്യുന്ന മൊത്തത്തിലുള്ള ലക്ഷ്യം, നെല്ല് സംഭരണപരിപാടി ഉദ്ദേശിച്ച ലക്ഷ്യം എത്രത്തോളം നിറവേറ്റിയെന്ന് പരിശോധിക്കുകയും, പ്രക്രിയകൾ അനായാസ മാക്കുന്നതിനും, ഗുണഫലങ്ങൾ പരമാവധിയാക്കുന്നതിനുമുള്ള നടപടികൾ നിർദ്ദേശി ക്കുകയും ചെയ്യുക എന്നുള്ള താണ്.

**1.** നിലവിലുള്ള സംഭരണപ്രക്രിയ അവലോകനം ചെയ്യുന്നതിനും, വ്യവസ്ഥാപരമായ വിടവുകൾ, തടസ്സങ്ങൾ, പരാതികളിലേക്കും കാര്യക്ഷമതയില്ലായ്മയിലേക്കും നയിക്കുന്ന, ഉത്പാദനക്ഷമമല്ലാത്ത കണ്ണികൾ കണ്ടെത്തുന്നതിനും.

**2.** മതിയായ നിയന്ത്രണങ്ങളും സന്തുലിതാവസ്ഥകളോടുംകൂടി പ്രക്രിയകൾ സുതാര്യവും, ഉത്തര വാദിത്തമുള്ളതും ആക്കുന്നതിന് സംഭരണത്തിന്റെ ഓരോ ഘട്ടങ്ങളിലും നേരിടുന്ന വെല്ലു വിളികൾ പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനും കർഷകർ, ട്രാൻസ്പോർട്ട് ചെയ്യുന്നവർ, മില്ലുടമകൾ, ഉദ്യോഗസ്ഥർ എന്നിങ്ങനെ ഈ പ്രക്രിയയിൽ ഏർപ്പെടുന്ന വിവിധ തല്പരകക്ഷികളുമായി കൂടിയാലോചിക്കുന്നതിനും.

**3.** സംഭരണ പ്രക്രിയയുടെ ഫലപ്രാപ്തി, കാര്യക്ഷമത, നിരീക്ഷണം എന്നിവ മെച്ചപ്പെടുത്തുന്നതിന് വിതരണശൃംഖലയിൽ വിവരസാങ്കേതിക വിദ്യകളുടെ പങ്ക് പര്യവേഷണം ചെയ്യുക, പ്രത്യേകിച്ചും റിമോട്ട് സെൻസിംഗും മറ്റ് സ്ഥലങ്ങളിൽ എവിടെയെങ്കിലും ഉപയോഗിക്കുന്നതുപോലെയുള്ള ബ്ലോക്ക് ചെയിൻ പോലുള്ള പുതിയ ഉപകരണങ്ങൾ.

**4.** ആവശ്യമെങ്കിൽ മതിയായ നിയന്ത്രണങ്ങളും, വ്യവസ്ഥകളോടും കൂടി പ്രക്രിയകൾ സുതാര്യവും ഉത്തരവാദിത്തമുള്ളതും ആക്കുന്നതിന്.

**5.** സംഭരണ പ്രക്രിയയുടെ ഫലപ്രാപ്തി, കാര്യക്ഷമത, നിരീക്ഷണം എന്നിവ മെച്ചപ്പെടുത്തുന്നതിന് വിതരണശൃംഖലയിൽ വിവരസാങ്കേതിക വിദ്യകളുടെ പങ്ക് പര്യവേഷണം ചെയ്യുക, പ്രത്യേകിച്ചും റിമോട്ട് സെൻസിംഗും മറ്റ് സ്ഥലങ്ങളിൽ എവിടെയെങ്കിലും ഉപയോഗിക്കുന്നതുപോലെയുള്ള ബ്ലോക്ക് ചെയിൻ പോലുള്ള പുതിയ ഉപകരണങ്ങൾ.

**6.** നെല്ല് സംഭരണത്തിൽ മുതൽ മുടക്കുന്നതും/ചെലവഴിക്കുന്നതും നെൽകർഷകരുടെയും മറ്റ് തല്പരകക്ഷികളുടെയും താല്പര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗമാണോ എന്ന് പരി ശോധിക്കുന്നതിന്

**7.** സംഭരണ സമ്പ്രദായത്തിൽ കോടതി ഇടപെടലുകളുടെയും വിധിന്യായങ്ങളുടെയും പ്രഭാവവും അവയുടെ പ്രത്യാഘാതങ്ങളും/പരിഹാരനടപടികളും വിലയിരുത്തുന്നതിനും

**8.** മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾക്ക് സഹായകമായ കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരമുള്ള മറ്റേതെങ്കിലും പ്രസക്തമായ നിബന്ധനകൾ

### 1.3 സമീപനവും രീതിശാസ്ത്രവും

രീതിശാസ്ത്രത്തിൽ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, സംഭരണം മുതലായവയിൽ ടൈം സീരിസ് സെക്കണ്ടറി ഡാറ്റായുടെ വിശകലനം ഉൾപ്പെടെയുള്ള ഡസ്ക് അവലോകനം, നയങ്ങളുടെയും മാർഗ്ഗരേഖകളുടെയും അവലോകനം, പദ്ധതികൾ പരിപാടികൾ, ജൂഡീഷ്യൻ പ്രഖ്യാപനങ്ങൾ, പ്രസക്തമായ ഇന്ത്യാ/സംസ്ഥാന ഗവണ്മെന്റ് മാർഗ്ഗരേഖകൾ, MOU എന്നിവ ഉൾപ്പെടുന്നു. തല്പരകക്ഷികളുമായുള്ള കൂടിയാലോചനകൾ, പ്രധാനപ്പെട്ട വിവരദാതാക്കളുമായുള്ള അഭിമുഖങ്ങൾ, പൊതു/വിദഗ്ധ അഭിപ്രായ സർവ്വേകൾ, കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും പ്രവർത്തന അവലോകനം എന്നിവ ഉൾപ്പെടെ അളവും ഗുണവും സംബന്ധിച്ചുള്ള സംവിധാനങ്ങൾ പ്രസക്തമാണെന്ന നിലയിൽ കമ്മിറ്റി അംഗീകരിച്ചു. കമ്മിറ്റി പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ വിപുലമായ ഫീൽഡ് സന്ദർശനങ്ങൾ നടത്തി. പ്രസക്തമായിടത്ത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ ചില മികച്ച രീതികളും പഠനം പരിഗണിച്ചിട്ടുണ്ട്.

#### 1.3.1. ഡിപിഎസ് നവീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശ തത്വങ്ങൾ

പഠനത്തിനായി കമ്മിറ്റി ഇനിപ്പറയുന്ന തത്വങ്ങൾ സ്വീകരിച്ചു.

| |
|---|
| ഭക്ഷ്യസുരക്ഷ+കർഷകരും ഉപഭോക്താക്കളും മെച്ചപ്പെടുന്നതിന് |
| സംഭരണം സംസ്ഥാനത്തിന്റെ കടത്തിലേക്കുള്ള പ്രവാഹമല്ല (FRBMA പ്രകാരം) |
| സംഭരണം സ്വയം ധനസഹായ രീതിയിലും ഒരു ബിസിനസ് മാതൃകയിലും ആയിരിക്കുന്നതിന് |
| പ്രവചിക്കാവുന്ന നിയന്ത്രിത ബഡ്ജറ്റുകൾ (സംസ്ഥാനം/സപ്ലൈകോ) |
| സുതാര്യത, ഉത്തരവാദിത്തം, കാര്യക്ഷമത, പണത്തിനുള്ള മൂല്യം എന്നിവ |

#### 1.3.2 ഡി പി എസ് നവീകരിക്കുന്നതിനുള്ള പ്രധാന തൂണുകൾ

**നിർദ്ദേശിക്കപ്പെട്ട നവീകരണം നടത്തേണ്ട പ്രധാന തൂണുകൾ ഇനിപ്പറയുന്നവയാണ്.**

| |
|---|
| ദേശീയ സംഭരണ മാർഗ്ഗനിർദ്ദേശങ്ങളും ചട്ടങ്ങളും കർക്കശമായി പാലിക്കുക. |
| സംഭരണം/ശേഖരണത്തിൽ നിന്നും മില്ലിങ് വേർപെടുത്തുക |
| (വില കുറഞ്ഞ നെല്ലിന്റെ വഴിതിരിച്ചുവിടലും പകരം വയ്ക്കലും നിയന്ത്രിക്കുക) |
| എസ്ഐബി കൃഷി വിസ്തൃതിയുമായി ബന്ധിപ്പിക്കുകയും ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫർ ആയി (DBT) പണം നൽകുകയും (വെർച്ച്വൽ വ്യാപാരം നിയന്ത്രിക്കുക+ കൂടുതൽ വിസ്തൃതിയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുക.) |
| എല്ലാ തലത്തിലും ഗുണനിലവാര ഉറപ്പും ട്രേയ്സബിലിറ്റിയും (ഏകപക്ഷീയമായ 'കിഴിവ്' നിയന്ത്രിക്കുക. |
| സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള വിള കണക്കാക്കൽ (റിമോട്ട് സെൻസിംഗ്) കൃഷിക്കാരുടെ ഡാറ്റാ ബെയ്സ് (ജിയോടാഗ് ചെയ്തത്) ട്രാൻസ്പോർട്ടേഷൻ (RFID+FAS Tag) (ആസൂത്രണ സഹായം, ഇരട്ടിപ്പും വഴിതിരിച്ചുവിടലും ഒഴിവാക്കുക) |
| യുക്തിസഹമായ സബ്സിഡികൾ-കർഷകർക്കും പിഡിഎസ്-നുമായി പരിമിതപ്പെടുത്തിയത് വിതരണ ശൃംഖലയിലുള്ള സേവനവിതരണ ഏജൻസികൾക്ക് മാത്സരികമായ സേവന നിരക്കുകൾ നൽകണം. |
| എല്ലാ ചെലവ് ഘടകങ്ങളും കണക്കാക്കുകയും മൂല്യം നിർണ്ണയിക്കുകയും ചെയ്യണം. (OTR, ഉപോൽപ്പന്നങ്ങൾ, ഭരണ നിർവ്വഹണം, അധികചെലവ് മുതലായവ) |
| പൂർണ്ണമായി സജ്ജീകരിച്ച പി പി സി (ഇനി മുതൽ രഹസ്യ ഏജന്റുമാരുടെ ആവശ്യമില്ല) |
| സ്ഥാപനപരമായ ശേഷി സപ്ലൈകോയെ ഒരു സംരംഭകത്വ മേൽനോട്ട നിയന്ത്രണ ഏജൻസിയായി ശക്തിപ്പെടുത്തുകയും പ്രൊഫഷണൽ ആക്കുകയും ചെയ്യുക. |

### 1.4 പഠനത്തിനുള്ള പരിമിതികളും ഡാറ്റാ വിടവുകളും

നിർണ്ണായകമായ ഡാറ്റാ വിടവുകളും ഡാറ്റാ പൊരുത്തക്കേടുകളും ഉണ്ടായിരുന്നു. വിഘടിത തല ത്തിൽ ആവശ്യമായ ഗുണനിലവാരമുള്ള ഡാറ്റാ ലഭ്യമല്ലാത്തതും, കൂടാതെ ഔദ്യോഗിക പ്രതികരണങ്ങൾ അടിസ്ഥാന യാഥാർത്ഥ്യങ്ങൾ പ്രതിഫലിപ്പിക്കാതെ നടപടി ക്രമങ്ങളുടെ കഥ പറയുന്നു. ഉദാഹരണമായി നിലവിലുള്ള സംവിധാനമായ നെല്ലിന്റെ ഏകപക്ഷീയമായ 'കിഴിവ്' (കിഴിവ്) സംഭരണ പ്രക്രിയയിലെ 'ഏജന്റുമാരുടെ' പങ്ക് മുതലായവ ഔദ്യോഗിക സംവിധാനത്തിൽ പ്രതിഫലിക്കുന്നില്ല. സംഭരണ സംവിധാനം തകരുകയാണെങ്കിലും കടലാസുകളിൽ എല്ലാം ഭദ്രമാ ണെന്ന് തോന്നും.

- കമ്മിറ്റി നിയമപരമായ സ്വഭാവത്തിലുള്ളതല്ലാത്തതിനാൽ അതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനോ അല്ലെങ്കിൽ തെളിവുകൾ ആവശ്യപ്പെട്ടുകൊണ്ട് നിർബന്ധിക്കാനോ ഏതെങ്കിലും പദവി ഇല്ലാത്തതാണ്. ഡാറ്റായുടെയും വിവരങ്ങളുടെയും സമഗ്രമായ ആദ്യ റൗണ്ട് ആവശ്യകത കമ്മിറ്റി തയ്യാറാക്കുകയും ബന്ധപ്പെട്ട ഏജൻസികളുമായി പങ്കിടുകയും ചെയ്തിട്ടുണ്ട്. കാര്യമായ വിടവുകൾക്ക് പുറമേ, ജനറേറ്റ് ചെയ്ത ഡാറ്റാ പലപ്പോഴും ഗുണനിലവാരം, ഉള്ളടക്കം കവറേജ് എന്നിവയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും വിശകലന ലക്ഷ്യം നിറവേറ്റുന്നില്ല, കൂടാതെ അടിസ്ഥാന സ്ഥിതിവിവര ശാസ്ത്രപരമായ പ്രോട്ടോകോളുകൾ പോലുമില്ല (അനുബന്ധം 3 &4)
- വിടവ് നികുത്തുന്നതിനും, നൽകിയ ഡാറ്റായുടെ ക്രോസ് സാധൂകരണത്തിനുമായി ഏതാനും ധ്രുത സർവ്വേകൾ നടത്തുന്നതിനും കമ്മിറ്റിക്ക് ധനാഗമമാർഗ്ഗങ്ങളില്ല, ഉദാഹരണ ത്തിന് കർഷക രജിസ്ട്രേഷൻ (കൃഷി പ്രദേശങ്ങൾ മുരടിക്കുകയോ കുറയുകയോ ചെയ്തിട്ടും സമീപ വർഷങ്ങളിൽ ഇരട്ടിയായി), മില്ലുകൾ അനുവദിക്കുന്നതിലെ പ്രശ്നങ്ങളും മില്ലുകൾ പിഡിഎസി ലേക്ക് യഥാർത്ഥത്തിൽ നൽകുന്നതും മുതലായവ.
- പ്രധാനപ്പെട്ട എല്ലാ നെല്ല് സംഭരണ പ്രവർത്തനങ്ങളും സർക്കാരിന്റെ ബഡ്ജറ്റ് വാഹക വകുപ്പായ പൊതുവിതരണ വകുപ്പിന്റെ ഉത്തരവിന്റെ കീഴിൽ വരുന്നതാണ്, അതേസമയം, കമ്മിറ്റി രൂപീകരിച്ചത് കേരളസർക്കാരിന്റെ കൃഷിവകുപ്പാണ്.
- സംഭരണമേഖലയിലെ പ്രധാനപ്പെട്ട പല യാഥാർത്ഥ്യങ്ങളും റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ഡാറ്റയും വിവരങ്ങളും ലഭ്യമല്ലാത്തതിനാലും കമ്മിറ്റി തല്പരകക്ഷികളുമായുള്ള കൂടിയാ ലോചനകളുടെ ഒരു പരമ്പര, പ്രധാന വിവരദാതാക്കളുമായുള്ള അഭിമുഖം (KIIs) ഡാറ്റയുടെ മോഡൽ പരിശോധന എന്നിവ ഏറ്റെടുക്കുകയും, പരിമാണപരവും ഗുണപരവുമായ പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഉത്പാദന അനുപാതം (OTR) നിശ്ചയിക്കുന്ന തിനായി വിദഗ്ധരായ മൂന്നാം കക്ഷി ഏജൻസികളുടെ ശാസ്ത്രീയമായ മില്ലിംഗ് പരീക്ഷണ ങ്ങളും അത് നിർദ്ദേശിച്ചിരുന്നതും, ആയത് പ്രതീക്ഷിക്കുകയും ചെയ്യുന്നു. സുതാര്യത, ഉത്തരവാദിത്തം, ഗുണനിലവാര മാനദണ്ഡങ്ങൾ, ക്ലിപ്തസമയത്തിനുശേഷമുള്ള നിരീക്ഷണം എന്നിവയുടെ അഭാവം കർഷകർക്കും സർക്കാരിനും സപ്ലൈകോയ്ക്കും കാര്യമായ സാമ്പത്തികനഷ്ടം വരുത്തിയതായി തോന്നുന്നു, പരിമിതികൾ കാരണം കമ്മിറ്റിക്ക് അത് സമഗ്രമായി അന്വേഷിക്കാൻ സാധിച്ചിട്ടില്ല.

## 2.0 നെല്ല് സംഭരണ സംവിധാനം- വെല്ലുവിളികളും അവസരങ്ങളും

### 2.1 ഡി പി എസ്-അവലോകനവും നേട്ടങ്ങളും

സപ്ലൈകോ രജിസ്റ്റർ ചെയ്ത മില്ലുകൾ വഴി രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിക്കുകയും നെല്ലിന്റെ വില വ്യക്തിഗത ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുക യും ചെയ്യുന്നു. 2022-23 ൽ ഒരു കിലോയ്ക്ക് 28.2 എന്ന സംഭരണ തോതിൽ `2062 കോടിയുടെ വിലയ്ക്കുള്ള 7.31 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. രജിസ്റ്റർ ചെയ്ത ആധുനിക മില്ലുകളിൽ ശേഖരിച്ച അരി ഇന്ത്യാ ഗവൺമെന്റിന്റെ ഗുണനിലവാര നിർദ്ദേശങ്ങൾ പ്രകാരം അവിടെ തന്നെ അരിയാക്കി സംസ്കരിക്കുകയും പി ഡി എസ് വഴി വിതരണം ചെയ്യുകയും ചെയ്തു. ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ച MSPയും കേരള സർക്കാർ പ്രഖ്യാപിച്ച വിതരണവിലയും തമ്മിലുള്ള വ്യത്യാസത്തിന്, സംസ്ഥാനം സപ്ലൈകോ വഴി കർഷകർക്ക് പ്രോത്സാഹന ബോണസ് (SIB) നൽകുന്നു. ഇന്ത്യാ ഗവൺമെന്റ് കാലാനുസൃതമായി പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംഭരണത്തിനും വിതരണത്തിനുമുള്ള യഥാർത്ഥ പ്രവർത്തന ചെലവുകൾ തിരികെ നൽകുന്നു.

Table 2.1 - Achievements of Supplyco from 2017-18 to 2022-23

| Year | Production (MT) | Procurement (MT) | Total Value (Rs Lakhs) |
|---|---|---|---|
| 2017-18 | 7,93,470 | 4,84,465 | 1,12,880 |
| 2018-19 | 8,80,146 | 6,93,812 | 1,75,534 |
| 2019-20 | 8,93,574 | 7,09,397 | 1,91,182 |
| 2020-21 | 9,64,595 | 7,64,885 | 2,10,191 |
| 2021-22 | 8,93,574 | 7,48,403 | 2,09,553 |
| 2022-23 | 9,06,941 | 7,31,184 | 2,06,194 |
| Total | 53,32,300 | 41,32,146 | 11,05,534 |


2017-18 വർഷത്തിൽ ഒഴികെ, ഉത്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ സംഭരണം മതിപ്പുള വാക്കുന്നതാണ്.2017-18 മുതൽ 2022-23 വരെ മൊത്തം നെല്ലുൽപ്പാദനത്തിന്റെ 77.5% വരുന്ന 11,055 കോടി വിലയുള്ള മൊത്തം 41.32 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്തു.8.76 കോടിയൊഴികെ കൃഷിക്കാർക്കുള്ള മുഴുവൻ സംഭരണവിലയും 2023 ഒക്ടോബറിൽ നൽകിയിട്ടുണ്ടെന്ന് സപ്ലൈകോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉയർന്ന ഉൽപ്പാദന ചെലവുകളാൽ സവിശേഷമായ കേരളത്തിന്റെ കൃഷി അനന്യമായ വെല്ലുവിളികൾ നേരിടുന്നതു കാരണം കേരളം കർഷകർക്ക് ഇന്ത്യയിലെ ഏറ്റവും ഉയർന്ന സംഭരണവില വാഗ്ദാനം ചെയ്യുന്നു. ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കാർഷിക വേതനചെലവുകൾ ഏറ്റവും ഉയർന്ന താണ്. വിത്തുകൾ, വളങ്ങൾ, ഉപകരണങ്ങൾ പോലുള്ള കാർഷിക നിക്ഷേപ ങ്ങളുടെ ചെലവുകളും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ താരതമ്യേന ഉയർന്നതാണ്. ഉയർന്ന സംഭരണ വില വാഗ്ദാനം ചെയ്യുന്നതിലൂടെ ഇത്തരം ഉയർന്ന ഉൽപ്പാദന ചെലവിന് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും അതുവഴി കേരളത്തിലെ നെൽകൃഷിയുടെ സാധ്യത നിലനിർത്തുന്നതിനും കേരള സർക്കാർ ലക്ഷ്യമിടുന്നു.

സംസ്ഥാനത്തിന്റെ മൊത്തം നെല്ലുൽപ്പാദനത്തിന്റേയും സംഭരണത്തിന്റേയും 80% വും പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലാണ് സംസ്ഥാനത്തിന്റെ നെല്ല് ഉത്പാദനത്തിന്റേയും സംഭരണ ത്തിന്റേയും ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം-5ൽ നൽകിയിട്ടുണ്ട്.

**2.2. സാമ്പത്തികവും ധനപരവുമായ പ്രത്യാഘാതങ്ങൾ**

പ്രതിവർഷം നെല്ല് സംഭരണത്തിനു മാത്രം **2000** കോടിക്ക് മുകളിൽ (രണ്ട് സീസണുകൾക്ക്) ആവശ്യമാണെന്ന് കാണാൻ സാധിക്കും. ബഡ്ജറ്റ് പരിമിതികൾ കാരണം സംസ്ഥാന ഇൻസന്റീവ് ബോണസ് യഥാസമയം നൽകുന്നതിൽ അനിശ്ചിതത്വങ്ങളുണ്ട്. മാത്രമല്ല, സപ്ലൈകോയുടെ ക്ലെയിമുകൾ ഇന്ത്യ ഗവൺമെന്റുമായി പൊരുത്തപ്പെടുത്തുന്നതിലുള്ള കാലതാമസവും നിരവധി യായ ലംഘനങ്ങളും നഷ്ടങ്ങൾക്കും കർഷക പേയ്മെന്റുകൾ കൂടുതൽ വൈകുന്നതിനും കാരണമാകുന്നു. സപ്ലൈകോയുടെ ദുർബ്ബലമായ സാമ്പത്തികാടിസ്ഥാന ഘടകങ്ങൾ[9] കാരണം പരമാധികാര ഗ്യാരണ്ടിയുടെ പിൻബലമുണ്ടെങ്കിൽ പോലും സഞ്ചിതനഷ്ടത്തിനും മൊത്തം നെഗറ്റീവ് ആസ്തിക്കും അനുസൃതമായി വായ്പ നൽകുന്നതിന് ബാങ്കുകൾ വിമുഖത കാണിക്കുന്നു. സംഭരണ അക്കൗണ്ടിങ്ങിന് പരിധിയില്ലാത്തത് കാരണം സപ്ലൈകോയുടെ അതിരു കടന്ന കടഭാരവും അതിന്റെ പ്രവർത്തനങ്ങളിലെ പണലഭ്യതാ പ്രതിസന്ധിയും നെല്ലിനുള്ള പേയ്മെന്റുകളുമായി ഇടകലർന്നിരിക്കുന്നു.

ഇന്ത്യാ ഗവൺമെന്റിന്റെ/കേരള സർക്കാരിന്റെ പൊരുത്തപ്പെടുത്തൽ/നിരസിക്കലുകൾക്ക് മുമ്പുള്ള സപ്ലൈകോയുടെ രേഖകൾ പ്രകാരം അവർക്ക് ലഭിക്കേണ്ട മൊത്തം തുക **1830** കോടിയായിരുന്നു. എന്നിരുന്നാലും ഇവ ഇന്ത്യാഗവൺമെന്റുമായി അന്തിമ തീർപ്പിനു വിധേയമാക്കേണ്ട രേഖപ്പെടുത്തിയ വിലയാണ്. (കമ്പോളത്തിൽ നിലവിലില്ലാത്ത വില) ഉദാഹരണത്തിന്, **2017-18** മുതൽ **2022-23** വരെയുള്ള താൽക്കാലിക ക്ലെയിമുകളെ സംബന്ധിച്ച്, ഇന്ത്യാ ഗവൺമെന്റ് **644.02** കോടി വരുന്ന തുക കുറച്ചു/അനുവദിച്ചില്ല, അത് തന്നെ മൊത്ത ലഭിക്കേണ്ടതിന്റെ **35%** ആണ്. പിഡിഎസ് വഴി വിതരണം ചെയ്തതിലെ വ്യത്യാസവും അധികരിച്ച അളവും കാരണം **555.48** കോടിയുടെ തുക വരുന്ന സബ്സിഡി ക്ലെയിമുകളും നിരസിക്കപ്പെട്ടു. ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഓഡിറ്റ് ചെയ്ത ക്ലെയിമുകൾ സമർപ്പിക്കാത്തതിന്റെ പേരിൽ മാത്രം കുറവ് വരുത്തിയത് **85.54** കോടിയാണ്. മൊത്തത്തിലുള്ള ക്രഡിറ്റ് പരിധിയായ **1952** കോടിയുടെ സ്ഥാനത്ത് വീട്ടാൻ ബാക്കിയുള്ള ബാധ്യതയായി റിപ്പോർട്ട് ചെയ്തത് **3172** കോടിയാണ്. **2016-17** മുതൽ **2020-21** വരെ പി ആർ എസ് വായ്പകളി ന്മേൽ നൽകിയ പലിശമാത്രം **703** കോടിയും (അധികം കൊടുത്ത അറ്റ പലിശ, അതിനു വേണ്ടി ഇന്ത്യാ ഗവൺമെന്റ് നൽകിയതിൽ ക്രമീകരിച്ചു), അത് ആ കാലയളവിലേക്കുള്ള സംഭരണ ചെലവിൽ വാർഷിക വൽക്കരിക്കപ്പെടേണ്ടതുമാണ്.




ഉചിതമായ സാമ്പത്തികാസൂത്രണവും, സംഭരണ സൈക്കിളുമായി പൊരുത്തപ്പെടുത്തിയ വിവേകപൂർവ്വമായ ധനകാര്യ മാനേജ്മെന്റും, ഇന്ത്യാ ഗവൺമെന്റിന്റെ സംഭരണ

[9] 2018-19 ലേക്കുള്ള ഏറ്റവും ധനകാര്യ സ്റ്റേറ്റ്മെന്റ് അനുസരിച്ച് സപ്ലൈകോയുടെ 2029 മാർച്ച് 31 നുള്ള സഞ്ചിതനഷ്ടം `866 കോടി വരുന്ന തുകയും കോർപ്പറേഷന് `725.30 കോടിയുടെ നെഗറ്റീവ് നെറ്റ് വർക്കും ഉണ്ടായിരുന്നു.

മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതും, യഥാസമയം കണക്കുകൾ പൊരുത്തപ്പെടുത്തുന്നതും അന്തിമ മാക്കുന്നതും, കയ്യോടെ തന്നെ ഏകദേശം 729 കോടി മിച്ചമാക്കുമായിരുന്നു.

കമ്പനിയുടെ സാമ്പത്തിക ക്ലേശത്തിന്റെ ഒരു ഭാഗത്തിനു കാരണം സമ്മതിക്കപ്പെട്ട പ്രതിബന്ധത കൾക്ക് വിപരീതമായി കേരള സർക്കാരിന്റെ ഞെരുക്കിയ ബഡ്ജറ്റ് വിതരണവും ഭാഗികമായി ആന്തരികമായ കാര്യക്ഷമതയില്ലായ്മയും ദുർബ്ബലമായ പണലഭ്യത/സാമ്പത്തിക മാനേജ്മെന്റ് കാരണവുമാണ് (ചാർട്ട് 2.1) സാമ്പത്തിക മാനേജ്മെന്റിലെ മികച്ച രീതികൾക്കനുസൃതമായി നെല്ല് സംഭരണ കണക്കുകൾ വേർതിരിക്കുകയും ഏതെങ്കിലും ക്രോസ്-കൈമാറ്റങ്ങളിൽ നിന്നും അകറ്റുകയും ചെയ്യേണ്ടതാണ്. ഇതിനു ഫണ്ടുകൾ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി മാത്രം ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കി കൊണ്ട് സാമ്പത്തികരേഖകളിൽ വ്യക്തത നിലനിർത്തുന്നതിന് സഹായിക്കും. അത്തരമൊരു വേർതിരിക്കലിന് മെച്ചപ്പെട്ട സാമ്പത്തിക ട്രാക്കി ങ്ങിലും അക്കൗണ്ടബിലിറ്റിയിലും (ഉത്തരവാദിത്തം) സഹായിക്കാനും കഴിയും. പ്രത്യേകിച്ച് പണ ലഭ്യതയെയും സാമ്പത്തിക മാനേജ്മെന്റിനേയും കുറിച്ച് ആശങ്കകൾ നിലവിലുള്ള സാഹചര്യ ത്തിൽ പ്രധാനവുമാണ്.

**2.3 സ്വതന്ത്രമായ തീരുമാനമെടുക്കൽ നിയന്ത്രിക്കപ്പെട്ടു:**

2022 സെപ്റ്റംബർ മുതൽ സപ്ലൈകോ കൺസോർഷ്യം ബാങ്കുകളിൽ നിന്ന് എടുത്ത 25000 കോടിവരുന്ന പ്രവർത്തന മൂലധന വായ്പ കുടിശ്ശികയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വായ്പക്ക് സപ്ലൈക്കോയും അതിന് കിട്ടാനുള്ള കുടിശ്ശികകളും നൽകുന്ന ഈടുള്ളതും വീണ്ടും "നിരുപാധിക ഗ്യാരണ്ടി" പിൻതാങ്ങുകയും, വീണ്ടും കർഷക സത്യവാങ്മൂലത്തിലൂടെ പിആർഎസിന്മേലുള്ള വായ്പകളും പിൻതാങ്ങുകയും ചെയ്യുന്നു. 'നിരുപാധിക ഗ്യാരണ്ടി' എന്നതിന്റെ അർത്ഥത്തെ തന്നെ ഇല്ലാതാക്കി കൊണ്ട്, ഒരേ വായ്പ പലതവണ സുരക്ഷിതമാക്കപ്പെടുന്നു. സ്വാധീനം ചെലുത്തി കരാർ ഒപ്പിടുന്നതിന് സപ്ലൈകോ നിർബന്ധിക്കപ്പെട്ടതാണോ എന്നും വ്യക്തമല്ല. സർക്കാരിന്റെ സാമ്പത്തിക പ്രതിബദ്ധത നിറവേറ്റുന്നതിനുള്ള അതിന്റെ കഴിവിനെ കുറിച്ചോ സന്നദ്ധതയെക്കുറിച്ചോ ആശങ്ക കളില്ലെങ്കിൽ ഇത് ബാങ്കുകളുടെ ബിസിനസ്സ് നൈതികതയ്ക്ക് അനുസൃതമാണെന്ന് തോന്നുന്നില്ല.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) പോലുള്ള മറ്റ് ഏതെങ്കിലും ഏജൻസിയെ നെല്ല് സംഭരണത്തിന് അധികാരപ്പെടുത്തുന്നതിന് പ്രസ്തുത വായ്പാകരാർ പ്രകാരം കേരളസർക്കാർ നിയമപരമായി നിയന്ത്രിക്കപ്പെട്ടിട്ടുണ്ടെന്ന് വാർത്തകളിൽ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഇത് തികച്ചും അന്യായമാണ്, കാരണം ഈ വാദം പ്രത്യക്ഷമായി പരമാധികാര തീരുമാനമെടുക്കലിനെ അട്ടി മറിക്കുന്നു. കൗതുകകരമെന്നു പറയട്ടെ, 75% സംഭരണത്തിന്റെയും മൂല്യത്തിന്റെ അടിസ്ഥാനം ഇന്ത്യാ ഗവൺമെന്റിന്റെ എം.എസ്.പിയാണ്. വായ്പാകരാറും, വായ്പാ കരാറിൽ ഒപ്പിടുന്നതിന് സപ്ലൈകോയെ അധികാരപ്പെടുത്തുന്ന സർക്കാർ ഉത്തരവും (GO) നിയമ, ധനകാര്യ വകുപ്പുകൾ സൂക്ഷ്മ പരിശോധന നടത്തി പ്രത്യാഘാതങ്ങൾ അപഗ്രഥിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. പ്രത്യക്ഷ ത്തിൽ നിലവിലുള്ള വായ്പയ്ക്ക് പരമാധികാര ഗ്യാരണ്ടി ഉള്ളപ്പോൾ, വായ്പ കൃത്യമായി തിരിച്ചടച്ചു കൊണ്ടിരിക്കുന്ന പക്ഷം ഭാവിയിലുള്ള സംഭരണത്തിന്മേൽ തീരുമാനമെടുക്കുന്നതിൽ കേരള സർക്കാരിന് ഒരു വിധത്തിലുമുള്ള നിയന്ത്രണവുമില്ല.

ഒരു പ്രാഥമിക സഹകരണ സംഘം, അവരുടെ തനത് ഫണ്ടിൽ നിന്ന് കർഷകർക്ക് പണം നൽകിയാണ് സംഭരണം നടത്തുന്നതെങ്കിൽ പ്രത്യക്ഷത്തിൽ മേലിൽ അത് സപ്ലൈകോയ്ക്ക് കിട്ടാനുള്ളതാകുന്നില്ല. കേരള സർക്കാർ നെല്ല് സംഭരണത്തിനുള്ള ഏജൻസികളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ മാത്രം നിയമിച്ചാൽ, മേലിൽ, നെല്ല് സപ്ലൈകോയ്ക്ക് കിട്ടാനുള്ളതല്ലാത്തതും അത് അവിടെ അവസാനിക്കുകയും ചെയ്യും.


### 3.0 തല്പര കക്ഷികളുമായുള്ള കൂടിയാലോചനകൾ: പ്രധാന വെല്ലുവിളികളും ആശങ്കകളും

സംഭരണ മാർഗ്ഗ നിർദ്ദേശങ്ങൾക്കും പ്രക്രിയകൾക്കും ന്യായമായ സൂക്ഷ്മത കടലാസിൽ പുലർത്തുന്നുണ്ടെങ്കിലും നടപ്പാക്കൽ തലത്തിൽ നിർണ്ണായകമായ വ്യതിയാനങ്ങളും ദുർബ്ബലമായ ഉത്തരവാദിത്തവും സുതാര്യതയും ഉണ്ടായിട്ടുണ്ട്. കാര്യങ്ങൾ വഷളാക്കുന്നതിൽ ആരോപിക്കപ്പെട്ട ലംഘനങ്ങൾ തടയുന്നതിന് സംഭരണ പ്രക്രിയകളും നിർവ്വഹണ സംവിധാനങ്ങളും വളരെ ദുർബ്ബലവുമാണ്. കൂടിയാലോചനകളിൽ കർഷകർ ഉന്നയിച്ച പ്രധാന പ്രശ്നങ്ങൾ ചുവടെയുള്ള വിഭാഗത്തിൽ സംഗ്രഹിച്ചിരിക്കുന്നു.

#### 3.1. കർഷകരുടെ നിർദ്ദേശങ്ങളും പരാതികളും

നെല്ല് സംഭരണത്തിൽ കർഷകർ നേരിടുന്ന വെല്ലുവിളികളെ കേന്ദ്രീകരിച്ച് കേരളത്തിലെ 182 കർഷകരുമായുള്ള അഭിപ്രായം/കൂടിയാലോചനകളിൽ നിന്നുള്ള കണ്ടെത്തലുകളുടെ സമഗ്രമായ വിശകലനമാണ് ഈ റിപ്പോർട്ട് അവതരിപ്പിക്കുന്നത്. പ്രതികരണങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്ന കാലതാമസം മുതൽ ഗുണനിലവാര മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിന്റെ ആവശ്യകത വരെയുള്ള പ്രശ്നങ്ങളുടെ ഒരു വിശാലമായനിര വെളിപ്പെടുത്തുന്നു. രസകരമെന്നത്, കർഷകരുടെ പ്രാഥമിക ആശങ്കകൾ കുറഞ്ഞ സംഭരണ വിലയല്ല, മറിച്ച് യഥാസമയത്ത് ഫണ്ടുകൾ നൽകുക എന്നതാണ്. ഉത്പാദനക്ഷമതയുമായി ബന്ധപ്പെടുത്തിയ, ഹെക്ടറിന് 2000 കി.ഗ്രാം. എന്ന സംഭരണപരിധിയെ സംബന്ധിച്ചും അവർ കൂടുതൽ ആശങ്കാകുലരല്ല, എന്നിരുന്നാലും അനൗപചാരിക പ്രക്രിയകളും സംശയാസ്പദമായ പല രീതികളും അവരെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നു. ശേഖരിച്ച നിരീക്ഷണങ്ങൾ പ്രത്യേകം വിഷയങ്ങളായി ഇനം തിരിക്കുകയും, ഓരോന്നും താഴെ ചാർട്ടിൽ കാണുന്നതുപോലെ, ആശങ്കപ്പെടേണ്ട ഒരു നിർണ്ണായക മേഖലയായി അടിവരയിടുന്നു.

*Chart 3.1 - Concerns, challenges and demands 1*





കേരളത്തിന്റെ നെല്ല് സംഭരണസംവിധാനത്തിലെ സർവ്വേ ചെയ്യപ്പെട്ട കർഷകർക്കിടയിൽ പണം കൊടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഒരു പ്രധാന ആശങ്കയാണ്. കർഷകർ നൽകിയ അഭിപ്രായങ്ങൾ, പണം കൊടുക്കുന്നതിലുള്ള കാലതാമസവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങളും സമയബന്ധിതവും കാര്യക്ഷമവുമായ പണം കൊടുക്കേണ്ടതിന്റെ അടിയന്തര ആവശ്യവും വെളിപ്പെടുത്തുന്നു.

സംഭരണത്തിലെ കാലതാമസം കർഷകർ ഉയർത്തിക്കാട്ടുന്ന അവരുടെ ഉപജീവനത്തേയും നെല്ല് സംഭരണസംവിധാനത്തിന്റെ കാര്യക്ഷമതയെയും ബാധിക്കുന്ന ഒരു അടിയന്തിര പ്രശ്നമാണ് ഈ കർഷകർ നൽകിയ അഭിപ്രായങ്ങൾ, സംഭരണസമയവും നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട നിരവധി നിർണ്ണായക ആശങ്കകൾക്ക് അടിവരയിടുന്നു. സമയബന്ധിതമായ സംഭരണം കർഷകർക്ക് മർമ്മ

പ്രധാനമാണ്. കാരണം അത് അവർക്ക് അവരുടെ അടുത്ത സീസണിലേക്ക് വിതയ്ക്കുന്നതുൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സാധിക്കും. സംഭരണത്തിൽ വന്ന കാലതാമസം അവരുടെ നടീൽ പദ്ധതികളെ തടസ്സപ്പെടുത്തിയതായും അത് വിള ആദായത്തേയും വരുമാനത്തേയും ബാധിച്ചതായി ധാരാളം കർഷകർ റിപ്പോർട്ട് ചെയ്തു.

നെല്ലിന്റെ തൂക്കത്തിന്റെ അടിസ്ഥാനത്തിൽ തങ്ങൾക്ക് നഷ്ടം നേരിട്ടെന്നും ഇതിന് തങ്ങളുടെ വരുമാനത്തെ സാരമായി ബാധിക്കാൻ കഴിയുമെന്നും കർഷകർ ചൂണ്ടിക്കാട്ടി. യഥാർത്ഥമായ സംഗതികളിൽ, കാലാവസ്ഥാ സാഹചര്യങ്ങളും മറ്റ് ബാഹ്യഘടകങ്ങളും കാരണമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, കേരള സർക്കാർ മുൻകൈയെടുത്ത് വിഷയം ഇന്ത്യാ ഗവൺമെന്റുമായി ഏറ്റെടുക്കാവുന്നതാണ്.[10] നെല്ല് വെട്ടിക്കുറയ്ക്കുന്നതിൽ (കിഴിവ്) നിന്നുണ്ടായ തർക്കങ്ങൾ സംഭരണത്തിലെ കാലതാമസത്തിനു കാരണമായി എന്ന് ചിലർ സൂചിപ്പിച്ചത്, കാര്യക്ഷമമായ ഒരു തർക്ക പരിഹാര സംവിധാനത്തിന്റെ ആവശ്യകതയ്ക്ക് അടിവരയിടുന്നു. കൂടാതെ മിൽ എജന്റുമാരുടെ അസ്വീകാര്യമായ പല രീതികളും ക്ഷാമവും തൊഴിൽ സംബന്ധമായ മറ്റ് പ്രശ്നങ്ങളും കാലതാമസത്തിനു കാരണമായി.

Box 3.1 - Rice quality test result



നെല്ല് സംഭരണത്തിനായി മില്ലുകൾ അനുവദിക്കുന്നത് കേരളത്തിലെ കർഷകർ ഉന്നയിക്കുന്ന മുഖ്യ പ്രശ്നമാണ് / അഭിപ്രായത്തിലൂടെ ഉയർത്തിയിട്ടുള്ള പ്രധാന കാര്യങ്ങൾ ഇതൊക്കെയാണ്.

- റൊട്ടേഷൻ അടിസ്ഥാനത്തിലുള്ള വിഹിതം: കുട്ടനാട്ടിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ മില്ലുകൾ അനുവദിക്കണമെന്ന് ചില കർഷകർ അഭിപ്രായപ്പെട്ടു. ഇത് വ്യത്യസ്ത കർഷകർക്കും പ്രദേശങ്ങൾക്കും തുല്യമായ പ്രവേശനം ഉറപ്പാക്കുന്നതിനും പക്ഷപാതിത്വം തടയുകയും ചെയ്യും.
- അലോട്ടുമെന്റുകളുടെ എണ്ണത്തിലുള്ള പരിധി: ഒരു കൃഷിഭവന് അല്ലെങ്കിൽ സ്ഥാപനത്തിന് അനുവദിക്കുന്ന മില്ലുകളുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുണ്ട്, ഒപ്പം ചിലർ ഒരു കൃഷിഭവന് പരമാവധി രണ്ടു മില്ലുകൾ അനുവദിക്കണമെന്ന് വാദിക്കുന്നുമുണ്ട്.
- ശേഷി പരിഗണന:- സംഭരിക്കേണ്ട നെല്ലിന്റെ അളവ് മില്ലുകൾക്ക് കൈകാര്യം ചെയ്യാൻ സാധിക്കുമെന്ന് ഉറപ്പാക്കിക്കൊണ്ട് പാടശേഖരങ്ങൾ അനുവദിക്കുമ്പോൾ മില്ലുകളുടെ ശേഷി പരിഗണിക്കേണ്ടതിന്റെ ആവശ്യകത കർഷകർ ഊന്നിപ്പറയുന്നു.
- പൊതുമേഖലയുടെ മില്ലിംഗ്: സ്വകാര്യമില്ലുകാരെ സംഭരണത്തിൽ നിന്ന് ഒഴിവാക്കണമെന്നും, മില്ലിംഗ് ചുമതല പൊതുമേഖല ഏറ്റെടുക്കണമെന്നും നിർദ്ദേശങ്ങളുണ്ട്.

---

[10] ഉപഭോക്തൃകാര്യ, ഭക്ഷ്യവും പൊതുവിതരണവും മന്ത്രാലയം തമിഴ്നാട് സംസ്ഥാനതതിന്റെ അപേക്ഷ സ്വീകരിക്കുകയും ഈ ഖാരിഫ് സീസണിൽ, തഞ്ചാവൂർ, തിരുവരൂർ, നാഗപട്ടണം, മയിലാടുതുറൈ, തിരുച്ചി ജില്ലകളിൽ നിന്നും **19%** ഈർപ്പം അടങ്ങിയ നെല്ല് സംഭരിക്കുന്നതിന് അനുവദിക്കുകയും ചെയ്തു.

- അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള മില്ലുകളെ ഉൾപ്പെടുത്തൽ
- സുതാര്യത: പാടശേഖരസമിതികളുമായുള്ള കൂടിയാലോചനകളുടെയും സമയബന്ധിതമായി ടെണ്ടർ ചെയ്യുന്നതും മില്ലുകൾ അനുവദിക്കുന്നതും ഉറപ്പാക്കുന്നതിന്റേയും ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ട്, മിൽ അനുവദിക്കുന്ന പ്രക്രിയയിൽ സുതാര്യത കൊണ്ടുവരണമെന്ന് കർഷകർ ആവശ്യപ്പെടുന്നു.
- ദീർഘകാല കരാറുകൾ: സംഭരണ പ്രക്രിയയിൽ സ്ഥിരതയും പ്രവചനാത്മകതയും പ്രദാനം ചെയ്യാൻ കഴിയുന്ന മില്ലുകളുമായി ദീർഘകാല കരാറുകൾ വേണമെന്ന് ചില കർഷകർ വാദിക്കുന്നു.
- സമയബന്ധിതമായ അലോട്ട്മെന്റ്: മില്ലുകൾ സമയബന്ധിതമായി അനുവദിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് കർഷകർക്കിടയിൽ ശക്തമായ യോജിപ്പുണ്ട്. വിള സീസൺ ആരംഭിക്കുന്നതോടെ സംഭരണപ്രക്രിയ കൃത്യമായി ആരംഭിക്കാൻ സാധിക്കുമെന്ന് ഇത് ഉറപ്പാക്കുന്നു.
- സഹകരിക്കാത്ത മില്ലുകൾക്കെതിരെ നടപടി: നെല്ല് സംഭരണ സമ്പ്രദായത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ തെറ്റുപറ്റുന്ന മില്ലുകൾക്കെതിരെ നടപടിയെടുക്കേണ്ടതിന്റെ ആവശ്യകതയും കർഷകർ ഊന്നിപ്പറയുന്നു.
- പ്രതികരിച്ച കർഷകൻ നൽകിയ പലതരത്തിലുള്ള അഭിപ്രായങ്ങൾ കൃഷി, സംഭരണം, സബ്സിഡികൾ, അനുബന്ധ പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവിധ വശങ്ങളെ പരാമർശിക്കുന്നു. ഈ അഭിപ്രായങ്ങളിൽ എടുത്തു പറയുന്ന പ്രധാന കാര്യങ്ങൾ ഇവിടെ ചേർക്കുന്നു.
- വിള കലണ്ടർ: ഏറ്റവും അനുയോജ്യമായ നടീൽ, വിളവെടുപ്പ് സമയങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും വിവരങ്ങളും നൽകാൻ കഴിയുന്ന ഒരു വിള കലണ്ടർ കൃഷിവകുപ്പ് വിതരണം ചെയ്യുന്നതിന്റെ ആവശ്യകത കർഷകർ ഊന്നിപ്പറയുന്നു.
- സർക്കാർ സഹായവും സബ്സിഡികളും ഈ മേഖലയിലെ കൃഷി പ്രധാനമായും സർക്കാർ പദ്ധതികളെയും സബ്സിഡികളെയും ആശ്രയിച്ചിരിക്കുന്നുവെന്ന് നിരവധി അഭിപ്രായങ്ങൾ എടുത്തു കാണിക്കുന്നു, ഇത് കാർഷിക പ്രവർത്തനങ്ങൾ നിലനിറുത്തുന്നതിൽ സർക്കാർ പിന്തുണയുടെ സുപ്രധാന പങ്കിന് അടിവരയിടുന്നു.
- സ്മാർട്ട് സാംപ്ലിങ് ടെക്നിക്: വിളനഷ്ടം കണക്കാക്കുന്നതിന് സ്മാർട്ട് സാംപ്ലിംഗ് ടെക്നിക്കുകൾ നടപ്പിലാക്കണമെന്ന് ഒരു അഭിപ്രായം നിർദ്ദേശിക്കുന്നു, ഇതിന് കൂടുതൽ കൃത്യതയുള്ള വിലയിരുത്തലുകളിലേക്ക് നയിക്കാൻ സാധിക്കും.
- മില്ലർമാരുടെ ചൂഷണം: മില്ലിങ് പ്രക്രിയയിൽ മികച്ച രീതിയിലുള്ള നിയന്ത്രണത്തിന്റേയും മേൽനോട്ടത്തിന്റേയും ആവശ്യകതയെ സൂചിപ്പിച്ചുകൊണ്ട് മില്ലുകാരുടെ ചൂഷണത്തെ ക്കുറിച്ച് പരാമർശിക്കുന്നു.
- പാടശേഖര സമിതികളുടെ പങ്ക്: പാടശേഖര സമിതികളെ ശക്തിപ്പെടുത്തുന്നതിന്റേയും സംഭരണ പ്രക്രിയയിൽ അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന്റേയും പ്രാധാന്യം ശ്രദ്ധയിൽ വന്നു, പ്രത്യേകിച്ച് ആസൂത്രണം, ഗുണമേന്മ ഉറപ്പ്, കർഷക ഏകോപനം, അവബോധം സൃഷ്ടിക്കൽ എന്നിവയിൽ.
- വിത്തിന്റെ ഗുണനിലവാരം: വിത്തിന്റെ ഗുണമേന്മയുമായി ബന്ധപ്പെട്ട ഒരു അഭിപ്രായത്തിൽ വിജയകരമായ കൃഷിക്ക് ഗുണമേന്മയുള്ള വിത്തുകളുടെ പ്രാധാന്യം ഊന്നിപ്പറയുന്നു.

നിരവധി ആശങ്കകൾ പ്രതിഫലിപ്പിക്കുന്ന അനവധി അഭിപ്രായങ്ങൾ ഇനിയുമുണ്ട്, അവയിൽ ഉൾപ്പെടുന്നത്:


**കേരളത്തിലെ നെല്ല് രസീത് ഷീറ്റ് (PRS) സംവിധാനം:** പി.ആർ.എസ് സംവിധാനം അനഭിലഷ ണീയമായ കാലതാമസം ഉൾപ്പെടെ നിരവധി സുപ്രധാന പ്രശ്നങ്ങൾ നേരിട്ടു. സംഭരണ പ്രക്രിയ യിൽ കൃത്രിമം കാണിക്കുന്നതിനും അയൽ സംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞവിലയ്ക്കുള്ള നെല്ല് പകരം വയ്ക്കുന്നതിനും കാലതാമസം കാരണമാകുന്നുണ്ടെന്ന് ആക്ഷേപമുണ്ട്. സുതാര്യത വർദ്ധിപ്പിക്കുന്ന തിനും സാധ്യതയുള്ള തർക്കങ്ങൾ കുറയ്ക്കുന്നതിനുമായി ഏജന്റുമാരുടെ തട്ടിക്കിഴിയ്ക്ക ലിനോ നെല്ല് വെട്ടിക്കുറയ്ക്കലിനോ അല്ലെങ്കിൽ കിഴിവിനോ ഉള്ള കൃത്യമായ രേഖപ്പെടുത്ത ലുകൾ PRS-ൽ ചേർക്കുന്നതിന് പലരും ശുപാർശ ചെയ്തിട്ടുണ്ട്.

കർഷക തിരിച്ചറിയലിലെ പൊരുത്തക്കേടുകൾ. കൂടാതെ, പിആർഎസിൽ കാണുന്ന കർഷകരുടെ പേരുകളിലെ പൊരുത്തക്കേടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കൃത്യമായ കർഷക തിരിച്ചറിയലിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു.





ബോക്സ് 3.3 സ്വകാര്യത നിലനിറുത്തുന്നതിന് കർഷകന്റെയും ഉദ്യോഗസ്ഥന്റേയും വ്യക്തിഗത വിവരങ്ങൾ മറച്ചു വച്ച് കർഷകന് നല്കിയ ഹരിതസ്ലിപ്പിന്റേയും PRS-ന്റെയും നൽകിയ കർഷക ന്റേയും പകർപ്പുകൾ അവതരിപ്പിക്കുന്നു.




Box 3.3 A comparison of green slip and PRS issued to a farmer.

വിപണന ഉദ്യോഗസ്ഥർ സംഭരണ സ്ഥലത്ത് നെല്ലിന്റെ കാഴ്ച പ്രകാരമുള്ള വിലയിരുത്തൽ നടത്തി കർഷകരിൽ നിന്നു ലഭ്യമാകാവുന്ന നെല്ലിന്റെ അളവ് കണക്കാക്കുന്നതോടെയാണ് പ്രക്രിയ ആരംഭിക്കുന്നത്. ഒരു പ്രാരംഭ മതിപ്പുകണക്കെന്ന നിലയിൽ വിലയിരുത്തപ്പെട്ട ഈ അളവ് ഹരിതസ്ലിപ്പിൽ രേഖപ്പെടുത്തുന്നു. ഒടുവിൽ മില്ലുകൾ നെല്ല് സ്വീകരിക്കുകയും തൂക്കം നോക്കുകയും, പലപ്പോഴും ഗണ്യമായ കാലതാമസത്തിന് ഈ കേസിൽ, 34 ദിവസം-ശേഷം പി ആർ എസ് നൽകുകയും ചെയ്യുന്നു. കൗതുകകരമെന്നു പറയട്ടെ, ഹരിത സ്ലിപ്പിൽ രേഖപ്പെടുത്തിയ പ്രാരംഭവിലയിരുത്തലിലെ 7788 കി.ഗ്രാം തൂക്കം അന്തിമ തൂക്കവുമായി പൊരുത്തപ്പെടുന്നു, ഇത് സമഗ്രതയും നീതിയും സംരക്ഷിക്കുന്നതിന് സൂക്ഷ്മപരിശോധനയുടെ ആവശ്യകതയ്ക്ക് ആക്കം കൂട്ടുന്നു.

യന്ത്രവൽകൃതവും പരമ്പരാഗതവുമായ കൃഷിയുടെ സഹവർത്തിത്വം ചിലവിന്റെ ശ്രദ്ധേയമായ അസമാനതയിലേക്ക് നയിക്കുകയും, ചെറുകിട നാമമാത്ര കർഷകർക്ക് ന്യായമായ അവസരങ്ങൾ ലഭിക്കാതെയുമിരിക്കുന്നു. ഇത്, കർഷകരെ തൊഴിലിനും യന്ത്രങ്ങൾക്കും വേണ്ടി മത്സരിക്കുന്നതിലേക്ക് നിർബന്ധിക്കുന്ന, സംയോജിതമായ ഒരു വിളവെടുപ്പ് പദ്ധതിയുമായി ബന്ധിപ്പിച്ച, വിള കലണ്ടറിന്റെ അഭാവവും, അവരുടെ കൃഷിസ്ഥലത്തിന്റെ വലിപ്പക്കുറവും കൈകാര്യം ചെയ്യുന്നതിനുള്ള ഉയർന്ന നിരക്കുകളും കൂടിച്ചേർന്ന ഒരു വെല്ലുവിളിയായി പ്രത്യേകം പ്രസ്താവിക്കുന്നു. കൂടാതെ പലപ്പോഴും ചെറുകിട ഫാമുകൾക്ക് സാമ്പത്തിക കാരണങ്ങളാൽ അവരുടെ കൈകാര്യ ചെലവുകൾ കൂടുതൽ വർദ്ധിപ്പിച്ചുകൊണ്ട് മില്ലുടമകൾ തെരഞ്ഞെടുക്കുന്ന വലിയ ട്രക്കുകൾ

ഉൾക്കൊള്ളാൻ സാധിക്കുകയില്ല. ഈ വെല്ലുവിളികൾ നേരിടുന്നതിന്, കർഷകരെ പ്രോത്സാഹി പ്പിക്കുന്നതിനും സഹായിക്കുന്ന തിനുമായി അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിനുള്ള സഹായവും, യന്ത്രങ്ങളുടെ സബ്സിഡികൾ/യന്ത്രവൽക്കരണം സംയോജിത കൃഷിയുടെ പ്രോത്സാഹനം എന്നിവ അത്യന്താപേക്ഷിതമാണ്. സംഭരണ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട് കർഷകർ ഉന്നയിക്കുന്ന ആശങ്കകളും മെച്ചപ്പെടു ത്തലുകൾക്കുള്ള സാധ്യത നൽകുന്നു.



കൂടാതെ FAQ (ഫെയർ ആവറേജ് ക്വാളിറ്റി-)യിൽ വർദ്ധിച്ച കർഷക അവബോധവും അതുപോലെ പാടശേഖരസമിതികളെ നെല്ല് സംഭരണ ചുമതലകൾ ഏല്പിക്കുന്നതും ആവശ്യമായി വരുന്നു. നിർദ്ദേശങ്ങളിൽ, പോർട്ടലിൽ സംഭരണ വിശദാംശങ്ങൾ അപ്ഡേറ്റ്ചെയ്യുന്നതും ടാഗിങ് അല്ലെ ങ്കിൽ ജിപിഎസ് ട്രാക്കിങ് നടപ്പിലാക്കുന്നതും ഉൾപ്പെടുന്നു. കൂടാതെ, ഏകീകൃത സംഭരണ നിയമങ്ങൾ, നെല്ല് ചാക്കുകളിൽ ക്യൂആർ കോഡ് ഉൾപ്പെടുത്തൽ, മുൻകൂർ സംഭരണ ആസൂത്രണം കൂട്ടായ പിന്തുണയ്ക്കായി കർഷക ഉത്പാദന സംഘടനകളുടെ (FPOs) രൂപീകരണം എന്നിവയും കർഷകർ ശുപാർശ ചെയ്യുന്നു. ഇടനിലക്കാരെ കുറയ്ക്കുന്നതിന് നേരിട്ടുള്ള ഫീൽഡ് സംഭരണത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും ലളിതവൽക്കരിച്ച ഒരു സംഭരണ പ്രക്രിയയ്ക്കുവേണ്ടി വാദിക്കുകയും ചെയ്യുന്നു. ഒടുവിൽ സംഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനം സുഗമമാക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷ നുകളും അവർ ആവശ്യപ്പെട്ടു.




നെല്ല് സംഭരണ സംവിധാനത്തിലെ രജി സ്ട്രേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് ചില ആശങ്കകളും ശ്രദ്ധിക്ക പ്പെട്ടു. എ ഐ എം എസ് (അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം), സപ്ലൈകോ രജിസ്ട്രേഷൻ എന്നിവയുടെ സംയോജനം രജിസ്ട്രേഷൻ സമയബന്ധി തമായി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യ കത എന്നിവ ഉൾപ്പെടെ രജിസ്ട്രേഷൻ പ്രക്രിയയുടെ നിരവധി പ്രധാന വശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. മാത്രമല്ല, സംഭരണ പ്രക്രിയയിൽ അതുല്യമായ ഐഡന്റി ഫയറു കൾ സംയോജിപ്പിക്കുന്നതിനും കർഷകർ നിർദ്ദേശിച്ചു.

### 3.2. മില്ലുടമകളുമായുള്ള കൂടിയാലോചനകളും അവരുടെ നിർദ്ദേശങ്ങളും

**2023 മേയ് 27-ന് നടന്ന കൂടിയാലോചനാ യോഗത്തിൽ മില്ലുടമകളും, കേരള റൈസ് മില്ലേഴ്സ് അസോസിയേഷനും, കാലടി റൈസ് മില്ലേഴ്സ് കൺസോർഷ്യവും ഉൾപ്പെടെയുള്ള അസോസിയേഷനുകളുടെ പ്രതിനിധികൾ ഉന്നയിച്ച പ്രശ്നങ്ങൾ ഈ റിപ്പോർട്ട് പരിഗണിക്കുന്നു. ബോക്സ് 3.1, കേരള ത്തിലെ നിലവിലുള്ള നെല്ലു സംഭരണ സംവിധാനത്തിന്റെ ദുരവസ്ഥയെ സംബന്ധിച്ച് മില്ലുടമകളുടെ കാഴ്ചപ്പാ ടിൽ നിന്നുള്ള പ്രതികരണങ്ങൾ സംഗ്രഹിക്കു ന്നു. മില്ലുടമകളിൽ നിന്നുള്ള വിലപ്പെട്ട പ്രതികരണങ്ങൾ, സംഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നിരവധി അവസരങ്ങൾ നിർദ്ദേശിക്കുന്നു. മില്ലുടമകൾ മുന്നോട്ടു വച്ച പ്രശ്നങ്ങളിൽ, ഗുണ നിലവാര ഉറപ്പ്, മിൽ വിഹിതം, പേയ്മെന്റി ലുള്ള കാലതാമസം, 68% ഔട്ട് ടേൺ അനുപാതം, അളവ് വിഹിതവും കൈകാര്യം ചെയ്യുന്നതിനുള്ള ചെലവും, മാന്വലായി മാറ്റങ്ങൾ വരുത്തുന്നതിനുള്ള വ്യവസ്ഥകളോടുകൂടിയ ഡയനമിക് അലോക്കേഷൻ സംവിധാനം, ഒരു വിള വെടുപ്പ് കലണ്ടറിനുള്ള ആവശ്യകത, പിഡി എസ് വിതരണത്തിന് മില്ലിൽ നിന്നും അരി ശേഖരിക്കുന്നതിലുള്ള കാലതാമസങ്ങൾ ചാക്കുകൾ/പാക്കേജിംഗ് സാമഗ്രികളുടെ ഗുണനിലവാരത്തെ സംബന്ധിച്ച ആശങ്കകൾ മുതലായവയുമായി ബന്ധപ്പെട്ട് അവരുടെ ആശങ്കകൾ വ്യാപരിക്കുന്നു.**

> **ബോക്സ് 3.3-** ഇടനിലക്കാരെ ഒഴിവാക്കുന്നതിനും കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി 2005-ല് കൊണ്ടുവന്ന നെല്ല് സംഭരണവും സംസ്കരണവും പദ്ധതി തുടക്കത്തിൽ നെൽകൃഷിയിൽ കാര്യമായ നേട്ടങ്ങളും പുരോഗതിയും നൽകി. എന്നിരുന്നാലും ചില വ്യക്തികൾ ഇത് അവരുടെ വ്യക്തിപരമായ ലാഭത്തിനു വേണ്ടി ചൂഷണം ചെയ്യുന്നതിനാൽ ഈ പദ്ധതി ഇപ്പോൾ അഴിമതി സമ്പ്രദായങ്ങൾ അഭിമുഖീകരിക്കുന്നു.
>
> എന്നിരുന്നാലും സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏകദേശം 60% കർഷകരും നെല്ല് സംഭരണ സമയത്ത് ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുമ്പോൾ മറ്റുള്ളവർ ഈ മാനദണ്ഡങ്ങൾ അവഗണിക്കുകയും. ഇത് മില്ലുടമകളെ നിലവാരമില്ലാത്ത നെല്ല് സ്വീകരിക്കാൻ നിർബന്ധിതമാക്കുന്നു. ഗുണനിലവാര നിയന്ത്രണ ചുമതലയുള്ള പിഎംഒ ഉദ്യോഗസ്ഥർ നിലവാരമില്ലാത്ത നെല്ല് പതിവായി കണ്ടില്ലെന്നു നടിക്കുന്നു. ഗുണനിലവാര പ്രശ്നങ്ങളിൽ നെല്ല് പരിശോധിക്കപ്പെടണമെന്ന് ഒരു മില്ലുടമ ശഠിച്ചാൽ, പിഎംഒ അത് മറ്റ് മില്ലുകൾക്ക് പുനർവിതരണം ചെയ്യുകയും തുടർന്നുള്ള സംഭരണങ്ങളിൽ നഷ്ടം നികത്താമെന്ന് ഏജന്റുമാർക്ക് വാക്ക് നൽകുകയും ചെയ്യുന്നു. ഈ വൈരുദ്ധ്യം അഴിമതി പരിപോഷിപ്പിച്ചു, പ്രത്യേകിച്ച് അധാർമ്മിക രീതികള് നടപ്പിലാക്കുന്ന ഏജന്റുമാരുമായി.
>
> നെല്ല് സംഭരണം ആരംഭിക്കുന്നതിന് മുമ്പ് മില്ലിങ് ശേഷിയും ബാങ്ക് ഗ്യാരണ്ടിയും പോലുള്ള വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾക്കനുസൃതമായി മില്ലുകൾക്കുള്ള നെല്ലിന്റെ ആനുപാതിക വിഹിതം നിശ്ചയിക്കേണ്ടതാണ്. നിലവിൽ അധിക സംഭരണം സുഗമമാക്കുന്നതിന് നടത്തുന്ന ക്രമീകരണങ്ങൾ പിന്നീട് അഴിമതി സമ്പ്രദായങ്ങൾക്ക് കാരണമാകുന്നു. കൂടാതെ ഗുണനിലവാര പരിശോധനയ്ക്കായി സഞ്ചരിക്കുന്ന ലാബുകളുടെ ലഭ്യതയും, കരാർ പ്രകാരം രേഖകളുടെ പൻബലത്തോടെയുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ നടപ്പിലാക്കൽ, ഉണക്കാനുള്ള സൗകര്യത്തോട് കൂടിയുള്ള നെല്ല് സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, സംവിധാനത്തിന്റെ സമഗ്രത ഉയർത്തിപ്പിടിക്കാൻ കർഷകരുടെയും പി എം ഒ മാരുടെയും സഹകരണം എന്നിവ ആവശ്യമാണ്.
>
> കേരള റൈസ് മില്ലേഴ്സ് അസോസിയേഷൻ

*Chart 3.2 Procurement vs capacity of mills (MT)*



മുകളിലുള്ള ചാർട്ട് സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത മില്ലുകളുടെ അതാത് ശേഷിക്കനുസൃതമായുള്ള നെല്ലിന്റെ വിഹിതം കാണിക്കുന്നു. മറ്റെല്ലാ സംഗതി കളും തുല്യമായിരിക്കുകയിൽ, നീതി ന്യായം പരിഗണിക്കുമ്പോൾ എല്ലാ കുമിളകളും നീതിന്യായത്തിന്റെ തിരശ്ചീന / രേഖയിൽ ആയിരിക്കേണ്ട താണ്. ന്യായ രഹിതമായ വിഹിത ത്തിനു കാരണം, നെല്ലിന്റെ ലഭ്യതക്കു റവോ അല്ലെങ്കിൽ ആവശ്യമായ മാന ദണ്ഡങ്ങൾ പാലിക്കുന്നതിലെ വ്യത്യാസമോ കാരണമായിരിക്കാം. കാണാ നാകുന്നതു പോലെ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മിക്ക മില്ലുകളും 200 എം റ്റി പി ഡി യിൽ താഴെ ശേഷി യുള്ള ചെറിയ സൈസിലുള്ളവയാണ്.



സാധാരണയായി മില്ലുകൾ അവർക്ക് ലഭിച്ച മുഴുവൻ വിഹിതവും സംഭരി ക്കുന്നില്ല. (ചാർട്ട് 3.2 കാണുക) മൊത്തം ശേഷിക്ക് വിരുദ്ധമായി അപര്യാപ്തമായ വിഹിതത്തിനെതിരെ മില്ലുടമകൾക്ക് പരാതികളുണ്ടെങ്കിലും ഫാമുകളിൽ നിന്നുള്ള അവരുടെ യഥാർത്ഥ സംഭരണം പൊതുവേ വിഹിതത്തേക്കാൾ കുറവാണ്. പലപ്പോഴും പരിശോധനയ്ക്ക് മില്ലുകളിൽ പ്രവേശിക്കാൻ പ്രയാസകരമാകുന്ന രീതിയിൽ നെല്ലിന്റെയോ അരിയുടെയോ ചാക്കുകൾ കുന്നു കൂടുന്നു.

മില്ലുടമകൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ പ്രധാനമായും നെല്ലിന്റെ ഗുണനിലവാരം, അലോക്കേഷൻ സംവിധാനം കാലതാമസം നേരിട്ട പേയ്മെന്റുകൾ, ഔട്ട്ടേൺ അനുപാതം, ഹാൻഡ്‌ലിങ് ചാർജ്ജുകൾ, ചാക്കുകളുടെ ഗുണനിലവാരം, വിള കലണ്ടർ എന്നിവയുമായി ബന്ധപ്പെട്ടതാണ്.

സംഭരണ സമ്പ്രദായത്തിൽ ഗുണനിലവാര ഉറപ്പ് വഹിക്കുന്ന പങ്ക് അടിവരയിട്ടു കൊണ്ട്, മില്ലുടമകളുടെ പ്രതികരണങ്ങ ളിൽ ഗണ്യമായ എണ്ണം നെല്ലിന്റെ ഗുണനിലവാരത്തെ കേന്ദ്രീകരിച്ചുള്ളതാണ്. ഉയർന്ന ഈർപ്പം അടങ്ങിയ നെല്ല് സ്വീകരിക്കുന്നതിന് മില്ലുട മകൾ പലപ്പോഴും നിർബന്ധിതരാകുന്നു. ഗുണ നിലവാരം കുറഞ്ഞ നെല്ലിനുവേണ്ടി കിഴിവ് നേടുന്നത്, മറ്റ് മില്ലുകളിലേക്ക് പുനർവിന്യാസം ചെയ്യുന്നതിനു കാരണമാകും. മിക്ക കേസുകളിലും ഉയർന്ന ഈർപ്പം കാരണം ഏജന്റുമാർ കിഴിവ് വരുത്തുന്നുണ്ടെങ്കിലും, അത് മില്ലുകളിലേക്ക് കൈമാറുന്നില്ല. അനുപാത

ബോക്സ് 34- ആരോപിക്കപ്പെടുന്ന വെർച്വൽ സംഭരണവും ചോർച്ചകളും

കൂടിയാലോചനകളുടെ സമയത്ത് കർഷകരും മില്ലുടമകളും ഒത്തു ചേർന്ന് നെല്ല് സംഭരിച്ചെന്ന രീതിയിൽ നടപടികൾ മറച്ചുവച്ച് വെർച്വൽ സംഭരണം എന്നറിയപ്പെടുന്ന രീതി പിന്തുടർന്നേക്കാമെന്ന് ആരോപിക്കപ്പെടുന്നു. പ്രത്യക്ഷത്തിൽ യഥാർത്ഥത്തിൽ ഉൽപ്പാദിക്കപ്പെടാത്ത നെല്ലിന്റെ അളവിന് കർഷകർക്ക് പെയ്മെന്റ് ലഭിക്കുന്നു. വെർച്വൽ സംഭരണം എന്ന വിവാദ വിഷയം തെറ്റു ചെയ്യുന്നവർക്ക് ഗുണം ചെയ്തേക്കാം, എന്നാൽ, അത് സംസ്ഥാനത്തിന്റെ സാമ്പത്തിക വിഭവങ്ങളെ ഗണ്യമായി ചോർത്തുന്നു. പ്രത്യക്ഷത്തിൽ അയൽ സംസ്ഥാനങ്ങളോട് ചേർന്നു കിടക്കുന്ന ജില്ലകളിൽ കർഷകർ എം എസ് പി നിരക്കിൽ നെല്ല് വാങ്ങിക്കുകയും MSP+SIB. നിരക്കിൽ കേരളത്തിൽ വില്ക്കുകയും ചെയ്യും. ഇത്തരം പ്രവണതകൾ തടയാൻ **സപ്ലൈകോയുടെ അന്നത്തെ വിജിലൻസ് ഓഫീസർ അടുത്തിടെ നടത്തിയ പ്രവർത്തനങ്ങൾ** സംഭരിച്ച നെല്ലിന്റെ അളവിൽ ഗണ്യമായ കുറവ് വരുത്തിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ദൈർഘ്യമേറിയ മില്ലിങ് സൈക്കിളും ചോർച്ചയും:** നിലവിൽ സംഭരിച്ച നെല്ലിന്റെ ശേഖരണവും അതിന്റെ മില്ലിങ്ങും രജിസ്റ്റർ ചെയ്ത മില്ലുകളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ആരോപിക്കപ്പെട്ട ചോർച്ച സത്യമാണെങ്കിൽ നിരവധി മാസങ്ങൾ നീണ്ടു നിൽക്കുന്ന മില്ലിംഗ് സൈക്കിൾ, സ്വകാര്യമില്ലുടമകളുമായി പ്രവർത്തന മൂലധനത്തിനുള്ള ധനസഹായത്തിനായി സംസ്ഥാനം കടമെടുക്കുന്ന സ്ഥിതിയിലേക്ക് നയിക്കപ്പെട്ടേക്കാം. ഈ ചോർച്ച അല്ലെങ്കിൽ അപകടസാധ്യത നെല്ല് കൊണ്ടുപോകുന്ന സമയത്ത് പൊതുവിപണി വില്പനയിലൂടെയോ അല്ലെങ്കിൽ അരിയുടെ പൊതുവിപണി വില്പനയ്ക്കായി വഴി തിരിച്ചു വിടുന്നത് വഴിയോ ഉണ്ടാകുന്നതും. പിന്നീട് അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള കുറഞ്ഞവിലയ്ക്കുള്ള അരി പകരംവയ്ക്കുകയും ചെയ്യു. ഏതാനും വർഷങ്ങൾക്ക് മുമ്പ് സപ്ലൈകോയുടെ അന്നത്തെ സി എം ഡി സ്റ്റോക്ക് പരിശോധനയ്ക്കായി രൂപീകരിച്ച ഒരു സ്വാഡ് ഗുരുതരമായ പൊരുത്തക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത മിക്ക മില്ലുകളും പൊതുവിപണിക്കു വേണ്ടിയും കൂടാതെ സിഎംആർ-നുവേണ്ടിയും പ്രവർത്തിക്കുന്നതും കർശനമായ മേൽനോട്ടത്തിന്റെ അഭാവത്തിൽ അപകടസാധ്യതകൾ പ്രത്യക്ഷമായി കൂടുതലാണ്. സംഭരണം പിഎസി/പിപിസികളെ ഏൽപ്പിക്കുകയും മില്ലിങ് സൈക്കിൾ 7-10 ദിവസത്തേക്ക് ചുരുക്കുകയും ചെയ്താൽ ഈ അപകട സാധ്യതകൾ വലിയതോതിൽ പരിഹരിക്കപ്പെടുന്നതിന്/ ലഘൂകരിക്കുന്നതിന് സാധിക്കും. കൗതുകകരമെന്നു പറയട്ടെ, ആധുനിക മില്ലുകളിൽ നെല്ല് ഫാമുകളിൽ നിന്ന് എത്തുമ്പോൾ ഉടൻതന്നെ അരിയാക്കുന്നു. സ്ഥലപരിമിതിയും ഗുണനിലവാരം കുറയാനുള്ള സാധ്യതയും കണക്കിലെടുക്കുമ്പോൾ അത് ദീർഘകാലത്തേക്ക് ശേഖരിക്കാൻ മില്ലുടമകളോട് ആവശ്യപ്പെടുന്നത് പ്രത്യക്ഷത്തിൽ തന്നെ ബുദ്ധിശൂന്യമായ നടപടിയാണ്.

മില്ലാത്ത കുറഞ്ഞ കിഴിവുകൾ സ്വീകരിക്കാൻ മില്ലുടമകളെ നിർബന്ധിച്ചുകൊണ്ട് പാഡിമാർക്കറ്റിംഗ് ഓഫീസർമാർ ഇടക്കിടെ കർഷകർക്ക് ഒത്താശ ചെയ്യുന്നതായി കാണുന്നു.



നിലവിൽ നെല്ല് അനുവദിക്കുന്നതിനുള്ള സമ്പ്രദായം ഔചിത്യമില്ലാത്തതാണ്, പ്രത്യക്ഷത്തിൽ ചില മില്ലുകൾ മറ്റുള്ളവയേക്കാൾ സഹായിക്കപ്പെടുന്നു. അനുവദിച്ച നെല്ലിന്റെ അളവും ലഭിച്ച യഥാർത്ഥ തുകയും തമ്മിലുള്ള അന്തരം ഈ അസന്തുലിതാവസ്ഥയെ രൂക്ഷമാക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, പ്രത്യേക നെല്ല് സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളിടത്ത്, ഇവിടുത്തെ മില്ലുടമകൾ കർഷകരിൽ നിന്ന് നേരിട്ട് നെല്ല് ശേഖരിക്കേണ്ടതുണ്ട്, പലപ്പോഴും ദൂരെ ജില്ലകളിൽ നിന്നും. ഇത് സമയക്കൂടുതൽ, ഭാരിച്ച ചെലവ് എന്നിവയ്ക്ക് കാരണമാകുന്നു. വിതരണ ശൃംഖലയുടെ ശക്തമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണമുള്ള നെല്ലിന്റെ ക്രമരഹിതമായ വിതരണം പ്രവർത്തന വെല്ലുവിളികൾ ഉയർത്തുന്നു. കൂടാതെ, നിലവിലുള്ള അലോട്ട്മെന്റ് നില മില്ലുകൾക്ക് വർഷത്തിൽ മൂന്നു മുതൽ നാലു മാസം വരെ പ്രവർത്തിക്കുന്നതിനു മാത്രമേ മതിയാകുകയുള്ളൂ.

**3.3. മില്ലുകൾ നല്കുന്നതും പിഡിഎസ് വിതരണം ചെയ്യുന്നതുമായ സിഎംആറിന്റെ പൊരുത്തക്കേട്**

ചുവടെയുള്ള പട്ടിക, 2018-19 വർഷത്തിൽ 2,13,316 മെട്രിക് ടണ്ണിന്റേയും 2020-21 ൽ 2870 മെട്രിക് ടണ്ണിന്റേയും ഗണ്യമായ കുറവും, 2018-19 മുതൽ 2021-22 വരെ മൊത്തം 2,19,512 മെട്രിക് ടൺ കുറവും കാണിക്കുന്നു.

ഇത് പിഡിഎസ്-ന്റെ പക്കലുള്ള സ്റ്റോക്ക്/ചരക്കുപട്ടികയാണെങ്കിൽ, അത് അടുത്ത വർഷത്തേക്കുള്ള പേജിലേക്ക് മാറ്റേണ്ടതായിരുന്നു. മുഴുവൻ വിവരങ്ങളും അറിയുന്നതിനായി ഇവ ഒരുമിച്ചു ചേർക്കുന്നതിനുള്ള ഡാറ്റാ വിശകലനത്തിന്റെ ആവശ്യകത ഉയർത്തിക്കാട്ടുന്ന വ്യക്തമായ പൊരുത്തക്കേടാണ്. പൊരുത്തക്കേടുകൾ അല്ലെങ്കിൽ ചേർച്ചയില്ലായ്മകൾ കണ്ടെത്തുന്നതിനും തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിനും, ഉൽപ്പാദനം-സംഭരണം-മില്ലിങ്, സിഎംആർ നൽകൽ എന്നിവയുടെ മുഴുവൻ സംവിധാനവും മില്ലുകളുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ പരിശോധിക്കേണ്ടതാണ്.

*Table 3.1 Mismatch of CMR released by mills and supplied by PDS*

| Year | Quantity of Paddy Procured | Released as CMR by Mills | OTR % | Qty. to be supplied by Mills @68% OTR | Rice retained by Mills (MT) | CMR Release by Civil Supplies (PDS)* | CMR Release difference column (3-7) |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) = (5)-(3) | (7) | (8) = (3) - (7) |
| 2016-17 | 4,52,810 | 3,07,911 | 68.0 | 3,07,911 | - | | |
| 2017-18 | 4,84,465 | 3,12,480 | 64.5 | 3,29,436 | 16,956 | | |
| 2018-19 | 6,93,812 | 4,47,509 | 64.5 | 4,71,792 | 24,283 | 2,34,193 | 2,13,316 |
| 2019-20 | 7,09,397 | 4,57,561 | 64.5 | 4,82,390 | 24,829 | 4,70,885 | -13,324 |
| 2020-21 | 7,64,885 | 4,93,351 | 64.5 | 5,20,122 | 26,771 | 4,64,640 | 28,711 |
| 2021-22 | 7,48,403 | 4,82,720 | 64.5 | 5,08,914 | 26,194 | 4,91,911 | -9,191 |
| Total | 38,53,772 | 25,01,532 | | 26,20,565 | 1,19,034 | | |

*Source: Commissionerate of Civil supplies and supply Co*

**3.4 SWOT വിശകലനം-നിലവിലുള്ള സംഭരണ മാതൃക (കർഷക-ഏജന്റ്-മില്ലർ-സപ്ലൈകോ)**

**മേൽപ്പറഞ്ഞ ചർച്ചകളുടെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിൽ ഇനിപ്പറയുന്ന മെട്രിക്സ്, നിലവിലുള്ള സംഭരണ മാതൃകയുടെ ഒരു SWOT പ്രയോഗത്തിന്റെ മാതൃക അവതരിപ്പിക്കുന്നു.**

| ശക്തി | ദൗർബല്യം | അവസരങ്ങൾ | ഭീഷണികൾ |
|---|---|---|---|
| • സർക്കാർ/പൊതുമേഖലാ സ്ഥാപന മാനേജ്മെന്റ്<br>• ഫാമുകളിൽ നിന്നും ഉറപ്പാക്കിയ നേരിട്ടുള്ള സംഭരണം<br>• പരിചയസമ്പന്നരായ ജീവനക്കാർ<br>• ബൃഹത്തായ സ്ഥാപനപരമായ നെറ്റ്‌വർക്ക് | • കാലതാമസം വന്ന മില്ലുടമ/കർഷക പേയ്മെന്റുകൾ<br>• തട്ടിപ്പുകൾ, വഴിതിരിച്ചുവിടൽ, ചോർച്ച<br>• ദുർബ്ബലമായ ഗുണനിലവാര ഉറപ്പ്<br>• അനൗപചാരികമായ തീരുമാനമെടുക്കലും പ്രതിസന്ധി മാനേജ്മെന്റ് സംവിധാനവും<br>• ഇടനിലക്കാരുടെ (ഏജന്റുമാർ) ആധിപത്യം<br>• യഥാസമയത്തുള്ള സ്ഥാപനവൽക്കരണ പരാതി പരിഹാരത്തിന്റെ അഭാവം<br>• ദുർബ്ബലമായ സാമ്പത്തി മാനേജ്മെന്റും നെഗറ്റീവ്നെറ്റ്‌വർത്തും (നെഗറ്റീവ് ആസ്തി)<br>• കേരള സർക്കാരിന്റെ വായ്പാ പരിധിയിലേക്ക് | • സ്ഥാപനപരമായ പരിഷ്കാരങ്ങളും പ്രക്രിയ മെച്ചപ്പെടുത്തലും<br>• (i)സ്ഥാപനപരമായ മാതൃകകൾ (ii) ധനസഹായം (iii) സംഭരണം എന്നിവയിൽ നവീകരണം പരീക്ഷിക്കുക<br>• മെച്ചപ്പെടുത്തിയ ഭക്ഷ്യസുരക്ഷ | • സാമ്പത്തിക പരിമിതികൾ കാരണം ഡിപിഎസ് തകരാനുള്ള സാധ്യത<br>• അമിത സംഭരണവും സിഎംആർ പൊതുവിപണിയിൽ വഴിതിരിച്ചു വിടുന്നതും<br>• കേരള സർക്കാർ അയൽ കർഷകർക്കും മില്ലുടമകൾക്കും സബ്സിഡി നൽകുന്നത്<br>• സർക്കാർ, കടമെടുത്ത് മില്ലുടമകളുടെ പ്രവർത്തന മൂലധനത്തിന് സഹായം ചെയ്യുന്നതിലുള്ള അപകടസാധ്യത |

| | | | |
|---|---|---|---|
| | കടം വാങ്ങലിന്റെ പ്രവാഹം (FRBMA)<br>• ഒന്നിലധികം ഈടും ഉയർന്ന ബാധ്യതകളും<br>• പ്രൊഫഷണലിസത്തിന്റെ അഭാവവും ദുർബ്ബലമായ സാമ്പത്തിക മാനേജ്മെന്റും<br>• ഇന്ത്യാ ഗവൺമെന്റ് ഫണ്ടുകൾ ലഭ്യമാക്കുന്നതിന് കാലതാമസം വരുത്തിയ ഓഡിറ്റും/പൊരുത്തപ്പെടുത്തലും ഉയർന്ന ഹാൻഡ്ലിങ് നിരക്കുകൾ | | |

### 3.5 കൃഷിയുടെ ചെലവ് Vs നെല്ല് സബ്സിഡി

ബോക്സ് 3.5 ചെലവ് ആശയങ്ങൾ

ചെലവ് A1 (i മുതൽ xi വരെ)

i. വാടകക്കെടുത്ത മനുഷ്യാധ്വാനത്തിന്റെ മൂല്യം
ii. കൂലിക്കെടുത്ത കാളവേലയുടെ മൂല്യം
iii. സ്വന്തം ഉടമസ്ഥതയിലുള്ള കാളവേലയുടെ മൂല്യം
iv. സ്വന്തം ഉടമസ്ഥതയിലുള്ള യന്ത്രത്തൊഴിലാളികളുടെ മൂല്യം
v. വാടകക്കെടുത്ത യന്ത്രസാമഗ്രികളുടെ നിരക്കുകൾ
vi. വിത്തിന്റെ മൂല്യം (ഫാമിൽ ഉൽപാദിപ്പിച്ചതും വാങ്ങിയതും)
vii. കീടനാശിനികളുടെയും ക്ഷുദ്രജീവനാശിനികളുടെയും മൂല്യം
vii. വളത്തിന്റെ മൂല്യം (സ്വന്തമായുള്ളതും വാങ്ങിയതും)
ix. രാസവളത്തിന്റെ മൂല്യം
x. ഉപകരണങ്ങളുടെയും ഫാം കെട്ടിടങ്ങളുടെയും മൂല്യത്തകർച്ച
xi. ജലസേചന നിരക്കുകൾ
xii. ഭൂനികുതി, സെസ്സുകൾ മറ്റ് നികുതികൾ
xiii. പ്രവർത്തന മൂലധനത്തിന്മേലുള്ള പലിശ
xivപലവക ചെലവുകൾ (കൈത്തൊഴിലാളികൾ മുതലായവ)

ചെലവ് A1: ചെലവ് A1+ പാട്ടത്തിനെടുത്ത ഭൂമിയുടെ വാടക

ചെലവ് B1: ചെലവ് A1+ സ്വന്തമായ സ്ഥിരം മൂലധന ആസ്തികളുടെ മൂല്യത്തിന്മേലുള്ള പലിശ (ഭൂമി ഒഴികെ)

ചെലവ് B2: ചെലവ് B1+ സ്വന്തം ഭൂമിയുടെ വാടകമൂല്യവും (ഭൂനികുതി കഴിച്ചുള്ളത്) പാട്ടഭൂമിക്ക് നൽകിയ വാടകയും

ചെലവ് C1: ചെലവ് B1+ കുടുംബാദ്ധ്വാനത്തിന്റെ കണക്കാക്കിയ മൂല്യം
ചെലവ് C2: ചെലവ് B2+ കുടുംബാദ്ധ്വാനത്തിന്റെ കണക്കാക്കിയ മൂല്യം
ചെലവ് C2: വിപണിനിരക്കിലുള്ള മനുഷ്യാധ്വാനത്തിന്റെ മൂല്യനിർണ്ണയമോ അല്ലെങ്കിൽ നിയമപരമായ കുറഞ്ഞ വേതനനിരക്ക്, ഇതിൽ ഏതാണോ കൂടുതൽ അത് കണക്കിലെടുക്കുന്നതിന് ഇ2 മൂല്യം ക്രമീകരിച്ചത്.
ചെലവ് C3: ചെലവ് C2*+ മൊത്തം മൂല്യത്തിന്റെ (C2*) 10 കണക്കാക്കിയ മാനേജ്മെന്റിന്റെ മൂല്യം

മിനിമം താങ്ങുവിലയുടെയും സംസ്ഥാന ഇൻസന്റീവ് ബോണസിന്റേയും സംയോജിത മൂല്യമായ കിലോയ്ക്ക് ശരാശരി `28.20 എന്നത്, ഇന്ത്യാഗവൺമെന്റ് കേരളത്തിനായി കണക്കാ ക്കിയിട്ടുള്ള കൃഷിയുടെ A2 ചെലവിന്റെ 60% കവിയുന്നു. ഇന്ത്യാ ഗവൺമെന്റ് നിയമിച്ച സ്വാമി നാഥൻ കമ്മീഷൻ 2006-ലെ അതിന്റെ റിപ്പോർട്ടിൽ കർഷകൻ നേരിട്ടു വരുത്തിയ ചെലവും, കുടുംബ അദ്ധ്വാനത്തിന്റെ മൂല്യവും (A+FL) കണക്കിലെടുത്ത്, ഇന്ത്യാഗവൺ മെന്റ് പിന്തുടരുന്ന സങ്കുചിത നടപടിയേക്കാൾ കർഷകർക്ക് 50% ആദായം നൽകുന്നതിന് മൂലധനത്തിന്റെ കണക്കാക്കിയ വിലയും സ്വന്തം ഭൂമിയുടെ വാടക മൂല്യവും ('C2' എന്നു വിളിക്കുന്നു) ഉൾപ്പെടുന്ന സമഗ്രമായ കൃഷി ചെലവിന്റെ അടിസ്ഥാനത്തിൽ, കാർഷിക ഉൽപ്പന്നങ്ങൾക്ക് സർക്കാർ കുറഞ്ഞ താങ്ങു വില നിശ്ചയിക്കണമെന്ന് ശുപാർശ ചെയ്തു. A2 എന്നത് കൃഷിയുടെ കണക്കാക്കാൻ കഴിയുന്ന നേരിട്ടുള്ള ചെലവുകൾ അടങ്ങുന്നതാണെന്ന് ശ്രദ്ധിക്കേണ്ടതാണ്. കുടുംബാദ്ധ്വാനത്തിന്റെ കണക്കാക്കിയ മൂല്യം പോലും നിയമാനുസൃതമായ കൂലിയുടെ അല്ലെങ്കിൽ യഥാർത്ഥ വിപണി നിരക്കുകളുടെ അതിൽ ഏതാണോ ഉയർന്നത്,

അതിന്റെ അടിസ്ഥാനത്തിൽ മിക്കവാറും കൃത്യമായി കണക്കാക്കാൻ സാധിക്കുന്നതാണ്. എന്നിരുന്നാലും, സ്വന്തം ഭൂമിയുടെ വാടക മൂല്യം കണക്കാക്കുന്ന സംഗതിയിൽ കേരള സർക്കാരിന്റെ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നുള്ള നെൽകൃഷിയുടെ ചെലവ് കണക്കുകളിൽ കാണപ്പെടുന്ന പ്രകാരമുള്ള മതിപ്പ് ഏറെക്കുറെ വസ്തുനിഷ്ഠമാണ്.

സ്വന്തം ഉടമസ്ഥതയിലുള്ളതും, സ്വയം കൃഷി ചെയ്യുന്നതുമായ ഭൂമിയുടെ വാടക മൂല്യം, ഇന്ത്യാ ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി, ഒരേ തരത്തിൽപ്പെട്ട ഭൂമിക്ക്, ഗ്രാമത്തിൽ നിലവിലുള്ള വാടകയുടെയോ, അല്ലെങ്കിൽ, ഭൂമിക്ക് നിശ്ചയിച്ചിട്ടുള്ള ന്യായമായ വാടകയുടെ പരിധിക്കു വിധേയമായി (ഭൂമിയിൽ നിന്നുള്ള അറ്റവരവ്) കർഷകരുടെ പ്രതിനിധികൾ റിപ്പോർട്ട് ചെയ്തതിന്റേയോ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്. ഈ സമീപനം, കർഷകന്റെ വാടക നിക്ഷേപം, അവർ സ്വന്തമായി കൃഷി ചെയ്യുന്നതിനുപകരം പാട്ടത്തിനു നൽകിയിരുന്നെങ്കിൽ അവർക്ക് ലഭിക്കുമായിരുന്ന വരുമാനത്തിനു തുല്യമായി കണക്കാക്കുന്ന, “അവസര ചെലവ്” ആശയവുമായി പൊരുത്തപ്പെടുന്നു. പ്രാദേശിക കാർഷിക സാമ്പത്തിക സ്ഥിതികളെ പ്രതിഫലിപ്പിക്കുന്ന, യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു മൂല്യനിർണ്ണയം നടത്തി. ഭൂനികുതി കിഴിവ് ചെയ്യുന്നതുവഴി, ന്യായമായ വാടകയ്ക്കു വേണ്ടി ഈ രീതി അനുയോജ്യമാക്കുന്നു. എന്നിരുന്നാലും, കേരള സർക്കാർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, ഭൂമിയുടെ കമ്പോളവിലയിന്മേലുള്ള പലിശയായിട്ടാണ് വാടക കണക്കാക്കുന്നത്. ഈ രീതി, ഭൂമിയെ മൂലധന ആസ്തിയായും, കണക്കാക്കിയ വാടകയെ, ഭൂമിയുടെ കമ്പോളവില പകരം നിക്ഷേപത്തിൽ മുതൽ മുടക്കാത്തത് കൊണ്ടുള്ള അവസര ചെലവായും പരിഗണിക്കുന്നു. ഇത് ഭൂമിയുടെ മൂലധന മൂല്യത്തെ പ്രതിഫലിപ്പിക്കാൻ കഴിയുമ്പോൾ, അതിന് ഭൂമിയുടെ നിലവിലുള്ള കാർഷികാദായമോ അല്ലെങ്കിൽ അതിന്റെ അവസര ചെലവോ കൃത്യമായി സൂചിപ്പിക്കാതിരിക്കാ വുന്നതാണ്.


*പട്ടിക 3.3-ലുള്ള കണക്കാക്കിയ പലിശ നിരക്കുകളിൽ പ്രതിഫലിക്കുന്നതുപോലെ നെൽ വയലുകളുടെ ഗണ്യമായി ഉയർന്ന വിപണി മൂല്യവും അതിന്റെ ഉയർന്ന സീസൺ വ്യതിയാനങ്ങളും കൃഷിച്ചെലവ് കണക്കാക്കുന്നതിന് യഥാർത്ഥ്യ ബോധമില്ലാത്തതും രീതിശാസ്ത്രപരമായി അനുചിതവുമാണെന്നു തോന്നുന്നു.*

*Table 3.3 Cost of cultivation of paddy 2021-22*
Interest on land value (Rs lakhs /Ha)

| Seasons | Small | Medium | Large | All Sizes |
|---|---|---|---|---|
| Autumn | 2.59 | 3.86 | 2.38 | 3.00 |
| Summer | 2.06 | 1.98 | 1.67 | 1.84 |
| Winter | 2.56 | 2.22 | 1.58 | 1.75 |
| All seasons | 2.40 | 2.69 | 1.88 | 2.20 |

Source: *Report On Cost of Cultivation of Important Crops in Kerala 2021-22 Department of Economics & Statistics, Kerala, 2023*

പട്ടിക 3.4- ചെറുകിട ഇടത്തരം വലിയ കൃഷിഭൂമികളുള്ള കർഷകർക്കുള്ള നെൽകൃഷിയുടെ ചെലവ് അവതരിപ്പിക്കുന്നു. പട്ടിക, കണക്കാക്കിയ വാടക (Imputed Rent) എന്ന ഏറെ സാധാരണ മായ സമ്പ്രദായത്തിൽ നിന്നു വ്യത്യസ്തമായി, സ്വന്തമായ ഭൂമിയുടെ മൂല്യത്തിന്മേലുള്ള പലിശ ഉൾപ്പെടുത്തിയത് കാരണം ചെലവ് കണക്കാക്കുന്ന രീതിയിലുള്ള കാര്യമായ പരിമിതികൾ വെളിപ്പെടുത്തുന്നു. ഈ പലിശ, മൊത്തം ചെലവിന്റെ ഏകദേശം 70 ശതമാനം വരുന്നതും, അത് ചെലവ് വിശകലനത്തെ വികൃതമാക്കുകയും ചെയ്യുന്നു. കൂടാതെ, പട്ടിക 3.3, പട്ടിക 3.4 എന്നിവ വ്യത്യസ്ത വലിപ്പത്തിലുള്ള കൃഷിയിടങ്ങളിലുടനീളം സ്ഥലത്തിന്റെ മൂല്യത്തിന്മേലുള്ള പലിശയിൽ അതേ വർഷം തന്നെ വ്യത്യസ്ത കൃഷി സീസണുകളിൽ പോലും അടിസ്ഥാന പരമായ വ്യതിയാനങ്ങൾ കാണിക്കുകയും അതിന് വ്യക്തമായ വിശദീകരണങ്ങൾ ഇല്ലാത്തതുമാണ്.




കൃഷിച്ചെലവ് കണക്കാക്കുന്നതിനും, യുക്തിസഹജമായ സാമ്പത്തിക തത്വങ്ങൾ പാലിക്കുന്നതിനുമുള്ള ഇന്ത്യാ ഗവൺമെന്റ് മാനദണ്ഡങ്ങൾ പ്രകാരം, സ്വന്തം ഭൂമിയുടെ കണക്കാക്കിയ മൂല്യം, അതിന്റെ വാടകമൂല്യത്തിന്റെയോ അല്ലെങ്കിൽ അതിന്റെ അവസര ചെലവിന്റെയോ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്. എന്നിരു ന്നാലും DES മൊത്തം കൃഷിചെലവിന്റെ 70%ത്തോളം വരുന്ന ഭൂമിയുടെ വിപണിമൂല്യത്തിന്റെ പലിശ ചെലവ് പിന്തുടരുന്നതിനാൽ, അത് കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിന് സ്വീകരിക്കാൻ സാധ്യതയില്ല. മാത്രമല്ല, കേരളത്തിലെ വർദ്ധിച്ചു വരുന്ന നെല്ലുൽപ്പാദനക്ഷമതയും കൃഷിയുടെ മൊത്തത്തിലുള്ള സാമ്പത്തിക ശാസ്ത്രത്തിന്മേൽ അതിനുള്ള സ്വാധീനവും പരിഗണിക്കുന്നത് നിർണ്ണായകമാണ്. മികച്ച വിളവുകൾക്ക്, സബ്സിഡികൾ, വിപുലീകരണ സേവനങ്ങൾ എന്നിവയ്ക്കൊപ്പം ഉല്പാദനചെലവുകൾ ഭാഗികമായി തട്ടിക്കിഴിക്കുന്നതിനുള്ള ശേഷിയുണ്ട്.

**3.6. കേരളത്തിലെ കുത്തരി/മട്ടയരിയുടെ (CMR) വില**

അരിയുടെ യതാർത്ഥ വില കണക്കാക്കുന്നതിൽ, വിവിധ സബ്സിഡികൾ ഉൾപ്പെടുന്ന നെൽകൃഷിക്കുള്ള സാമ്പത്തിക സഹായം ഒരു നിർണ്ണായക ഘടകമാണ്. ഉദാഹരണത്തിന് 2021-23 കാലയളവിൽ, പ്രദേശിക സർക്കാരുകൾ, പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകൾ (GPs) അരി മേഖലയിൽ 1026 കോടി അനുവദിക്കുകയും, 704 കോടി ചെലവഴിക്കുകയും ചെയ്തു. പ്രതിവർഷം ശരാശരി 235 കോടി വരുന്ന ചെലവിൽ, വിത്ത് വിതരണം, മണ്ണ് മെച്ചപ്പെടുത്തൽ, രാസവളങ്ങൾക്കും കീടനാശിനികൾക്കുമുള്ള വിഹിതം, പാടശേഖര സമിതികൾക്കുള്ള ഫണ്ടുകൾ, നടീൽ വസ്തുക്കളുടെ വിതരണം എന്നിവ ഉൾപ്പെടുന്നു. (ഉറവിടം 1 KM കേരള)

*Table 3.5 Budget allocation and expenditure for paddy cultivation (Rs crore)*

| Year | Allocation | Expenditure |
|---|---|---|
| 2020-2021 | 440.44 | 282.69 |
| 2021-2022 | 307.90 | 218.06 |
| 2022-2023 | 277.71 | 202.89 |
| Total | 1026.04 | 703.64 |

ഇതുകൂടാതെ, കൃഷിവകുപ്പ്, കൃഷി ഭവനുകൾ മുഖേന നെൽകൃഷിക്ക് കൂടുതൽ സബ്സിഡികൾ നൽകി. ഈ സബ്സിഡികളിൽ പ്രതിവർഷം നെല്ല് വികസന പദ്ധതിയുടെ കീഴിൽ

**100 കോടിയും നെല്ലുൽപ്പാദന ബോണസിന് 13 കോടിയും, സൗജന്യ വൈദ്യുതിക്കായി 36 കോടിയും ഉൾപ്പെടുന്നു. ഇൻഷുറൻസ് പോലുള്ള പ്രത്യക്ഷവും പരോക്ഷവുമായ വിവിധ ചെലവുകൾ ഒഴിവാക്കിയതിനുശേഷവും, 5.96 ലക്ഷം ടൺ അരി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഈ സബ്സിഡി കളുടെ മൊത്തമായ ഏകദേശം 384 കോടി അല്ലെങ്കിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന അരിക്ക് ഓരോ കിലോഗ്രാമിനും `6.44 നിരക്കിൽ സബ്സിഡിയോ സംസ്ഥാനം നൽകുന്നു.**

**അരി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്ന കേരള സർക്കാരിന്റെ നയത്തിന്റെ അടിസ്ഥാനത്തിൽ ഉപജീവനത്തിന്റെ പ്രാഥമിക ദാതാക്കളെന്നനിലയിൽ, സംസ്ഥാനത്തെ കൃഷിക്കാർക്ക് മതിയായ നഷ്ടപരിഹാരം ലഭിക്കേണ്ടതാണ്. നെൽകൃഷിയുമായി ബന്ധപ്പെട്ട പരോക്ഷമായ ചെലവുകളും, നൽകുന്ന സബ്സിഡികളും പരിഗണിച്ച്, നെൽകൃഷിയുടെ സാമ്പത്തിക ലാഭക്ഷമത സംസ്ഥാന ത്തിന് പുനർമൂല്യനിർണ്ണയം നടത്താമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു. സമഗ്രമായ വിലയിരുത്തലിൽ സംസ്ഥാന കേന്ദ്ര പ്രാദേശിക സർക്കാരുകളുടെ ബഡ്ജറ്റ് ചെലവുകൾ മാത്രമല്ല, വിവിധ ഭരണതലത്തിൽ കൈകാര്യം ചെയ്ത് കർഷകരിലേക്കെത്തുന്ന യഥാർത്ഥ തുകയും, ഇടപാട് ചെലവു കളും സബ്സിഡി വിതരണവുമായി ബന്ധപ്പെട്ട കാര്യക്ഷമതയില്ലായ്മയും ഉൾപ്പെടു ത്തേണ്ടതാണ്. ഇത് ക്ഷേമനേട്ടങ്ങൾ ക്കായി സമൂഹത്തിനുള്ള സബ്സിഡികളുടെ യഥാർത്ഥ ചെലവ് നിർണ്ണയിക്കാൻ സഹായിക്കും. കുട്ടനാട്, പാലക്കാട്, തൃശ്ശൂർ കോൾനിലങ്ങൾ പോലെയുള്ള തൊട്ടു കിടക്കുന്നതും ലാഭകരവുമായ പ്രദേശങ്ങളിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുകയും യന്ത്ര വൽക്കരിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടതാണ്.**

**സിഎംആറിന്റെ നിർണ്ണയിക്കപ്പെട്ട ചെലവ് കിലോയ്ക്ക് ഏകദേശം 80.4 രൂപ വരുന്നു, ഇത് പൊതുവിപണിയിലുള്ളതിന്റെ രണ്ടിരട്ടിയിലും കൂടുതലാണ്. MSP നിലനിറുത്തുന്ന നിലവിലെ ഡിപിഎസ് സംസ്ഥാനം അവസാനിപ്പിക്കുകയാണെങ്കിൽ ലഭിക്കുന്ന മിച്ചത്തിൽ നിന്ന് കേരള സർക്കാരിന് കർഷകർക്കും ഉപഭോക്താക്കൾക്കും ഗണ്യമായി ഉയർന്ന ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുമെന്ന് കരുതുന്നു. ഇത്, നിലവിലെ സംഭരണ സംവിധാനം നവീകരിക്കേണ്ടതിന്റെ അടിയന്തര ആവശ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.**

*Table 3.6 Cost of one Kg CMR from procurement to ration shops 2022-23**

| No | Components of cost | Cost (Rs/Kg) |
|---|---|---|
| 1 | Procurement price (MSP+SIB) | 28.20 |
| 2 | Milling/processing charge | 2.14 |
| 3 | Administrative charge | 2.00 |
| 4 | Cost of 0. 645 kg of rice (@ 64.5 % OTR under dispute) (1+2+3) | 32.34 |
| 4 | Cost of 1 kg rice (32.34/0.646) x 100 | 50.14 |
| 5 | Transportation charges to Ration shops | 1.87 |
| 6 | CMR cost at ration shop (4+5) | 52.01 |
| 7 | Commission to Ration shops | 2.80 |
| | **Total cost of CMR at consumer end (** | **54.81** |

**അവലംബം-സിവിൽ സപ്ലൈസ് കമ്മീഷണർ-2023**

**അരിയായി മാറ്റിയ നെല്ല് സബ്സിഡി 10.5 kg അരി**

കേരളം നിലവിലുള്ള വികേന്ദ്രീകൃത സംഭരണ സംവിധാനം അവസാനിപ്പിക്കുകയാണെങ്കിൽ (ഇന്ത്യാ ഗവൺമെന്റിന്റെ കുറഞ്ഞ താങ്ങുവില (MSP) തുടരുമ്പോൾ) സംസ്ഥാന സർക്കാരിന് ഡയറക്റ്റ് ബനിഫിറ്റ് ട്രാൻസ്ഫറിലൂടെ (DBT) കർഷകർക്കും ഉപഭോക്താക്കൾക്കും കൂടുതൽ ഗണ്യമായ ആനുകൂല്യങ്ങളുടെ സാധ്യതയുള്ള വാഗ്ദാനങ്ങൾ നൽകാൻ സാധിക്കും.

**പട്ടിക 3.7 നെൽകൃഷിക്കും സംഭരണത്തിനും അരിവിതരണത്തിനുമുള്ള സബ്സിഡികൾ (`കോടിയിൽ)**

| ക്രമ നം. | കമ്പോണന്റ്സ് സബ്സിഡിയും കാര്യക്ഷമതയില്ലായ്മയും | |
|---|---|---|
| 1 | സംസ്ഥാന ബഡ്ജറ്റ് (`കോടിയിൽ) | 149 |
| 2 | എൽജി ബഡ്ജറ്റ് (`കോടിയിൽ) | 235 |
| 3 | ഉപേക്ഷിച്ച ഉമിയുടെ മൂല്യം (`കോടിയിൽ) | 184.0 |
| 4 | ഉപേക്ഷിച്ച തവിടിന്റെ മൂല്യം (`കോടിയിൽ) | 230.0 |
| 5. | കുറയ്ക്കപ്പെട്ട ഒറ്റിആർ (`കോടിയിൽ) | 726.4 |
| 6 | മൊത്തം (`കോടിയിൽ) | 1524.4 |
| 7. | ഉൽപ്പാദിപ്പിച്ച അരി (MT ലക്ഷത്തിൽ) | 5.96 |
| 8. | അരിയുടെ യൂണിറ്റ് വില/കി.ഗ്രാം (`1524.4 cr÷5.96 LMT) | 25.6 |
| 9. | സംഭരണത്തിനും മില്ലിങ്ങിനും വിതരണത്തിനുമുള്ള ചെലവ് (`/kg) | 54.8 |
| 10. | കേരള സർക്കാരിനുള്ള മൊത്തം ചെലവ് (2024 ജനുവരി 11-നുള്ള /kg) | 80.4 |
| ഈടാക്കാത്തത് കൊണ്ട് Col.. 3,4,& 5 സഞ്ചിത അടിസ്ഥാനത്തിലാണ് എടുത്തിട്ടുള്ളത്. വാർഷികാടിസ്ഥാനത്തിൽ ചെലവ് ഏകദേശം 64.5/kg ആയിരിക്കും | | |

യഥാർത്ഥത്തിൽ കേരളത്തിലെ അരി ഉൽപ്പാദനത്തിന്റേയും വിതരണത്തിന്റേയും ആകെ ചെലവിൽ ഉൽപ്പാദനത്തിനും വിതരണത്തിനുമുള്ള സബ്സിഡികൾ കൂടാതെ, വിവിധ ഇടപാടുകളിലുള്ള ചെലവുകളും, പിഡിഎസിലുള്ള പ്രകടമായ തട്ടിപ്പുകളും ഉൾപ്പെടുത്തേണ്ടതാണ്. 2018-19 മുതൽ 2013-24 വരെ (2023 ഓഗസ്റ്റ് വരെ) ഇന്ത്യാ ഗവൺമെന്റ് സപ്ലൈകോയ്ക്ക് വേണ്ടി അനുവദിക്കാത്ത വർഷിക സംഭരണ ചെലവായ `784.43 കോടി, ഓഡിറ്റ് ചെയ്ത സാമ്പത്തിക സ്റ്റേറ്റുമെന്റുകൾ സമർപ്പിക്കാൻ വൈകിയതിനുള്ള 89 കോടിയുടെ പിഴ, 2016-17 മുതൽ 2022-23 വരെയുള്ള പി ആർ എസ് വായ്പകളുടെ വാർഷിക പലിശയായ 704 കോടി എന്നിവയുമായി സംയോജിപ്പിക്കേണ്ടതാണ്. കേരളത്തിൽ ഒരു കിലോഗ്രാം അരി ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുള്ള ചെലവ് കണക്കാക്കുന്നതിന് ഈ ചെലവ് ഘടകങ്ങൾ കൂടി ചേർത്താൽ നിലവിലുള്ള സമ്പ്രദായത്തെ നിലനിറുത്താൻ മറ്റ് തന്ത്രപരമായ കാരണങ്ങളില്ലെങ്കിൽ ഈ സമ്പ്രദായം സുസ്ഥിരമല്ലെന്ന് കേവലമായ ഒരു സാമ്പത്തിക യുക്തിയിൽ നിന്ന് വ്യക്തമാകും.

### 3.7. കേരളത്തിന്റെ അരി ഉപഭോഗം-പൊരുത്തമില്ലാത്ത ഡാറ്റ

കേരളത്തിന്റെ വാർഷിക അരി ഉപഭോഗം കണക്കാക്കിയത്, ദിനംപ്രതിയുള്ള പ്രതിശീർഷ ഉപഭോഗമായ 235 ഗ്രാമിനു തുല്യമായി ഏകദേശം 30 ലക്ഷം ടൺ ആണ്. ഇതിൽ നിന്ന്. 12 ലക്ഷം ടൺ, 5-6 ലക്ഷം ടൺ വരുന്ന കുത്തരി/മട്ടയരി (CMR) ചേർത്ത് പൊതുവിതരണ സമ്പ്രദായം (PDS) വഴി വിതരണം ചെയ്യുന്നു. കേരളത്തിൽ ഉപഭോഗം ചെയ്യുന്ന ഏകദേശം 60% അരിയും പുഴുക്കലരി ആയതിനാൽ, സംസ്ഥാനത്തിന്റെ പുഴക്കലരിയുടെ ഉപഭോഗം ഏകദേശം 18 LMTആണെന്ന് കണക്കാക്കുന്നു. അതിനർത്ഥം, ഏകദേശം 12 LMT വരുന്ന പുഴുക്കലരിയാണ് പൊതുവിപണിയിൽ നിന്ന് വിതരണം ചെയ്തു വരുന്നത്. എന്നിരുന്നാലും ചെക്ക് പോസ്റ്റുകളിലെ ഡിക്ലറേഷനുകൾ ഉൾപ്പെടുന്ന GST ഡേറ്റാ സൂചിപ്പിക്കുന്നത് ബാക്കിയുള്ള ഹാൻഡലിങ് നിരക്കുകൾ അവഗണിച്ചു കൊണ്ട് ഏറ്റവും കുറഞ്ഞ താങ്ങുവിലയിൽ മൂല്യങ്ങളെ അളവാക്കി മാറ്റുകയാണെ ങ്കിൽ,

ആശ്ചര്യകരമെന്നു പറയട്ടെ, കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ, പ്രതിവർഷം ഒരു ലക്ഷം മെട്രിക് ടണ്ണിൽ താഴെയുള്ള കുറഞ്ഞ ഇറക്കുമതി നിലയിലാണെന്നാണ് സൂചിപ്പിക്കുന്നത്. കിലോഗ്രാം ഒന്നിന് **65.70** നടുത്ത് വില വരുന്ന പാക്ക് ചെയ്ത 'പാലക്കാടൻ മട്ട' അല്ലെങ്കിൽ 'വടിയരി' പോലുള്ള ഇനങ്ങൾ, ഒരേസമയം പ്രാദേശികമായി വില്ക്കുക മാത്രമല്ല കയറ്റുമതി ചെയ്യുകയും ചെയ്യുന്നു. ഉൽപ്പാദനം, സംഭരണം, ഇറക്കുമതി, ഉപഭോഗം എന്നിവയിന്മേലുള്ള ഡാറ്റാകൾ തമ്മിൽ വ്യക്തമായ പൊരുത്തക്കേടുണ്ട്, ഇത്, കൃത്യതയും, വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള തീരുമാനമെടുക്കലും ഉറപ്പാക്കാൻ സമഗ്രമായ ഒരു അവലോകനത്തിന്റെ ആവശ്യം നിർദ്ദേശിക്കുന്നു. **GST** ഡാറ്റാ, ചുവടെ സമാഹരിച്ചിരിക്കുന്നതുപോലെ, ചെക്ക് പോസ്റ്റുകളിൽ, മില്ലുകാർ/ഇറക്കുമതിക്കാർ ഗണ്യമായ കുറവ് റിപ്പോർട്ട് ചെയ്യുന്നതിലേക്ക് വിരൽ ചൂണ്ടുന്നു. അസംസ്കൃത നെല്ലിനെ **GST**യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ട്രാൻസ്പോർട്ട് ചെയ്യുന്നവരും ഇറക്കുമതിക്കാരും ഇപ്പോഴും അവരുടെ ചരക്കുകൾ പ്രഖ്യാപിക്കേണ്ടതുണ്ട്.

*Table 3.8 Assessable value of Paddy (100610) imported to Kerala (Rs. Lakhs)*

| State | 2019-20 | 2020-21 | 2021-22 | 2022-23 | Grand Total |
|---|---|---|---|---|---|
| Karnataka | 1710.02 | 1048.22 | 2686.55 | 2260.82 | 7705.61 |
| Tamil Nadu | 1192.82 | 1000.86 | 1605.64 | 3201.50 | 7000.82 |
| Maharashtra | | | 532.71 | 2297.22 | 2829.93 |
| Andhra Pradesh | 169.24 | 53.75 | 45.40 | 2.43 | 270.81 |
| Telangana | | 26.40 | 31.81 | 49.94 | 108.15 |
| Gujarat | | | 11.35 | 61.48 | 72.83 |
| Odisha | 9.04 | | 8.00 | 48.71 | 65.74 |
| West Benga | 20.09 | | 8.71 | 8.13 | 36.93 |
| Rajasthan | | | | 34.74 | 34.74 |
| Delhi | | | 19.63 | 0.02 | 19.65 |
| Haryana | | | 6.84 | 4.72 | 11.56 |
| Uttar Pradesh | | | 0.14 | 0.25 | 0.38 |
| Punjab | | | 0.00 | 0.11 | 0.11 |
| Grand Total (Value) | 3101.20 | 2129.24 | 4956.77 | 7970.05 | 18157.26 |
| MSP (Rs/MT) | 18150.00 | 18680.00 | 19400.00 | 20400.00 | |
| Total Quantity (MT) | 0.17 | 0.11 | 0.26 | 0.39 | 0.93 |

### 3.8. സാമ്പത്തിക നഷ്ടങ്ങളുടെ വിവിധവശങ്ങളിലുള്ള വിശകലനം: ധാരാളം പണം പാഴാക്കുന്നു. (Putting Good Money into leaking bucket)

പരിഹാരങ്ങളെ എതിർത്തുകൊണ്ട് ബോധപൂർവം സജീവമായി നിലനിറുത്തുന്ന സംഭരണവുമായി ബന്ധപ്പെട്ട ചില പ്രധാന പ്രശ്നങ്ങൾ ഈ വിഭാഗത്തിൽ ചർച്ച ചെയ്യുന്നു. ഇവയെല്ലാം പഠന കാലയളവിൽ ഔപചാരികമായും അനൗപചാരികമായും ഞങ്ങൾക്ക് റിപ്പോർട്ട് ചെയ്തത് പോലെ പ്രത്യക്ഷമായതും യഥാർത്ഥമായതുമായ സംഭരണ സമ്പ്രദായത്തിലുള്ള അപകട സാധ്യതകളുടെ ഒരു കൂട്ടമാണ്. ശാസ്ത്രീയവും, അന്തിമവുമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനും, അപകടസാധ്യത ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും കേരള സർക്കാരിനെ സഹായിക്കുക എന്നതാണ്. ഈ ചർച്ചകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള സംഭരണ പരിഷ്കാരങ്ങൾ/മാതൃക സ്വീകരിക്കുകയാണെങ്കിൽ പല അപകടസാധ്യതകളും സ്വയം പരിഹരിക്കപ്പെടും.

### 3.9 കണക്കിൽപ്പെടാത്ത ഉപോൽപ്പന്നങ്ങളും തടഞ്ഞു വച്ച CMR -ഉം

#### 3.9.1 മില്ലുടമകൾ CMR തടഞ്ഞു വച്ചത് കാരണമുള്ള നഷ്ടം

പുഴുക്കലരിയ്ക്ക് നിലവിലുള്ള ഔട്ട് ടേൺ റേഷ്യോ (OTR) ആയ 68%, 1995-96 ലെ ഖാരിഫ് മാർക്കറ്റിങ് സീസൺ മുതൽ പ്രാബല്യത്തിൽ തുടരുന്നു. സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CFTRI) മൈസൂർ, പാഡി പ്രൊസസിങ് റിസർച്ച് സെന്റർ (PPRC) തഞ്ചാവൂർ (ഇപ്പോൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രൊസസ്സിങ് ടെക്നോളജി-IIFPT) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT) ഖാരാഗ്പൂർ എന്നിവ പോലെയുള്ള പ്രശസ്തമായ സ്ഥാപനങ്ങൾ നടത്തിയ വിപുലമായ ശാസ്ത്രീയ പഠനങ്ങളെത്തുടർന്ന്, ഇന്ത്യാ ഗവൺമെന്റ് ഈ OTR സ്ഥാപിച്ചു.

ഇന്ത്യയിലുടനീളമുള്ള വ്യത്യസ്തമായ 10 സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച സാമ്പിളുകൾ അടങ്ങുന്ന സമഗ്രമായ ഫീൽഡ് ട്രയലുകളെ അടിസ്ഥാനമാക്കിയാണ്, ഈ സ്ഥാപനങ്ങൾ പഠനങ്ങൾ നടത്തിയത്. സമഗ്രവും കൃത്യവുമായ പ്രാതിനിധ്യവും, വിലയിരുത്തലും ഉറപ്പാക്കുന്നതിന്, ഈ സാമ്പിളുകൾ ശ്രദ്ധാപൂർവ്വം തെരഞ്ഞെടുത്തതാണ്. ഉണക്കൽ നഷ്ടം, കൂടുതൽ അന്യ വസ്തുക്കൾ, പച്ചരിക്കും പുഴുക്കലരിക്കും ഉചിതമായി OTR നിർണ്ണയിക്കുന്നതിനുള്ള പ്രസക്തമായ മറ്റ് മാനദണ്ഡങ്ങൾ എന്നിവ ഉൾപ്പെടുന്ന വിവിധ ഘടകങ്ങൾ ഗവേഷണത്തിൽ പരിഗണിക്കപ്പെട്ടു.

മൂന്നു സംസ്ഥാനങ്ങൾക്കു വേണ്ടി ലഭിച്ച സംഗ്രഹഫലങ്ങൾ ചുവടെ അവതരിപ്പിക്കുന്നു:

*Table 3.9 Sample Results - Average OTRs for raw and parboiled paddy*

| Paddy variety/quality | | State/Region | | |
|---|---|---|---|---|
| | | Andhra Pradesh | Madhya Pradesh | Maharashtra |
| **Raw Paddy** | Super fine | 67.35 | NA | NA |
| | Fine | 68.10 | 68.35 | 70.63 |
| | Common | | 70.14 | 72.11 |
| | **Average** | **67.72** | **69.25** | **71.4** |
| **Parboiled Paddy** | Super fine | 69.55 | NA | NA |
| | Fine | 68.31 | 68.38 | 69.78 |
| | Common | NA | 68.1 | 70.20 |
| | **Average** | **68.93** | **68.3** | **70.70** |

***അവലംബം: റിട്ട്പെറ്റിഷൻ സംബന്ധിച്ച് ബഹു: ഛത്തീസ്ഗഢ് ഹൈക്കോടതിയുടെ 04.05.2017 തീയതിയായ ഉത്തരവ് അനുസരിച്ച് ഛത്തീസ്ഗഢ് പ്രദേശ് റൈസ് മില്ലേഴ്സ് അസോസിയേഷൻ F&PD സെക്രട്ടറിക്ക് നൽകിയ 13.05.2017 തീയതിയിലെ അപേക്ഷയിന്മേലുള്ള തീരുമാനം (പേജ് 2)***

സപ്ലൈകോയുമായുള്ള മില്ലുടമകളുടെ കരാറിൽ, ഇന്ത്യാ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള 68% ഒറ്റിആർ അനുസരിച്ച് സിഎംആർ വിതരണം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016-17 വർഷം വരെ ഇത് തുടർന്നുവന്നു. അതിനുശേഷം ഇന്ത്യാഗവൺമെന്റിന്റെ അനുമതിയില്ലാതെ, കേരളസർക്കാർ (F&CS) വകുപ്പ് പുറപ്പെടുവിച്ച ഒരു ഉത്തരവ് പ്രകാരം മില്ലുടമകൾ 64.5% എന്ന കുറഞ്ഞ ഒ റ്റി ആർ നിരക്കിൽ സി എം ആർ വിതരണം ചെയ്തു വരികയും ഈ ഉത്തരവ് ബഹു: ഹൈക്കോടതി റദ്ദാക്കുകയും ചെയ്തു. ഇന്ത്യാഗവൺമെന്റിന്റെ അംഗീകാരത്തിന് വിധേയമായി ഒ റ്റി ആർ തീരുമാനിക്കാൻ

സംസ്ഥാനത്തിന് സ്വാതന്ത്ര്യമുണ്ടെന്ന്, റിവിഷൻ ഹർജിയിൽ ഹൈക്കോടതി വ്യക്തമാക്കി യിട്ടുണ്ടെങ്കിലും അത്തരത്തിൽ ഇന്ത്യാ ഗവൺമെന്റിന്റെ അംഗീകാരം ഉണ്ടായിട്ടില്ല. ഇന്ത്യാ ഗവൺമെന്റുമായുള്ള MoU അനുസരിച്ച്, MoU വ്യവസ്ഥകളിലുള്ള ഏതെങ്കിലും ഭേദഗതിക്ക് ഇന്ത്യാ ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതി ഉണ്ടായിരിക്കേണ്ടതും, ആയതില്ലാതെ ഡി പി എസ് പ്രകാരമുള്ള ഘടകത്തിന് അർഹത യില്ലാത്തതുമാണ്. കേരള സർക്കാരിന്റെ അപ്രകാരമുള്ള പിന്മാറ്റത്തിന് പ്രത്യേകം സ്വീരികരിക്കാവുന്ന കാരണങ്ങളൊന്നും കമ്മിറ്റിക്ക് ലഭ്യമാക്കിയിട്ടില്ല. സ്ഥാപിത മാനദണ്ഡങ്ങളിൽ നിന്നുള്ള ഈ വ്യതിയാനം, 2016-17 മുതൽ 202-23 വരെയുള്ള ഏഴ് വർഷക്കാലം സംസ്ഥാനത്തിന്, 144,624.9 MT - അരിയുടെ നിർണ്ണായക നഷ്ടം കണക്കാക്ക പ്പെട്ടിട്ടുണ്ട്. 40/കിലോഗ്രാം എന്ന മിതമായ കമ്പോള വില അനുമാനിച്ചാൽ തന്നെ നഷ്ടം 578.5 കോടി വരുന്നു. എന്നിരുന്നാലും മില്ലുകളിൽ സി എം ആറിന്റെ നിലവിലുള്ള യൂണിറ്റ് ചെലവായ 50% പരിഗണിച്ചുകൊണ്ട് 726.4 കോടിയുടെ സഞ്ചിത നഷ്ടം കണക്കാക്കുന്നു. ആ നിലയ്ക്ക് നിലവിലുള്ള വ്യവഹാരത്തിൽ ബഹു. ഹൈക്കോടതിയുടെ തീരുമാനത്തിനു വിധേയമായി, വിതരണം ചെയ്യാത്ത സി എം ആറിന്റെ മൂല്യത്തിന് പകരമായി, നിലവിലുള്ള കമ്പോളനിരക്ക് അടിസ്ഥാനമാക്കി കണക്കാക്കിയ 578.5 കോടി മില്ലുടമകൾ കേരള സർക്കാരിലേക്ക്, തിരികെ നൽകണമെന്നാണ് ഇപ്പോഴത്തെ നിലപാട്. (പട്ടിക 3.10 കാണുക)

**പട്ടിക 3.10 സപ്ലൈകോ സംഭരിച്ച നെല്ലിന്റെ അളവും വിതരണവും ചെയ്യാത്ത സി എം ആറിന്റെ അളവും (MT): 2017-18 മുതൽ 2022-23 വരെയുള്ള സഞ്ചിതനഷ്ടം 726.4 കോടി**

| Year | Paddy Procured | Released as CMR by Mills | Quantity expected to be released | OTR (%) | Rice retained by mills (MT) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6= (4-3) |
| 2016-17 | 4,52,810.0 | 3,07,910.8 | 3,07,910.8 | 68.0 | 0.0 |
| 2017-18 | 4,84,465.0 | 3,12,479.9 | 3,29,436.2 | 64.5 | 16,956.3 |
| 2018-19 | 6,93,812.0 | 4,47,508.7 | 4,71,792.2 | 64.5 | 24,283.5 |
| 2019-20 | 7,09,397.0 | 4,57,561.1 | 4,82,390.0 | 64.5 | 24,828.9 |
| 2020-21 | 7,64,885.0 | 4,93,350.8 | 5,20,121.8 | 64.5 | 26,771.0 |
| 2021-22 | 7,48,403.0 | 4,82,719.9 | 5,08,914.0 | 64.5 | 26,194.1 |
| 2022-23 | 7,31,175.0 | 4,71,607.9 | 4,97,199.0 | 64.5 | 25,591.1 |
| Total | 45,84,947.0 | 29,73,139.1 | 31,17,764.0 | | 144,624.9 |

*Source: Compiled from presentation received from Supplyco*

*2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഒ റ്റി ആർ കുറച്ചതിനാൽ വിട്ടുകൊടുത്ത മൊത്തം സി എം ആർ 1.45 എൽ എം റ്റി ആണ്. മില്ലുകളിൽ സിഎംആറിന്റെ നിലവിലുള്ള യൂണിറ്റ് ചെലവായ 50.1 പരിഗണിച്ചുകൊണ്ട്, സഞ്ചിത നഷ്ടം 726.4 കോടിയായി കണക്കാക്കുന്നു. ഉത്പാദന സബ്സിഡികൾ, ഉപേക്ഷിച്ച ഉപോൽപ്പന്നങ്ങൾ, മറ്റു ചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള കേരള സർക്കാരിനുള്ള ആകെ മൊത്തം യൂണിറ്റ് ചെലവ് ഞങ്ങൾ പരിഗണിക്കുകയാണെങ്കിൽ അന്തിമനഷ്ടം ഗണ്യമായി ഉയരുന്നതാണ്.*

ചുരുക്കത്തിൽ സമ്മതിച്ച പ്രകാരമുള്ള ഔട്ട് ടേൺ റേഷ്യോ (OTR) ൽ നിന്നുള്ള മില്ലുടമകളുടെ വ്യതിയാനം ഇതിനകം തന്നെ ഗണ്യമായ സമ്മർദ്ദത്തിലായ സംസ്ഥാനത്തിന്റെ ഖജനാവിന് കാര്യമായ സാമ്പത്തിക നഷ്ടത്തിനു കാരണമായി. യഥാർത്ഥത്തിൽ സ്ഥാപിതമായ ഒ റ്റി ആർ അനുസരിച്ച് വിതരണം ചെയ്യാത്ത അരിക്ക് മില്ലുടമകൾ സംസ്ഥാനത്തിന് നഷ്ടപരിഹാരം

നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ, കേരള സർക്കാരിന് മില്ലുടമകളുമായി ചേർന്ന് പ്രവർത്തിക്കാവുന്നതാണ്. ഈ പ്രശ്നം ഉടനടി ഫലപ്രദമായി പരിഹരിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അരിമില്ലുടമകളുമായുള്ള ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സർക്കാരിനു കഴിയുന്നതാണ്.

**3.9.2. മില്ലുടമകൾ ഉപോൽപ്പന്നങ്ങൾ തടഞ്ഞു വച്ചത് കാരണമുള്ള നഷ്ടം.**

നെല്ല് സംസ്കരിച്ച് അരിയാക്കുമ്പോൾ വിവിധ ഉപയോഗങ്ങൾക്ക് വേണ്ടി വലിയ ഡിമാന്റുള്ള വിലയേറിയ ഉപോൽപ്പന്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു. പ്രധാന ഉപോൽപ്പന്നങ്ങളിൽ, നുറുക്കരി, ഉമി, തവിട് എന്നിവ ഉൾപ്പെടുന്നു. അവ വിലപ്പെട്ട വിഭവങ്ങളുടെ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ ഒരു നിരയാണ് അവയുടെ ഉപയോഗം, കൃഷി മുതൽ മൃഗസംരക്ഷണവരെയും ഭക്ഷ്യോൽപ്പാദനം, സൗന്ദര്യവർദ്ധക വസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ നിരവധി വ്യവസായങ്ങളിൽ വ്യാപിച്ചു കിടക്കുന്നതും ഇത് അരിവ്യവസായത്തിനുള്ളിലെ വിഭവവിനിയോഗവും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിൽ അവയുടെ അഭിവാജ്യപങ്കിന് അടിവരയിടുകയും ചെയ്യുന്നു.

അവയുടെ നിർണ്ണായകവും വളരുന്നതുമായ ഉപയോഗത്തിന്റെയും ഫലമായി ഈ ഉപോൽപ്പന്നങ്ങൾക്ക് ഗണ്യമായ വിപണിമൂല്യങ്ങളുണ്ട്. മില്ലുടമകൾ അവരുടെ പ്രവർത്തനങ്ങളുടെ ഭാഗമെന്ന നിലയിൽ അവയെ പൂർണ്ണമായും പിടിച്ചുവയ്ക്കുന്നത് തുടർന്നു വരുന്നു. 2005 മുതൽ ഈ ഉപോൽപ്പന്നങ്ങളുടെ മൂല്യനിർണ്ണയം, പരിഷ്കരിക്കുന്നതിലും ക്രമീകരിക്കുന്നതിലുമുള്ള പരാജയം, ഈ വസ്തുക്കൾക്കു വേണ്ടിയുള്ള നിലവിലെ കമ്പോള പ്രവണതകളേയും, വർദ്ധിച്ചുവരുന്ന ഡിമാന്റിനേയും അവഗണിക്കുന്നു. ഉപോൽപ്പന്നങ്ങൾക്ക് വിലമതിക്കാത്തത് രണ്ട് പ്രധാന പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു.

**സർക്കാരിന്റെ വരുമാനനഷ്ടം:** ഇത്തരം ഉപോൽപ്പന്നങ്ങളുടെ വിപണിമൂല്യം കൃത്യമായി കണക്കാക്കുകയോ ഈടാക്കുകയോ ചെയ്യാത്തത്, കാരണം സർക്കാരിന് വരുമാനം നഷ്ടമാകുന്നു.

**മില്ലുടമകൾക്കുള്ള അന്യായ നേട്ടങ്ങൾ:** അരിമില്ലുകാർ സർക്കാരിന് നഷ്ടപരിഹാരം നൽകുന്നതിനേക്കാൾ ഗണ്യമായി ഉയർന്ന വിപണി മൂല്യമുള്ള ഉപോൽപ്പന്നങ്ങൾ അവർ പിടിച്ചുവയ്ക്കുന്നതു കാരണം, കാലഹരണപ്പെട്ട വിലയിൽ നിന്ന് അവർക്ക് നേട്ടമുണ്ടാകുന്നു. ഇത് മില്ലുടമകൾക്ക് അന്യായ നേട്ടവും സർക്കാരിന് ഗണ്യമായ നഷ്ടവും ഉണ്ടാക്കുന്നു. 2005-ൽ താരിഫ് കമ്മീഷൻ, പച്ചരിക്കും പുഴുക്കലരിയുമുള്ള സാധാരണ മില്ലിങ് ചാർജ്ജുകൾ നിശ്ചയിക്കുമ്പോൾ അരി ഉപോൽപ്പന്നങ്ങൾക്ക് ഈടാക്കാവുന്ന വിപണിവില, പച്ചരിക്കുവേണ്ടി നെല്ല് കുത്തുമ്പോൾ ഒരു മെട്രിക് ടണ്ണിന് 339.60 രൂപയും, പുഴുക്കലരിക്ക് വേണ്ടി നെല്ലുകുത്തുമ്പോൾ മെട്രിക് ടണ്ണിന് 373.80 രൂപയും, എന്ന നിരക്കിൽ, കണക്കാക്കിയിട്ടുണ്ട്. ഉപോൽപ്പന്നങ്ങളുടെ വിപണിമൂല്യത്തിൽ താരതമ്യേന കാര്യമായ വർദ്ധനവു ണ്ടായിട്ടുണ്ടെങ്കിലും ഈ മില്ലിങ് നിരക്കുകളും അതുപോലെ ഉപോൽപ്പന്നങ്ങൾക്കു വേണ്ടി കിഴിക്കാവുന്ന മൂല്യവും 2005-നു ശേഷം ഇന്ത്യാഗവൺമെന്റ് പുതുക്കിയിട്ടില്ലാത്തതാണ്.

**2005 മുതൽ ഉപോൽപ്പന്ന മൂല്യനിർണ്ണയം പരിഷ്കരിക്കാത്തതിന്റെ ആഘാതം വിലയിരുത്തുന്നതിന്, 2013-ൽ ഇന്ത്യയുടെ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (A&E) ഒരു ഓഡിറ്റ് നടത്തി.**

ആന്ധ്രാപ്രദേശ്, തെലങ്കാന, ഉത്തർപ്രദേശ്, ഛത്തീസ്ഗഡ് എന്നിവിടങ്ങളിലെ തെരഞ്ഞെടുത്ത ജില്ലകളിൽ നിന്ന് ലഭ്യമായ ഡാറ്റാ ഉപയോഗിച്ച്, ഈ കാലയളവിൽ സർക്കാരിന് ഉണ്ടായേക്കാവുന്ന നഷ്ടം 3,743 കോടി (പട്ടിക 3-11 കാണുക) വരുമെന്ന് CAG കണക്കാക്കി. വിലയിരുത്തൽ ഭാഗികമായ

ഡാറ്റാ അടിസ്ഥാനപ്പെടുത്തിയതാണെങ്കിലും വിലയിരുത്തലുകൾ സർക്കാരിനു നേരിട്ട നഷ്ടത്തിന്റെ വ്യാപ്തിയെക്കുറിച്ച് നിർണ്ണായക ഉൾക്കാഴ്ച നല്കുന്നു.

*പട്ടിക 3.11*

**2009-10 മുതൽ 2013-14 വരെയുള്ള കാലയളവിൽ ഉപോൽപ്പന്നങ്ങളിൽ നിന്നു ലഭിച്ച അധിക അറ്റ ഈടാക്കൽ കാണിക്കുന്ന സ്റ്റേറ്റ്മെന്റ്**

| States | Procurement in selected districts (in LMT) | Total Excess net realization in selected districts (₹ in crore) |
|---|---|---|
| **Andhra Pradesh** | 267.47 | 3156.06 |
| **Telangana** | 40.02 | 185.93 |
| **Uttar Pradesh** | 37.22 | -9.85 |
| **Chhattisgarh** | 50.39 | 410.86 |
| **Total** | **395.10** | **3743.00** |

*അവലംബം- സെൻട്രൽ പൂൾ 75നു വേണ്ടി നെല്ലിന്റെ സംഭരണവും മില്ലിങ്ങും സംബന്ധിച്ചുള്ള പെർഫോൻസ് ഓഡിറ്റ് റിപ്പോർട്ട്* റിപ്പോർട്ട് നം. 2015 ലെ 31

ഈ എസ്റ്റിമേറ്റ് സംഭരിച്ച മൊത്തം നെല്ലിന്റെ മാത്രം വരുന്ന സാമ്പിൾ അക്കൗണ്ടിങ്ങിനെ പരാമർശിക്കുന്നു. ഈ സാമ്പിൾ ഒരു സൂചകമാണെന്ന് ഞങ്ങൾ അനുമാനിക്കുകയാണെങ്കിൽ, അഞ്ച് വർഷക്കാലയളവിൽ എല്ലാ സംസ്ഥാനങ്ങൾക്കുമുണ്ടായ സഞ്ചിത നഷ്ടം 23.690 കോടിയായും 2005 മുതൽ ഇതുവരെയുള്ള മുഴുവൻ കാലയളവിലേക്ക് ഏകദേശം 85284 കോടിയുമായിരിക്കും. 2013-ൽ നിലവിലിരുന്ന വിലയിൽ മാറ്റമുണ്ടായിട്ടില്ലെന്ന് ഇത് അനുമാനിക്കുന്നു. എന്നിരുന്നാലും ഉപോല്പ്പന്നങ്ങളുടെ നിലവിലുള്ള വിലയിൽ, ഇന്ത്യാ ഗവണ്മെന്റിനും SGI-കൾക്കുമുള്ള മൊത്തം നഷ്ടം 2 മുതൽ 3 മടങ്ങ് വരെ വർദ്ധിച്ചേക്കാം. പ്രാഥമികമായി വ്യക്തമാക്കുന്നതിനുള്ള ആവശ്യങ്ങൾക്കായി നിലവിലുള്ള വിപണി നിരക്കുകളെക്കാൾ വളരെ താഴെയുള്ള മിതമായ വിലകൾ അനുമാനിച്ചു കൊണ്ട്, കമ്മിറ്റി കേരളത്തിൽ സമാനമായ പ്രവർത്തനം നടത്തി. 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിലെ ഫലം ചുവടെ നല്കിയിരിക്കുന്നു.

**പട്ടിക 3.12 മില്ലുടമകൾ പിടിച്ചുവച്ച ഉപോൽപ്പന്നങ്ങളുടെ കണക്കാക്കിയ അളവും ഉപോൽപ്പന്നങ്ങളും (MT)**

**Table: 3.12 Estimated quantity and value of by-products retained by Millers (MT)**

| Year | Paddy Procured (MT) | Rice husk (MT) (20%) | Rice bran (MT) (5%) |
|---|---|---|---|
| 1 | 2 | 3 | 4 |
| **2016-17** | 4,52,810 | 90,562 | 22,641 |
| **2017-18** | 4,84,465 | 96,893 | 24,223 |
| **2018-19** | 6,93,812 | 1,38,762 | 34,691 |
| **2019-20** | 7,09,397 | 1,41,879 | 35,470 |
| **2020-21** | 7,64,885 | 1,52,977 | 38,244 |
| **2021-22** | 7,48,403 | 1,49,681 | 37,420 |
| **2022-23** | 7,31,175 | 1,46,235 | 36,559 |
| **Total quantity (MT)** | **45,84,947** | **9,16,989** | **2,29,247** |
| **Price: Rs/MT** | | 2,000 | 10,000 |
| **Cumulative (Rs Lakhs)** | | **18,340** | **22,925** |

**Quantity in MT; Value in Rs Lakhs**

*അവലംബം: സപ്ലൈകോയിൽ നിന്ന് ലഭിച്ച നിവേദനത്തിൽ നിന്നും മറ്റ് അനുബന്ധ ഉറവിടങ്ങളിൽ നിന്നും സമാഹരിച്ചത്.*

മിതമായി കണക്കാക്കിയ വിലയിൽ പോലും, ഏഴു വർഷക്കാലയളവിലേക്ക് കണക്കാക്കിയ നഷ്ടം, ഉമിക്ക് 183.4 കോടിയും തവിടിന് 229.3 കോടിയും വരുന്നതും കൂടുതൽ യാഥാർത്ഥ്യത്തോടെയുള്ള മൂല്യനിർണ്ണയം, വളരെ ഉയർന്ന നഷ്ടത്തിന് കാരണമാകുമെന്നും അഭിപ്രായപ്പെടുന്നു. പിടിച്ചു വച്ച CMR കാരണവും, ഉപോൽപ്പന്നങ്ങൾക്ക് കുറഞ്ഞ വിലമതിച്ചത് മൂലവുമുള്ള ഗണ്യമായ സാമ്പത്തിക നഷ്ടം OTR നിശ്ചയിക്കുന്നതിനും അരി മില്ലിങ് ഉപോൽപ്പന്നങ്ങളുടെ മൂല്യനിർണ്ണയത്തിനും, വീണ്ടെടുക്കുന്നതിനും കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവും സുതാര്യവുമായ സംവിധാനത്തിന്റെ ആവശ്യകത ഉയർത്തിക്കാട്ടുന്നു.

ആഭ്യന്തര, കയറ്റുമതി വിപണികളിൽ തവിടെണ്ണയുടെ വർദ്ധിച്ചുവരുന്ന ആവശ്യം തവിടെണ്ണ ഉത്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, അരിമില്ലിങ്ങിന്റെ സാമ്പത്തിക ശാസ്ത്രത്തെ പരിവർത്തനം ചെയ്യുന്നു. അരിമില്ലിംഗ് വ്യവസായത്തിന്റെ ഉപോൽപ്പന്നമാകുന്നതിനു പകരം, തവിട് ഇപ്പോൾ ഒരു പ്രധാന ഉത്പ്പന്നമായി മാറുകയാണ്. അരിയുടെ തവിടിൽ 10%-23% വരെ എണ്ണ അടങ്ങിയിട്ടുണ്ട്. ഒരു മെട്രിക് ടൺ തവിടെണ്ണയ്ക്ക് 1,60,000 ആണ്. ഇതും തവിടെണ്ണയുടെ വില കുതിച്ചുയരാൻ കാരണമായി. ഒരു മെട്രിക് ടൺ നെല്ലിന് 19,000 ഉണ്ടായിരുന്നപ്പോൾ തവിടെണ്ണയുടെ വില മെട്രിക് ടണ്ണിന് 30,000 മുതൽ 36,000 രൂപവരെയാണ്. ഈ എല്ലാ സംഭവവികാസങ്ങളും അരിമില്ലിങ് ഉപോൽപ്പന്ന മേഖലയുടെ തന്ത്രപരമായ പ്രാധാന്യത്തിനും വളർച്ചാസാധ്യതയ്ക്കും അടിവരയിടുകയും നഷ്ടം വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകത പരിഹരിക്കുക, മാത്രമല്ല ഉയർന്നുവരുന്ന ഈ അവസരം മുതലാക്കുന്നതിനും, ഇന്ത്യാ ഗവൺമെന്റിൽ നിന്നും (GoI) സംസ്ഥാനസർക്കാരുകളിൽ നിന്നും (SGIs) യഥാസമയത്തുള്ള നടപടിയും ആവശ്യപ്പെടുന്നു.

**3.10 തെരഞ്ഞെടുത്ത വ്യവഹാരത്തിന്റെയും വിധിന്യായത്തിന്റെയും അനന്തരഫലങ്ങൾ കമ്മിറ്റി:** സപ്ലൈകോയുമായും ബഹു. ഹൈക്കോടതിയിൽ അവരുടെ സ്റ്റാൻഡിങ് കൺസലുമായും ചർച്ചകൾ നടത്തി. അവർ റിപ്പോർട്ട് ചെയ്ത ചില പ്രധാന വിധികളും വ്യവഹാരങ്ങളും അവയുടെ സാധ്യമായ അനന്തരഫലങ്ങൾക്കായി പരിശോധിക്കുന്നു.

**പട്ടിക 3.13 സപ്ലൈകോ റിപ്പോർട്ട് ചെയ്ത പ്രധാന വ്യവഹാരങ്ങളും വിധിന്യായങ്ങളും**

| ക്രമ നം. | കേസ് നമ്പറും വിശദാംശങ്ങളും | അപേക്ഷകന്റെ ആവശ്യം/പ്രാർത്ഥന | വിധി/ഫലങ്ങളും അഭിപ്രായങ്ങളും |
|---|---|---|---|
| **1** | **WP(C) No. 26941/2021 N.R.ജോൺസൻ vs സ്റ്റേറ്റ്** ഓഫ് കേരള വിഷയം: **OTR** | **OTR 68%** ൽ നിന്ന് **64.5%** ആയി കുറച്ച് കേരള സർക്കാരിന്റെ **18.8.2018** ലെ ഉത്തരവ് മില്ലുകാർക്ക് അനുകൂലമാണെന്ന് ആരോപിച്ചു കൊണ്ട് തർക്കമുന്നയിച്ചു. | ഇന്ത്യാ ഗവണ്മെന്റും കേരള സർക്കാരും തമ്മിലുള്ള ധാരണാപത്രം അനുസരിച്ച് ഇന്ത്യാ ഗവണ്മെന്റിൽ നിന്നും മുൻകൂർ അനുമതി വാങ്ങാത്തതിനാൽ ബഹു. ഡിവിഷൻ ബഞ്ച് കേരള സർക്കാർ ഉത്തരവ് റദ്ദാക്കി. ഉത്തരവിനെതിരെ കേരളസർക്കാർ / മില്ലുടമകൾ ഫയൽ ചെയ്ത റിവിഷൻ ഹർജിയും **01-12-2022** ൽ റദ്ദാക്കി. ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് മില്ലുടമകൾക്ക് നഷ്ടപരിഹാരം ചെയ്യണമെന്നുള്ള സംസ്ഥാനത്തിന്റെ തീരുമാനത്തിൽ ഇടപെടാൻ ആഗ്രഹിക്കുന്നില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. |
| അഭിപ്രായങ്ങൾ: ധാരണാപത്രം അനുസരിച്ച് ഇന്ത്യാ ഗവണ്മെന്റ് **OTR** പുതുക്കുന്നത് അംഗീകരിച്ചിട്ടില്ലാത്തതിനാൽ **68%** ത്തിന് നിയമസാധുതയുണ്ട്. പ്രത്യക്ഷത്തിൽ, ഇന്ത്യാഗവണ്മെന്റ് ശാസ്ത്രീയമായി പരിശോധിച്ചതും നിശ്ചയിച്ചിട്ടുള്ളതുമായ **68% OTR** അവലംബിക്കുന്നതിന് കേരളസർക്കാരിനെ നിയന്ത്രിക്കുന്ന നിയമപരമായ സ്ഥിതികളൊന്നുമില്ലാത്തതും, ഏതെങ്കിലും കുറവ് വരുത്തുന്നത് സംസ്ഥാനം മില്ലുടമകൾക്ക് സബ്സിഡി നല്കേണ്ടതായി വരുന്നതുമാണ്. മില്ലുടമകൾക്ക് നഷ്ടപരിഹാരം നല്കാനുള്ള തീരുമാനത്തിൽ ഇടപെടാത്തതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ: നഷ്ടപരിഹാരം നഷ്ടത്തിനും **OTR** കുറയ്ക്കുന്നത് ഏതെങ്കിലും സ്ഥിരീകരിക്കാവുന്നതും പരിശോധിക്കാവുന്നതും ശാസ്ത്രീയമായതുമായ ടെസ്റ്റ് മില്ലിങ് ഫലങ്ങളെ അടിസ്ഥാനമാക്കിയും അല്ലെന്ന് റിപ്പോർട്ട് ചെയ്യുന്നു. സംഭരണസമയത്ത് മില്ലുടമകൾ/ഏജന്റുമാർ ഉയർന്ന നിരക്കിൽ നിർബന്ധിതമായി കിഴിവ് ഈടാക്കുന്ന സംവിധാനം **68% OTR** നേടുന്നതിനുള്ള ഏതെങ്കിലും ഗുണനിലവാര പ്രശ്നങ്ങൾക്ക് നഷ്ടപരിഹാരം ചെയ്യുന്നതിനാണ്. കൂടാതെ, വീണ്ടും നഷ്ടപരിഹാരം ചെയ്യുന്നതിനായി, മില്ലുടമകളിൽ നിന്ന് അരി സ്വീകരിക്കുമ്പോൾ സി എം ആർ-ൽ **14%** വരെയുള്ള ഈർപ്പം അനുവദിച്ചിട്ടുമുണ്ട്. ആവശ്യമെങ്കിൽ, കേരളസർക്കാരിന്, അഡ്വ. ജനറൽ / നിയമവകുപ്പിൽ നിന്ന് പൂർണ്ണമായ നിയമസ്ഥിതി ലഭ്യമാക്കാവുന്നതും അതനുസരിച്ച് തുടരുകയും ചെയ്യാവുന്നതാണ്. | | | |
| **2** | **W.P.(C) 26537 of 2022** കേരള അരിമില്ലുടമകളുടെ അസോസിയേഷൻ **vs** കേരള സ്റ്റേറ്റ് തുടങ്ങിയവർ വിഷയം **OTR**-ഉം സംസ്കരണ | **OTR 68%** ത്തിൽ നിന്ന് **64.5%** ആയി കുറച്ചുകൊണ്ടുള്ള കേരള സർക്കാർ ഉത്തരവ് കണക്കിലെടുത്ത് മില്ലുടമ-സപ്ലൈകോ കരാറിന്റെ | കേസ് തീർപ്പാക്കിയിട്ടില്ല. തുടർ നടപടികൾക്കായി കേരള സർക്കാരിന് പ്രസക്തമായ എല്ലാ വ്യവസ്ഥകളും പരിശോധിച്ച്, |

| | | | |
|---|---|---|---|
| | ചെലവുകളും | ഖണ്ഡം 36 ൽ OTR 64.5% എന്ന് പരാമർശിക്കുന്നുണ്ട്. ഇതിനെതിരെ ഇപ്പോൾ സപ്ലൈകോ 68% ആവശ്യപ്പെടുന്നത് കേരള സർക്കാരിന്റെ യഥാർത്ഥ ഉത്തരവ് ബഹു: ഹൈക്കോടതി റദ്ദ് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്. തടഞ്ഞുവച്ചിരിക്കുന്ന സംസ്കരണ ചാർജ്ജുകൾ വിട്ടുകൊടുക്കുന്നതിന് സപ്ലൈകോയ്ക്ക് നിർദ്ദേശം നല്കികൊണ്ട് ഒരു റിട്ട് പുറപ്പെടുവിക്കണമെന്നും അപേക്ഷയുണ്ട് | കരാർ നിയമപരമായി സൂക്ഷ്മപരിശോധന നടത്താവുന്നതാണ്. |
| 3 | WP(C) 16884/2015 മടിയപ്പാടം പാടശേഖര സമിതി തുടങ്ങിയവർ vs കേരള സംസ്ഥാനം വിഷയം ലോഡിങ് ചാർജ്ജുകൾ | അത്തരം ചാർജ്ജുകൾ കരാറുകാരൻ /മില്ലുടമകൾ നല്കേണ്ടപ്പോൾ ഏജന്റുമാർ അനധികൃതമായി കർഷകരിൽ നിന്ന് ലോഡിങ് അണ് ലോഡിങ് ചാർജ്ജുകൾ ഈടാക്കുന്നു | ഒരു മാസത്തിനകം തീരുമാനമെടുക്കണമെന്ന് ബഹു. ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചു. കൂടാതെ, നെല്ല് സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതും ഏകീകൃത ലോഡിങ് ചാർജുകളുടെ വിജ്ഞാപനവും പരിഗണിക്കണമെന്നും. ഒരു റിവിഷൻ പെറ്റിഷൻ തീർപ്പു കല്പിക്കാനുണ്ട്. |
| 4 | W.P.(C) No. 14960/2020 ജസ്സിമോൾ ഫിലിപ്പ് vs കേരള സംസ്ഥാനവും മറ്റുള്ളവരും കർഷകരിൽ നിന്നും ഏജന്റുമാർക്ക് കിഴിവ് | മില്ലുടമകൾ ഒരു ക്വിന്റലിന് 15 കിലോഗ്രാം എന്ന അമിതമായി "കിഴിവ്" ചെയ്തു, ആവശ്യമായ നിയന്ത്രണങ്ങൾ രൂപപ്പെടു ത്തി നിരോധിക്കാനോ/ ക്രമപ്പെടുത്താനോ കേരള സർക്കാരിന് നിർദ്ദേശം നല്കാ നും, വിളവെടുപ്പ് കഴിഞ്ഞ് 30 ദിവസ ത്തിനുള്ളിൽ സംഭരണം പൂർത്തിയാക്കാനും അപേക്ഷിച്ചു. | കേസ് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ് |
| 5 | WP.(C) No. 8086/2023 പ്രഭാകരൻ vs ഇന്ത്യൻ യൂണിയനും മറ്റുള്ളവരും വിഷയം- പി ആർ എസ്-ന് എതിരായ വായ്പകൾ | ഹർജിക്കാരൻ ആക്ഷേപമുന്നയിച്ചിരിക്കുന്നത്, കർഷകരുടെ നെല്ലിന്റെ വില ലഭിക്കാൻ സഹകരണ ബാങ്കിൽ നിന്ന് വായ്പയെടുക്കാൻ അവരെ നിർബന്ധിക്കുന്നതിനെതിരെയാണ്. | കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | ഈ രീതി ഏകപക്ഷീയവും മുൻ വിധിയോടു കൂടിയുള്ള തുമാണെന്ന് കാണുന്നു. ഫോമുകൾ (പിആർഎസ് വായ്പാ അപേക്ഷ) സമർപ്പിച്ച വായ്പ എടുക്കാൻ നിർബന്ധി ക്കാതെ തന്നിൽ നിന്ന് സംഭരിച്ച നെല്ലിന്റെ വില നല്കാനുള്ള നിർദ്ദേശങ്ങൾ നല്കണമെന്ന് ഹർജിക്കാരൻ അപേക്ഷിച്ചു. | |
| 6 | WP(C) No. 30251/2023(1)<br>കെ.മോഹൻ & മറ്റുള്ളവരും vs കേരള സംസ്ഥാനം & മറ്റുള്ളവർ<br>വിഷയം- നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പരാതികൾ | • MSP-യെയും SIB-യെയും ബാധിക്കുന്ന കൃഷിച്ചെലവ് കണക്കാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം<br>• വിളവെടുത്ത നെല്ല് ശേഖരിക്കുന്നതിലെ കാലതാമസം<br>• പെയ്മെന്റുകളുടെ വൈകിയ വിതരണം<br>• നെല്ലിന് അശാസ്ത്രീയമായ ഈർപ്പപരിധി<br>• സർക്കാർ കർഷകരെ അവരുടെ ക്രഡിറ്റ് സ്കോറുകൾക്ക് ബാധകമാകുന്ന അവർക്കവകാശപ്പെട്ട പണത്തിന്റെ കടക്കാരായി കണക്കാക്കുന്നത്<br>• സംസ്ഥാന ബഡ്ജറ്റിൽ നെല്ല് സംഭരണത്തിന് ഫണ്ട് അനുവദിക്കാത്തത്<br>• ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ നെല്ലിന്റെ 2016-17 മുതലുള്ള വിലയുടെ പുനർ നിർണ്ണയം | കേസ്, ബഹു. ഹൈക്കോ ടതിയുടെ പരിഗണനയിലാണ് |

പ്രധാന വ്യവഹാരങ്ങൾ OTR-മായി ബന്ധപ്പെട്ടതാണ്; ഏജന്റുമാരുടെ പങ്കും സംഭരണ സമയത്ത് ക്ലെയിം ചെയ്യുന്ന അനധികൃത കിഴിവ് സംവിധാനവും ലോഡിങ് അൺ ലോഡിങ് പ്രശ്നങ്ങളും പി ആർ എസി-നെതിരായ വായ്പയും, നിർഭാഗ്യവശാൽ നിയമങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും മാനദണ്ഡങ്ങളുടെയും അഭാവം, മോശമായ മേൽനോട്ടവും നിയന്ത്രണ നിർവഹണവും, വ്യവഹാര ത്തിനുള്ള ഒരു വിളനിലമാക്കുന്നു. സംഭരണ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട തന്ത്രത്തിൽ ഇനിപ്പറയുന്നവ ഉൾക്കൊള്ളുന്നു. (1) വ്യവഹാര

സാധ്യതകൾ കുറയ്ക്കുന്നതിനായി റോളുകൾ, ചുമതലകൾ, ഉത്തരവാദിത്തങ്ങൾ, മാനദണ്ഡങ്ങൾ എന്നിവ വ്യക്തവും, നിലവാരം പുലർത്തുന്നതും, സുതാര്യവും ആയി സജ്ജമാക്കുക.

(ii) വ്യവഹാരം ഉണ്ടാകുന്ന സാഹചര്യത്തിൽ, ശക്തമായ പ്രതിരോധം സൃഷ്ടിക്കുന്നതിനായി തെളിവുകളും പൂർവകാലരേഖകളും സജ്ജമാക്കുകയും എല്ലാ പ്രക്രിയകളും സൂക്ഷ്മമായി രേഖപ്പെടുത്തുകയും ചെയ്യുക.

(iii) ഉത്തരവാദിത്ത ഉദ്യോഗസ്ഥർ എല്ലാ കോടതി കേസുകളും ഓൺ ലൈനിൽ പിന്തുടരുകയും നിരീക്ഷിക്കുകയും ചെയ്യുക. വിവിധ കോടതികളിലെ പ്രതിവാദങ്ങളും നടപടികളും നിരീക്ഷിക്കുകയും ചെയ്യുക (iv) ചെറിയ സമ്പാദ്യങ്ങൾക്ക് ഗണ്യമായ നഷ്ടമുണ്ടാക്കാൻ സാധിക്കു മെന്നതിനാൽ ആവശ്യമെങ്കിൽ ഉയർന്ന നിലവാരമുള്ള നിയമവൈദഗ്ധ്യം പുറം കരാറി ലെടുക്കുകയും ചെയ്യുക. ഉദാഹരണത്തിന്, വിവരങ്ങൾ പ്രകാരം മില്ലുടമകളുടെ ഗുരുതരമായ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുകയും നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. എന്നിരു ന്നാലും ദുർബ്ബല മായ തുടർനടപടികളും തെളിവുകൾ നിർമ്മിക്കുന്നതിലെ പോരായ്മകളും കേസ് തോല്ക്കുന്നതി നിടയായിട്ടുണ്ട്. നിലവിൽ കേസുകൾ മാന്വലായി ട്രാക്ക് ചെയ്തു വരുന്നത് നിരവധി അപകടസാധ്യതകളിലേക്ക് നയിക്കുന്നു എന്ന് റിപ്പോർട്ടുണ്ട്. ശുപാർശ ചെയ്തത് പോലെ കേരളസർക്കാർ, മാനദണ്ഡപ്രകാരവും, സുതാര്യവും വിവേചനപരമല്ലാത്തതും പരിശോധിക്കപ്പെ ടാവുന്നതുമായ സംഭരണ പ്രക്രിയയാണ് സ്വീകരിക്കുന്നതെങ്കിൽ വ്യവഹാരത്തിനുള്ള സാധ്യത ഗണ്യമായി കുറയ്ക്കുവാൻ കഴിയും.

### 4.0 നിലവിലെ സംഭരണ സംവിധാനങ്ങൾ നവീകരിക്കുന്നതിനുള്ള തന്ത്രങ്ങൾ

### 4.1 മികച്ച രീതികളും പഠിച്ചപാഠങ്ങളും

കംട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (CAG) റിപ്പോർട്ട് പ്രകാരം എല്ലാ സംസ്ഥാനങ്ങളിലെയും നെല്ല് സംഭരണത്തിന് വ്യത്യസ്ത അളവിലുള്ള പ്രശ്നങ്ങളും വെല്ലുവിളികളും ഉണ്ട്.[11] സംഭരണ ലക്ഷ്യങ്ങളിലെ കുറവ്, കർഷകർക്ക് പണം നല്കുന്നതിലുള്ള പോരായ്മകൾ, കർഷകരെ തിരിച്ചറിയുന്നതിലും സംഭരിച്ച നെല്ലിന്റെ ഗുണനിലവാരത്തിലുമുള്ള പോരായ്മകൾ, ഫെയർ ആവറേജ് ക്വാളിറ്റി (FAQ) ഉൾപ്പെടെ ഇന്ത്യാഗവണ്മെന്റ് മാനദണ്ഡങ്ങളും 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർസ് ആക്ട് (FSSA)[12] മാനദണ്ഡങ്ങളും പാലിക്കാത്തത്, ഇടനിലക്കാരുടെ സാന്നിധ്യം, അഴിമതി, തെറ്റായ സാക്ഷ്യപ്പെടുത്തൽ, ഇളവ് വരുത്തിയ ഒ റ്റി ആർ-ഉം സിഎംആർ ഗുണ നിലവാ രവും അനുസരിച്ച് മില്ലുടമകൾക്കുള്ള അധിക പേയ്മെന്റ്, ഉപോൽപ്പന്നങ്ങളുടെ മൂല്യ നിർണ്ണയം നടത്താത്തത് എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ട്.

എന്നിരുന്നാലും ഇന്ത്യയിലുടനീളമുള്ള സംസ്ഥാനങ്ങളിൽ നിരവധി നവീകരണങ്ങളും മികച്ച സമ്പ്രദായങ്ങളുമുണ്ട്, കൂടാതെ പഠിച്ച പാഠങ്ങൾ കേരളത്തിലെ ഡി പി എസ് നവീകരിക്കുന്നതിന് മാർഗ്ഗ ദർശിയാകും. പഠനത്തിന്റെ ഭാഗമായി, ഒഡീഷയിലേയും തെലങ്കാനയിലേയും അധികാരികളുമായി കമ്മിറ്റി കൂടിയാലോചനകൾ നടത്തുകയും, ഈ സംസ്ഥാനങ്ങൾ റിപ്പോർട്ടു ചെയ്ത മികച്ച സമ്പ്രദായങ്ങൾ ഇനിപ്പറയുന്നവയാണ് (അനുബന്ധം 6).

[11] "2015-ലെ 31-ാം നമ്പർ റിപ്പോർട്ട്" കേന്ദ്രപൂളിലേയ്ക്കുള്ള നെല്ലിന്റെ സംഭരണത്തിലും മില്ലിംഗിലുമുള്ള പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്

[12] ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡാർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യാ, ആക്ട് 2006

**എ. ഒഡീഷയിലേയും തെലങ്കാനയിലേയും സംസ്ഥാന സർക്കാരുകളുടെ ഭക്ഷ്യ-സംഭരണ നയത്തിന്റെ വാർഷിക പ്രസിദ്ധീകരണം**

ബി. ഓൺ ലൈൻ കർഷക രജിസ്ട്രേഷൻ ഉൾപ്പെടെ മുഴുവൻ നെല്ല് സംഭരണ പ്രക്രിയയുടെയും ഡിജിറ്റൈസേഷൻ: യഥാർത്ഥ കർഷകർ മാത്രമേ ഈ പ്രക്രിയയുടെ ഭാഗമാകുന്നുള്ളൂ എന്ന് ഉറപ്പു വരുത്താൻ ആധാർ അടിസ്ഥാനമാക്കിയ ബയോമെട്രിക് ഓതന്റിക്കേഷനുശേഷം മാത്രമാണ് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നത്. ഒഡീഷയെപ്പോലെ, ഓൺ ലൈൻ പ്രൊക്യൂർമെന്റ് മാനേജ്മെന്റ് സംവിധാനം (OPMS), ആധാർ നമ്പർ ഉപയോഗിച്ച് കൃഷി വകുപ്പിന്റെ ഡാറ്റാ ബെയ്സുമായി സംയോജിപ്പിച്ചുള്ളതും, അത് ഒപിഎംഎസ് സംവിധാനത്തിലേക്ക് ആവശ്യമായ എല്ലാ പ്രവർത്തനതലങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നു.

സി. കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ ശാസ്ത്രീയമായ വിലയിരുത്തൽ: സംസ്ഥാനത്തെ നെല്ല് ഉൽപ്പാദിപ്പിക്കുന്ന പ്രദേശങ്ങളിൽ വിളയുള്ള പ്രദേശത്തിന്റെ സാധൂകരണത്തിനായി ഒഡീഷ ഉപഗ്രഹ ഇമേജറി സംവിധാനം സ്വീകരിച്ചു. 2021-22 ൽ 109.5 കോടി രൂപയുടെ ലാഭം കണക്കാക്കിയ 38000 ഏക്കർ വ്യാജപ്ലോട്ടുകൾ കണ്ടെത്താൻ ഇത് സംസ്ഥാനത്തെ സഹായിച്ചു. കേരളം ഏറ്റവും കുറഞ്ഞ താങ്ങുവിലയ്ക്ക് (MSP) മുകളിൽ നെല്ല് സംഭരിക്കുന്ന കർഷകർക്ക് സ്റ്റേറ്റ് ഇൻസന്റീവ് ബോണസ് (SIB) നല്കുന്നതിനാൽ, ഡിജിറ്റൽ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കൃഷിയിറക്കിയിട്ടുള്ള പ്രദേശങ്ങളുടെ പരിശോധന നടത്തുന്നത് പ്രാധാന്യമർഹിക്കുന്നു.

ഡി. വിള കണക്കാക്കൽ:- ഒഡീഷയിൽ ജലസേചനമുള്ളതും ജലസേചനമില്ലാത്തതുമായ ഭൂമിയിൽ രണ്ടു സീസണുകളിലും ഒരേക്കറിലുള്ള നെല്ലിന്റെ വിളവ്, കൃഷിവകുപ്പിന്റെ സഹായത്തോടെ ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ട്, അതായത്, യഥാർത്ഥ സംഭരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും, ഫാർമർ രജിസ്ട്രേഷൻ സിസ്റ്റത്തിൽ (FRS) അപ്ഡേറ്റ് ചെയ്യുന്നതിനും മുമ്പ്. അന്തിമമാക്കിയ വിളനിരക്കിലും, സിസ്റ്റത്തിൽ നിന്നുള്ള ഇൻപുട്ട് അടിസ്ഥാന ത്തിലും രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതാണ്. ഇത്, ഓരോ സംഭരണ സൊസൈറ്റികൾക്കും ഒരു സീസണിൽ അവരുടെ കേന്ദ്രങ്ങളിലേക്കുള്ള നെല്ലിന്റെ ഒഴുക്ക് മുൻകൂട്ടി വിലയിരുത്തുന്നതിനുള്ള മാസ്റ്റർ ഫാർമർ രജിസ്റ്റർ ഉണ്ടാക്കുവാൻ സഹായിക്കുന്നതാണ്.

ഇ. നെല്ല് സംഭരണകേന്ദ്രങ്ങൾ (PPCs): ഈ രണ്ടു സംസ്ഥാനങ്ങളിലും, കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ നിയുക്ത നെല്ല് സംഭരണകേന്ദ്രങ്ങളിൽ എത്തിക്കുകയും അതിന്റെ വിശദാംശങ്ങൾ മുൻകൂട്ടി അവർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ഈ സംസ്ഥാനങ്ങളിൽ പ്രാഥമിക കാർഷിക ക്രഡിറ്റ് സൊസൈറ്റികൾ (PACS)/വൻകിട ആദിവാസി വിവിധോദ്ദേശ സൊസൈറ്റികൾ (LAMPS) വനിതാ സ്വയം സഹായഗ്രൂപ്പുകൾ അല്ലെങ്കിൽ ഏജന്റുമാരായി മറ്റ് ഗ്രൂപ്പുകൾ നെല്ല് സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നു. ശരാശരിയിൽ തെലങ്കാനയും ഒഡിഷയും ഒരു വർഷത്തിൽ ഉൽപ്പാദന കേന്ദ്രങ്ങ ൾക്ക് സമീപം സ്ഥിതിചെയ്യുന്ന യഥാക്രമം 7000 വും 4000 വും വീതം പിപിസികൾ പ്രവർത്തിപ്പിക്കുന്നു. ഈ പി പി സികൾ ഫെയർ ആവറേജ് ക്വാളിറ്റി (FAQ) മാനദണ്ഡങ്ങളെക്കുറിച്ച് കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുകയും അങ്ങനെ പിപിസിയിൽ വൃത്തിയുള്ളതും ഉണങ്ങിയതുമായ നെല്ല് മാത്രമാണ് വരുന്നതെന്ന് ഉറപ്പിക്കുകയും ചെയ്യും. പി പി സികൾക്ക് നെല്ലിന്റെ ഗുണനിലവാരം കണക്കാക്കുന്നതിനും ആവശ്യമെങ്കിൽ ശേഖരിക്കുന്നതിനും ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും അല്ലെങ്കിൽ ഉപകരണങ്ങളും ഉണ്ടായിരിക്കുന്നതാണ്.

| **ബോക്സ് 4.1 നെല്ല് വാങ്ങൽ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങളും, ഉപകരണങ്ങളും, സൂക്ഷിച്ചിട്ടുള്ള രേഖകളും** | |
|---|---|
| 1. മതിയായ ഗുദാം സൗകര്യം | വാങ്ങൽ കേന്ദ്രങ്ങളിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും രജിസ്റ്ററുകളും |
| 2. ഗതാഗതത്തിനുള്ള റോഡുകൾ<br>3. തൂക്കം നോക്കുന്ന സ്കെയിൽ മാന്വലും (ഇലക്ട്രോണിക്കും മാന്വലും)<br>4. ഈർപ്പ മീറ്റർ<br>5. സാമ്പിൾ ഡിവൈഡർ<br>6. അനാലിസിസ് കിറ്റ്<br>7. അരിപ്പയുടെ സെറ്റുകൾ<br>8. പാർഖി<br>9. സാമ്പിൾ ശേഖരിക്കുന്ന പാത്രം<br>10. മിനി ഗ്രേഡർ/പാഡിക്ലീനർ<br>11. പോളിത്തീൻ ബാഗ്<br>12. ടാർപാളിൻ/പോളിത്തീൻ ഷീറ്റ്<br>13. കാത്തിരിപ്പ് ഇടം<br>14. കുടിവെള്ള സൗകര്യം<br>15. ടോയ്‌ലറ്റ് സൗകര്യം<br>16. തുറന്നത്/മൂടിയ പ്ലാറ്റ്ഫോം 20'x30' വലിപ്പമുള്ളത് | 1 നെല്ല് സ്റ്റോക്ക് രജിസ്റ്റർ<br>2. നെല്ല് ഡിസ്പാച്ചർ<br>3. മില്ലുടമകളുടെ കൺട്രോൾ രജിസ്റ്റർ (നെല്ല്)<br>4. മില്ലുടമകളുടെ അതോറിറ്റി സ്ലിപ്പ് (MAS)<br>5. സൊസൈറ്റി അതോറിറ്റി സ്ലിപ്പ്<br>6 കടത്ത് പാസ്-കം-നെല്ല് സ്വീകരണ കുറിപ്പ്<br>ഈ രജിസ്റ്ററുകൾ/രേഖകൾ സിസ്റ്റം ജനറേറ്റ് ചെയ്തതാണ്. മാന്വലായ രജിസ്റ്റർ/രേഖകൾ ഒന്നും ഉണ്ടാകില്ല. അതുകൊണ്ട് PACS/ സൊസൈറ്റികൾ അങ്ങനെ യുള്ള എല്ലാ രജിസ്റ്ററുകളുടെയും/രേഖകളുടെയും ഹാർഡ് കോപ്പി ഭാവിയിലുള്ള എല്ലാ ആവശ്യങ്ങൾക്കും വേണ്ടി ബൗണ്ട് ബുക്ക് രൂപത്തിൽ സംരക്ഷിക്കേണ്ടതാണ്. വില്പന രസീതുകളിലുള്ള കർഷകരുടെ ഒപ്പ് ദ്വിവിധ മായും ഒരു പകർപ്പും PACS/സൊസൈറ്റികൾ സംരക്ഷി ക്കേണ്ടതാണ്. |

അവലംബം- വികേന്ദ്രീകൃത സംഭരണ പദ്ധതിയിൽ കുത്തരി / മട്ടയരിയുടെ സംഭരണത്തിനും വിതരണ ത്തിനും നല്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ. ഒഡിഷാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, 2021

**എഫ്. സമയബന്ധിതമായി കർഷകർക്ക് പണം കൊടുക്കൽ**

PACS/LAMPS പോലുള്ള ഏജൻസികൾ PPC-കൾ നടത്തു ന്നതിനാൽ ഈ PPC-കൾ കർഷകർക്ക് വേഗത്തിൽ പണം കൊടുക്കുന്നതും ഉറപ്പാക്കുന്നു. ചർച്ചക്കിടയിൽ റിപ്പോർട്ട് ചെയ്തപോലെ ഒഡിഷയിൽ സിസ്റ്റം വഴി വെണ്ടർ രസീത് ജനറേറ്റ് ചെയ്ത് 24 മുതൽ 48 മണിക്കൂറിനുള്ളിൽ കർഷകന്റെ ബാങ്ക് അക്കൗണ്ടി ലേക്ക് പണം ക്രഡിറ്റ് ചെയ്യപ്പെടു കയും 7 ദിവസത്തിൽ കൂടാതെ ബാങ്ക് അക്കൗണ്ടിൽ നിന്നും പണം കൊടുക്കു കയും ചെയ്യുന്നു.

**ബോക്സ് 4.2-** വികേന്ദ്രീകൃത സംഭരണം - മിൽമ വഴി കാണിക്കുന്നു-

നെല്ല് സംഭരണത്തിനുള്ള ഏറ്റവും പ്രസക്തവും മികച്ചതുമായ രീതി കേരളത്തിൽ തന്നെയുള്ള പാലുല്പ്പാദനത്തിലും സംഭരണത്തിലും വിതരണ ത്തിലും നിന്നാണ്. കേരളത്തിൽ പ്രതിവർഷം ഉത്പാദി പ്പിക്കുന്ന നെല്ലിന്റെ നാലിരട്ടിയോളം വരുന്ന 25.34 ലക്ഷം മെട്രിക് ടൺ ഉത്പാദനമുള്ള സംസ്ഥാനം ഉപഭോക്താക്ക ളുടെയും ഉത്പാദക രുടെയും താല്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ട് സംസ്ഥാനത്തിന് യാതൊരു സാമ്പത്തിക ഭാരവുമി ല്ലാതെ സഹകരണ മേഖല കൈകാര്യം ചെയ്യുന്നു. കേരള സർക്കാരിന് മിൽമയിൽ നിന്നുള്ള പ്രധാന പാഠങ്ങളുടെ വിശകലനം നടത്താവുന്നതും DPs സിസ്റ്റത്തിൽ, പ്രസക്തവും സാന്ദർഭികവുമായവ ഉൾപ്പെടുത്തുകയും ചെയ്യാവുന്നതുമാണ്.

**ജി. മില്ലുകൾക്ക് PPC അനുവദിക്കൽ.** ഓരോ സംഭരണ സീസന്റെ തുടക്കത്തിലും എസ്റ്റിമേറ്റ് ചെയ്ത വരവു കളുടെ അളവ് സോഫ്റ്റ് വെയർ സംവിധാനം മുൻകൂട്ടി വിലയിരുത്തിയതിനാൽ ഓരോ PPC യും ഏറ്റവും കുറഞ്ഞ ഗതാഗത ചെലവ് വരുന്ന രീതിയിൽ ഒരു അരിമില്ലിലേക്ക് ടാഗ് ചെയ്യ പ്പെടുന്നതാണ്. അലോട്ട്മെ ന്റിന്റെ മറ്റു ഘടകങ്ങളായ മില്ലിങ് ശേഷി സംഭരണ ശേഷി, മുൻകാല പ്രകടനം, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തുടങ്ങിയവയെല്ലാം ഏറെക്കുറെ സപ്ലൈകോ സ്വീകരിച്ചവയ്ക്ക് സമാനമാണ്. ഒഡിഷ, ദൂരം, ഗതാഗതം ഗതാഗത നഷ്ടം എന്നിവ കുറയ്ക്കുന്നതിനായി,

നെല്ല് വാങ്ങൽ കേന്ദ്രങ്ങൾ അരിമില്ലുകൾ, സംസ്ഥാന ഗോഡൗണുകൾ, ന്യായ വിലകടകൾ എന്നിവയുടെ ജിയോ-കോർഡിനേറ്ററുകൾ പിടിച്ചെടുക്കുകയും മാപ്പ് (Map) ചെയ്യുകയും ചെയ്യുന്ന ഒരു MMDF (മണ്ഡി-മിൽ-ഡിപ്പോ-ന്യായ വില കടകൾ) ആപ്ലിക്കേഷൻ നടപ്പിലാക്കി.

**എച്ച്. പ്രക്രിയയിൽ സ്വതന്ത്ര താല്പര്യക്കാരുടെ പങ്കാളിത്തം:-** ഈ രണ്ട് സംസ്ഥാനങ്ങളിലും ഒത്തുകളിലും ചോർച്ചയും തടയുന്നതിനുള്ള പ്രക്രിയയിൽ നിരവധി സ്വതന്ത്ര താല്പര്യക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്ന് ശ്രദ്ധയിൽ വന്നു.

**ഐ. ജില്ലാ കളക്ടർമാരുടെ പങ്ക്:-** ഈ രണ്ടു സംസ്ഥാനങ്ങളിലെയും, നെല്ല് സംഭരണ പ്രക്രിയയിൽ ജില്ലാ കളക്ടർമാർ ഒരു പ്രധാന പങ്ക് വഹിക്കുന്നു, പ്രത്യേകിച്ച്, സംഭരണ പദ്ധതികളുടെ അന്തിമരൂപം, PPC-കൾ സ്ഥാപിക്കൽ, അരിമില്ലുകൾ PPC കളുമായി ടാഗ് ചെയ്യുക, ആവശ്യാനുസരണം താല്ക്കാലിക PPC കൾ തുറക്കൽ, സംഭരണത്തിനുള്ള ഗോഡൗണുകളുടെ സജ്ജീകരണം, മില്ലുകളുടെ പരിശോധനയ്ക്ക് ഒരു അംഗീകൃത ഉദ്യോഗസ്ഥനെ നിയമിക്കുക തുടങ്ങിയവ.

സംഭരണത്തിൽ കേരളത്തിന്റെയും മറ്റ് തിരഞ്ഞെടുത്ത സംസ്ഥാനങ്ങളുടെയും പ്രധാന സവിശേഷതകളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള താരതമ്യം അനുബന്ധം 9-ൽ നല്കിയിരിക്കുന്നു.

കൂടിയാലോചന വേളയിൽ നെല്ല് സംഭരിക്കുന്നതിൽ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്ന് പഠിച്ച പാഠങ്ങളും മികച്ച രീതികളും ഉൾപ്പെടുത്താൻ നിർദ്ദേശിച്ചു. അതനുസരിച്ച് ക്രോസ് പഠനത്തിനായി ഒരു ഉദ്യോഗസ്ഥ സംഘത്തെ നിയോഗിക്കാൻ സിവിൽസപ്ലൈസ് കമ്മീഷണർ / സപ്ലൈകോ CMD-യെ അധികാരപ്പെടുത്തി.

**4.2 നിലവിലെ സംഭരണ സമ്പ്രദായം നവീകരിക്കുന്നതിനുള്ള തൂണുകൾ**

**4.21. DPS നവീകരണത്തിന്റെ തൂണുകൾ**

സാമ്പത്തിക ലാഭത്തിനായി സംഭരണ പ്രക്രിയയിൽ മാനദണ്ഡങ്ങൾ ലംഘിക്കപ്പെടുകയാണെങ്കിൽ, വെല്ലുവിളി നേരിടുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം പണാടിസ്ഥാനത്തിലുള്ള ലംഘനങ്ങളെ നിരുത്സാഹപ്പെടുത്തുകയും അനുബന്ധമായി കൃത്യമായ ശിക്ഷാനടപടികൾ പക്ഷപാതരഹിതമായി നടപ്പിലാക്കുകയും ചെയ്യുക എന്നതാണ്. കേരളത്തിലെ സംഭരണം നവീകരിക്കുന്നതിനുള്ള പ്രധാന തൂണുകളിൽ, മറ്റു പലതിനോടുമൊപ്പം, സ്മാർട്ട് സാങ്കേതികവിദ്യകളും എൻഡ്-ടു-എൻഡ് ഡിജിറ്റലൈസേഷനും സ്വീകരിക്കുക, കൂടുതൽ സുതാര്യതയും സ്വമേധയാ വെളിപ്പെടുത്തലും, പ്രവർത്തന വ്യക്തതയും, നടപ്പിലാക്കാവുന്ന ഉത്തരവാദിത്തവും, വിവേചനരഹിതവും നിലവാരം പുലർത്തുന്നതുമായ തീരുമാനമെടുക്കലും, വിശാലാടിസ്ഥാനത്തിലുള്ള പങ്കാളിത്തവും, ഡാറ്റായുടെ സഹായമുള്ള ഡിജിറ്റൈസേഷനും, സപ്ലൈ ചെയിൻ മാനേജ്മെന്റും, എൻഡു-ടു-എൻഡ് ട്രേയ്സബിലിറ്റിയും, സമ്പദ് വ്യവസ്ഥയും കാര്യക്ഷമതയും, അന്തരഫലങ്ങളും പ്രവർത്തന പാതയിലുള്ള തിരുത്തലിനായി പ്രോസസ് ഓഡിറ്റും ഉൾപ്പെടെയുള്ള തത്സമയനിരീക്ഷണം എന്നിവ ഉൾപ്പെടുന്നു. നന്നായി മാനേജ് ചെയ്യുന്ന നെല്ല് സംഭരണ സംവിധാനത്തിന്റെ പ്രധാന സവിശേഷത, കർഷകർക്ക് യഥാസമയം പണം നല്കുക എന്നതാണ്. എന്നിരുന്നാലും കേരളം, മദ്ധ്യപ്രദേശ്, ചത്തീസ്ഗഡ് പോലുള്ള ഏതാനും സംസ്ഥാനങ്ങൾ മാത്രം MSP യ്ക്ക് മുകളിലുള്ള ഇൻസന്റീവ് ബോണസ് നല്കുകയും വർഷങ്ങളായി ഉയർന്ന എസ്ഐബി നല്കുന്ന ഏക സംസ്ഥാനം കേരളവുമാണ്.

#### 4.2.2 ഡിജിറ്റലൈസേഷനും ഡേറ്റാ സഹായമുള്ള തീരുമാനമെടുക്കലും

സംഭരണ സംവിധാനം ഡാറ്റയാൽ നയിക്കപ്പെടുന്നതാണ്, എന്നിരുന്നാലും ഡാറ്റാ സമഗ്രതയുടെയും പൊരുത്തക്കേടിന്റേയും നിർണ്ണായക വിടവുകളുടെയും ഗുരുതരമായ പ്രശ്നങ്ങളുണ്ട്. മൂല്യവത്തായ മുൻകാല വിവരങ്ങളും അനുഭവങ്ങളും പഠനത്തിനായി രേഖപ്പെടുത്തുകയോ തീരുമാനമെടുക്കുന്ന തിൽ സംയോജിപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രത്യക്ഷത്തിൽ, മില്ലുടമകൾ, ട്രാൻസ്പോർട്ടർമാർ, ഏജന്റു മാർ തുടങ്ങിയവരുടെ ട്രാക്ക് റെക്കോർഡ് പോലും അന്വേഷിച്ചിട്ടില്ല. ഡിജിറ്റൈസേഷനിലും ഇ-സംഭരണ ത്തിലും സപ്ലൈകോ ഒരു പുരോഗമനപരമായ പരീക്ഷണം നടത്തി ആവശ്യകതകൾ ഉൾക്കൊള്ളിക്കുന്നതിനായി വർഷങ്ങൾകൊണ്ട് സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും ക്രിയാത്മ കമായി പ്രയോജനപ്പെടുകയും ചെയ്തു. എന്നിരുന്നാലും, ഇതിന് സമഗ്രതയുടെയും സങ്കരണ ത്തിന്റെയും (സോഫ്റ്റ്‌വെയറും മാന്വലുമാണ് രീതികൾ) ഡാറ്റാ പിടിച്ചെടുക്കുന്നതിലുള്ള കാലതാമ സവും (തത്സമയം അല്ലാതെ), കേരളസർക്കാരിന്റെയും ഇന്ത്യാ ഗവണ്മെന്റിന്റേയും PFMS ഉൾപ്പെടെ യുള്ള ഡാറ്റാ ബേസുമായി തടസ്സങ്ങളില്ലാതെ ബന്ധപ്പിച്ചിട്ടില്ലാത്തതും, ക്ലെയിമുകളുടെ യഥാസമയ തീർപ്പാക്കലിന് സൗകര്യപ്പെടുത്താത്തതുമായ നിർണ്ണായ പ്രശ്നങ്ങളുണ്ട്. ഇത്, തുടക്കം മുതൽ അവസാനം വരെയുള്ള പിന്തുടരൽ, തടസ്സങ്ങളില്ലാത്ത പോർട്ടബിലിറ്റി, ഫലപ്രദമായ തീരുമാന പിന്തുണാ ഉപകരണമായി പ്രവർത്തി ക്കുന്നതിനുള്ള സംയോജനം എന്നിവയെ പിന്തുണ യ്ക്കുന്നില്ല. മെച്ചപ്പെടുത്തുന്നതിന് കാര്യമായ സാധ്യതകളുള്ളതും സംഭരണം നവീകരിക്കു ന്നതിന് ശുപാർശ ചെയ്യപ്പെട്ട സാധ്യതകൾ പരിഗണിച്ചുകൊണ്ട് സോഫ്റ്റ്‌വെയറിന് പൂർണ്ണമായ പരിശോധന ആവശ്യ മാണ്. അപ്രകാരം ജനറേറ്റ് ചെയ്യുന്ന ഡാറ്റാ, പൊതുമണ്ഡലത്തിൽ സ്വയമേവ ലഭ്യമാക്കും. ഡിജിറ്റൈ സേഷൻ വെല്ലുവിളികൾ പരിശോധിക്കുന്നതിന് ശ്രീ.സനൽകുമാറും, വാസർ ലാബ്സും കമ്മിറ്റി യിൽ ഉണ്ടായിരുന്നതും റിപ്പോർട്ടുകൾ അനുബന്ധം 6 ലും 7-ലും നല്കുകയും ചെയ്തിട്ടു ള്ളതാണ്.

### 4.3 DPS സോഫ്റ്റ്‌വെയർ സംവിധാനം

#### 4.3.1 നിലവിലുള്ള DPS സോഫ്റ്റ്‌വെയർ സംവിധാനത്തിന്റെ പരിമിതികൾ

നിലവിലുള്ള DPS സോഫ്റ്റ്‌വെയർ 2005 ൽ വികസിപ്പിച്ചെടുത്തതും കാലക്രമേണ കാലഹരണ പ്പെടുകയും ചെയ്തതാണ്. ഇത് ഒന്നിലധികം തവണ പരിഷ്കരിക്കുകയും അതിന്റെ ഫലമായുള്ള ആവർത്തനവും സങ്കീർണ്ണതയും ഡാറ്റയുടെ കൃത്യതയെയും വിശ്വസനീയതയെയും അപകടത്തി ലാക്കുന്നു. ചിതറിക്കിടക്കുന്ന ഇന്റർഫേയ്സും ബുദ്ധിമുട്ടുള്ള നാവിഗേഷനും ഉപയോക്തൃ അനുഭ വത്തെ തടസ്സപ്പെടുത്തുന്നു. കൂടാതെ പ്രമാണീകരണത്തിന്റെ അഭാവം അനൗപചാരിക പരിഹാര ങ്ങൾക്കും കാര്യക്ഷമതക്കുറവിനും കാരണമായി. കാലഹരണപ്പെട്ട സാങ്കേതികവിദ്യയും സുരക്ഷ യിൽ അപകടസാധ്യതകൾ ഉയർത്തുന്നു. മുഴുവൻ വിതരണ ശൃംഖലപ്രക്രിയയിലുമുള്ള സുതാര്യത, ഉത്തരവാദിത്തം പരിശോധനകൾ എന്നിവയുടെ അഭാവം നിലവിലെ DPS സംവിധാനത്തിന്റെ ഒരു പ്രധാന പരിമിതിയാണ്, ഇത് വിവിധ ഘട്ടങ്ങളിൽ ദുരുപയോഗം ചെയ്യുന്നതിനും കൃത്യമങ്ങൾ നടത്തുന്നതിനുമുള്ള വിപുലമായ സാധ്യതകൾക്ക് കാരണമാകുന്നു. മറ്റ് പ്രധാന പരിമിതികളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു.

- അനാവശ്യ ഡാറ്റായിലേക്കും സമഗ്രതയിലേക്കും നയിച്ചുകൊണ്ട് മോഡുലാരിറ്റിയിൽ വിട്ടു വീഴ്ച ചെയ്തു.
- സുരക്ഷാ ഭീഷണികളുടെ അപകടസാധ്യതയും ദുരന്തനിവാരണ സംവിധാനത്തിന്റെ അഭാവ വും.
- തത്സമയ വിവരങ്ങൾ ഉപയോഗപ്പെടുത്തിനുള്ള കഴിവില്ലായ്മ

- വിപുലീകരണത്തിന്റെ അഭാവവും സിസ്റ്റം വികസിപ്പിക്കുന്നതിനും മാനേജ് ചെയ്യുന്ന തിനുമുള്ള വർദ്ധിച്ചുവരുന്ന അധികചെലവും
- ആസൂത്രണം, നിരീക്ഷണം, അപകടസാധ്യത വിലയിരുത്തൽ എന്നിവയ്ക്കുവേണ്ടി തത്സമയ ഡാറ്റാശേഖരണത്തിനായി റിമോട്ട് സെൻസിങ് GIS, GPS നാവിഗേഷൻ IoT തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളുടെ പരിമിതമായ സംയോജനം
- മറ്റ് തല്പരകക്ഷികൾ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സിസ്റ്റങ്ങളുമായുള്ള സംയോജന വെല്ലു വിളികൾ

#### 4.3.2 നിർദ്ദിഷ്ട DPS സോഫ്റ്റ് വെയർ സിസ്റ്റത്തിന്റെ പ്രധാന ഘടകങ്ങൾ

നിലവിലുള്ള സിസ്റ്റത്തിന്റെ പരിമിതികൾ, നിലവിലെ ആവശ്യകതകൾ ഉയർന്നുവരുന്ന സാങ്കേതിക വിദ്യകൾ എന്നിവ കണക്കിലെടുത്ത് A1, ML ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യകൾ എന്നിവ ഉൾപ്പെടുത്തി ഒരു അത്യാധുനിക, സംയോജിത സോഫ്റ്റ്‌വെയർ-ആസ്-എ-സർവീസ് (Saas) നിർദ്ദേശി ക്കപ്പെടുന്നു. A1, Ml ബ്ലോക്ക് ചെയിന് സാങ്കേതികവിദ്യകൾ DPS സോഫ്റ്റ്‌വെയറിൽ സമന്വയി പ്പിക്കുന്നതിലൂടെ തീരുമാനമെടുക്കുന്നവർക്ക് തത്സമയ-വിശ്വസനീയ ഡാറ്റായിലേക്കും, വിവരങ്ങൾ വ്യക്തമാക്കിയും കാര്യക്ഷമവുമായ തീരുമാനമെടുക്കുന്നതിന് സഹായകമായ ഉൾക്കാഴ്ചകളിലേക്കു എത്തുന്നതിന് സാധിക്കും.

ഇതിന്റെ പ്രധാന സവിശേഷതയിൽ സാങ്കേതികവിദ്യ പ്രവർത്തനക്ഷമത, ഡാഷ് ബോർഡുകൾ, റിപ്പോർട്ടുകൾ, ആസൂത്രണം, തീരുമാന പിന്തുണാസംവിധാനം എന്നിവ ഉൾപ്പെടുന്നു.

##### 4.3.2.1 സാങ്കേതികവിദ്യ

- വെബ്, മൊബൈൽ പ്ലാറ്റ്ഫോമുകൾക്ക് അനുയോജ്യമായ പ്രതികരണശേഷിയുള്ളതും നൂതന വുമായ സോഫ്റ്റ്‌വെയർ വികസിപ്പിക്കുക, മികച്ച ഉപയോക്തൃ അനുഭവങ്ങൾക്കായി അവബോധ ജന്യമായ UI/UX രൂപകല്പനയ്ക്ക് മുൻഗണന നല്കുക
- ഭൂമിശാസ്ത്രപരമായ വിവരസംവിധാനത്തിന്റെ അടിസ്ഥാനത്തിൽ (GIS-based) സ്ഥലസംബന്ധി യായ പരിഹാരങ്ങളും, ഇന്റർനെറ്റ് ഓഫ് തിംഗ്സും (IOT) നടപ്പിലാക്കുന്നതിന് AI, MI ബ്ലോക്ക് ചെയിൻ രീതിശാസ്ത്രങ്ങൾ സംയോജിപ്പിക്കുക. ഒഡീഷ ഒരു ശ്രദ്ധേയമായ ഉദാഹരണമാണ്, പ്രത്യേകിച്ച് സമഗ്രമായ ട്രെയ്സബിലിറ്റിക്കായി ബ്ലോക്ക് ചെയിൻ നടപ്പിലാക്കുകയും, ശക്തമായ ഡാറ്റാ സുരക്ഷാ ഉറപ്പാക്കുകയും ചെയ്യുന്ന കാര്യത്തിൽ
- ബയോമെട്രിക് തിരിച്ചറിയൽ, ഒറ്റിപി അടിസ്ഥാനത്തിലുള്ള ലോഗിൻ എന്നിവ ഉപയോഗിച്ച് സുരക്ഷാനടപടികൾ ശക്തിപ്പെടുത്തുക
- സുതാര്യതയ്ക്കും ഡാറ്റാ സാധൂകരണത്തിനുമായി ആധാറും PAN ഉം സംയോജിപ്പിക്കുക
- തത്സമയ ഡാറ്റാ പങ്കിടൽ, എൻഡ്-ടു-എൻഡ് ട്രെയ്സബിലിറ്റി, കാര്യക്ഷമത എന്നിവയ്ക്കായി ലോജിസ്റ്റിക്സും IoT യും യാന്ത്രികമാക്കുന്നതിന് ജിയോടാഗിംഗും ക്യൂ ആർ കോഡും ഉപയോഗിക്കുക
- ഭാവിയിലെ സംയോജന ആവശ്യങ്ങൾക്കായി സ്വതന്ത്ര പ്രോഗ്രാമിങ് ഭാഷകളും സമഗ്രമായ ഡോക്യുമെന്റേഷൻ, അനുനയം എന്നിവ ഉപയോഗിക്കുക.

#### 4.3.2.2 പ്രവർത്തനങ്ങൾ

- സമയബന്ധിതമായി പി ആർ എസും (Paddy Receipt sheet) മറ്റ് രസീതുകളും സൃഷ്ടിച്ചു കൊണ്ടും, കർഷകർക്കും മറ്റ് താല്പര്യക്കാർക്കും നൽകാനുള്ള കാലതാമസം വന്ന പേയ്മെന്റും, പലിശ ചെലവും ഉൾപ്പെടെയുള്ള പേയ്മെന്റുകൾ രേഖപ്പെടുത്തി കൊണ്ടും DPS-ന്റെ പ്രവർത്തനം കാര്യക്ഷമവും, സുതാര്യവുമാക്കുന്നതിനുള്ള സംഭരണ മാനേജ്മെന്റ്
- അദ്വിതീയ തിരിച്ചറിയലും പരിഷ്കരണങ്ങൾക്ക് വഴങ്ങുന്നതുമായ താല്പര്യക്കാരുടെ ഒറ്റത്തവണ രജിസ്ട്രേഷൻ
- സർക്കാർ മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടുന്നതും, കൂട്ടിചേർക്കാവുന്നതും നിർദ്ദേശാനുസരണം ഭേദഗതി വരുത്താവുന്നതുമായ ഒരു സംയോജിത പരിഹാരം
- ഗുണനിലവാര നിയന്ത്രണവും, ഉറപ്പും
- ശേഖരണം, വെയർഹൗസിങ്, ചരക്കു പട്ടിക എന്നിവയുടെ മാനേജ്മെന്റ് അക്കൗണ്ടിംഗും ധനകാര്യ മാനേജ്മെന്റും
- സുരക്ഷിത ഇടപാടുകൾ ഉറപ്പാക്കുന്നതിന് കർഷകർ മുതൽ ന്യായവില ഷോപ്പ് വരെയുള്ള സുതാര്യതയും ട്രെയ്സബിലിറ്റിയും
- വിവിധ വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുള്ള ഡാറ്റയുടെ പരസ്പര പരിശോധന
- മുൻവ്യവസ്ഥകൾ പാലിക്കപ്പെടുമ്പോൾ, സ്വയം നിർവഹിക്കപ്പെടുന്ന സ്മാർട്ട് കരാറുകൾ, മുൻകൂട്ടി നിശ്ചയിച്ച നിയമങ്ങളും മാനദണ്ഡങ്ങളും അടിസ്ഥാനപ്പെടുത്തിയുള്ളതാണ്
- ശക്തമായ സുരക്ഷാപ്രത്യേകതകളും, ഡാറ്റാ പിൻതുണയും വീണ്ടെടുക്കലും
- സംസ്ഥാനത്തുടനീളം വേഗതയേറിയതും വിശ്വസനീയവുമായ ഇന്റർനെറ്റ് സേവനങ്ങളുടെ വ്യാപകമായ ലഭ്യതയും സ്മാർട്ട് ഫോണുകളുടെ വർദ്ധിച്ചുവരുന്ന ജനപ്രീതിയും കണക്കിലെടുത്ത്, മൊബൈൽ പ്രവേശനക്ഷമത കർഷകർക്ക് സംവേദനാത്മകമായി സിസ്റ്റം ആക്സസ് ചെയ്യുന്നതിനുള്ള വിലപ്പെട്ട ഉപകരണങ്ങളാണ് മൊബൈൽ ആപ്ലിക്കേഷനുകൾ. ഈ മൊബൈൽ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് ഉദ്യോഗസ്ഥർക്കും ഈ മേഖലയിലുള്ള മറ്റ് താല്പര്യക്കാർക്കും അവരുടെ ജോലി കാര്യക്ഷമമായി നിർവഹിക്കാൻ കഴിയും.
- വിശകലനപരവും പ്രവചനാത്മകവുമായ മാതൃകകൾക്കായുള്ള യന്ത്രപഠനം (ചരിത്രപരമായ ഡാറ്റയെ അടിസ്ഥാനപ്പെടുത്തിയുള്ള നെല്ലിന്റെ വിസ്തൃതിയും ഉൽപ്പാദനവും ഗുണനിലവാരവും വിളവ് കണക്കാക്കലും. മെച്ചപ്പെട്ട സംഭരണ ആസൂത്രണത്തിലേക്ക് നയിക്കുന്ന നിലവിലെ കാലാവസ്ഥയും പാരിസ്ഥിതിക ഘടകങ്ങളും)
- ഫാമിൽനിന്നു അവസാന ഉപഭോക്താക്കൾക്ക് വരെയുള്ള നെല്ലിന്റെ/അരിയുടെ തുടക്കം മുതൽ അവസാനം വരെയുള്ള ട്രാക്കിങ് സൗകര്യം
- പരാതി പരിഹാരം രേഖപ്പെടുത്തുന്നതിനും സൗകര്യപ്പെടുത്തുന്നതിനും
- അപാകതകളും, സംശയാസ്പദമായ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിലൂടെ തട്ടിപ്പും അഴിമതിയും കണ്ടെത്തൽ
- വിപുലീകരിക്കുന്നതിനും, കടത്തുന്നതിനും, പരസ്പര-പ്രവർത്തനത്തിനുമുള്ള കഴിവ്
- മേൽപ്പറഞ്ഞ മിക്ക പ്രവർത്തനങ്ങളും തത്സമയ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.

#### 4.3.2.3 റിപ്പോർട്ടുകൾ

**ഇനിപ്പറയുന്നത് പോലെ താല്പര്യക്കാർ പ്രത്യേക റിപ്പോർട്ട് സൃഷ്ടിക്കുക, അതായത്**

- യഥാസമയത്ത് ഫണ്ട് വിട്ടുകിട്ടുന്നതിനായി റിപ്പോർട്ടുകൾക്ക് ഇന്ത്യ ഗവണ്മെന്റുമായി തത്സമയ പൊരുത്തപ്പെടുത്തൽ ആവശ്യമാണ്.
- കർഷകരുടെയും മറ്റ് താല്പര്യക്കാരുടെയും-പ്രത്യേക റിപ്പോർട്ടുകൾ, രസീതുകൾ, സ്ലിപ്പുകൾ, ഫോമുകൾ തുടങ്ങിയവ
- ഭരണപരമായ റിപ്പോർട്ടുകൾ.
- ധനകാര്യവും, അക്കൗണ്ടിംഗും, ആന്തരിക ഓഡിറ്റ് റിപ്പോർട്ടുകളും
- സംസ്ഥാനത്തുടനീളം നെല്ലിന്റേയും അരിയുടെയും നീക്കം ട്രാക്ക് ചെയ്യുന്നതുൾപ്പെടെയുള്ള ഗതാഗത ലോജിസ്റ്റിക് റിപ്പോർട്ടുകൾ
- ചരക്കു പട്ടിക സ്റ്റോക്ക് സ്ഥിതി റിപ്പോർട്ടുകൾ
- ആനുകാലിക അവലോകനവും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ടുകൾ
- പരാതികളുടെയും സങ്കടങ്ങളുടെയും റിപ്പോർട്ടുകൾ
- നിരീക്ഷണവും വിലയിരുത്തലും റിപ്പോർട്ടുകൾ
- മറ്റ് ആനുകാലികവും താല്ക്കാലികവുമായ റിപ്പോർട്ടുകൾ

#### 4.3.2.4 ഡാറ്റാധിഷ്ഠിത തീരുമാന പിന്തുണ

- കർഷകർക്കും സർക്കാരിനും ഉപഭോക്താക്കൾക്കും വേണ്ടിയുള്ള പ്രവചന വിശകലനം
- ചരിത്രപരമായ ഡാറ്റയും നിലവിലെ ഘടകങ്ങളും പ്രസക്തമായ ഇന്റർനെറ്റ് ഓഫ് തിങ്ങ്സും (IOT) അടിസ്ഥാനമാക്കിയുള്ള വിസ്തീർണ്ണം, ഉല്പാദനം, വിളവ് പ്രവചനം
- ഡാഷ് ബോർഡുകൾ- മെച്ചപ്പെട്ട ധാരണയ്ക്കും വിശകലനത്തിനുമായി ചാർട്ടുകളും ഗ്രാഫുകളും മുഖേനയുള്ള വിശകലന ഔട്ട്പുട്ടുകളുടെ പ്രദർശനം
- തീരുമാന പിന്തുണയ്ക്കുള്ള ഉപകരണമായി തത്സമയ ഡാറ്റാ ലഭ്യമാക്കുക
- ഡാറ്റാ സംഗ്രഹിക്കുന്നതിനും അന്വേഷിക്കുന്നതിനും ദൃശ്യവല്ക്കരിക്കുന്നതിനുമുള്ള കഴിവ്.

#### 4.3.2.5 ആവശ്യമുള്ള ഭാഷകളിൽ തത്സമയ അലേർട്ടുകൾ

പെട്ടെന്നുള്ള വിവരവിതരണത്തിന് **SMS, Whatsapp** എന്നിവ ഉപയോഗിക്കുക. സജീവമായ അലേർട്ടുകളും കാലേക്കൂട്ടിയുള്ള മുന്നറിയിപ്പുകളും നടപ്പിലാക്കുക.

നിലവിൽ കർഷകർ അഭിമുഖീകരിക്കുന്ന നടപടി ക്രമങ്ങളുടെ ഭാരം ഇല്ലാതാക്കുന്നതിനാണ് നിർദ്ദേശിക്കപ്പെട്ട സംവിധാനം ലക്ഷ്യമിടുന്നത്. ഇത് അവരുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും അളവും സംബന്ധിച്ച് യഥാസമയം ഡോക്യുമെന്റേഷൻ ഉറപ്പാക്കുന്ന നെല്ല് രസീത് ഷീറ്റിന്റെ (**PRS**) വിതരണം വേഗത്തിലാക്കും. സംഭരണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിലൂടെയും, ഔട്ട്-ടേൺ-റേഷ്യോ (**OTR**) പാലിക്കുന്നതിലൂടെയും കർഷകർക്ക് അവരുടെ വിളയുടെ അളവിന്റെയും മൂല്യത്തിന്റെയും അടിസ്ഥാനത്തിൽ ന്യായവും കൃത്യവുമായ വിലയിരുത്തലുകൾ ലഭിക്കും. പി ആർ എസ് ന്റെ തത്സമയം വിതരണം, സർക്കാർ സബ്സിഡികൾ സംരക്ഷിച്ചുകൊണ്ട് ഇടനിലക്കാരുടെ കൃത്രിമത്വത്തിനുള്ള എല്ലാ സാധ്യതകളും ഇല്ലാതാക്കും. സമ്മതിച്ച പ്രകാരമുള്ള പലിശ നിരക്കും പേയ്മെന്റ്

ഷെഡ്യൂളുകളും അനുസരിച്ച് കർഷകർക്ക് അവരുടെ പേയ്മെന്റ് സ്ഥിതിയിലേക്കും, കാലതാമസം വന്ന പേയ്മെന്റുകൾക്ക് അവർക്ക് ലഭിച്ചേക്കാവുന്ന ഏതെങ്കിലും നഷ്ടപരിഹാരത്തിലേക്കും എളുപ്പത്തിൽ എത്താൻ സാധിക്കും.

IOT (Internet of Things) സെൻസറുകളും ഇമേജറിയും ആപേക്ഷികമായ മറ്റ് ഡാറ്റകളും ഉപയോഗിച്ച്, മെച്ചപ്പെട്ട ആസൂത്രണത്തിനുവേണ്ടി നെല്ലിന്റെ വിസ്തൃതി ഉൽപ്പാദനം/വിളവ് എന്നിവ ഫലപ്രദമായി പ്രവചിക്കുന്നതിനും വിവിധ സബ്സിഡികളുടെയും ഇൻഷുറൻസ് ക്ലെയിമു കളുടെയും പരസ്പര ഡാറ്റ പരിശോധനയ്ക്കുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്ന മറ്റ് ഏജൻസി കളുമായി ഡാറ്റാ താരതമ്യം ചെയ്യുന്നതിനും ഈ സോഫ്റ്റ്വെയർ സിസ്റ്റത്തിന് ശേഷിയുണ്ടാ യിരിക്കും. മെച്ചപ്പെട്ടതും സമയബന്ധിത വുമായ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കായി പുതിയ അധിക ഡാറ്റാ ലഭ്യമാകുന്ന മുറയ്ക്ക് നെല്ലിന്റെ വിസ്തൃതി ഉത്പാദനം/വിളവ് എന്നിവയുടെ ആനുകാലികമായി തത്സമയ പ്രവചനങ്ങൾ നടത്തുന്നതിന് IOT സെൻസറുകളും, ഇമേജുകളും, ആപേക്ഷികമായി മറ്റ് ഡാറ്റാകളും ഉപയോഗിക്കുന്നതിനുള്ള ശേഷി സോഫ്റ്റ്വെയർ സിസ്റ്റത്തിനുണ്ട്. ഇത് സബ്സിഡികൾ, ഇൻഷുറൻസ് ക്ലെയിമുകൾ, ക്രഡിറ്റ് ഡിസ്ബേഴ്സ്മെന്റുകൾ മുതലായവ നല്കുന്നതിന്, സമാനമായ ഡാറ്റാ കൈകാര്യം ചെയ്യുന്ന മറ്റ് ഏജൻസികളുമായി ഈ ഡാറ്റാ ഒത്തുനോക്കി. അവയുടെ കൃത്യതയും വിശ്വാസ്യതയും സാധൂകരി ക്കുകയും പരിശോധിക്കുകയും ചെയ്യുന്നതിന്, വ്യത്യസ്ത ഉറവിടത്തിൽ നിന്നുള്ള ഡാറ്റാ പരസ്പരം പൊരുത്തപ്പെടുകയോ അല്ലെങ്കിൽ സ്ഥിരീകരിക്കുകയോ ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്തുകൊണ്ട് തീരുമാനമെടുക്കുന്ന തിനും വിശകലനത്തിനുമുള്ള ഡാറ്റായുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നു.

മൊത്തത്തിൽ, നിർദ്ദേശിക്കപ്പെട്ട സംവിധാനം നിലവിലുള്ളതിനെ അപേക്ഷിച്ച് ഗണ്യമായ നവീകരണമായിരിക്കുന്നതാണ്. ഇത്, സംസ്ഥാന കേന്ദ്രസർക്കാരുകളുടെ മാനദണ്ഡങ്ങൾ, ചട്ടങ്ങൾ, നടപടി ക്രമങ്ങൾ എന്നിവയുമായി പൊരുത്തപ്പെടുകയും അംഗീകരിക്കുകയും താല്പര്യക്കാരുടെ ആവശ്യങ്ങൾക്കനുസൃതമായി ക്രമീകരിച്ചതുമായ ഒരു സംയോജിതവും നിർദ്ദേശാനുസൃതമായി ഭേദഗതി വരുത്താവുന്നതുമായ ഒരു പരിഹാരമായിരിക്കും. ക്ലൗഡ് കമ്പ്യൂട്ടിംഗ് ഒരു മുൻഗണനാ ഓപ്ഷൻ എന്ന നിലയിൽ ഡാറ്റാ സുരക്ഷയും ദുരന്തനിവാരണവും ഉൾപ്പെടെ പല കാര്യങ്ങ ളിലുമുള്ള വളർച്ചാക്ഷമത, വഴക്കം എന്നിവയ്ക്കു പുറമേ ഗണ്യമായി ചെലവ് ലാഭിക്കുന്നതിനും കാരണമായേക്കാം.

കേരള സർക്കാരിന്/സപ്ലൈകോയ്ക്ക് സാങ്കേതിക സഹായത്തോടെയുള്ള TOR (Terms of Reference) സഹിതം EOI (Expression of interest) ക്ഷണിക്കാവുന്നതും, ഈ സമയത്തിനുള്ളിൽ നിലവിലുള്ളതും നിർദ്ദേശിക്കപ്പെട്ടതുമായ സംഭരണ പ്രക്രിയയുടെ വിലയിരുത്തലും, പ്ലാറ്റ്ഫോമും തയ്യാറാകേണ്ടതും, പുതിയ നിർദ്ദേശങ്ങൾ, കേരള സർക്കാർ അംഗീകരിക്കുകയാണെങ്കിൽ ആരംഭിക്കാവുന്നതുമാണ്.

**5.0 പ്രക്രിയകളും വെല്ലുവിളികളും ശുപാർശകളും**

**5.1 കേരളത്തിൽ ഡിപിഎസ് തുടരുന്നതിനുള്ള (തുടരാതിരിക്കുന്നതിനും) യുക്തി**

സ്ഥിരമായ ഭക്ഷ്യമിച്ചവും സംയോജിത ദേശീയ വിപണിയുമുള്ള അവസ്ഥയിൽ സാമ്പത്തികമായി സുസ്ഥിരമായ ഭക്ഷ്യസുരക്ഷയ്ക്കായി വിപണിയുടെ വലിയ പങ്ക് ഇപ്പോൾ നിർണ്ണായകമാണ്. വിപണി ഉചിതമായ രീതിയിൽ ഉത്തേജിപ്പിക്കപ്പെട്ടുകയാണെങ്കിൽ, അത്, വിള വൈവിധ്യവല്ക്കരണം, മൂല്യ വർദ്ധനവ്, ചെലവ് കുറയ്ക്കുന്നതിനുള്ള പ്രോത്സാഹനം എന്നിവ സുഗമമാക്കുകയും ആത്യന്തികമായി കർഷകന്റേയും ഉപഭോക്താവിന്റെയും പൊതുവിലുള്ള താല്പര്യത്തിന് ഗുണം ചെയ്യുകയും ചെയ്യും.

ഇടപാട് ചെലവുകളും, കാര്യക്ഷമതയില്ലായ്മയും, ചോർച്ചകളും കണക്കാക്കാതെ, പണപരമായ സബ്സിഡികളുടെ മൂല്യം മാത്രം കണക്കാക്കിയാൽ സംഭരിക്കുന്ന അരിയുടെ സാമ്പത്തിക ചെലവ് പൊതുകമ്പോള വിലയേക്കാൾ ഗണ്യമായി കൂടുതലാണെന്ന് കാണാൻ കഴിയും. ഇന്ത്യൻ കമ്പോള ത്തിൽ കുത്തരിയുടെ ശരാശരി വില മുകളിൽ പറഞ്ഞ ചെലവിന്റെ മൂന്നിലൊന്നാണ്. സബ്സിഡി വിതരണത്തിനുള്ള ചെലവ്, ബന്ധപ്പെട്ട കാര്യക്ഷമതയില്ലായ്മ, തട്ടിപ്പ് എന്നിവ അതിൽ തന്നെ ഒതുക്കി നിർത്തിയാൽ സംഭരണസംവിധാനത്തിന്റെ തകർച്ചയുടെ അപകട സാധ്യത ഇല്ലാതാക്കാ വുന്നതാണ്. കർഷകർക്കും ഉപഭോക്താക്കൾക്കും സബ്സിഡി നല്കുന്നതിന് സർക്കാർ, സംഭരണ ശൃംഖലയിലുള്ള ഇടനിലക്കാരായ ഒരു കൂട്ടം ഏജൻസികൾക്ക് കനത്ത സബ്സിഡി നല്കുന്നു.

**5.2 ഡിപിഎസ് നവീകരിക്കുന്നതിനുള്ള യുക്തി.**

കർഷകർക്കും പിഡിഎസ് ഉപഭോക്താക്കൾക്കും സബ്സിഡി നല്കുന്നത് ക്ഷേമപ്രവർത്തനങ്ങളാണ്, എന്നാൽ സംഭരണം ഒരു ബിസിനസ് പ്രവർത്തനവുമാണ്. ഒരു കൂട്ടം അഭിനേതാക്കൾ അവസരം മുതലെടുക്കുന്നതിനാൽ രണ്ടും വേർപെടുത്തേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു ഭക്ഷ്യ കമ്മിയുള്ള ഒരു സംസ്ഥാനത്തിൽ കർഷകർക്കും ഉപഭോക്താക്കൾക്കും പലപ്പോഴും സബ്സിഡി ആവശ്യമായി വരും. എന്നിരുന്നാലും, സംഭരണം, വെയർഹൗസിംഗ്, ഗതാഗതം, മില്ലിംഗ് പിഡിഎസ് മുഖേനയുള്ള വിതരണം പോലുള്ള ബിസിനസ് പ്രവർത്തനങ്ങൾ അർഹിക്കുന്നത്, അവർ നല്കിയ സേവനങ്ങ ൾക്കുള്ള മത്സരാധിഷ്ഠിതമായ വിപണി നിരക്കുകളാണ്. അല്ലാതെ സബ്സിഡികളല്ല പ്രത്യക്ഷമോ പരോക്ഷമോ ആയി സബ്സിഡിക്കുവേണ്ടിയോ അല്ലെങ്കിൽ സൗജന്യ ഉച്ച ഭക്ഷണത്തിനുവേണ്ടിയോ ഉള്ള മറ്റേതെങ്കിലും ക്ലെയിമുകൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്. സംഭരണത്തിന് ധനസഹായം നല്കുന്നതിൽ രണ്ട് പ്രധാന പ്രവർത്തനങ്ങളുണ്ട്, അതായത് (1) ഉത്തവാദിത്തപരമായ ആവശ്യ ങ്ങൾക്ക് കാര്യക്ഷമവും സമയബന്ധിതവുമായ ധനസഹായം (II) ചോർച്ചകൾ, കാര്യക്ഷമത ഇല്ലായ്മ, ദുരുപയോഗം ഏതെങ്കിലുമുണ്ടെങ്കിൽ തടയുക. വേണ്ടത്ര ധന സഹായം ഇല്ലാത്തത്, ഉയർന്ന കാര്യക്ഷമതയില്ലായ്മ യിലേക്കും വിഭവങ്ങൾ പാഴാക്കുന്നതിലേക്കും നയിക്കുമ്പോൾ, സംഭരണത്തിലെ കാര്യക്ഷമയില്ലായ്മയ്ക്ക് ധനസഹായം നല്കുന്നതിനായി കൂടുതൽ പണം ഇടുന്നത് ധനകാര്യ ജാഗ്രതയ്ക്ക് എതിരാണ്.

ഇനിപ്പറയുന്ന പ്രധാനപ്പെട്ട കാരണങ്ങളാൽ ഡിപിഎസ് നവീകരിക്കേണ്ടതിന്റെ യുക്തി വളരെ ശക്തമാണ്.

1. പണത്തിനുള്ള മികച്ച മൂല്യം
2. സാമ്പത്തിക സമ്മർദ്ദം സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ബദൽ പേയ്മെന്റ് ഓപ്ഷനുകളും പരിഹാരങ്ങളും ആവശ്യപ്പെടുന്നു.
3. നിലവിലെ സംവിധാനത്തിന്റെ പ്രകടമായ കാര്യക്ഷമതയില്ലായ്മ, ചോർച്ച, ഉയർന്ന ഇടപാട് ചെലവുകൾ
4. ഓരോ സീസണിലും ഗുരുതരമായ പരാതികളും തർക്കങ്ങളും പ്രതിസന്ധി അനുപാത ത്തിലേക്ക് നയിക്കുന്നത്, ന്യായമായ സമ്പ്രദായങ്ങളും സുതാര്യമായ മാനദണ്ഡ സംവിധാന ങ്ങളും ആവശ്യപ്പെടുന്നു. നികുതിദായകരുടെ മൊത്തം ത്യാഗത്തെ മൊത്തത്തിലുള്ള ക്ഷേമനേട്ടങ്ങൾ മറി കടന്നാൽ മാത്രമേ ഏതൊരു സബ്സിഡിയും ന്യായീകരിക്കപ്പെടു കയുള്ളൂ.

   സംസ്ഥാനത്ത് നിലവിലുള്ള സംഭരണസംവിധാനത്തെ വിമർശനാത്മകമായി വിശകലനം നടത്തിയതിനുശേഷം തുടർന്നുള്ള വിഭാഗത്തിൽ കേരളത്തിലെ ഡിപിഎസ് നവീകരിക്കുന്ന

തിനും ശക്തിപ്പെടുത്തുന്നതിനും ബഡ്ജറ്റ് പരിമിതിക്കു കീഴിലുള്ള സാധ്യതകൾ റിപ്പോർട്ട് പര്യവേഷണം ചെയ്യുന്നതാണ്.

**5.3 വിമർശനാത്മക അവലോകനവും പ്രധാന ശുപാർശകളും**

ഡിപിഎസിന്റെ ഒരു വിമർശനാത്മക അവലോകനവും പരിഷ്കരണത്തിനുള്ള പ്രധാന ശുപാർശകളും താഴെ പട്ടികയിൽ അവതരിപ്പിച്ചിരിക്കുന്നു.

**പട്ടിക 5.1 ഡിപിഎസിന്റേയും പ്രധാന ശുപാർശകളുടെയും വിമർശനാത്മക അവലോകനം**

| ക്രമ നം | പ്രധാന പ്രക്രിയകളും മുഖ്യമായ വെല്ലുവിളികളും | അഭിപ്രായങ്ങൾ/ശുപാർശകൾ |
|---|---|---|
| 1 | സംഭരണത്തിന് ധനസഹായം<br>• കേരള സർക്കാരിന്റെ നിലവിലുള്ള ബഡ്ജറ്റ് നിയന്ത്രണവും സംഭരണത്തിനു വേണ്ടി സമയ ബന്ധിതമായി ഫണ്ട് നല്കാത്ത തും<br>• സപ്ലൈകോയുടെ ദുർബ്ബലമായ സാമ്പത്തിക സ്ഥിതിയും വായ്പ നല്കാനുള്ള ബാങ്കുകളുടെ വിമുഖതയും (ഋണാത്മക ആസ്തിയും സഞ്ചിത നഷ്ടവും)<br>• സപ്ലൈകോയുടെ സംഭരണം പ്രത്യേക ബാങ്ക് അക്കൗണ്ട് മുഖേന നിയന്ത്രിച്ചിട്ടില്ല<br>• സപ്ലൈയോക്ക് ഒന്നിലധികം ഈടും ബാങ്കുകളിൽ നിന്ന് വായ്പയെടുക്കാനുള്ള കർഷകരുടെ വിമുഖതയും<br>• ദുർബ്ബലമായ സാമ്പത്തിക അക്കൗണ്ടിങ്ങും, മാനേജ്മെന്റും, കാലതാമസം വരുത്തുന്ന പൊരുത്തപ്പെടുത്തലും, ക്ലെയിമുകൾ നിരസിക്കലും ഇന്ത്യാ ഗവണ്മെന്റിൽ നിന്നുള്ള അർഹമായ മുഴുവൻ ക്ലെയിമു കൾ ഈടാക്കാത്തതും | • ഇടക്കാല സാമ്പത്തിക പ്രതീക്ഷകൾ ശോഭനമല്ലാത്തതിനാൽ സംഭരണത്തിനുള്ള ബദൽ ധന സഹായ സാധ്യതകൾ പര്യവേഷണം ചെയ്യേണ്ടതാണ്.[13] ഇതിനുള്ള തന്ത്രമെന്നത് (1) കേരള സർക്കാരിന്റെ കടുമെടുക്കൽ പരിധിയിൽ നിന്ന് സംഭരണത്തിന് ധനസഹായം ചെയ്യുന്നത് ഒഴിവാക്കുകയും (2) സമയബന്ധിതമായി കർഷ കർക്ക് പണം കൊടുക്കുന്നത് ഉറപ്പാക്കുകയും ചെയ്യുക എന്നതാണ്.<br>• ഇന്ത്യ ഗവണ്മെന്റിന്റെ സംഭരണ മാനദണ്ഡങ്ങൾ കർശനമായി പാലിക്കാൻ കഴിയുമെങ്കിൽ സംഭരിച്ച നെല്ലിന്റെ മൂല്യത്തിന്റെ 75% ഉപയോഗിച്ചുകൊണ്ട് മുൻകൂർ എന്ന രീതിയിൽ പലിശ ചെലവ് ഏതെങ്കിലുമുണ്ടെങ്കിൽ അത് റീ ഇംബേഴ്സ് ചെയ്യുന്നതിനുള്ള വ്യവസ്ഥകളോടു കൂടി സംഭരണത്തിന്റെ MSP ഭാഗം സ്വയമേവ ധന സഹായം ചെയ്യപ്പെടും.<br>• മീഡിയം ടേം എക്സ്പെൻഡിച്ചർ ഫ്രെയിം വർക്ക് അല്ലെങ്കിൽ ഓരോ വർഷവും വിനിയോഗിക്കാത്ത പ്ലാൻ ഫണ്ടുകളിൽ നിന്ന് (കൃഷി-പൊതുവിതരണ വകുപ്പ്) സ്വയമേവ നികത്തുന്ന ഒരു റിവോൾവിങ് ഫണ്ട്<br>• പിഎസികൾ അല്ലെങ്കിൽ സ്വകാര്യ സംഭരണ കേന്ദ്രങ്ങൾ സംഭരണത്തിന് ശേഷം ഉടൻ തന്നെ കർഷകന് പണം നല്കണം<br>• അംഗീകൃത നെല്ല് സംഭരണ കേന്ദ്രങ്ങൾ (PPCs) സ്വകാര്യ പിപിസികൾ / മില്ലുകൾ കർഷക ഉത്പാദക കമ്പനികൾ മുതലായവ കർഷകന് ഉടൻ പണം കൊടുക്കുന്നു.<br>• സാമ്പത്തിക ശേഷി ഇല്ലാത്ത പിഎസിഎസ്-കൾക്ക് മാത്രമേ കേരള ബാങ്ക് അല്ലെങ്കിൽ |

[13] നെല്ല് സംഭരിക്കുന്നതിന് .. സംസ്ഥാനങ്ങൾക്ക് ക്യാഷ് ക്രഡിറ്റ് ലിമിറ്റ് നല്കുന്നു. (CCL) ഇത് ഒഡിഷയിലെപോലെ 72 മണിക്കൂറിനുള്ളിൽ കർഷകർക്ക് പണം നൽകാൻ സഹായിക്കുന്നു. കേരളത്തിന് അതിന് അർഹതയുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമല്ല.

| | | |
|---|---|---|
| | • കർഷകർക്കുള്ള വൈകിയ പേയ്മെന്റ് | വായ്പാസ്ഥാപനങ്ങൾ റിഫിനാൻസ് ചെയ്യേണ്ട ആവശ്യമുള്ളൂ.<br>• സ്വകാര്യ സംഭരണ കേന്ദ്രങ്ങൾ ഏതെങ്കിലു മുണ്ടെങ്കിൽ സംഭരണത്തിന് സ്വന്തമായ നില യിൽ അവരുടെ പ്രവർത്തന മൂലധനം കണ്ടെ ത്തേണ്ടതാണ്.<br>• സപ്ലൈകോ സംഭരണ ധനകാര്യവും പ്രത്യേക സംഭരണ ബാങ്ക് അക്കൗണ്ടും മറ്റ് പ്രവർത്തന ങ്ങളിൽ നിന്ന് അല്ലെങ്കിൽ പണമിട പാട് മാനേജ്മെന്റിൽ നിന്നും വേർപ്പെടുത്തണം<br>• അക്കൗണ്ടുകളുടെ യഥാസമയ പൊരുത്ത പ്പെടുത്തലും ഇന്ത്യാഗവണ്മെന്റിൽ നിന്നുള്ള മുൻകൂർ രസീതുകളും.<br>• കടമെടുക്കലിന്റെ പലിശ ചെലവ് കുറയ്ക്കുന്ന തിനുവേണ്ടി സമയബന്ധിതമായി അർഹതപ്പെട്ട മുഴുവൻ ഫണ്ടും ലഭ്യമാക്കുന്നതിന് സംഭരണ ത്തിലും അധിക ചെലവ്/ ഭരണനിർവഹ ണത്തിലും ഇന്ത്യാ ഗവണ്മെന്റ് മാനദണ്ഡങ്ങൾ പാലിക്കുക. ശാസ്ത്രീയമായ വിശകലനത്തെ അടിസ്ഥാനമാക്കിയുള്ള ചെലവ് വ്യത്യാസ ത്തിന് നഷ്ടപരിഹാരം ചെയ്യേണ്ടതാണ്.<br>• RBI യിൽ നിന്ന് നെല്ല് സംഭരണത്തിനുള്ള കാഷ് ക്രഡിറ്റ് ലിമിറ്റ് (CCL) കേരള സർക്കാരിന് ലഭ്യമാക്കാൻ സാധിക്കുമോ എന്ന് പരിശോധി ക്കണം. |
| 2 | കൃഷി പ്രദേശവുമായി ബന്ധിപ്പിച്ച സംഭരണത്തിനുവേണ്ടി ഉൽപ്പാ ദന ക്ഷമതാ പ്രവേശനം | • ഉത്പാദന ക്ഷമതാ പ്രവണതകളിൽ വ്യാപക മായ വ്യതിയാനങ്ങൾ കാരണം ഭൂമി അടിസ്ഥാ നമാക്കിയുള്ള ആദായം കണക്കാക്കൽ പ്രയാസമാണ്<br>• കർഷകരുടെ രജിസ്ട്രേഷൻ സമയത്ത് ഫാമു കൾ ജിയോടാഗ് ചെയ്യുകയും തുടർന്ന് ഉപഗ്രഹ ഇമേജറിയുമായി പരിശോധിച്ച് ഉറപ്പി ക്കുകയും ചെയ്യേണ്ടതിനാൽ ഡാറ്റാ എളുപ്പ ത്തിൽ ലഭ്യമാകുകയും പരിശോധിക്കു കയും ചെയ്യാവുന്നതുകൊണ്ട് എസ് ഐ ബി ആദായ ത്തിൽ നിന്ന് വേർപെടുത്തി കൃഷി ചെയ്ത പ്രദേശവുമായി ബന്ധിപ്പിക്കുക |
| 3 | നെല്ല് സംഭരണ കേന്ദ്രങ്ങൾ<br>• ഇന്ത്യാ ഗവണ്മെന്റ് മാനദണ്ഡ ങ്ങൾ അനുസരിച്ച് സ്ഥാപിക്കേ ണ്ടതാണ്. | • ഒരു ഗ്രാമപഞ്ചായത്തിൽ (GP) ഒന്നോ അതില ധികമോ സാധ്യതയുള്ള നെല്ല്സംഭരണ കേന്ദ്ര ങ്ങൾ (PPCs) സ്ഥാപിക്കേണ്ടതും സംഭരണ ഏജ ൻസികൾ / PACs മാനേജ് ചെയ്യേണ്ടതുമാണ്[14] |

[14] വിസ്തൃതിയും ഗ്രാമപഞ്ചായത്ത് പ്രദേശത്തെയും ഉത്പാദനത്തേയും ആശ്രയിച്ചുള്ള സാധ്യതയും അടിസ്ഥാനപ്പെടുത്തി PPC കളുടെ ശേഷിക്ക് ഒന്നിലധികം സെന്റർ ഡ്രൈയിംഗ് പ്ലാറ്റ് ഫോം, വിന്നോയിംഗ് യന്ത്രം തൽക്ഷണം PRS ഉം ഇർപ്പമീറ്ററും സൃഷ്ടിക്കാൻ കഴിയുന്ന ഇലക്ട്രോണിക് വെയിംഗ് സ്കെയിൽ എന്നിവ ഉണ്ടായിരിക്കാവുന്നതാണ്. PAC അംഗീകൃതമായതോ നിയന്ത്രിക്കുന്നതോ ആയ, വെയിംഗ് ബാഡ്ജുകൾ യുക്തിപരമായി സൗകര്യപ്രദമായ

| | | |
|---|---|---|
| | | • മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അടിസ്ഥാന സൗകര്യ മുതൽമുടക്കുകൾക്ക് ഇന്ത്യാ ഗവണ്മെന്റ് നാഷണൽ അഗ്രികൾച്ചർ ഇൻഫ്രാ ഫിനാൻസിംഗ് ഫെസിലിറ്റിയുടെ കീഴിൽ ധന സഹായം നല്കേണ്ടതാണ്.[15]<br>• പി പി സിയിൽ ഡ്രയറുകൾ, വിന്നോയിങ് മെഷീൻ, വെയിങ് സ്കെയിൽ, ഗ്രെയിൻ അനലൈസർ, മോയിസ്റ്റർ മീറ്ററുകൾ[16] കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കും, ഇവയ്ക്ക് ഇന്ത്യാഗവണ്മെന്റ് ഇൻഫ്രാ ഫിനാൻസിംഗ് ഫെസിലിറ്റിയുടെ കീഴിൽ വലിയ തോതിൽ സഹായം നല്കേണ്ടതാണ്.<br>• പി എ സി-കൾ ഏർപ്പെടാൻ തയ്യാറല്ലാത്തതോ, അല്ലെങ്കിൽ പ്രവർത്തനക്ഷമമല്ലാത്തതോ ആയ ഇടങ്ങളിലെല്ലാം ലേല പ്രക്രിയയെ തുടർന്ന് ഇന്ത്യാ ഗവണ്മെന്റ് മാനദണ്ഡങ്ങൾ പ്രകാരം തിരഞ്ഞെടുത്ത മില്ലുകൾ ഉൾപ്പെടെയുള്ള സ്വകാര്യമേഖല ഏജൻസികൾക്ക് പിപിസികൾ ആകാൻ സാധിക്കും.<br>• സപ്ലൈകോ നല്കുന്ന ഷെഡ്യൂൾ പ്രകാരം, മില്ലിംഗിന് നല്കേണ്ട നെല്ല് സംഭരിക്കുന്നതിന് പിപിസികൾ വെയർഹൗസിംഗ് ഫെസിലിറ്റികൾ സ്ഥാപിക്കുകയോ/ പാട്ടത്തിനെടുക്കുകയോ/ പുറം കരാർ കൊടുക്കുകയോ ചെയ്യുന്നതാണ്.<br>• കേരള സർക്കാരിന്/സപ്ലൈകോയ്ക്ക് വെയർഹൗസിംഗ് സൗകര്യങ്ങൾക്കും വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക തലത്തിൽ വലിയ ഇടങ്ങൾ /നിലവറകൾ കണ്ടെത്തുകയും സൗകര്യപ്പെടുത്തുകയും ചെയ്യാവുന്നതാണ്.<br>• ഇന്ത്യഗവണ്മെന്റിൽ/കേരളസർക്കാരിൽ/സ്വകാര്യമേഖലയിൽ നിലവിലുള്ള ഉപയോഗശൂന്യമായ ഇടങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പര്യവേഷണം ചെയ്യുക. |
| 4 | സംഭരണ ഏജന്റുമാരുടെ പങ്ക്.<br>• നിലവിൽ എജന്റുമാർ സംഭരണ സംവിധാനത്തിലെ പ്രധാന കണ്ണികളും നിർണ്ണായക ശക്തി യുമാണ്.<br>• അവരെ ഔപചാരികമാക്കുക | • നിർദ്ദേശിക്കപ്പെട്ട സംവിധാനത്തിൽ, സംഭരണത്തിനുള്ള ഏജന്റുമാർ പിപിസികൾ ആയിരിക്കുന്നതും ഇപ്പോൾ പ്രചാരത്തിലുള്ളതുപോലെ മില്ലുകളുടെ ഏജന്റുമാർ നിലനിൽക്കുന്നതുമല്ല.<br>• PACകൾ/സ്വകാര്യസംഭരണകേന്ദ്രങ്ങൾ (മില്ലുകൾ ആകാം) നെല്ല് സംഭരണത്തിനുള്ള |

സ്ഥാനങ്ങളിൽ ഉണ്ടായിരിക്കേണ്ട താണ്. വെയിംഗ് ബ്രിഡ്ജിലെ മോശം പെരുമാറ്റത്തെക്കുറിച്ച് ധാരാളം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും അതിലുപരിയായി കേരള സർക്കാർ ക്രിമിനൽ കേസ് എടുത്തിട്ടുമുണ്ട് (ലീഗൽ മെട്രോളജി വകുപ്പ്)

[15] https://agriunfra.dac.gov.in/Home/Eligible Projects

[16] https://agnext.com/moisture-meter/or similar type

| | | |
|---|---|---|
| | യോ, അധികാരപ്പെടുത്തുക യോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല, എന്നാൽ യഥാർത്ഥ ശക്തിയെന്ന നിലയിൽ പ്രവർ ത്തിക്കുന്നു- പ്രത്യക്ഷത്തിൽ അവരെ അംഗീകരിക്കാത്ത തിനാൽ സപ്ലൈകോയുടെ പക്കൽ അവരുടെ ഒരു ഡാറ്റാ യും ലഭ്യമല്ല.<br>• അവർക്ക് ഏതെങ്കിലും പ്രോട്ടോകോളുകളോ ചെയ്യേണ്ടതും അല്ലാത്തതുമായ കാര്യങ്ങളോ നല്കിയിട്ടില്ല<br>• കൃഷിക്കാരെ ചൂഷണം ചെയ്യുന്നതിന്റേയും ഉയർന്ന "കിഴിവ്" നേടുന്നതിന് സംഭരണത്തിൽ കാലതാമസം വരുത്തുന്നതിന്റേയും ധാരാളം ആരോപണങ്ങളുമുണ്ട്. | നോഡൽ ഏജൻസികളായി പ്രഖ്യാപിക്കപ്പെടുന്നതാണ്.<br>• കർഷക ശാക്തീകരണത്തിനും അവബോധത്തിനും പാടശേഖര സമിതികൾക്ക് വലിയ പങ്ക്. |
| **5** | പാഡി റസീറ്റ് ഷീറ്റ് വിതരണം ചെയ്യൽ (PRS)<br>• റിപ്പോർട്ട് ചെയ്ത പ്രകാരം പിആർഎസ് വിതരണം 3 ആഴ്ച മുതൽ 3 മാസം വരെ കാലതാമസം നേരിടുന്നു.<br>• കൃത്യമല്ലാത്ത തൂക്കം കാണിക്കുന്ന ഒരു ഷീറ്റ്, ഏജന്റ്/ട്രാൻസ്പോർട്ടർ, ഒപ്പിടുകയോ ആധികാരികമാക്കുകയോ ചെയ്യാതെ അനൗപചാരികമായി കർഷകന് കൈമാറുന്നു. | • തത്സമയ പിആർഎസ് ജനറേഷനും, സംഭരണസമയത്തുള്ള പ്രിന്റിംഗും, കർഷകന് തൽക്ഷണം ബാങ്ക് അക്കൗണ്ടിലേക്ക് പണം കൊടുക്കലും |
| **6** | വിളയും വിളവെടുപ്പും സംഭരണവും കലണ്ടറിന്റെ സമന്വയവും വിളവെടുപ്പും സംഭരണവും തമ്മിലുള്ള പൊരുത്തക്കേട് കൃഷിഭൂമി തലത്തിലുള്ള തർക്കങ്ങൾക്കും പ്രശ്നങ്ങൾക്കും കാരണമാകുന്നു. | • PAO, DLO, PMO ജലസേചന EE, KAU പാടശേഖരസമിതികൾ/കർഷകപ്രതിനിധികൾ/ തദ്ദേശഭരണകൂടം, എന്നിവരടങ്ങുന്നതും ജില്ലാകളക്ടർ (DC) അദ്ധ്യക്ഷനായുള്ള ജില്ലാതല കമ്മിറ്റി മുൻകാല പ്രവണതകളേയും പ്രവചനങ്ങളേയും അടിസ്ഥാനമാക്കി വിള-വിളവെടുപ്പ് സംഭരണ കലണ്ടർ തയ്യാറാക്കുന്നു.<br>• ഏത് അടിയന്തിര സാഹചര്യവും ദുരന്തത്തി ലധിഷ്ഠിതമായ മാറ്റങ്ങളും പരിഹരിക്കേണ്ടതും അതനുസരിച്ച് പരിഷ്കരിക്കുന്നതിന് പദ്ധതി യിടേണ്ടതുമാണ്. |

| | | |
|---|---|---|
| | • സംഭരണം ആസൂത്രണം ചെയ്യുന്നതിന് മുൻകൂട്ടിയുള്ള വിള വിലയിരുത്തൽ ഉപയോഗിച്ചു വരുന്നില്ല | • വിള കലണ്ടർ ഒഴിവാക്കുന്ന കർഷകർ, സ്വയമേവ സംഭരണഗതിയിൽ നിന്നും പുറത്തുപോകുകയും പൊതുവിപണിയിൽ വില്ക്കുകയും ചെയ്യാവുന്നതാണ്. |
| 7 | വാർഷിക സംഭരണനയവും പ്രവർത്തന പദ്ധതിയും<br>• തയ്യാറാക്കിയിട്ടില്ല/പ്രസിദ്ധീകരിച്ചിട്ടില്ല | • ഇന്ത്യാ ഗവണ്മെന്റ് മാർഗ്ഗനിർദ്ദേശങ്ങളും ധാരണാ പത്രത്തിനും അനുസൃതമായി പൊതുവിതരണവകുപ്പ്/സപ്ലൈകോ കേരള സർക്കാരിന്റെ വാർഷികസംഭരണ നയം തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക |
| 8 | സ്ഥാപനപരമായ ഏകോപനം (പ്രധാന കൃഷി- പൊതുവിതരണം - ജലസേചനം-ധനകാര്യം)<br>• വകുപ്പുകളിൽ പ്രവർത്തിക്കുകയും ഭാഗം ഭാഗമായ തീരുമാനമെടുക്കലും<br>• ദുർബലമായ വിവരം പങ്കിടൽ സംവിധാനം<br>• മുകളിൽ ശൂന്യത-ശരിയായ ചിത്രം കാണാനില്ല (കൃഷിക്കാരൻ-മില്ലുടമ-ഉപഭോക്താവ്-നികുതിദായകൻ) | • കേരള സർക്കാർ അടുത്തിടെ രൂപീകരിച്ച നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കാബിനറ്റ് സബ്-കമ്മിറ്റി (CSC)CS ചീഫ് സെക്രട്ടറി, സെക്രട്ടറിയായ ഒരു ഏകജാലക ഏകോപനം എന്ന നിലയിൽ സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനും ഒത്തുതീർക്കുന്നതിനുമുള്ള ഫലപ്രദമായ ഒരു വേദിയായി സ്ഥാപനവല്ക്കരിക്കപ്പെട്ടേക്കാം.<br>• ഏകജാലക തീരുമാനമെടുക്കൽ ഉറപ്പാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും വകുപ്പുകൾക്കു കൈമാറാതെ CSC യുടെ മിനിറ്റ്സ്, കാബിനറ്റിന്റേതെന്നപോലെ സർക്കാർ ഉത്തരവുകളായി പുറപ്പെടുവിക്കുന്നതാണ് (ബന്ധപ്പെട്ട കേരള സർക്കാർ വകുപ്പുകളുടെ സെക്രട്ടറിമാർ CSC യുടെ അംഗങ്ങളായതിനാൽ അങ്ങനെയുള്ള തീരുമാനങ്ങൾ അന്തിമമായിരിക്കും.)<br>• ജില്ലാ കളക്ടർമാർ, ഏകോപനത്തിനും പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കുന്നതിനുമുള്ള നോഡൽ ഓഫീസറായി പ്രവർത്തിക്കേണ്ടതും തീരുമാനങ്ങൾ ജില്ലാ തലത്തിൽ പാലിക്കേണ്ടതുമാണ്. ഇതിനായി സർക്കാർ ഉത്തരവ് (GO) പുറപ്പെടുവിക്കേണ്ടതുണ്ട്. |
| 9 | പ്രൊഫഷണലിസവും സ്ഥാപനപരമായ ശേഷിയും<br>• ദുർബ്ബലമായ സ്ഥാപനശേഷി<br>• ദുർബ്ബലമായ നിയന്ത്രണ മേൽ നോട്ടം<br>• അനിശ്ചിതത്വങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷിക്കുറവ് | • മാനേജ്മെന്റ് നൈപുണ്യം നടപ്പിൽ വരുത്തുക: സംഭരണ പൊതുവിതരണ സംവിധാനങ്ങൾ പ്രധാനമായും മാനേജ്മെന്റ് ചുമതലകളാണ് മറ്റെല്ലാ സാങ്കേതിക പ്രവർത്തനങ്ങളും പിന്തുണാപരവുമാണ്. അതിനാൽ സപ്ലൈകോ പോലുള്ള സ്ഥാപനപരമായ ഏജൻസികളെ സപ്ലൈ ചെയിൻ, ചരക്കുപട്ടിക, മാനേജ്മെന്റ് ധനകാര്യം, അക്കൗണ്ടിംഗ്, ഐടി, പോലുള്ള മേഖലകളിൽ മതിയായ മാനേജ്മെന്റ് നൈപുണ്യം നടപ്പിലാക്കുകയോ/പുറം കരാറിന് നല്കുന്നത് വഴിയോ ശക്തിപ്പെടുത്തേണ്ടതാണ്<br>• വളരെ ചെറിയ പ്രതിഫലത്തോടെ കഠിനമായ |

| | | |
|---|---|---|
| | | ജോലി എന്ന സമസ്യ പരിഹരിക്കുക. പ്രകടനത്തിനും സുരക്ഷിതമേഖല ഭേദിക്കുന്നതിനും ഉദ്യോഗസ്ഥൻ വെല്ലു വിളിക്കപ്പെടുന്നില്ല. പല പ്രവർത്തനങ്ങളും ചുമതലകളും നടപടി ക്രമങ്ങൾ പാലിക്കുന്നതിന്റെ ആവശ്യത്തിനായി അന്ധമായി നിർവഹിക്കുന്നു. അനാവശ്യ ജോലികൾ ഒഴിവാക്കുക. |
| **10** | സംയോജിത സംഭരണത്തിന്റെ ഡിജിറ്റൈസേഷൻ<br>• ഒറ്റപ്പെട്ട സോഫ്റ്റ്‌വെയർ തടസ്സങ്ങളില്ലാതെ പോർട്ട് ചെയ്യാനാകാത്തതും സംയോജിപ്പിച്ചിട്ടില്ലാത്തതും<br>• ഭാഗികം, പൂർണ്ണമായ സംഭരണ ചക്രം ഉൾക്കൊള്ളുന്നില്ല.<br>• സാങ്കേതിക വിദ്യയുടെ പഴയ പതിപ്പും തത്സമയ ട്രാക്കിംഗിനുള്ള പരിമിതികളും<br>• സമഗ്രതാ വെല്ലുവിളികളും അപകടസാധ്യതകളും | • ആധാറുമായി (ആവശ്യമെങ്കിൽ ബയോമെട്രിക്സും) ബന്ധിപ്പിക്കുന്ന കാർഷിക സംഭരണ PDS പോർട്ടലുകൾ സംയോജിപ്പിച്ചു കൊണ്ട് പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിക്കുക<br>• ഉപയോക്തൃസൗഹൃദ മൊബൈൽ ആപ്പ്, കർഷകൻ, PPC-കൾ, മില്ലുടമകൾ, ട്രാൻസ്പോർട്ടർമാർ, PDS നൽകൽ എന്നിവ സംയോജിപ്പിക്കേണ്ടതാണ്.<br>• സമഗ്രതയ്ക്കും മിൽവിഹിതത്തിനും വേണ്ടി എല്ലാ ഇടപാടുകളും ബ്ലോക്ക് ചെയിൻ രീതിയിൽ ടോക്കണൈസ്/എൻക്രിപ്റ്റ് ചെയ്യുക<br>• സ്വയം വിപുലീകരണ സൗകര്യമുള്ള പരാതി പരിഹാര സംവിധാനം<br>• കാലേകൂട്ടിയുള്ള മുന്നറിയിപ്പ് സംവിധാനം ഉൾപ്പെടെ മാനേജ്മെന്റിനുള്ള M&E-യും തീരുമാന സഹായ ഉപകരണങ്ങളും<br>• വിതരണശൃംഖല മാനേജ്മെന്റും ലോജിസ്റ്റിക്സ് ആസൂത്രണവും<br>• സാമ്പത്തിക ആസൂത്രണവും തത്സമയ അക്കൗണ്ടിങ്ങും ഫണ്ടുകൾ യഥാസമയം ലഭിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റുമായുള്ള പൊരുത്തപ്പെടുത്തലും<br>• ആവശ്യമായ എല്ലാ വിവരങ്ങളോടുകൂടിയ പ്രവർത്തനക്ഷമമായ ഡാഷ്ബോർഡ്, ഇന്ത്യാ ഗവൺമെന്റ് മാനദണ്ഡങ്ങൾ, വാർഷിക സംഭരണനയം, എല്ലാ തലങ്ങളിലും (ജില്ല മുതൽ സംസ്ഥാനം വരെ) സമന്വയിപ്പിച്ച വിത-വിളവെടുപ്പ്-സംഭരണ കലണ്ടറും, പ്രവർത്തന പദ്ധതികളും<br>• ഇന്ത്യാ ഗവൺമെന്റുമായി സംഭരണ പോർട്ടലുമായി തടസ്സമില്ലാത്ത തത്സമയ പൊരുത്തപ്പെടുത്തൽ |
| **11** | എൻഡ്-ടു-എൻഡ് ട്രെയ്സബിലിറ്റി | • സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയ[17] വിള കണക്കാക്കൽ സ്വീകരിക്കുക (ഉദാഹരണത്തിന് |

[17] **YES-TECH,** വിപുലമായ പരീക്ഷണങ്ങൾക്കുശേഷം വികസിപ്പിച്ചതും ഇന്ത്യയിലെ 100 ജില്ലകളിൽ പ്രാരംഭമായി പ്രവർത്തിപ്പിച്ചതുമായ സമഗ്രമായ ഒരു ഉപകരണമാണ് ഇത്. ഗ്രാമപഞ്ചായത്ത് തലത്തിൽ കൃത്യമായ ആദായം കണക്കാക്കുന്നതിന് രീതി ശാസ്ത്രങ്ങളും മികച്ച

| | | |
|---|---|---|
| | • ഉല്പാദത്തിന്റെ അമിത വിലയിരുത്തലിലെ അപകടസാധ്യത<br>• കർഷകർ, മറ്റു സംസ്ഥാനങ്ങളിൽ നിന്ന് സംഭരണത്തിനുവേണ്ടി കുറഞ്ഞ വിലയ്ക്കുള്ള നെല്ല് വില്ക്കുന്നതു കാരണമുള്ള സംഭരണത്തിന്മേലുള്ള അപകടസാധ്യത പിഡിഎസിലേക്ക് വരുന്ന കുറഞ്ഞ വിലയ്ക്ക് സംഭരിക്കുന്ന നെല്ല്/അരി (പുഴുക്കലരി) മില്ലുടമകൾ പകരം വയ്ക്കാനുള്ള സാധ്യത | YESTCH) വിളവെടുപ്പ് (Crops Cutting) പരസ്പര പരിശോധനയ്ക്കും വസ്തുതകൾ സ്ഥിരീകരിക്കുന്നതിനും (Ground Truth) മാത്രം ഉപയോഗിക്കുന്നത്.<br>• പ്രാദേശിക പൊതുസ്ഥലങ്ങളിൽ/ ഗ്രാമപഞ്ചായത്തുകളിൽ ഫാമുകളുടെ ജിയോടാഗും കർഷകരുടെ വിളകൾ തിരിച്ചുള്ള പ്രദേശങ്ങളും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.<br>• MSP-യിൽ നിന്നും എസ്ഐബിയുടെ (സംസ്ഥാന പ്രോത്സാഹന ബോണസ്) ബന്ധം വേർപെടുത്തുകയും വിള ഇൻഷുറൻസുമായോ കാർഷിക സബ്സിഡികളുമായോ ബന്ധിപ്പിച്ച് അത് നല്കുകയും ചെയ്യുക.<br>• സംസ്ഥാന ഡാറ്റാ സെന്ററുമായും സപ്ലൈകോയുമായും ബന്ധിപ്പിച്ച സർവ്വീലൻസ് ക്യാമറയും, CMD/GMനുള്ള ലംഘന മുന്നറിയിപ്പുമുള്ള പൊതുവിപണിക്കു വേണ്ടിയുള്ള മില്ലിംഗും CMR-ന്റെ മില്ലിംഗും വേർപെടുത്തുക.<br>• ഉപഭോക്താക്കൾക്ക് വിത്ത് ട്രാക്ക് ചെയ്യുന്നതിനായി ഒരു സമയപരിധിക്കുള്ളിൽ ഘട്ടം ഘട്ടമായി എൻഡ്-ടു-എൻഡ് ട്രെയ്സബിലിറ്റി ആവിഷ്ക്കരിക്കുക |
| 12 | ഔട്ട് ടേൺ റേഷ്യോയും ലാഭകരമായ മില്ലിംഗ് ചാർജ്ജുകളും<br>• നെല്ലുല്പ്പാദന ക്ഷമത കണക്കാക്കുന്നതിന് DES ഉപയോഗിക്കുന്ന പരിവർത്തന അനുപാതം 0.657 ആണ്<br>• ഇന്ത്യാ ഗവണ്മെന്റ് ഫെയർ ആവറേജ് ക്വാളിറ്റിയുടെ (FAQ) കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള OTR 68% ആണ്.<br>• നിലവിൽ മില്ലുടമകൾ യഥാർത്ഥത്തിൽ നല്കുന്ന CMR കേരള സർക്കാരിന്റെ[18] 64.5% OTR അടിസ്ഥാനമാക്കിയുള്ളതാണ് | • OTR എന്നത് ഇന്ത്യാഗവണ്മെന്റ് അംഗീകരിച്ച ഗുണനിലവാര പരിധിക്കു വിധേയമായിട്ടുള്ള ഒരു ശാസ്ത്രീയ അനുപാതവും, ഏകപക്ഷീയമായി നിർണ്ണയിച്ചാൽ ഏതൊരു വ്യതിയാനവും സംസ്ഥാനത്തിന് കാര്യമായ സാമ്പത്തിക പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നതുമാണ്.<br>• ഇന്ത്യാ ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള 68% OTR നിലനിറുത്തുക<br>• നിലവാരം കുറഞ്ഞ നെല്ല് കാരണം മില്ലുടമകളും ബുദ്ധിമുട്ടനുഭവിക്കാൻ പാടില്ലാത്തതും, അതനുസരിച്ച് കർഷകരിൽ നിന്ന് വാങ്ങുന്നതിന് മുമ്പ് പിപിസികൾ ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പുവരുത്തേണ്ടതുമാണ്. വെള്ളപ്പൊക്കം പോലുള്ള ഏതെങ്കിലും അസാധാരണമായ സാഹചര്യങ്ങൾ കാരണമുള്ള ഏതെങ്കിലും വ്യതിയാനത്തിന് ശാസ്ത്രീയമായി നിശ്ചയിച്ചിട്ടുള്ള അലവൻസ് മാതൃക |

സമ്പ്രദായങ്ങളും സംയോജന സ്ഥിതി വിവരകണക്കുകലും പ്രദാനം ചെയ്യുന്ന സാങ്കേതിക വിദ്യയാൽ പ്രവർത്തിക്കുന്ന വിളവ് കണക്കാക്കൽ സംവിധാനമായ YES-TECH നടപ്പിലാക്കുന്നതിന് സൗകര്യപ്പെടുത്തുന്നു.

18 ധാരണാപത്രമനുസരിച്ച്, ഒറ്റിആർ-ലുള്ള ഏതൊരു മാറ്റത്തിനും ഇന്ത്യാ ഗവൺമെന്റിന്റെ അനുമതി വേണ്ടതും അത് വാങ്ങിയിട്ടില്ലാത്തതുമാണ്. സപ്ലൈകോയുമായി മില്ലുകളുടെ കരാറിന് 68% വും മില്ലുകൾ 64% നൽകുന്നത് തുടരുകയും ചെയ്യുന്നു. ഇത് ക്രമവൽക്കരിക്കുകയോ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

| | | |
|---|---|---|
| | • ഏറ്റവും പ്രധാനമായി നുറുക്കരിയും തവിടും മറ്റുള്ളവയും പോലുള്ള ഉപോൽപ്പന്നങ്ങളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല (CAGപ്രതികൂലമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്) | ഉപയോഗിച്ച് നഷ്ടപരിഹാരം നല്കേണ്ടതാണ്.<br>• OTR പ്രകാരം (മില്ലിംഗ് ടെസ്റ്റ്) ഉപോൽപ്പന്നങ്ങൾ കണക്കാക്കുകയും നിലവിലുള്ള കമ്പോള നിരക്കിൽ മൂല്യവും കണക്കാക്കുക |
| 13 | കർഷക രജിസ്ട്രേഷൻ<br>• വാർഷിക രജിസ്ട്രേഷൻ<br>• കൃഷി വകുപ്പിലും സപ്ലൈകോയിലും ഒന്നിലധികം രജിസ്ട്രേഷൻ<br>• നെൽക്കൃഷിയിലുള്ള വിസ്തൃതിയുടെ ഇരട്ടിപ്പ്[19] (കുറിപ്പ് കാണുക)<br>• കർഷകരുടെ ഇരട്ടിപ്പ് | • ആധാറും ഭൂരേഖകളുമായി ബന്ധിപ്പിച്ച ഒറ്റത്തവണ രജിസ്ട്രേഷൻ. (വർഷം മുഴുവനും പ്രവേശന സ്വാതന്ത്ര്യമുള്ളത്) ഓരോ വർഷവും അദ്വിതീയ കർഷക ഐഡി ഉപയോഗിച്ച് അയാൾ മാറ്റങ്ങൾ പരിശോധിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യും.<br>• രജിസ്ട്രേഷൻ ഫോർമാറ്റ്, ഉപഭോക്തൃ വ്യവസായത്തിലെ എല്ലാ ഉപയോക്താക്കളുടെയും ആവശ്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നത്ര സമഗ്രമായിരിക്കണം<br>• AIMS/ഇന്റഗ്രേറ്റഡ് അഗ്രി-ഇൻഫർമേഷൻ സിസ്റ്റത്തിൽ (നിലവിൽ വികസിച്ചുകൊണ്ടിരിക്കുന്നത്) കൃഷിയുമായുള്ള ഏക രജിസ്ട്രേഷനും സപ്ലൈകോ ആക്സസ് ചെയ്യുന്നതും<br>• ആവശ്യമായ മേൽത്തട്ട് പഠനത്തിനും വിശകലനത്തിനുമായി മൊബൈൽ ആപ്പ് ഉപയോഗിച്ച് ജിയോ-ടാഗ് ചെയ്തത്, അല്ലെങ്കിൽ കർഷകർ അപ്പ് ലോഡ് ചെയ്തതും GIS ഡാറ്റയിൽ കാപ്ചർ ചെയ്തതും ആയ നെൽ വയലുകൾ<br>• റിമോട്ട് സെൻസിഗ്-അനലറ്റിക്സ് AI-YES-TECH (ഇന്ത്യാ ഗവൺമെന്റ്) പോലുള്ള അത്യാധുനിക സാങ്കേതിക വിദ്യാ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് സബ്സിഡി/ ഇൻഷുറൻസ് ഡാറ്റായുടെയും/ സ്മാർട്ട് ക്രോപ്പ്/ ഉൽപ്പാദനക്ഷമത കണക്കാക്കൽ എന്നിവയുടെ പരസ്പര പരിശോധന<br>• കേരള സർക്കാരിനും തെറ്റായി പ്രതിനിധീകരിക്കുന്നതിനും |
| 14 | മില്ലുടമ രജിസ്ട്രേഷനും നെല്ല് വിഹിതവും<br>• വാർഷിക രജിസ്ട്രേഷൻ<br>• ലേലത്തിൽ മില്ലുടമയുടെ പങ്കാളിത്തമില്ലായ്മ | • മുൻകൂട്ടിയുള്ള കണക്കുകൂട്ടലുകളും മിൽവിഹിതവും സാധ്യമാക്കുന്നതിനായി മാറ്റങ്ങൾ നിരോധിക്കുന്നതിന്, തുടർന്നു വരുന്ന സീസണിലും കട്ട്ഓഫ് കാലയളവിലും മാത്രം ഒഴിവാകുന്നതിനുള്ള വ്യവസ്ഥകളോടെ |

[19] 2022 മേയ് മുതൽ 2023 ജൂൺ വരെയുള്ള കാലയളവിൽ അന്നത്തെ വിജിലൻസ് ഓഫീസർ, ശ്രീ.ഷഹൂൽ ഹമീദ് തീവ്രമായ പരിശോധന നടത്തുകയും കർഷക രജിസ്ട്രേഷന്റെ ഡ്യൂപ്ലിക്കേഷനും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള നെല്ലിന്റെ വരവും ഉൻമൂലനം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ ആരംഭിക്കുകയും ചെയ്തു. പ്രത്യക്ഷത്തിൽ ഈ ഇടപെടൽമൂലം പാലക്കാട് ജില്ലയിലെ സംഭരണത്തിൽ 60000 മെട്രിക് ടൺ കുറവുണ്ടായതായാണ് റിപ്പോർട്ട്.

| | | |
|---|---|---|
| | • ഒറ്റ ഏജൻസി മുഖേനയുള്ള വെയർഹൗസിങ്/സംഭരണം/ മില്ലിങ് എന്നിവ<br>• മില്ലുകൾക്ക് നെല്ല് അനുവദിക്കുന്നതിനുള്ള പ്രശ്നങ്ങൾ | വാർഷിക പരിശോധനയ്ക്കുള്ള ഏതൊരു മില്ലിനും മില്ലുടമകൾ വർഷം മുഴുവൻ ഒറ്റത്തവണ രജിസ്ട്രേഷൻ ലഭ്യമാക്കുന്നു.<br>• അനുബന്ധമായി മത്സരാധിഷ്ഠിത ലേലം, ലേലത്തിനു മുമ്പുള്ള മീറ്റിംഗുകൾ, മൂന്നാം കക്ഷി മേൽനോട്ടം എന്നിവ സംഘടിപ്പിക്കുക<br>• കേരളത്തിൽ പ്രതിവർഷം 16 ലക്ഷം മെട്രിക് ടൺ[20] ശേഷിയുള്ള 160 തിലധികം മില്ലുകൾ ഉണ്ട്. നന്നായി പ്രവർത്തിക്കുന്ന പല മില്ലുകളും പ്രത്യക്ഷത്തിൽ പങ്കെടുക്കുന്നില്ല. കാരണം സംബന്ധിച്ച് സപ്ലൈകോ ഒരു വിലയിരുത്തൽ നടത്തുകയും പങ്കെടുക്കുന്നതിന് സമയബന്ധിതമായി പണം കൊടുത്തുകൊണ്ടും സുതാര്യമായ നടപടികളിലൂടെയും അവരെ പ്രോത്സാഹിപ്പിക്കും.<br>• മാനദണ്ഡം അടിസ്ഥാനമാക്കിയുള്ള റാങ്കിങ്ങിൽ മില്ലുകളുടെ ഒരു നീണ്ട ലിസ്റ്റ് തയ്യാറാക്കുക, മില്ല് പരാജയപ്പെടുന്നപക്ഷം വെയിറ്റിങ്ങ് ലിസ്റ്റിലുള്ള മില്ലുകളെ യോഗ്യമാക്കും.<br>• നെറ്റ് വർക്കിനും വിതരണശൃംഖല/നെല്ല് ഗതാഗതത്തിനും അലോക്കേഷൻ മാനേജ്മെന്റിനുമായി മില്ലുകൾ ജിയോ-ടാഗ് ചെയ്തിട്ടുണ്ട്.<br>• തുടക്കം മുതൽ അവസാനം വരെയുള്ള ട്രെയ്സബിലിറ്റിയുടെ അഭാവത്തിൽ മിൽ പരിസരത്ത് സ്ഥാപിച്ചിട്ടുള്ളതും PMO തത്സമയം PMO ട്രാക്ക് ചെയ്യുന്നതുമായ നിരീക്ഷണ ക്യാമറകൾ, ക്യാമറ തകരാറിനുള്ള ഓട്ടോ അലർട്ട്, റിപ്പോർട്ട് ചെയ്യുന്നതിനും നടപടിയെടുക്കുന്നതിനും ഉത്തരവാദിത്തമുള്ളവരായിരിക്കുകയും ചെയ്യുക<br>• ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു സമഗ്രമായ പ്രശ്നപരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതും പരിഹരിക്കാത്ത പരാതി ഉയർന്ന തലത്തിലേക്ക് സ്വയമേവ കൈമാറപ്പെടും. (തടസ്സങ്ങളില്ലാത്ത ഡിജിറ്റൽ പോർട്ടൽ ഉപയോഗിച്ച്) ഉത്തരവാദിത്വ മില്ലിങ്ങ് കരാർ മാനേജ്മെന്റും,<br>• കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓട്ടോ ടെർമിനേഷൻ ആന്റ് ബ്ലാക്ക് ലിസ്റ്റിംഗ് സോഫ്റ്റ് വെയർ വഴി, വീഴ്ച വരുത്തുന്ന മില്ലുകൾക്കെതിരെ നിയമനടപടികൾ, കരിമ്പട്ടികയിൽ ചേർക്കൽ<br>• വന്നുചേരാവുന്ന അപകട സാധ്യതയ്ക്ക് ആനുപാതികമായി ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിന്, ഒരു മൂന്നാം കക്ഷി |

[20] കേരള സർക്കാർ വ്യവസായ വകുപ്പിൽ നിന്നുള്ള ഡാറ്റ

| | | |
|---|---|---|
| | | എജൻസിയോ, കേരള സർക്കാർ ധനകാര്യവകുപ്പോ ബാങ്ക് ഗ്യാരണ്ടിയും സെക്യൂരിറ്റി ഡപ്പോസിറ്റും, ഇൻഷുറൻസ് പരിരക്ഷയും വീണ്ടും പരിശോധിക്കും നെല്ലുൽപ്പാദന കേന്ദ്രങ്ങളും (PPC കള്) സ്റ്റോക്കുകളും ഇൻഷുറൻസ് ചെയ്യേണ്ടതും ഇതിനായി കേരള സർക്കാർ ഇൻഷുറൻസ് കമ്പനികളുമായി ചർച്ച നടത്തുകയോ അല്ലെങ്കിൽ സംസ്ഥാന വ്യാപകമായി യൂണിറ്റ് പ്രീമിയം നിശ്ചയിക്കുന്നതിന് ബിഡ്ഡിങ് റൂട്ട് പിന്തുടരുകയോ ചെയ്യേണ്ടതാണ്.<br>• സംഭരണ കേന്ദ്രങ്ങളിൽ/PACS-കളിൽ നിന്നുള്ള നെല്ല് വിഹിതം ഡിജിറ്റലി മാനേജ് ചെയ്യുന്ന പിഡിഎസ് റിലീസ് പ്ലാനുമായി പൊരുത്തപ്പെടുന്നതായിരിക്കണം. പിപിസികളും സംഭരണ സംവിധാനങ്ങളും സ്ഥാപിക്കുന്നതു വഴി വെയർഹൗസിംഗും മില്ലിംഗും സ്വയമേവ ഡിലീറ്റ് ചെയ്യപ്പെടും.<br>• ബ്ലോക്ക് ചെയിൻ അധിഷ്ഠിത വിതരണ ശൃംഖല മാനേജ്മെന്റും മില്ലിംഗിനുള്ള നെല്ലിന്റെ എൻക്രിപ്റ്റ് ചെയ്ത മാനദണ്ഡങ്ങൾ പ്രകാരമുള്ള അലോട്ട്മെന്റും<br>• സംസ്ഥാനത്തെ മില്ലിങ് ശേഷി വിലയിരുത്തുന്നതിന് ഒരു പഠനം നടത്തേണ്ടതും പൊതുമേഖലയിലുള്ള എല്ലാ നിഷ്ക്രിയ ഇടങ്ങൾ കൂടി പ്രയോജനപ്പെടുത്തുകയും മുൻഗണനയോടു കൂടി ഉപയോഗിക്കുകയും ചെയ്യേണ്ടതും ഫലപ്രാപ്തിക്കായി, നിർവ്വഹണം ആദ്യം പുറം കരാറിന് ഏല്പിക്കുകയും (OTRഉം നിലവാരമാനദണ്ഡങ്ങളും), PAPCO കളുടെയും, KAPCO കളുടെയും വരാൻ പോകുന്ന വലിയതോതിലുള്ള മില്ലിങ് ശേഷികളും ഉൾപ്പെടെയുള്ള മില്ലിങ് ശേഷികളെ വൈവിധ്യവൽക്കരിക്കുകയും വേണം (ചുവടെയുള്ള കുറിപ്പ് കാണുക) |
| 15 | സംഭരിച്ച നെല്ല് പിപിസികൾ/ മില്ലുകളിലേക്കും കൊണ്ടുപോകൽ<br>• വലിയ ശേഷിയുള്ള ട്രക്കുകളുടെ ഉപയോഗം പല ഗ്രാമപ്രദേശങ്ങളിലേക്കുമുള്ള പ്രവേശനം പരിമിതപ്പെടുത്തുന്നു.<br>• പാതയിൽ ട്രാക്കിംഗിന്റെ അഭാവം | • കർഷകർക്ക് എളുപ്പത്തിലുള്ള പ്രവേശനം സൗകര്യപ്പെടുത്തിയിട്ടുള്ള പിപിസി കളിലേക്ക് കാളവണ്ടികളിലോ ട്രാക്ടറുകളിലോ അല്ലെങ്കിൽ ടില്ലറുകളിലോ പോലും നെല്ല് കൊണ്ടുവരാൻ കഴിയും.<br>• മില്ലുടമകളുടെ വലിയ ട്രക്കുകൾ ഫാമുകളിൽ എത്തുന്നില്ലെന്ന നിലവിലുള്ള പ്രശ്നങ്ങളും സ്വയം പരിഹരിക്കപ്പെടും<br>• ഗതാഗതത്തിനായി കരാറിലേർപ്പെട്ടിരിക്കുന്ന ട്രക്കുകൾക്ക് (ട്രക്കർമാരുടെ ഒരു നീണ്ട പട്ടിക |

| | | |
|---|---|---|
| | അപകടസാധ്യതകളുണ്ടാക്കുകയും[21] കൂടാതെ വഴി മദ്ധ്യേ നെല്ല് പൊതുവിപണിയിലേക്ക് വഴിതിരിച്ചു വിടാനുള്ള സാധ്യതയും ആരോപിക്കപ്പെടുന്നു. | തയ്യാറാക്കുക) ഫാസ്ടാഗുമായി ബന്ധിപ്പിച്ചതും സപ്ലൈകോ സെൻട്രൽ ഡാറ്റാ പ്രോസസിംഗ് സിസ്റ്റത്തിൽ രേഖപ്പെടുത്തുകയും നിരീക്ഷിക്കപ്പെടുന്നതുമായ RFID സൗകര്യം ഉണ്ടായിരിക്കണം.<br>• നെല്ല് മില്ലുകളിലേക്കും മില്ലുകളിൽ നിന്നും CMR കൊണ്ടുപോകുന്നതും സപ്ലൈകോ മാനേജ് ചെയ്യുകയും പുറം കരാറിന് ഏല്പിക്കുകയും ചെയ്യുന്നതാണ് |
| 16 | ഗുണനിലവാര ഉറപ്പ് (ഫാമുകളിൽ നിന്ന് ഉപഭോക്താവ്/PDS)<br>• ഇന്ത്യാ ഗവൺമെന്റ് മാനദണ്ഡങ്ങളുമായി[22] പൊരുത്തപ്പെടാത്ത ഗുണനിലവാരം കുറഞ്ഞ നെല്ല്<br>• മില്ലുകളിൽ CMRന്റെ അളവ്/ ഗുണനിലവാര പരിശോധന | • കർഷകന് സുരക്ഷിതമായി വയ്ക്കാൻ സൗകര്യമില്ലാത്തിടത്തെല്ലാം പിപിസികളിൽ ഡ്രയറുകളും കൊയ്ത്തിനുശേഷമുള്ള സംസ്കരണ സൗകര്യങ്ങളും<br>• ഒറ്റിആർ അല്ലെങ്കിൽ ഇന്ത്യാഗവൺമെന്റ് FAQ മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിന് കർഷകൻ കൊടുക്കേണ്ട നെല്ല് അലവൻസ് (കിഴിവ്) നിശ്ചയിക്കുന്നതിന് ശാസ്ത്രീയമായ ഗുണനിലവാര ഉറപ്പും അലവൻസ് ഘടനകളും (അനുബന്ധം 10 കാണുക)<br>• എല്ലാ പിപിസികളിലും കൃത്യത പരിശോധിച്ചതും സാക്ഷ്യപ്പെടുത്തിയതുമായ ഇർപ്പ മീറ്ററും അവശ്യഗുണമേന്മ ഉറപ്പു നൽകുന്ന വിത്ത്/നെല്ല്/അരി ഗ്രേഡർ പോലുള്ള ഉപകരണങ്ങളും<br>• PMO ശേഖരിക്കുന്ന സാമ്പിളുകൾ, ശേഖരണത്തിന്റെയും പാക്കിങ്ങിന്റേയും അംഗീകൃത പ്രക്രിയ പാലിക്കുന്നതിന് ശേഖരിക്കുന്ന തീയതി/സമയം, സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ പേരുകൾ സഹിതം പരിശോധിക്കുന്നു. എല്ലാ സാമ്പിളുകളും പരിശോധിക്കേണ്ടതും ഫലങ്ങൾ സംഭരണത്തിന് മുമ്പ് പൂർണ്ണമായ രീതിയിൽ ലഭ്യമാക്കുകയും ചെയ്യും.[23]<br>• മില്ലുകളിലെ CMR പരിശോധനയും സാക്ഷ്യപ്പെടുത്തലും: എത്താനാകാത്ത ഉയരത്തിൽ അരിച്ചാക്കുകള് അടുക്കിവയ്ക്കുന്നത് മാതൃകാ സാമ്പിളുകൾ തെരഞ്ഞെടുക്കുന്നത് ബുദ്ധിമുട്ടാക്കുന്നു. സ്റ്റാക്കിങ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.<br>• എല്ലാ ഘട്ടങ്ങളിലും മാന്വൽ സംവിധാനങ്ങൾ മാറ്റി പകരം ആധുനിക ഉപകരണങ്ങൾ |

[21] മില്ലുകളുടെ സ്റ്റോക്കുകളിലുള്ള കാര്യമായ പൊരുത്തക്കേടുകൾ വ്യവഹാരത്തിലേക്ക് നയിക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്, എന്നാൽ പ്രത്യക്ഷത്തിൽ മില്ലുടമകൾ ഇപ്പോഴും മില്ലർ ലിസ്റ്റിലുമുണ്ട്.

[22] കൂടാതെ, സംഭരണത്തിലും വിതരണത്തിലും FAQ ഉം FSSA യും: ഇന്ത്യാ ഗവൺമെന്റിന്റെ ഫെയർ ആവറേജ് ക്വാളിറ്റി നിർദ്ദേശങ്ങളും ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ടിലെ (FSSA) നിർദ്ദേശങ്ങളും പാലിക്കുന്നില്ല.

[23] നിലവിൽ സാമ്പിളുകളുടെ നല്ലൊരു ഭാഗവും (ഒരു തർക്കം ഇല്ലാത്തപക്ഷം) സംഭരണത്തിനുശേഷം വളരെ ദിവസങ്ങൾ കഴിഞ്ഞാണ് പരിശോധിക്കുന്നത്. ഇത് പരിശോധനകൾ ഒരു ആവശ്യമില്ലാത്ത വ്യായാമം മാത്രമാക്കുന്നു.

| | | |
|---|---|---|
| | | ഉപയോഗിച്ച് ഗുണനിലവാര ഉറപ്പ് ഓട്ടോമേറ്റ് ചെയ്യേണ്ടതാണ്.<br>• സപ്ലൈകോ ഓഫീസുകളിലും പിപിസികളിലും ജീവനക്കാർക്കും തൊഴിലാളികൾക്കും ആനുകാലിക പരിശീലനവും ഒറിയന്റേഷനും നൽകും. |
| 17 | ഡാറ്റാധിഷ്ഠിത തീരുമാനമെടുക്കൽ-ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, സംഭരണം<br>• അപര്യാപ്തമായ ഡാറ്റാ സമഗ്രത[24], പൊരുത്തക്കേട്, ഡാറ്റാ ലാഗുകളും വിടവുകളും എന്നിവയുടെ വെല്ലുവിളി<br>• തീരുമാനമെടുക്കുന്നതിന് വേർതിരിച്ച ഡാറ്റായുടെ ലഭ്യതയില്ലായ്മ | • സാങ്കേതിക വിദ്യാധിഷ്ഠിത (റിമോട്ട് സെൻസിങ്, സെൻസറുകൾ) ഡാറ്റാ ജനറേഷൻ<br>• ഗ്രാമപഞ്ചായത്ത്/കേരളസർക്കാർ ഡാഷ് ബോർഡിൽ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കാർഷിക സംബന്ധിയായ എല്ലാ ഡാറ്റാകളുടെയും സ്വമേധയാ വെളിപ്പെടുത്തൽ<br>• ഡാറ്റാ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ പരിശീലനവും ശേഷി വർദ്ധിപ്പിക്കലും ഉത്തരവാദിത്തവും പൊതു മണ്ഡലത്തിൽ ലഭ്യമാക്കുന്നു.<br>• പരസ്പര പരിശോധനകൾക്കായി സംയോജിതവും ഏകീകൃതവുമായ ഡാറ്റാ സെറ്റുകൾ |
| 18 | നിരീക്ഷണവും വിലയിരുത്തലും<br>• M&E സംവിധാനം തത്സമയമല്ലാത്തതും ദുർബ്ബലവുമാണ്<br>• പ്രക്രിയകളുടെ വ്യതിയാനങ്ങൾ ട്രാക്ക് ചെയ്തിട്ടില്ല<br>• പ്രകടന/ഫലസൂചകങ്ങൾ വികസിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്തിട്ടില്ല<br>• പ്രോഗ്രാമിന്റെ വിലയിരുത്തൽ നടത്തിയിട്ടില്ല. കൂടാതെ പ്രക്രിയയുടെ തിരുത്തലിനും മെച്ചപ്പെടുത്തലിനും പഠനം ഉപയോഗിച്ചിട്ടില്ല | • M&E സിസ്റ്റം പുതുതായി വികസിപ്പിച്ച സോഫ്റ്റ് വെയർ പ്ലാറ്റ് ഫോമിൽ സംയോജിപ്പിച്ചിരിക്കുന്നു.<br>• വിവിധ തലങ്ങളിൽ അവലോകനത്തിനും തീരുമാനമെടുക്കുന്നതിനുമുള്ള ശക്തമായ ഡാഷ് ബോർഡും അനലിറ്റിക്സും<br>• ഇടപെടലിനും തിരുത്തലിനുമുള്ള മുൻകൂട്ടിയുള്ള മുന്നറിയിപ്പായി ചുവന്ന പതാകകൾ<br>• നയമാറ്റങ്ങൾ/രൂപീകരണത്തിനായി ഔട്ട്പുട്ട്, ഔട്ട്കം സൂചകങ്ങൾ ട്രാക്ക് ചെയ്യു |
| 19 | പരാതി പരിഹാരവും പ്രശ്നങ്ങളുടെ ഒത്തുതീർപ്പും<br>• സ്ഥാപനവൽക്കരിക്കപ്പെട്ട ഫലപ്രദമായ പരാതി പരിഹാര സംവിധാനത്തിന്റെ അഭാവം<br>• അടിയന്തര തീരുമാനങ്ങളും പ്രതിസന്ധി പരിഹാരങ്ങളും<br>• പ്രശ്നങ്ങളുടെ ഒത്തു | • സോഫ്റ്റ്‌വെയറിന് പരാതികൾ/അഴിമതി ആരോപണങ്ങൾ, തെറ്റായ ഡാറ്റ തുടങ്ങിയവ ഉന്നയിക്കുന്നതിനും രേഖകളും/തെളിവുകളും കൂട്ടിച്ചേർക്കുന്നതിനും സൗകര്യമുള്ള സംയോജിത പരാതി പരിഹാരസംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. അതിന്, താല്പര്യമുള്ളവരുടെ നിർദ്ദേശങ്ങൾക്കും നൂതനദർശനങ്ങൾ ഉൾപ്പെടെയുള്ള ഫീഡ് |

[24] ചില ജില്ലകളിൽ സീസണുകളിൽ, ഉൽപ്പാദനത്തേക്കാൾ കൂടുതൽ സംഭരണം; കർഷകരുടെ എണ്ണം കഴിഞ്ഞ 5 വർഷക്കാലയളവിൽ ഏകദേശം ഒരു ലക്ഷത്തിനുമുകളിൽ ഇരട്ടിയായി. വ്യത്യസ്ത ഉദ്ദേശ്യങ്ങൾക്കുവേണ്ടി വ്യത്യസ്ത OTR ഫാം തലത്തിലുള്ള ഡാറ്റാ എളുപ്പം പ്രാപ്തമാക്കുന്നില്ല അല്ലെങ്കിൽ ലഭിക്കുന്നില്ല.

| | | |
|---|---|---|
| | തീർപ്പിനുള്ള ക്രമീകരണങ്ങൾ ദുർബ്ബലമാണ്/ഇല്ല | ബാക്കിനുമുള്ള ഒരു ജാലകം ഉണ്ടായിരിക്കേണ്ടതുമാണ്.<br>• പൊരുത്തക്കേടുകളുടെ/തർക്കങ്ങളുടെ പരിഹാരത്തിനായി വിവിധ തലങ്ങളിൽ ഉത്തരവാദിത്തം നിശ്ചയിച്ചിട്ടുള്ളതും കാലതാമസം വരുന്ന പക്ഷം, തീരുമാനമെടുക്കുന്നതിനുള്ള ഉയർന്നതലങ്ങളിലേക്ക് ഓട്ടോ-എസ്കലേഷൻ വ്യവസ്ഥയും<br>• വിശ്വസനീയമായ തർക്കപരിഹാര പ്ലാറ്റ്ഫോം- ജില്ലാതല പരാതികൾ ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു സമിതി പരിഹരിക്കുകയും ശ്രദ്ധേയമായ പ്രശ്നങ്ങൾ മാത്രം സംസ്ഥാന തലത്തിൽ എടുക്കുകയും ചെയ്യുന്നതാണ്.<br>• സൂക്ഷ്മമായ സംഭരണ ആസൂത്രണം, നേരത്തേയുള്ള മുന്നറിയിപ്പ് സംവിധാനം, തത്സമയം പ്രശ്നങ്ങളുടെ ഒത്തുതീർപ്പ്.<br>• എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥരുടെ റോളുകളും ഉത്തരവാദിത്തങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെട്ടതും, അറിവ് കൊടുത്തിട്ടുള്ളതും ഉത്തരവാദിത്തം സ്ഥാപിക്കപ്പെട്ടതുമാണ്. |
| **20** | ലോഡിങ്ങും അൺലോഡിങ്ങും തൊഴിൽ തർക്കങ്ങളും<br>• കൂടെക്കൂടെയുള്ള തൊഴിൽ തർക്കങ്ങളുടേയും കർഷക ചൂഷണത്തിന്റേയും അപകട സാധ്യതകൾ | • **DLO** യുടെ നിലവിലുള്ള നിരക്കുകൾ/മാനദണ്ഡങ്ങൾ അനുസരിച്ച്, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി നിശ്ചയിക്കുന്ന ലോഡിങ്ങ് അൺലോഡിംഗ് ചാർജ്ജുകൾ<br>• ലോഡിങ്ങ്, അൺലോഡിങ്ങിൽ ക്രമേണ യന്ത്രവൽക്കരണം വർദ്ധിപ്പിക്കുക<br>• സംഭരണത്തിൻ ഐഡി കാർഡുള്ള തൊഴിലാളികളെ മാത്രമേ അനുവദിക്കുകയുള്ളൂ.<br>• തടസ്സമുണ്ടായാൽ ജില്ലാകളക്ടർ നിയമനടപടികൾ സ്വീകരിക്കുകയോ/ആരംഭിക്കുകയോ ചെയ്യുക |
| **21** | താല്പര്യമുള്ളവരുടെ പങ്കാളിത്തവും ബോധവൽക്കരണവും<br>• താല്പര്യക്കാരുടെ ദുർബ്ബലമായ പങ്കാളിത്തവും വിശ്വാസ്യതയും<br>• ഘടനാപരമല്ലാത്തതും, ദുർബ്ബലവുമായ അവബോധം സൃഷ്ടിക്കൽ | • പ്രവർത്തകരുടെ വലിയ നെറ്റ് വർക്കിന്റെ ശക്തി പ്രയോജനപ്പെടുത്തുക, പ്രത്യേകിച്ച് താഴേത്തട്ടിൽ (കർഷകർ, പാടശേഖര സമിതികൾ (**PSS**) കൃഷി ഭവനുകൾ, **PPC**കളും കാർഷികസഹകരണ സംഘങ്ങളും ഗ്രാമപഞ്ചായത്തും സപ്ലൈകോയും പോലുള്ളവർ)<br>• സംഭരണനയം, വാർഷിക പദ്ധതികൾ വിള- വിളവെടുപ്പ് കലണ്ടർ, ജില്ലാ ബോധവൽക്കരണ പ്രവർത്തന പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രധാന പ്രവർത്തകരെ ഉൾപ്പെടുത്തി ഗുണമേന്മ |

| | | |
|---|---|---|
| | | ഉറപ്പാക്കൽ, PSS കേന്ദ്രീകൃതമായ നേരിട്ടുള്ള സമ്പർക്ക പരിപാടികൾ ഉൾപ്പെടെയുള്ള പ്രചാരണ പരിപാടികൾ,<br>• ആവശ്യമെങ്കിൽ ആശയവിനിമയ/പരിശീലന ഏജൻസികളായ SAMETI, KILA മുതലായവയെ ഉൾപ്പെടുത്തുക |
| 22 | സംഭരണത്തിന്റെ കാര്യനിർവ്വഹണം: സുതാര്യത, ഉത്തരവാദിത്തം, സാമ്പത്തിക കാര്യക്ഷമതയും പണത്തിനുള്ള മൂല്യവും<br>• ഈ മൂന്നു പ്രധാന തൂണുകളും അവഗണിക്കപ്പെടുകയും പ്രത്യക്ഷത്തിൽ DPS ന്റെ ഏതെങ്കിലും മൂല്യനിർണ്ണയത്തിന്റെ കീഴിൽ വരുന്നതുമില്ല. | • വിവരങ്ങളുടെ ലംബവും തിരശ്ചീനവുമായ ഒഴുക്കിനൊപ്പം ഡാറ്റായുടെ തടസ്സമില്ലാത്ത അന്തർവകുപ്പ് വിതരണം. Via നിർദ്ദിഷ്ട സംയോജിത വിവര സംവിധാനം<br>• സമ്പദ്ഘടനയും കാര്യക്ഷമതയും ഓഡിറ്റ് ചെയ്യപ്പെടുന്നു: പ്രധാനപ്പെട്ട മേഖലകൾ, പണലഭ്യതയുടെ മാനേജ്മെന്റ്, പലിശ ചെലവുകൾ, അധിക ചെലവുകൾ, ക്ലെയിമുകൾ, നിരസിക്കുന്നതിനു കാരണമായ ഇന്ത്യാഗവൺമെന്റ് Mou ലംഘനം, സമയബന്ധിതമായ ക്ലെയിമുകളും ഇന്ത്യാ ഗവൺമെന്റ് ഫണ്ടുകളിലേക്കുള്ള പ്രാപ്യതയും അനാവശ്യ ജോലികൾ, അമിത സബ്സിഡി, ഫാമുകളിലെയും മില്ലുകളിലെയും ഉപോൽപ്പന്നങ്ങളുടെ മൂല്യനിർണ്ണയം, (വൈക്കോൽ പൊതിയൻ, നുറുക്കരി, അരിയുടെ തവിട് മുതലായവ) സപ്ലൈ ചെയിൻ മാനേജ്മെന്റും ലോജിസ്റ്റിക്സും ആരോപിക്കപ്പെടുന്ന വഴി തിരിച്ചുവിടലും ചോർച്ചകളും തടയുക എന്നിവയാണ്. ഡിജിറ്റൈസേഷൻ, സാങ്കേതിക വിദ്യ ആവേശിപ്പിക്കൽ, നന്നായി ചിട്ടപ്പെടുത്തിയ പ്രതികൂല ഘടകങ്ങൾ എന്നിവയിലൂടെ (ഡിജിറ്റൈസേഷനും നിരുത്സാഹപ്പെടുത്തലും ആണെങ്കിലും) പ്രധാനപ്പെട്ട അപര്യാപ്തത മറികടക്കാൻ സാധിക്കും<br>• കർഷകർ, ഉപഭോക്താക്കൾ, നികുതി എന്നിവ പരിഗണിച്ച് മൊത്തത്തിലുള്ള ക്ഷേമത്തിന്മേൽ സബ്സിഡികളുടെയും കാര്യക്ഷമതയില്ലായ്മയുടെയും ആകമാനമായ ക്ഷേമ ആഘാതം-ഉചിതമായ നയതീരുമാനത്തിനുവേണ്ടി വിലയിരുത്തേണ്ടതാണ്. |
| 23 | സാന്ദർഭികമായ കേരള വെല്ലുവിളികൾ<br>• വിളവെടുത്ത നെല്ലിന്റെ ഗുണനിലവാര വ്യത്യാസം<br>• സമുദ്രനിരപ്പിന് താഴെയുള്ള കൃഷി | • ഫാമുകളിലും PPC തലത്തിലും വിളവെടുപ്പിനുശേഷമുള്ള ഗുണനിലവാര ഉറപ്പ്<br>• PPCകൾ, സാധ്യതകളുടെയും ഭൂമിശാസ്ത്രപരമായ സവിശേഷതകളുടെയും അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതും, PPC യിലേക്കുള്ള ഗതാഗതം കർഷകരുടെ ചെലവിലായിരിക്കേണ്ടതുമാണ്- |

| | | |
|---|---|---|
| | • വിദൂരതയും താഴ്ന്നുകിടക്കുന്ന പ്രദേശങ്ങളിൽ പ്രയാസകരമായ പ്രവേശനവും<br>• ദുരന്തങ്ങൾ, വരൾച്ച, വെള്ളപ്പൊക്കം, കാലാവസ്ഥാവ്യതിയാനങ്ങളുടെ ദുർബ്ബലത (സീസൺ)<br>• ഉയർന്ന കൂലിചെലവും കൃഷി ചെലവും<br>• ജോലിക്ക് വരാത്തവരും പാട്ടത്തിനെടുത്ത കർഷകരും<br>• ഭൂപരിധി നിയമങ്ങളും നാമമാത്ര കർഷകരും | വെള്ളപ്പൊക്കവും മറ്റു വെല്ലുവിളികളും പോലുള്ള അടിയന്തിര സാഹചര്യങ്ങളെ പാടശേഖര സമിതികൾ, ഗ്രാമപഞ്ചായത്തുകൾ (GP), PPC- കൾ എന്നിവ കൈകാര്യം ചെയ്യുന്നതാണ്.<br>• പ്രത്യേകം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാനത്തിന്റേയും ജില്ലകളുടെയും ദുരന്തനിവാരണ പരിപാടികളും വിള ഇൻഷുറൻസും ഉപയോഗിച്ച് ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതാണ്.<br>• ചെറുകിട, നാമമാത്ര കർഷകർക്കുള്ള വെല്ലുവിളികളുടെ പ്രത്യേക വിലയിരുത്തൽ<br>• സംഭരണത്തിൽ ഏർപ്പെടുന്നവരെ, അവരുടെ സ്വന്തം വെല്ലുവിളികൾ നേരിടുന്നതിന് കേരള സർക്കാർ സൗകര്യമൊരുക്കുകയും, ശക്തിപ്പെടുത്തുകയും, അവരുടെ കഴിവിനപ്പുറത്തേക്ക് പ്രശ്നങ്ങൾ കവിയുമ്പോൾ മാത്രം അവരെ സഹായിക്കുകയും ചെയ്യട്ടെ. സംഭരണ പ്രക്രിയയിലെ എല്ലാ പ്രശ്നങ്ങളും സർക്കാർ പരിഹരിക്കുമെന്ന് പ്രതീക്ഷിക്കരുത്<br>• ചെലവ് വ്യത്യാസങ്ങൾക്ക് തുല്യമായ അധിക നഷ്ടപരിഹാര നെല്ല് പ്രോത്സാഹനം അനുവദിക്കുന്നതിനായി ഇന്ത്യാഗവൺ മെന്റുമായി അന്വേഷണം നടത്തുക.[25]<br>• ഭൂപരിധി നിയമങ്ങൾ കൃഷിയുടെ വളർച്ചയിലും യന്ത്രവൽക്കരണത്തിലും ഉയർന്ന ഉൽപ്പാദന ക്ഷമതയിലും തടസ്സമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്. |

കുറിപ്പ് (##) പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിങ് ആന്റ് മാർക്കറ്റിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (PAPcos). 2019-ൽ സ്ഥാപിതം. സൊസൈറ്റി, സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും നുറുക്കരി, തവിട്, അരിപ്പൊടി, ഉമി ഉൾപ്പെടെ അരി മാർക്കറ്റ് ചെയ്യുന്നതിനുമാണ്. സൊസൈറ്റിക്ക് പാലക്കാട് ജില്ലയിൽ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ (PACS) അംഗത്വമുണ്ട്. ദ കേരളാ പാഡി പ്രൊക്യൂർമെന്റ് പ്രോസസിങ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്വ സൊസൈറ്റി. (KAPCOS), 2021-ൽ 310 കോടിയുടെ അംഗീകൃത ഓഹരി മൂലധനത്തോടെ രജിസ്റ്റർ ചെയ്തു. KAPCOS കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുകയും സംസ്കരിക്കുകയും മാർക്കറ്റ് ചെയ്യുകയും ചെയ്യുന്നു. സൊസൈറ്റിക്ക് കോട്ടയം ജില്ലയിൽ മെമ്പർ സൊസൈറ്റികളായി 26 PACS കൾ ഉണ്ട്. കേരളത്തിന് 2011- കമ്മീഷൻ ചെയ്ത 8 കോടിയുടെ ചെലവ് വരുന്ന ഒരു വർഷത്തിൽ 1200 മെട്രിക് ടൺ പ്ലാന്റിനാൽ പൊതുമേഖലയിൽ സൃഷ്ടിച്ച മില്ലിങ് ശേഷിയുണ്ട്. കേരള റൈസ് ലിമിറ്റഡിന്റെ കീഴിൽ 100 കോടി രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന പ്രതിദിനം 250MT ശേഷിയുള്ള സംയോജിത ആധുനിക അരി മില്ലുകൾ നടപ്പിലാക്കി വരുന്നു. 2019-ൽ പ്രസ്താവിച്ച പദ്ധതികൾ മന്ദഗതിയിലാണെങ്കിലും അവയുടെ ശേഷിയുടെ ഒരു ഭാഗത്തിനു പോലും, സ്വകാര്യമേഖല ആധിപത്യം

[25] ഇന്ത്യാ ഗവൺമെന്റ് ഡാറ്റാ പ്രകാരം, 2021-22 ൽ കൃഷിയുടെ ചെലവ് ഒരു ഹെക്ടറിന് 68253.63 ആയി കണക്കാക്കിയിട്ടുള്ളതും ഇത് മുൻനിരയിലുള്ള അരി ഉത്പാദക സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും ഉയർന്നതുമുണ്ട്.

പുലർത്തുന്ന ഒരു മില്ലിങ് മാർക്കറ്റിൽ ഉത്പാദനം സന്തുലിതമാക്കാൻ കഴിയും. സംഭരണവും കർഷകർക്കും നേരിട്ട് പണം നൽകുന്നതും മില്ലിംഗും പൊതുവിപണിയിൽ വിജയ കരമായി വില്പന നടത്തുകയും ചെയ്യുന്ന വിജയ ത്തിന്റേയും (ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ഉം കുട്ടനാട് റൈസ് ബ്രാൻഡും) പരാജയത്തിന്റേയും (ഉദാഹരണത്തിന് അടാട്ട് ഫാർമേഴ്സ് സൊസൈറ്റി) സമാന അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ബൃഹത്തായ ശേഷിയിലേക്ക് കടക്കുമ്പോൾ, വിജയങ്ങളും പരാജയങ്ങളും വിശകലനം ചെയ്യേണ്ടതും പ്രശ്നങ്ങൾ മറികടക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

കമ്മിറ്റി പ്രധാനമായും PACSകൾ മാനേജ് ചെയ്യുന്ന PPC കളുടെ സംഭരണ പ്രക്രിയകളുടെ ഒരു SWOT വിശകലനം നടത്തി. ഫലങ്ങൾ ചുവടെയുള്ള മാതൃകയിൽ ചേർത്തിരിക്കുന്നു.

| ശക്തികൾ | ബലഹീനതകൾ | അവസരങ്ങൾ | ഭീഷണികൾ |
|---|---|---|---|
| 1. ശക്തമായ സാമ്പത്തിക വിഭവ അടിസ്ഥാനം<br>2. PACS മുഖേനയുള്ള സംഭരണ ധനസഹായം (കേരള സർക്കാർ കടമെടുക്കേണ്ട ആവശ്യം വരുന്നില്ല)<br>3. കർഷകർക്ക് തത്സമയം പണം നൽകൽ<br>4. കർഷകകേന്ദ്രീകൃതവും ഉടമസ്ഥതയും<br>5. പ്രാദേശിക വിജ്ഞാന അടിത്തറയും പ്രാദേശികവല്ക്കരിച്ച മാനേജ്മെന്റും<br>6. മെച്ചപ്പെട്ട സുതാര്യതയും ഉത്തവാദിത്തവും<br>7. മികച്ച ഗുണനിലാവര ഉറപ്പും ട്രേയ്സബിലിറ്റിയും<br>8. വികേന്ദ്രീകൃത PPC കൾ-മാനേജ്മെന്റിനുള്ള എളുപ്പം<br>9. നിയമങ്ങൾ പാലിക്കുകയും ഓഡിറ്റിങ്ങും | 1. ശേഷിയും ലോജിസ്റ്റിക് നിയന്ത്രണങ്ങളും<br>2. ഭരണപരമായ വെല്ലുവിളികൾ<br>3. പരിമിതമായ ഐടി ഇൻഫ്രാ സ്ട്രക്ചറും ഡിജിറ്റൽ സാക്ഷരതയും<br>4. ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പരിപാലിക്കുന്നതിനുള്ള പരിമിതമായ ശേഷി<br>5. മാനേജ്മെന്റിൽ പ്രൊഫഷണലിസത്തിന്റെ അഭാവം<br>6. ദുർബ്ബലമായ ധകാര്യ-പ്രകടന ഓഡിറ്റ് സംവിധാനം<br>7. വിവേചനാധികാരം അനൗപചാരികമായ (അഡ് ഹോക്) തീരുമാനമെടുക്കൽ<br>8. പൊരുത്തപ്പെടലിലുള്ള പ്രതിരോധം<br>9. പ്രാദേശികവൽക്കരിച്ച പക്ഷപാതങ്ങൾ<br>10. ഏകോപനവും പ്രവർത്തനവെല്ലുവിളികളും<br>11. ബാഹ്യപിന്തുണയെ ആശ്രയിക്കൽ | 1. ഭൂമിശാസ്ത്രപരമായ ശക്തമായ സാന്നിധ്യവും നെറ്റ് വർക്കും<br>2. സമ്പന്നമായ വിഭവ അടിത്തറ പ്രയോജനപ്പെടുത്തുക<br>3. പ്രാദേശികമായി താൽപ്പര്യമുള്ളവരുമായി ശക്തമായ സമ്പർക്കം (SHGS, GPs, NGOs പാടശേഖരസമിതികൾ, കർഷക ഉൽപ്പാദന കമ്പനികൾ സിവിൽ സൊസൈറ്റികൾ എന്നിവ)<br>4. പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ ഉത്തേജിത ഊർജ്ജം<br>5. ഇന്ത്യ ഗവൺമെന്റ് കേരള സർക്കാർ പരിപാടികൾ സംയോജിപ്പിച്ചു കൊണ്ട് കർഷകർക്ക് പാക്കേജ് സഹായം നൽകുന്നതിനുള്ള ഏകജാലകം.<br>6. കർഷക ശാക്തീകരണം | 1. ബാഹ്യഇടപെടലിനുള്ള അപകടസാധ്യത<br>2. ബാഹ്യതല്പരകക്ഷികളിൽ നിന്നുള്ള പ്രതിരോധം<br>3. പിഎസികൾക്കുള്ള ശേഷി നഷ്ടം<br>4. സർക്കാരുകളുടെ കാലതാമസം വരുത്തിയ പേയ്മെന്റ്/ വീഴ്ച<br>5. പ്രമാണിമാരുടെ നിയന്ത്രണം<br>6. സൈബർ സുരക്ഷാ ഭീക്ഷണികൾ<br>7. ഡിജിറ്റൽ വിഭജനം<br>8. നിയന്ത്രണത്തിന്റേയും ബാഹ്യഓഡിറ്റ് പാലനത്തിന്റേയും അഭാവം<br>9. അനിശ്ചിതത്വമുള്ള സർക്കാർ നയങ്ങൾ മൂലമുള്ള ആശ്രിതത്വവും അനുബന്ധ അപകട സാധ്യതകളും |

| | | | |
|---|---|---|---|
| 10. കർഷകർക്ക് നിലവിലുള്ള സഹായവുമായി സമന്വയം<br>11. സംഭരണത്തിലെ പരിചയം<br>12. ചടുലമായ പ്രതികരണവും പരാതി പരിഹാരവും<br>13. ശക്തമായ സാമൂഹിക ബന്ധങ്ങളും വിശ്വാസവും<br>14. കുറഞ്ഞ ഉദ്യോഗസ്ഥ മേധാവിത്വം<br>15. വികസനക്ഷമത<br>16. സുതാര്യമായ വിതരണശൃംഖല യും ട്രേയ്സബിലിറ്റി യും<br>17. എസ്എച്ച്ജി പ്രോത്സാഹിപ്പിക്ക ൽ<br>18. പ്രാദേശികവൽക്ക രിച്ച തൊഴിൽ സൃഷ്ടിക്കൽ | 12. ആഭ്യന്തര സമ്മർദ്ദ ഗ്രൂപ്പുകളോടുള്ള ദൗർബല്യം | 7. മെച്ചപ്പെട്ട വിപണി ബന്ധങ്ങൾ<br>8. മെച്ചപ്പെടുത്തിയ സാമൂഹിക ബന്ധവും പങ്കാളിത്തവും<br>9. ഗണ്യമായ ചെലവ് ലാഭിക്കൽ (PPC കൾ പ്രവർത്തന ക്ഷമമാണ്)<br>10. പൊതുവിശ്വാസം ശക്തിപ്പെടുത്തുക<br>11. കർഷകർക്കും സമൂഹത്തിനുമുള്ള സംയോജിത സേവനങ്ങൾ<br>12. ഇടനിലക്കാരെ ഒഴിവാക്കൽ | |

## 6.0 ഉപസംഹാര പരാമർശങ്ങളും ഭാവിപ്രവർത്തനങ്ങളും

### 6.1 മെച്ചപ്പെട്ട കാര്യക്ഷമത-മെച്ചപ്പെട്ട സാമ്പത്തികം

ചെലവ് ചുരുക്കിയും ചോർച്ച കുറച്ചും നെല്ല് സംഭരണത്തിന്റെ പ്രവർത്തനക്ഷമത മെച്ചപ്പെടു ത്തിയാൽ തന്നെ കേരളസർക്കാരിന് കാര്യമായ ലാഭമുണ്ടാക്കാൻ കഴിയും. മറ്റുള്ളവയോടൊപ്പം നിർദ്ദേശിച്ച പ്രധാന നടപടികൾ ഇവയാണ് (i) സമയബന്ധിതമായ പൊരുത്തപ്പെടുത്തലും സമയ ബന്ധിതമായ ഓഡിറ്റും, (ii) ഫലപ്രദമായി ഒത്തുതീർപ്പ് സംവിധാനം (iii) ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യയിൽ, ഏകീകൃത തത്സമയ, സംയോജിത ഡിജിറ്റൽ പ്ലാറ്റ്ഫോം (v) YES-TECH പോലു ള്ള സാങ്കേതിക വിദ്യകളെ അടിസ്ഥാനമാക്കി ഫാം തലത്തിലുള്ള വിളയുടെ കൃത്യതയും വിളവ് കണക്കാക്കലും (vi) മുൻകൂട്ടിയുള്ള ആസൂത്രണത്തിലൂടെയും സൂക്ഷ്മമായ മേൽനോട്ട ത്തിലൂടെ യും ഭരണപരമായ അധികചെലവിൽ മിച്ചമുണ്ടാക്കുക, (vii) സംഭരണ കലണ്ടറുമായി പൊരുത്ത പ്പെടുന്ന ചരക്കുപട്ടികയും പ്രവർത്തന മൂലധന മാനേജ്മെന്റും (viii) 68% OTR നില നിർത്തലും ഉപോൽപ്പന്നങ്ങളുടെ മൂല്യ നിർണ്ണയവും (ix) യഥാസമയത്തുള്ള പൊരുത്തപ്പെടുത്തലും ഇന്ത്യാ ഗവൺമെന്റിൽ നിന്നുള്ള ക്ലെയി മുകൾ ഫയൽ ചെയ്യുകയും ചെയ്യുക. സംഭരണ സംവിധാനം സ്വാശ്രയമായിരിക്കണമെന്ന് വിഭാവനം ചെയ്യുന്നു.

നവീകരിക്കുന്നതിനുള്ള ഏതൊരു പദ്ധതിക്കും അനിവാര്യമായ ചില വിശേഷാവകാശങ്ങൾ ഉണ്ടായിരിക്കുന്നതും അതില്ലാതെ പരിഷ്കരണങ്ങൾ വിജയപ്രദമാകുകയുമില്ല. ഏതൊരു നല്ല ആശയവും നടപ്പിലാക്കുന്നതിന് മുമ്പ് മതിയായ തയ്യാറെടുപ്പുകൾ നടത്തിയില്ലെങ്കിൽ പരാജയപ്പെടാം. അതിനാൽ കേരള സർക്കാരിന് ഇനിപ്പറയുന്നവയെ കേന്ദ്രീകരിച്ചുള്ള ഒരു നടപ്പാക്കൽ തന്ത്രം തയ്യാറാക്കാവുന്നതാണ്.

എ) വാർഷിക സംഭരണ നയവും പ്രവർത്തന പദ്ധതിയും കേരള സർക്കാർ പ്രഖ്യാപിക്കേണ്ടതാണ്. PPC/പാടശേഖരസമിതി, കർഷകർക്കും മറ്റ് താൽപ്പര്യക്കാർക്കുമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

ബി) വിള-വിളവെടുപ്പ് - സംഭരണ കലണ്ടറുകൾ സമന്വയിപ്പിക്കുകയും സീസണൽ ജില്ലാതല കർമ്മ പദ്ധതി തയ്യാറാക്കലും. ജില്ലാതലത്തിൽ, സീസണൽ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനോടൊപ്പം വിള കലണ്ടർ, വിളവെടുപ്പ് കലണ്ടർ, സംഭരണ കലണ്ടർ എന്നിവ സമന്വയിപ്പിക്കുന്നതും തന്ത്രത്തിൽ ഉൾപ്പെടുന്നു.

സി) നെല്ല് സംഭരണ കേന്ദ്രങ്ങൾ: ലോജിസ്റ്റിക്സിന് പുറമേ, PPCsകളുടെ ശേഷിയും എണ്ണവും, അതാത് വൃഷ്ടി പ്രദേശത്തെ നെല്ലുൽപ്പാദനത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ് PPCകൾ, വിന്നോയിങ് മെഷീൻ, ക്വാളിറ്റി ചെക്കിനുള്ള പാഡി ഗ്രേഡർ, തൽക്ഷണം PRS സൃഷ്ടിക്കാൻ കഴിവുള്ള ഇലക്ട്രോണിക് വെയിങ് സ്കെയിൽ, ഈർപ്പമീറ്റർ എന്നിവയാൽ സജ്ജീകരിക്കപ്പെടുന്നതാണ്. PACS കൾ അംഗീകരിച്ചതോ, മാനേജ് ചെയ്യുന്നതോ ആയ വെയിംഗ് ബ്രിഡ്ജുകൾ, പ്രായോഗികമായി സൗകര്യ പ്രദമായ സ്ഥാനങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്.

ഡി) സ്ഥാപനപരമായും സാമ്പത്തികമായും സപ്ലൈകോയെ ശക്തിപ്പെടുത്തൽ: മാനേജ്മെന്റ്, ഫണ്ട് നൽകൽ, ഏകോപനം, നിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവയിലേക്ക് സപ്ലൈകോയുടെ പങ്ക് പുനർ നിർവ്വചിക്കുകയും പരിമിതപ്പെടുത്തുകയും ചെയ്യുക. ഒരിക്കൽ PPC കൾ പൂർണ്ണമായി പ്രവർത്തന ക്ഷമമായി കഴിഞ്ഞാൽ സപ്ലൈകോയുടെ പ്രവർത്തന ചുമതലയുടെ ഒരു നിർണ്ണായക ഭാഗം ആവശ്യമില്ലാത്തതാകുന്നതാണ്. സംഭരണ ബിസിനസ്, അന്തർ-സ്ഥാപന ഇടപാടുകളിൽ നിന്നു പ്രത്യേകമാക്കിയ ബാങ്ക് അക്കൗണ്ട് ഉപയോഗിച്ച് സുരക്ഷിതമാക്കണം. നെല്ല് സംഭരണത്തിന്റെ പേരിൽ സപ്ലൈകോയുടെ കുമിഞ്ഞുകൂടിയ കടങ്ങൾ, അടുത്ത 3-5 വർഷക്കാലയളവിൽ പൊരുത്തപ്പെടുത്തുകയും ബഡ്ജറ്റ് പിന്തുണയോട് കൂടി പണമാക്കുകയും ചെയ്യണം. പ്രൊഫഷണൽ മാനേജ്മെന്റ് വൈദഗ്ധ്യം പ്രയോജനപ്പെടുത്തി, ഹാർഡ് വെയറിലൂടെ ശേഷിയും ഗുണനിലവാര ഉറപ്പിന് ആവശ്യസൗകര്യങ്ങളും വികസിപ്പിക്കുക.

ഇ) കൃഷിവകുപ്പുമായി ജിയോടാഗ് ചെയ്ത് ആധാറുമായി ബന്ധിപ്പിച്ച സമഗ്രമായ ഒറ്റത്തവണ കർഷക രജിസ്ട്രേഷൻ: (AIIMS/പോർട്ടൽ/വാർഷിക പരിശോധനയ്ക്കും, മാറ്റങ്ങൾക്കും, ഇരട്ടിപ്പ് ഇല്ലാതാക്കുന്നതിനുമുള്ള (പകരക്കാർ) വ്യവസ്ഥയോടുകൂടി സമഗ്രമായ കാർഷിക വിവര സംവിധാനം.

എഫ്) സംഭരണത്തിന്റേയും സംയോജിത സംഭരണ സോഫ്റ്റ് വെയറിന്റേയും തുടക്കം മുതൽ അവസാനം വരെയുള്ള ഡിജിറ്റൽവൽക്കരണം:- റിപ്പോർട്ടിൽ നിർദ്ദേശിച്ചത് പോലെ സപ്ലൈകോയുടെ സംഭരണ സോഫ്റ്റ് വെയർ പുനർ-രൂപകല്പന ചെയ്യുകയും സംയോജിപ്പിക്കുകയും ചെയ്യുക.

ജി) ഔട്ട്-ടേൺ റേഷ്യോയുടെ (OTR) ശാസ്ത്രീയമായ നിർണ്ണയം: ഒറ്റത്തവണ രജിസ്ട്രേഷനുള്ള (OTR) ഇന്ത്യാ ഗവൺമെന്റ് മാനദണ്ഡങ്ങൾക്കനുസൃതമായി ആധാർ ബന്ധിപ്പിക്കുകയും അത്, ശാസ്ത്രീയമായ

മില്ലിങ് ടെസ്റ്റുമായി പരിശോധിക്കുകയും ചെയ്യുക മില്ലിങ് ചാർജ്ജുകളും ഉപോൽപ്പന്നങ്ങളുടെ മൂല്യവും ഉൾപ്പെടെ മില്ലുടമയുടെ പ്രതിഫലം മൊത്തത്തിൽ കണക്കാക്കേണ്ടതാണ്.

എച്ച്) നെല്ല് സംഭരണ കേന്ദ്രങ്ങൾ: PACS ഫാർമർ, പ്രൊഡ്യൂസർ കമ്പനികൾ, ഗ്രാമപഞ്ചായത്തുകൾ (GPs) സ്വകാര്യമേഖല എന്നിവയുടെ സഹായത്തോട് കൂടി. കേരള സർക്കാർ/സപ്ലൈകോ, എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നെല്ല് സംഭരണ കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതാണ്. നെറ്റ് വർക്ക് ശക്തിപ്പെടുത്തുന്നതിനായി, കേരള സർക്കാർ, PPC കൾ സ്ഥാപിക്കുന്നതിനുള്ള എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EoI) കൂടി ക്ഷണിക്കേണ്ടതാണ്.

ഐ) ഒറ്റത്തവണ മില്ലർ രജിസ്ട്രേഷൻ: മില്ലുടമകൾക്ക് ആവശ്യമായ രേഖകൾ അപ് ലോഡ് ചെയ്തുകൊണ്ട് 24x7, രജിസ്ട്രേഷന് വേണ്ടി ഓൺലൈനായി അപേക്ഷിക്കാം. സപ്ലൈകോ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത പരിശോധിക്കുകയും അർഹതയുള്ള മില്ലുകൾ, അദ്വിതീയ തിരിച്ചറിയൽ നമ്പറുകൾ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുകയും ചെയ്യും. രജിസ്റ്റർ ചെയ്ത മില്ലുകൾ സപ്ലൈകോയുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും അവർക്ക് ദൂരപരിധി മാനദണ്ഡങ്ങൾക്കനുസൃതമായും, ബാങ്ക് ഗ്യാരണ്ടി ഇൻഷുറൻസ് മുതലായവ പോലുള്ള മറ്റ് ആവശ്യകതകൾക്കും അനുസൃതമായി നെല്ല് അനുവദിക്കുന്നതുമാണ്.

ഐ) ഗുണനിലവാര ഉറപ്പ്: സംഭരണത്തിന്റെയും പ്രക്രിയയുടെയും എല്ലാ ഘട്ടങ്ങളിലും സാക്ഷ്യപ്പെടുത്തിയ ഗുണനിലവാരമുള്ള യന്ത്രസാമഗ്രികളും ഉപകരണങ്ങളും ഉപയോഗിച്ച് കർശനമായ ഗുണനിലവാര ഉറപ്പ് സുരക്ഷിതമാക്കണം.

ജെ) അപകട സാധ്യതാവിശകലനവും ലഘൂകരണ തന്ത്രങ്ങളും[26]: വാർഷിക സംഭരണനയവും കർമ്മ പദ്ധതിയുമുള്ള ഓരോ സീസണിലും സപ്ലൈകോ ഒരു അപകടസാധ്യതാവിലയിരുത്തലും ലഘൂകര ണതന്ത്രവും ഉണ്ടാക്കുകയും നേരത്തേയുള്ള മുന്നറിയിപ്പിനും സമയോചിത നടപടിക്കും ഉദ്യോഗസ്ഥരെ ഉത്തരവാദിത്തം ഉള്ളവരാക്കുകയും ചെയ്യുന്നതാണ്.

കെ) പരാതിപരിഹാരവും ഫീഡ്ബാക്കും: കേരള സർക്കാർ/സപ്ലൈകോ യാന്ത്രികമായി മുന്നോട്ടുപോകുന്ന വ്യവസ്ഥ അടങ്ങുന്ന ഒരു ഓൺലൈൻ പരാതി പരിഹാരസംവിധാനം വികസിപ്പക്കണം. കൂടാതെ, ജില്ലാ തലത്തിലുള്ള സ്ഥാപനപരമായ ഏകോപനത്തിനും തർക്ക പരിഹാരത്തിനും ജില്ലാകളക്ടർമാരെ അധികാരപ്പെടുത്തും. മന്ത്രിസഭാ ഉപസമിതിക്ക് തീരുമാനമെടുക്കുന്നതിനുള്ള ഒരു ഏകജാലക അപ്പക്സ് ബോഡിയായി തുടരാവുന്നതും അതിന്റെ മിനിറ്റ്സ് മന്ത്രിസഭാ തീരുമാനങ്ങൾക്ക് തുല്യമാക്കിയിട്ടുമുണ്ട്.

എൽ) ഉയർന്ന രാഷ്ട്രീയം ഇച്ഛാശക്തി: കഴിഞ്ഞ 2 പതിറ്റാണ്ടുകളായി ആഴത്തിൽ വേരൂന്നിയ സമ്പ്രദായങ്ങളിൽ നിന്നുള്ള ഏതൊരു മാറ്റത്തിനും ശക്തമായ പല ഗ്രൂപ്പുകളിൽ നിന്നും പ്രതിഷേധം ഉണ്ടാ യേക്കാം. മാറ്റ പ്രക്രിയ തുടക്കം മുതൽ അവസാനം വരെ കൈകാര്യം ചെയ്തില്ലെങ്കിൽ ഗുരുതരമായ തിരിച്ചടിക്ക് സാധ്യതയുണ്ട്. നവീകരണ സംരംഭങ്ങൾ ആവിഷ്ക്കരിക്കുന്നതിന്, ശക്തമായതും ദീർഘവീക്ഷണവുമുള്ള രാഷ്ട്രീയ ഇച്ഛാശക്തി ആവശ്യമാണ്.

[26] DPS നവീകരിക്കപ്പെടുമ്പോൾ മറ്റേതൊരു പരിഷ്കാരത്തിലുമെന്നതുപോലെ തെറ്റായി പ്രയോജനം നേടിയ ശക്തമായ ലോബികൾ പ്രത്യക്ഷമായും രഹസ്യമായും അതിനെതിരെ പ്രവർത്തിക്കും. സാധാരണ ഗതിയിൽ ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തിയും കർക്കശമായ അധികാരവും ഇല്ലെങ്കിൽ സർക്കാർ സംവിധാനം പരാജയപ്പെടും. ലോബികൾ വിജയിച്ചില്ലെങ്കിൽ അവർ പുതിയ വേഷത്തിൽ സിസ്റ്റത്തിൽ കയറുകയും അതിനെതിരായി പ്രവർത്തിക്കുകയും ചെയ്യും.

**6.2 സംഭരണ മാതൃകകൾ: തന്ത്രപരമായ ഓപ്ഷനുകൾ:** നിലവിലെ സാഹചര്യത്തിൽ ഏറ്റവും പ്രായോഗി കമായ പരിഹാരം ശുപാർശ ചെയ്യുന്നതിനായി കമ്മിറ്റി വിവിധ സംഭരണമാതൃകകൾ/ ഓപ്ഷനുകൾ പരിഗണിച്ചിട്ടുണ്ട്. ഓപ്ഷനുകൾ ചുവടെ അവതരിപ്പിച്ചിരിക്കുന്നു.

**6.2.1 ഓപ്ഷൻ-1 വികേന്ദ്രീകൃത സംഭരണം അവസാനിപ്പിക്കുകയാണെങ്കിൽ?**

ക്ഷാമത്തിന്റെ സാഹചര്യത്തിൽ, കീഴിൽ രൂപകല്പന ചെയ്ത ഒരു ഇടപെടലാണ്, MSP ഇത് NFSA നിയമത്തിനു കീഴിൽ ഉറപ്പുനൽകുന്ന ഭക്ഷ്യമിച്ചവും ഭക്ഷ്യസുരക്ഷയും നിലനില്ക്കുന്ന പശ്ചാത്തല ത്തിൽ, ഒരു പുനരവലോകനം ചെയ്യേണ്ടതിന്റെ ആവശ്യമുണ്ട്. ഭക്ഷ്യസുരക്ഷ സുസ്ഥിരമാകണ മെങ്കിൽ സാമ്പത്തികമായും സുസ്ഥിരമായിരിക്കേണ്ടതാണ്. വിപണി ശരിയായ രീതിയിൽ ഉത്തേജിപ്പിക്കപ്പെടുകയാണെങ്കിൽ, അത് വിളവൈവിദ്ധ്യവൽക്കരണം, യന്ത്രവൽക്കരണം, വിതരണ ശൃംഖല, മൂല്യവർദ്ധന, മിതവ്യയത്വം പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് സൗകര്യമൊ രുക്കുകയും കർഷകന്റേയും ഉപഭോക്താവിന്റേയും താല്പര്യങ്ങൾക്ക് പ്രയോജനകരമാക്കുകയും ചെയ്യും. അതനുസരിച്ച് വിപണിക്ക് വളരെ വലിയ പങ്ക് നൽകികൊണ്ട്, നിലവിലുള്ള DPS നിർത്തലാക്കു ന്നതിന്റെ അനന്തരഫലങ്ങളുടെ സാധ്യത കൾ കമ്മിറ്റി പരിഗണിച്ചു. ഈ സാഹചര്യത്തിൽ, വില MSPയേക്കാൾ കുറയുന്ന സ്ഥിതിയുണ്ടായാൽ, കർഷകർക്ക് ഒരാശ്രമായി ഇന്ത്യാഗവൺമെന്റ് FCI കേന്ദ്രീകൃത സംഭരണ സംവിധാനത്തിന്റെ കീഴിൽ MSP തുടരുന്നതാണ്. വിസ്തതി വിപുലീകരിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് നെൽകൃഷിയുള്ള പ്രദേശവുമായി ബന്ധപ്പിച്ചിട്ടുള്ള എസ് ഐ ബി കർഷകർക്ക് നേരിട്ട് ഡി ബി റ്റി ആയി കൈമാറുന്നതാണ്. (നിലവിലെ ഡി പി എസ് സംവിധാനത്തിന്റെ കീഴിൽ നെൽ കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തതി കുറഞ്ഞുവരുകയോ സ്തംഭനാവസ്ഥയിലോ ആണ്) ചുവടെ അവതരിപ്പിച്ചിരിക്കുന്ന ഓപ്ഷന്റെ ഒരു വിശകലനം (പട്ടിക 5.1) സൂചിപ്പിക്കുന്നത്, അനന്തരഫലങ്ങളുടെ സാധ്യതകൾ സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് പ്രയോജനം ചെയ്യുമെന്നാണ്.

വികേന്ദ്രീകൃത സംഭരണ സംവിധാനം (DPS) നിർത്തലാക്കിയാൽ അനന്തരഫലങ്ങളുടെ സാധ്യത എന്തായിരിക്കും?

ഈ സാഹചര്യത്തിന്റെ സാധ്യതകളും അനന്തര ഫലങ്ങളും പട്ടിക 5.1 വിവരിച്ചിരിക്കുന്നു

**പട്ടിക 6.1 വികേന്ദ്രീകൃത സംഭരണ സംവിധാനം (DPS) നിർത്തലാക്കുന്നതിൽ സാധ്യതയുള്ള അനന്തരഫലം.**

| കർഷകർ | കേരള സർക്കാർ/ പൊതുവിതരണം | മില്ലുടമകൾ | ഉപഭോക്താക്കൾ |
|---|---|---|---|
| • പൊതുവിപണിയെ ആശ്രയിക്കുക<br>• വില MSP യിൽ താഴെ ആയാൽ അവസാന ഓപ്ഷൻ എന്ന നിലയിൽ ഇന്ത്യാ ഗവൺമെന്റ്/FCI-NAFED ഉം സപ്ലൈകോയും | • കടം വാങ്ങൽ കുറവു വരുത്തി<br>• അധികച്ചെലവിലും പലിശ ചെലവിലുമുള്ള ലാഭം<br>• മെച്ചപ്പെട്ട ഭക്ഷ്യസുരക്ഷ- | • കേരള നെല്ലിനുള്ള മില്ലുടമകളുടെ ഡിമാന്റ് കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനു കാരണമാകും[27] | • വിപണിയിൽ അരിയുടെ വർദ്ധിച്ച വിതരണം<br>• PDS ഉപഭോക്താക്കൾ ക്ക് പുഴുക്കലരി ലഭ്യമാകാതിരിക്കാം |

[27] പാക്ക് ചെയ്ത പാലക്കാടൻ മട്ട കിലോയ്ക്ക് 55-60 രൂപയ്ക്ക് വില്ക്കുന്നതും കയറ്റുമതി വിപണിയിൽ നല്ല ഡിമാന്റും ഉള്ളതുമാണ്. കൂടാതെ മികച്ച ഗുണമേന്മയുള്ള പാലക്കാടൻ നെല്ലിന് MSP യേക്കാൾ വളരെ ഉയർന്ന 32 കി.ഗ്രാം വരെ ലഭിച്ചിരുന്നു.

| | | | |
|---|---|---|---|
| നെല്ല് സംഭരിക്കുക<br>• പ്രദേശവുമായി ബന്ധപ്പെട്ട **SIB** കേരള സർക്കാർ **DBT** ആയി കർഷകർക്കു നൽകുക<br>• കർഷകർക്ക് വേണ്ടി വിറ്റുവരവിന്റെ ഉടനടിയുള്ള ഈടാക്കൽ<br>• കർഷകരെ പ്രതികൂലമായി ബാധിക്കുന്നില്ല<br>• വൈവിധ്യവൽക്കരണവും മികച്ച മൂല്യമുള്ള വിളകളും മെച്ചപ്പെട്ട വരുമാനവും പ്രോത്സാഹിപ്പിക്കുക | ഇന്ത്യാഗവൺമെന്റ് വിഹിതം മുഴുവൻ ലഭ്യമാക്കൽ (11.15 ലക്ഷം മെട്രിക് ടൺ) 5-6 ലക്ഷം മെട്രിക് ടൺ അരിയുടെ ലഭ്യത ആഭ്യന്തര വിതരണം വർദ്ധിപ്പിക്കും<br>• സപ്ലൈകോയ്ക്ക് മത്സരാധിഷ്ഠിത ലേലത്തിലൂടെ പുഴുക്കലരി സംഭരിക്കുന്നതിനും **PDS** ഗുണഭോക്താക്കൾക്ക് **PDS**/സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി കുറവ് നികത്താനും കഴിയും<br>• മെച്ചപ്പെട്ട ഭക്ഷ്യസുരക്ഷ | | (സപ്ലൈകോയ്ക്ക് കുറവ് നികത്താൻ കഴിയും)<br>• വർദ്ധിച്ച വിതരണത്തിലൂടെ യും വിലക്കുറവിലൂടെ യും ഉപഭോക്താക്കൾ ക്കു സാധ്യതയുള്ള നേട്ടങ്ങൾ |

*കരട് റിപ്പോർട്ടിന്റെ കൂടിയാലോചനാവേളയിൽ, **DPs** നിർത്തലാക്കിയാൽ പൊതുവിതരണ സമ്പ്രദായത്തെ എങ്ങനെ ബാധിക്കും എന്നതിനെക്കുറിച്ചുള്ള വളരെ പ്രസക്തമായ നിർണ്ണായക വിവരങ്ങൾ കമ്മിറ്റിക്കു ലഭിച്ചു. ഒരു വർഷം കേരളത്തിനുള്ള യഥാർത്ഥ **NFSA** വിഹിതം 14,25 **LMT** യും അതിൽ ഗോതമ്പ് വിഹിതം 1.80 **LMT** യും ആണ്. ബാക്കി 12.45 **LMT** അരിയാണ്, അതിൽ **AAY/PHH** (മുൻഗണനാ കുടുംബങ്ങൾ) പദ്ധതിക്കുവേണ്ടി **8LMT** സൗജന്യമായി ലഭിക്കാൻ കേരളത്തിന് അർഹതയുണ്ട്. കൂടാതെ സംസ്ഥാനത്തിന് **4LMT** അരി, പ്രയാസത്തെ തരണം ചെയ്യാനുള്ള അരിയായി ഒരു കിലോയ്ക്ക് 8.30 രൂപാ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. അപ്പോൾ ഭക്ഷ്യസുരക്ഷയ്ക്കുള്ള **CMR** ന്റെ ആവശ്യം 0.45 **LMT** മാത്രമായിരിക്കും (അല്ലെങ്കിൽ 68% **OTR** നിരക്കിൽ 0.66 **LMT** നെല്ല്.) ഇത് ലളിതമായും പ്രത്യക്ഷമായും അർത്ഥമാക്കുന്നത് 4.5/kg എന്ന മിതമായ ചെലവിന്റെ സ്ഥാനത്ത് ഇടപാടുകളുടെയും കാര്യക്ഷമതയില്ലായ്മയുടെയും ചെലവൊഴിച്ച് സംസ്ഥാനം ഒരു കിലോഗ്രാം അരിക്ക് 80.4 രൂപാ ചെലവാകുന്നു എന്നാണ്.*

വരാനിരിക്കുന്ന ആധുനിക പൊതുമേഖലാ മില്ലുകളുമായി സഹകരിച്ച് ഗുണമേന്മയുള്ള ബ്രാൻഡുകളുള്ള അരിയുടെ പൊതുവിപണിയിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് നിർണ്ണായകമായ അവസരങ്ങളും ഈ സാഹചര്യം പ്രദാനം ചെയ്യും. അതേസമയം ഇപ്പോൾ **NFSA** യുടെ കീഴിലുള്ള **8LMT** യുടെ സൗജന്യവിഹിതം, അടുത്ത 5 വർഷത്തേക്ക് കൂടി മാത്രമാണെന്ന് പ്രഖ്യാപിച്ചതു കൊണ്ടും സ്വാശ്രയത്തിന്റെ ഒരു കുറഞ്ഞ തലം ഉറപ്പാക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പി ക്കുന്നതും നെൽകൃഷി നിലനിറുത്തുന്നതും കേരള സർക്കാരിന്റെ ദീർഘകാല നയത്തിന്റെ ഒരു പ്രധാന കർമ്മപരിപാടി ആയി തുടരാവുന്നതാണ്. ഏതൊരു കമ്പോള പ്രവർത്തനത്തിലും ഉള്ളത് പോലെ, വിതരണ, ഡിമാൻഡ് വ്യവസ്ഥകളുമായി നയങ്ങൾ പൊരുത്തപ്പെടു ത്തുന്നതിന് കൗശലം വളരെ നിർണ്ണായകമാണ്.

ഒരു തീരുമാനമെടുക്കുന്നതിന് മുമ്പ്, ഈ സാഹചര്യത്തിന്റെ മൊത്തത്തിലുള്ള ചെലവുകളും നേട്ടങ്ങളും അതിന്റെ ക്ഷേമ വ്യാപാരങ്ങളോടൊപ്പം വിശദമായ പഠനത്തിനു വിധേയമാക്കേണ്ടതാണ്. ഈ ഓപ്ഷൻ, വിതരണത്തിന്റെയും ഡിമാന്റിന്റേയും സാഹചര്യങ്ങളെക്കുറിച്ച് കർക്കശമായ പരിശോധന ആവശ്യമാണെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു.

### 6.2.2 ഓപ്ഷൻ-2 അംഗീകൃത സംഭരണ ഏജന്റുകളായി മില്ലുടമകൾ

കേരള സർക്കാരിന്റെ സംഭരണ ഏജൻസിയായി പ്രവർത്തിക്കാൻ തങ്ങൾ തയ്യാറാണെന്ന് മില്ലുടമകളും സർക്കാരിനുമുന്നിൽ നിവേദനം ബോധിപ്പിച്ചു. ഈ സംവിധാനത്തിനു കീഴിൽ, മില്ലുടമകൾ, അവരുടെ സ്വന്തം പ്രവർത്തനഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് സംഭരണം നടത്തു ന്നതും അവർ ഉടൻതന്നെ കർഷകർക്ക് പണം കൊടുക്കുന്നതുമാണ്.

അപകടസാധ്യതകൾ കുറയ്ക്കുന്നതിനായി കൃഷി ചെയ്യുന്ന വിസ്തൃതിയെ അടിസ്ഥാനമാക്കി, നിശ്ചയിച്ചി ട്ടുള്ള SIB കർഷകർക്ക് DBT ആയി കൈമാറുന്നതാണ്. നോഡൽ മേൽനോട്ടത്തിനും നിയന്ത്രണ ത്തിനും നിരീക്ഷണത്തിനുമുള്ള നോഡൽ ഏജൻസിയായി സപ്ലൈകോ തുടരുന്നതാ യിരിക്കും. കേരള സർക്കാർ, മില്ലുകളിൽ നിന്ന് MSP യും, പലിശയും, കൊണ്ടുപോകുന്നതിനുള്ള ചെലവും, മില്ലിങ് ചാർജ്ജുകളും, മാനദണ്ഡങ്ങൾക്കനുസൃതമായി കണക്കാക്കിയ ന്യായമായ ലാഭം എന്നിവ അടങ്ങുന്ന ഒരു നിരക്കിൽ CMR അരി സംഭരിക്കും. ഈ നിരക്ക് ഒരു സ്വതന്ത്ര ഏജൻസി നിശ്ചയി ക്കുന്നതും കാലാനുസൃതമായി പരിഷ്കരിക്കുകയും ചെയ്യും. കർഷകർക്ക് യഥാസമയം MSP ഘടകം നല്കുന്നതും സംസ്ഥാനത്തിന് കട ഭാരത്തിൽ നിന്ന് ആശ്വാസം ലഭിക്കുന്നതുമാണ് വ്യക്തമായ നേട്ടങ്ങൾ.

സാധ്യതയുള്ള അപകടങ്ങൾ (i) മില്ലുടമകൾ MSP യേക്കാൾ കുറവായി നെല്ല് സംഭരിക്കുന്നതിന്റെ അപകടസാധ്യതകൾ, അതായത്, നിലവിൽ പ്രയോഗത്തിലുള്ള അളവിനുപകരം മൂല്യത്തിൽ 'കിഴിവ്' (ii) കേരള സർക്കാർ ഏകപക്ഷീയമായി CMR നിശ്ചയിക്കുന്നത്, (iii) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം, SIB വേർപെടുത്തിയില്ലെങ്കിൽ അത് നെല്ലിന്റെ വെർച്വൽ വ്യാപാരവും വില വ്യത്യാസവും പ്രോത്സാ ഹിപ്പിക്കുന്നത് തുടരാം. (iv) കേരള നെല്ല് പൊതുവിപണിയിലേക്ക് വഴിതിരിച്ചു വിടുന്നതിന്റെ അപകട സാധ്യത-എന്നിവയാണ്. PPC/PACS ഓപ്ഷനുമായി താരതമ്യം ചെയ്താൽ സാധ്യതയുള്ള അപകടങ്ങൾ വളരെ കൂടുതലായതിനാൽ ഈ ഘട്ടത്തിൽ കമ്മിറ്റി ഈ ഓപ്ഷൻ ശുപാർശ ചെയ്യുന്നില്ല.

### 6.2.3 ഓപ്ഷൻ 3. PACs വഴിയും PPC കൾ (പാഡി പ്രൊഡക്ഷൻ സെന്ററുകൾ) വഴിയുമുള്ള സംഭരണം

എ. കേരളത്തിനു വളരെ സജീവമായ ഒരു പ്രാഥമിക കാർഷിക-സഹകരണ വായ്പാ മേഖലയുണ്ട്. ഏക ദേശം 3.72[28] കോടിവരുന്ന അംഗത്വവും (ശരാശരി 22627 അംഗത്വം), 1,39,461 കോടിയുടെ മൊത്തം നിക്ഷേപവും, 1,08,333 കോടിയുടെ സഞ്ചിത ക്രഡിറ്റും, 1,61,962 കോടി വരുന്ന പ്രവർത്തന മൂലധനവുമുള്ള 1644 നു മുകളിലുള്ള പ്രാഥമിക കാർഷിക വായ്പാ 2 സൊസൈറ്റികളുണ്ട് (PACS). മൊത്തം 1644 PACS കളുള്ളതിൽ 794 എണ്ണം ലാഭത്തിലാണ്.[29] PACS കളുമായുള്ള കൂടിയാലോചന വേളയിൽ അവർ നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്നതിനുള്ള താല്പര്യം പ്രകടിപ്പിച്ചു, പ്രത്യേകിച്ച് മൊത്തം സംഭരണത്തിന്റെ 50% വരുന്ന പാലക്കാട് ജില്ലയിൽ, കൂടാതെ PACS കൾക്ക് സംഭരണ ത്തിൽ കാര്യമായ പരിചയസമ്പത്തുമുണ്ട്. എന്നിരുന്നാലും ഗുണനിലവാരം കുറഞ്ഞ നെല്ല് സംഭരി

[28] ഒന്നിൽ കൂടുതൽ/നിഷ്ക്രിയ അക്കൗണ്ടുകൾ കാരണം.

[29] അവലംബം സാമ്പത്തിക അവലോകനം കേരള സർക്കാർ 2022 വാല്യം II പുറം 73-74

ക്കുന്നത് കാരണം PACS കൾക്കുണ്ടാകാൻ സാധ്യതയുള്ള സാമ്പത്തിക നഷ്ടത്തിന്റെ കാര്യത്തിൽ ആശങ്ക ഉയർന്നിട്ടുണ്ട്. അതുകൂടാതെ KAPCOS- ഉം PAPOS ഉം ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് പോലുള്ള പൊതുമേഖല മില്ലുകൾക്കും മത്സാരാധിഷ്ഠിത അതിവ്യാപ്തിയില്ലാതെ PPC കൾ സ്ഥാപിക്കാവുന്നതാണ്. കേരളസർക്കാരിന്, PACS കളുടെ സംഭരണ അനുഭവത്തിന്റെ ദ്രുതഗതി യിലുള്ള ഒരു പ്രത്യേക്ഷ വില യിരുത്തൽ നടത്തുകയും, നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിന് മുമ്പ് പഠിച്ച പാഠങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

ബി) അതനുസരിച്ച്, 2024 വിരിപ്പു സീസൺ, വിള 1 മുതൽ സംസ്ഥാനത്തെ സംഭരണ ഏജൻസികളായി കേരള സർക്കാരിന് PACS കളെ (ഫെഡറേറ്റഡ് PACS, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ (FPCs) പാടശേഖര സമിതികൾ) പൊതു/സ്വകാര്യ മേഖലകൾ ഉൾപ്പെടെ) അധികാരപ്പെ ടുത്താവുന്നതാണ്. കൂടാതെ ഇന്ത്യാ ഗവണ്മെന്റ് വിഭാവന ചെയ്യുന്നതുപോലെ നെല്ല് സംഭരണ കേന്ദ്രങ്ങളായി വികസിപ്പിക്കാവുന്ന സാധ്യതയുള്ള വെയർഹൗസിങ് സൗകര്യങ്ങൾ ആവശ്യാനു സരണം സ്ഥാപിക്കുന്നതിനോ പുറം കരാർ ഏല്പിക്കുന്നതിനോ അവരെ സഹായിക്കേണ്ട തുമാണ്. നിയമാനുസൃതമായ മാനദണ്ഡങ്ങളുടെയും, വികേന്ദ്രീകൃത സംഭരണ സംവിധാനത്തിൽ പങ്കെടുക്കു ന്നതിനുള്ള അവരുടെ സന്നദ്ധത യുടെയും അടിസ്ഥാനത്തിൽ PACS കൾ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടും. തിരഞ്ഞെടുക്കപ്പെടുന്ന PACS കൾക്ക് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസി കളിൽ നിന്നും നിരന്തരമായ ഉറപ്പും സഹായവും ലഭിക്കുന്നതുമാണ്.

സി) PACS- കളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കൽ-ചുരുക്കപ്പട്ടിക രണ്ടു ഘട്ടമായി തയ്യാറാക്കുന്നു (i): പങ്കെടുക്കുന്നതിനുള്ള സന്നദ്ധത: ഈ ഘട്ടത്തിൽ, മാനേജ്മെന്റ് കമ്മിറ്റിയുടെ/ബോർഡിന്റെ അംഗീകരിക്കപ്പെട്ട യോഗതീരുമാനം, ഓഡിറ്റ് ചെയ്ത പുതുക്കിയ വാർഷിക റിപ്പോർട്ടുകൾ മുതലായവ സൂചിപ്പി ച്ചിട്ടുള്ള പ്രകാരം പങ്കെടുക്കുന്നതിനുള്ള സന്നദ്ധത (WTP) പോലുള്ള ഘടകങ്ങളുപ യോഗിച്ച് സപ്ലൈകോ ഒഴിവാക്കൽ മാനദണ്ഡങ്ങൾ പ്രയോഗിക്കുന്നതാണ്. ആവശ്യമായ രേഖകൾ സമർപ്പിക്കാത്ത PACS കൾ അടുത്ത ഘട്ടത്തിൽ പങ്കെടുക്കുന്നതിൽ നിന്നും ഒഴിവാക്ക പ്പെടുന്നതാണ് (ii) രണ്ടാം ഘട്ടത്തിൽ, ലാഭം/മിച്ചം, നെല്ല്/കാർഷിക സംഭരണത്തിലുള്ള മുൻകാല പരിചയം, പ്രോഗ്രാം പ്രയോഗത്തിൽ കൊണ്ടുവരുമ്പോൾ നടത്തിപ്പിനുള്ള അവരുടെ സന്നദ്ധത വിലയിരുത്തുന്നതിന് വെയർ ഹൗസിങ് സൗകര്യങ്ങളിലേക്കുള്ള പ്രാപ്യത എന്നിവയുടെ അടിസ്ഥാനത്തിൽ PACS കൾ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. ഇന്ത്യാ ഗവണ്മെന്റിൽ നിന്നും ധനസഹായത്തിനും/റീഇംബേഴ്സ്മെന്റിനും കൂടുതൽ യോഗ്യമായ സിവിലും മറ്റ് ഗുണനിലവാര ഉറപ്പിനുള്ള അടിസ്ഥാന സൗകര്യങ്ങളും നവീകരിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ഏറ്റെടു ക്കുന്നതിനും PAC കളെ സഹായിക്കും.

ഡി) സംഭരണത്തിനുള്ള ധനസഹായം:- PACS കൾ സംഭരണത്തിനുശേഷം ഉടനെതന്നെ, അവരുടെ സ്വന്തം ഫണ്ടിൽ നിന്നും, അവർ സൂക്ഷിക്കുന്ന അതാത് കർഷക അക്കൗണ്ടിലൂടെ കർഷകർക്കുള്ള മുഴുവൻ പണവും (MSP+SIB) നല്കുന്നു. ഇന്ത്യാഗവണ്മെന്റ് MSP ഘടകം സപ്ലൈകോ PACS കൾക്ക് നേരിട്ട് നല്കുന്നതാണ്. വിസ്തൃതി അടിസ്ഥാനത്തിലുള്ള എസ്ഐബി ഘടകം DBT ആയി കേരള സർക്കാരിന് നല്കാവുന്നതാണ് (ഏറ്റവും അഭികാമ്യമായ ഓപ്ഷൻ) പകരമായി, എസ്ഐബി പ്ലസ് അല്ലെങ്കിൽ ഇന്ത്യാഗവണ്മെന്റിൽ നിന്നുള്ള മറ്റെതെങ്കിലും റിഇംബേഴ്സ് ചെയ്യാൻ സാധി ക്കാത്ത ചെലവും, PACS കൾക്ക് കേരള സർക്കാർ നേരിട്ട് നല്കേണ്ടവയും, നല്കുന്നതിൽ ഏതെങ്കിലും കാലതാമസം ഉണ്ടാകുന്ന പക്ഷം, സഹകരണ ബാങ്കുകളിൽ നിലവിലുള്ള വായ്പാനിരക്കിൽ കേരള സർക്കാർ നഷ്ടപരിഹാരം നല്കേണ്ടതുമാണ്. കർഷകരുടെ പേയ്മെന്റുകൾ നിറവേറ്റുന്നതിന് PACS കൾക്ക് ആഭ്യന്തര മിച്ചം ഇല്ലാത്ത പക്ഷം, കേരള ബാങ്കിൽ നിന്നോ നബാർഡിൽ നിന്നോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും വായ്പാ സൗകര്യത്തിൽ നിന്നോ ധനസഹായം തേടാവുന്നതാണ്. ഏതൊരു

സാഹചര്യത്തിലും കേരള സർക്കാർ വായ്പ എടുക്കുന്നത് കൃത്യമായ കാരണങ്ങളോടുകൂടി കുറയ്ക്കേണ്ടതാണ്.


ഇ) PACS കളുടെ സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിന് മതിയായ ഉറപ്പും നിരന്തര സഹായം, സാങ്കേതിക മേൽനോട്ടം, ഗുണനിലവാര ഉറപ്പിനുള്ള സംവിധാനങ്ങൾ എന്നിവ ഉണ്ടായിരിക്കേണ്ടതും, സമയോചിതമായ പൊരുത്തപ്പെടുത്തൽ, ക്ലെയിമുകൾ സമർപ്പിക്കൽ, ഇന്ത്യാഗവണ്മെന്റ് ഫണ്ടുകളുടെ യഥാസമയത്തുള്ള റിലീസ് സപ്ലൈകോ ഉറപ്പാക്കേണ്ടതുമാണ്. ഒരു സാഹചര്യത്തിലും നെല്ല് സംഭരണത്തിന്റെ പേരിൽ PACS കളെ സാമ്പത്തിക നഷ്ടത്തിലേക്ക് തള്ളിവിടാൻ പാടില്ലാത്തതാണ്.

എഫ്) സ്വകാര്യ പങ്കാളിത്തം[30]; മാതൃകപരമായി, കേരള സർക്കാരിന് പ്രത്യേക സ്വകാര്യ ഫ്രാഞ്ചൈസി PPC കളെയും, ഫാർമർ പ്രൊഡ്യൂസർ കമ്പനികളും, സ്വകാര്യമേഖലാ ഏജൻസികളും, SHGകളും സ്ഥാപി ക്കുന്ന PPC കളെയും ഉൾപ്പെടുത്താവുന്നതാണ്. PPC കളുടെ വിശദമായ പ്രോട്ടോകോളും സാങ്കേതിക പ്രത്യേകതകളും സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി നല്കണം. PPC കൾ അവയുടെ സ്വന്തം പ്രവർത്തനമൂലധന ആവശ്യകതകൾ കണ്ടെത്തുകയോ/പ്രയോജനപ്പെടുത്തുകയോ ചെയ്യേണ്ടതും, പേയ്മെന്റുകളിൽ ഏതെങ്കിലും കാലതാമസമുണ്ടെങ്കിൽ കേരള സർക്കാർ നികത്തേണ്ടതുമാണ് (മൂലധന നിക്ഷേപത്തിന്റേയും പ്രവർത്തന ഫണ്ടുകളുടെയും ചെലവും, വെയർഹൗസിങ് ചാർജ്ജുകളും (കൊണ്ടുപോകുന്ന ചെലവ്) ഒപ്പം സംരംഭകത്വ പ്രയത്നങ്ങളുടെ പ്രതിഫലത്തിന്റെ സാധാരണ നിരക്കും, മറ്റു പലതിന്റേയും കൂട്ടത്തിൽ (i) കഴിഞ്ഞ 3 വർഷങ്ങളിലെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് (ii) പങ്കെടുക്കുന്നതിനുള്ള സന്നദ്ധത സൂചിപ്പിച്ചുകൊണ്ടുള്ള ഡയറക്ടർ ബോർഡിന്റെ തീരുമാനം (iii) ശേഷിക്കും പ്രവർത്തനമൂലധന ആവശ്യകതകൾക്കും ആനുപാതികമായി വാണിജ്യ ബാങ്കിൽ നിന്നുള്ള ബാലൻസ് ഷീറ്റ് അല്ലെങ്കിൽ അംഗീകൃത ക്രഡിറ്റ് ലൈൻ സൂചിപ്പിച്ച പ്രകാരമുള്ള പണലഭ്യതയുടെ തെളിവ് എന്നീ മാനദണ്ഡങ്ങൾ ഉപയോഗിച്ച് സ്വകാര്യ PPCകളെയും മെറിറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്. PPC കളുടെ അന്തിമ പട്ടിക, കാർഷിക കോർപ്പറേഷന്റേയും ഭക്ഷ്യ വകുപ്പിന്റേയും സപ്ലൈകോയുടെയും ഒരു സംയുക്ത കമ്മിറ്റി തയ്യാറാക്കണം. സ്വകാര്യ PPC കളുടെ സംഗതികളിൽ ഈ റിപ്പോർട്ടിൽ അടങ്ങിയിട്ടു ള്ളതുപോലെ തട്ടിപ്പുകളും ചോർച്ചകളും ഒഴിവാക്കുന്നതിന് നിരീക്ഷണത്തിനും മേൽനോട്ട ത്തിനുമായി ഒരു കൂട്ടം ശുപാർശകൾ നടപ്പിലാക്കണം. 2024-25 ഓടുകൂടി PPC കൾ പൂർണ്ണമായി സ്ഥാപിക്കപ്പെടുകയും മാതൃക സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുകയും ചെയ്യണം.

[30] രാജ്യത്തുടനീളം PPC കൾ സ്ഥാപിക്കാൻ ഇന്ത്യാഗവണ്മെന്റ്/FCI ലേലം നടത്തുന്നതായി അറിയുന്നു. ലേല രേഖകകളും നിർദ്ദേശങ്ങളും ലിസ്റ്റ് പോലും ആവശ്യമായ പ്രകാരം കേരള സർക്കാരിന് ഉപയോഗിക്കാം.

#### 6.2.3.1 സ്ഥാപനപരമായ മാതൃകയും പ്രക്രിയകളും

ഇനിപ്പറയുന്ന ചാർട്ട് സ്ഥാപനപരമായ പ്രധാന വാസ്തുവിദ്യയും ഫണ്ട്/പ്രക്രിയകളും വിശദമാക്കുന്നു. ഡയഗ്രം സ്വയം വിശദീകരിക്കുന്നതാണ്.




#### 6.2.3.2 പങ്കും (Role) ഉത്തരവാദിത്തമേട്രിക്സും

| സ്ഥാപനം/ഏജൻസി | പ്രധാന ഉത്തരവാദിത്തം | അഭിപ്രായങ്ങൾ |
|---|---|---|
| ഇന്ത്യാ ഗവൺമെന്റ് | (i) കേരള സർക്കാരുമായി ധാരണാപത്രം (ii) ദേശീയ സംഭരണ നയവും മാർഗ്ഗ രേഖകളും (iii) താങ്ങു വിലയുടെ പരിഷ്കരണവും കൈകാര്യം ചെയ്യുന്നതിനുള്ള ചാർജ്ജുകളും (iv) ഫണ്ടുകളുടെ യഥാസമയ റിലീസും/മുൻകൂർ പേയ്മെന്റും | ധനകാര്യ-കാർഷിക PPC അടിസ്ഥാന സൗകര്യ-പിന്തുണാസേവനങ്ങൾ |
| കേരള സർക്കാർ | (i) വാർഷിക സംഭരണ നയവും കർമ്മ പദ്ധതിയും (ii) ക്യാബിനറ്റ് ഉപസമിതി സ്ഥാപനവല്ക്കരിക്കുക (iii) കർഷക ബാങ്ക് അക്കൗണ്ടിലേക്ക് വിസ്തൃതി യുമായി ബന്ധിപ്പിച്ച SIB DBT ആയി നല്കുക. (iv) റിവോൾവിങ് ഫണ്ട് സൃഷ്ടിക്കുക/ബഡ്ജറ്റ് ചെയ്ത ഫണ്ടിന്റെ യഥാസമ റിലീസ് (v) സമന്വയിപ്പിച്ച വിള വിളവെടുപ്പ് സംഭരണ കലണ്ടർ (vi) സ്ഥാപന ഏകോപനവും | ഭക്ഷ്യസുരക്ഷയ്ക്കായി കമ്പോളത്തിന് കൂടുതൽ മെച്ചമായി പ്രവർത്തിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുകയും കർഷകർക്ക് ആദായകരമായ വില വാഗ്ദാനം ചെയ്യുകയും ചെയ്യുക |

| | | |
|---|---|---|
| | പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കലും (vii)PPC അടിസ്ഥാന സൗകര്യങ്ങൾക്ക് സഹ-സാമ്പത്തിക സഹായം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകളെ (GP) ശാക്തീകരിക്കുന്ന സർക്കാർ ഉത്തരവ് (GO) | |
| കൃഷിവകുപ്പ്/ഡയറക്ടറേറ്റ് | (i) മൊബൈൽ ആപ്പ് അധിഷ്ഠിതമായ ഒറ്റത്തവണ കർഷക രജിസ്ട്രേഷൻ (ii) ഗുണനിലവാരമുള്ള വിത്ത് ഉറപ്പാക്കുക, വർദ്ധിപ്പിച്ച വിപുലീകരണ സേവനങ്ങൾ (iii) വിസ്തൃതി, ഉൽപ്പാദനം, ഉത്പാദനക്ഷമത എന്നിവയുടെ SMART വിലയിരുത്തൽ (iv) കർഷക പരിശീലനവും മെച്ചപ്പെട്ട കാർഷിക പ്രയോഗങ്ങളുടെ പ്രചരണവും (R&D)(v) കാർഷിക-സബ്സിഡികളുടെ വിതരണം (vi) വിള ഇൻഷുറൻസ് | മുന്തിയ വിള- വിളവെടുപ്പ്-കലണ്ടർ, ശാസ്ത്രീയമായ മില്ലിങ് ടെസ്റ്റ് നടത്തുക |
| സഹകരണ/രജിസ്ട്രേഷൻ വകുപ്പ് | (i)PACS സൗകര്യപ്പെടുത്തുക (ii) യഥാസമയ ഓഡിറ്റും മേൽനോട്ടവും (iii) മുൻകൂട്ടിയുള്ള മുന്നറിയിപ്പും PACS നുള്ള നിരന്തരമായ പിന്തുണയും, ഉറപ്പും | സജീവമായ നിയന്ത്രണം |
| പൊതുവിതരണ കമ്മീഷണർ | (i) CMR ന്റെ ത്രൈമാസ റിലീസ് പ്ലാൻ (ii) വില നിരീക്ഷണവും കമ്പോള പ്രവർത്തനങ്ങളുടെ നയവും | ഉദാ MSP കമ്പോള വിലയ്ക്ക് താഴെ ആകുമ്പോൾ |
| സപ്ലൈകോ | (i) നിയന്ത്രണവും ഗുണനിലവാര ഉറപ്പും (ii) നിരീക്ഷണവും പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കലും (iii) / സ്ഥാപനപരമായ റി എൻജിനിയറിംഗും പ്രൊഫഷണലൈസ് ചെയ്ത | തത്സമയ അക്കൗണ്ടിംഗും തടസ്സങ്ങളില്ലാത്ത പൊരുത്തപ്പെടുത്തലും പരാതിപരിഹാരം മില്ലുകളിലേക്ക് നെല്ലിന്റേയും മില്ലിൽ നിന്നു CMR ന്റെയും |

| | | |
|---|---|---|
| | ശേഷിയും (iv) പരിധിയുള്ള ബാങ്ക് അക്കൗണ്ട് (v) പ്രവർത്തനക്ഷമമായ ഡിജിറ്റൽവൽക്കരിച്ച **SMART Tech** സംയോജിത പ്ലാറ്റ് ഫോം (vi) അടിസ്ഥാനസൗകര്യമൊരുക്കലും PPCകളുടെയും PACS കളുടെയും അംഗീകാരം/അധികാരപ്പെടുത്തൽ (vii) FPO കളുടെയും സ്വകാര്യ ഏജൻസി PPC കളുടെയും നീണ്ട പട്ടിക തെരഞ്ഞെടുപ്പ് (viii), പ്രാദേശിക വെയർഹൗസുകൾ (നിലവറ) അനുവദിക്കുക (ix) മൊബൈൽ ആപ്പ് അധിഷ്ഠിതമായ ഒറ്റത്തവണ മിൽ തെരഞ്ഞെടുപ്പും വിഹിതവും; (x) PPC കളിലുള്ള നെല്ല് ശേഖരം-അളവ്+ ഗുണനിലവാര പരിശോധന (xi) നെല്ല് വിഹിതം/നെല്ല്-യഥാക്രമംCMR PPC കളിലേക്കും മില്ലുകളിലേക്കും മില്ലുകളിൽ നിന്നും PDS ലേക്കും (xii) ഇന്ത്യാഗവണ്മെന്റ്/കേരള സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള CMR ന്റെ അളവിലും ഗുണനിലവാരത്തിലുമുള്ള ഉറപ്പ്; (xiii)PPC കൾ/PAC മില്ലുകൾ എന്നിവയ്ക്കുള്ള ഫണ്ടുകളുടെ റിലീസ് (മാനദണ്ഡങ്ങൾ പ്രകാരമുള്ള സംഭരണം, മില്ലിംഗും കൈകാര്യം ചെയ്യുന്നതിനുള്ള ചാർജുകളും (xiv) ബോധവല്ക്കരണം സൃഷ്ടിക്കൽ) | ട്രാൻസ് പോർട്ടേഷന് |
| നെല്ല് സംഭരണ കേന്ദ്രം | (i) ധനസഹായം പ്രയോജനപ്പെടുത്തുകയും അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഗുണനിലവാര ഉറപ്പ് സൗകര്യങ്ങളും സൃഷ്ടിക്കുകയും ചെയ്യുക (ii) സംഭരണവും ശേഖരണവും (iii) യഥാസമയ PRS ജനറേഷനും തത്സമയത്തുള്ള കർഷക പേയ്മെന്റും (iv) സപ്ലൈകോ/ മില്ലുകൾക്ക് സ്റ്റോക്ക് നല്കൽ (v) അക്കൗണ്ടിംഗും ഓഡിറ്റും | PPCയ്ക്ക്, സംയോജിത സംഭരണവും ധനസഹായവുമുള്ള ഒരു നിയമപരമായ ഏകസ്ഥാപനവും ആവാം |
| സ്വകാര്യ മേഖല | (i)PPC കൾക്കു ധനസഹായം/ പ്രവർത്തന മൂലധനവും അടിസ്ഥാന സൗകര്യവും (ii) | 'നഷ്ടമില്ലാ നയം' |

| | | |
|---|---|---|
| | സപ്ലൈകോയുമായി സംഭരണ കണക്കുകളുടെ ഓൺ ലൈൻ പൊരുത്തപ്പെടുത്തൽ കർഷകർക്ക് വിപുലീകരണത്തിനുള്ള പിന്തുണ | |
| മില്ലുടമകൾ | (i) മിൽ തെരഞ്ഞെടുക്കുന്നതിന് അപേക്ഷിക്കുക (ii) സാമ്പത്തിക മാനദണ്ഡങ്ങൾ ആവശ്യകതകൾ പാലിക്കുക/കരാറിൽ ഏർപ്പെടുക (iii) അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുക (iv) മില്ലുകളുമായുള്ള കരാർ പ്രകാരം CMR വിതരണം ചെയ്യുക | സൗകര്യങ്ങളുള്ള കേരളത്തിലെ ഏതെങ്കിലും ആധുനിക മിൽ |
| കർഷകർ/പാടശേഖര സമിതികൾ | (i) അവബോധ സൃഷ്ടി (ii) വിള-വിളവെടുപ്പ് സംഭരണ കലണ്ടറുമായി പൊരുത്തപ്പെടുത്തുക (iii) വിളവെടുപ്പിനു ശേഷമുള്ള ഗുണനിലാവര ഉറപ്പ്; (iv) നെല്ലിന്റെ വിസ്തൃതിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക (v) യന്ത്രവല്ക്കരണവും ആധുനിക സമ്പ്രദായങ്ങൾ സ്വീകരിക്കുകയും ചെയ്യുക (vi) വിള ഇൻഷുറൻസ് | കലണ്ടർ ഒഴിവാക്കുന്ന കർഷകൻ/ർ സംഭരണവും ഒഴിവാക്കണം |

ജില്ലാകളക്ടർ: നെല്ലിന്റെ ജലസേചനത്തിനുള്ള വെള്ളം യഥാസമയം നല്കുകയും, പമ്പിംഗ് സൗകര്യപ്പെടുത്തുകയും, വിളവെടുപ്പുകാരെ (കൊയ്ത്തുകാർ) ലഭ്യമാക്കുകയും, വിളവെടുപ്പ് സമയത്തുള്ള വാഹനങ്ങളുടെ ട്രാൻസ്പോർട്ടും, കയറ്റിറക്ക് തർക്കങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതുൾപ്പെടെ ജില്ലാകളക്ടറുടെ ജില്ലാ തലത്തിലുള്ള പ്രശ്നങ്ങളുടെ ഒത്തുതീർപ്പും ഏകോപനവും.

**6.3 മാതൃകയുടെ നേട്ടങ്ങൾ:**

- വിവിധ ഓപ്ഷനുകളുടെ ഗുണദോഷങ്ങൾ പരിഗണിച്ചതിനുശേഷം നെല്ല് സംഭരണം തുടരുകയും നിലനിറുത്തുകയും ചെയ്യണമെങ്കിൽ ഏറ്റവും പ്രായോഗികവും പ്രയോജനപ്രദവുമായ സംഭരണമാതൃക, PACS/PPC മുഖേനയുള്ളതാണ്. ഉറപ്പായ നേട്ടങ്ങളിൽ ഉൾപ്പെടുന്നത്-
- നെല്ല് സംഭരണം സർക്കാരിന്റെ കടമെടുപ്പു പരിധിയിലേക്ക് ചേർക്കാത്തതിനാൽ സംസ്ഥാനത്തിന് സാമ്പത്തിക സമ്മർദ്ദത്തിൽ നിന്ന് കാര്യമായ ആശ്വാസം ലഭിക്കും.
- ശേഖരണവും മില്ലിങ്ങും വേർപ്പെടുത്തുന്നതിന്റെ പ്രയോജനങ്ങൾ: സംഭരിക്കുന്ന നെല്ല് PACS നിയന്ത്രിക്കുന്ന സംഭരണ കേന്ദ്രങ്ങളിൽ ശേഖരിക്കും. PDS ആവശ്യകതകളെ അടിസ്ഥാനപ്പെടുത്തി PACS ൽ നിന്നും മില്ലുകളിലേക്ക് നെല്ല് വിടുകയും മില്ലുകൾ 7-10 ദിവസത്തിനുള്ളിൽ നെല്ല് സംസ്കരിക്കുകയും ചെയ്യേണ്ടതാണ്. ഇത് സ്വകാര്യ മില്ലു കളുടെ/കളാലുള്ള പട്ടികസാമാനങ്ങൾക്ക് കേരള സർക്കാർ ധനസഹായം നല്കുന്നതിന്റെ അപകടസാധ്യത

കുറയ്ക്കുന്നു. കൂടാതെ ഇത്, പൊതുവിപണിയിലേക്ക് സ്റ്റോക്ക് വഴിതിരിച്ചു വിടുന്നു/പകരം വയ്ക്കുന്നു എന്നുള്ള ആരോപണങ്ങൾക്കുള്ള അവസരം കുറയുകയും ചെയ്യും.

- <u>മത്സരത്തിന്റെ പ്രയോജനങ്ങൾ</u>: സിസ്റ്റത്തിലേക്ക് ഘടനാപരമായ മത്സരം അടിച്ചേല്പ്പിക്കുന്നത് ആഭ്യന്തര/കയറ്റുമതി കമ്പോളത്തിൽ ഗുണനിലവാരമുള്ള ചിലയിനം നെല്ലിന് നല്ല ഡിമാന്റ് ഉള്ളതിനാൽ കർഷകർക്ക് മെച്ചപ്പെട്ട വില ഈടാക്കുന്നതിനും, പ്രീമിയം ഇനങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കു ന്നതിനും കാരണമാകാം.
- <u>പ്രാദേശിക സാമ്പത്തിക ഉണർവ്</u>: പ്രാദേശിക സമ്പദ് വ്യവസ്ഥ പൊതുവേയും **PACS** കളുടെ സാമ്പത്തിക ശക്തി, പ്രത്യേകിച്ചും കർഷകർക്ക്, നല്കികൊണ്ടിരിക്കുന്ന വിപുലീകരണ പിന്തുണ പൂർണ്ണമാക്കുന്ന ഗുണിതപ്രഭാവങ്ങളുടെയും ബാഹ്യഘടകങ്ങളുടെയും കാരണത്താൽ മെച്ചപ്പെടുന്നതാണ്.
- <u>പ്രാദേശിക ഉടമസ്ഥതയും പങ്കാളിത്തവും</u>: ഇത് സംഭരണ പ്രക്രിയയിൽ കർഷകരുടെയും പ്രാദേശിക താല്പര്യക്കാരുടെയും ഉടമസ്ഥതയും പങ്കാളിത്തവും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്.
- **PACS** ഗ്രാമപഞ്ചായത്തുകൾ, കൃഷിഭവനുകൾ, കർഷക കൂട്ടായ്മകൾ/**FPC** കൾ പാടശേഖര സമിതികൾ എന്നിവയുടെ സ്ഥാപനപരമായ ഒരു സഹകരണ മാതൃക വികസിപ്പിച്ചെടുത്താൽ **PPC** കൾ "പശ്ചാത്താപരഹിത" മുതൽമുടക്കായിരിക്കും. സംസ്ഥാനത്ത് ആധുനിക ഫാമുകളുടെ ഒരു പുതിയ മാതൃക മൂല്യവർദ്ധന, പ്രാദേശിക വളർച്ച എന്നിവയ്ക്കായി അവർക്ക് പരസ്പരം സഹകരിക്കാനും ശക്തിപ്പെടുത്താനും കഴിയുന്നതാണ്.

സമ്പദ്വ്യവസ്ഥയുടെ ഭരണനിർവ്വഹണ മാനദണ്ഡങ്ങൾ കാര്യക്ഷമത, ധനസഹായത്തിനുള്ള അനായാസത, തത്സമയ കർഷക പേയ്മെന്റുകൾ പണത്തിനുള്ള മൂല്യം എന്നിവയും സംസ്ഥാനത്തിന്റെ ബന്ധപ്പെട്ടതും ഉറപ്പായതുമായ നേട്ടങ്ങൾക്കൊപ്പം വിലയിരുത്തി ഞങ്ങൾ ഈ സാധ്യതകൾ ശുപാർശ ചെയ്യുന്നു. അതായത് **PACS/PPC** കളുടെ ഡിജിറ്റലൈസ് ചെയ്ത പ്രത്യേകമായ ഈ-സംഭരണം.

**6.4 പ്രവർത്തന പദ്ധതി**

**2024-25** ൽ കേരള സർക്കാർ സംസ്ഥാനത്ത് **PPC-PACS** സപ്ലൈകോ മാതൃക നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പുതിയ നയം പൂർണ്ണമായി നടപ്പിലാക്കുന്നതിന് സമയപരിധിയും മാറ്റമില്ലാത്ത നാഴികക്കല്ലുകളും അടങ്ങിയ വിശദമായ ദിശാനിർദ്ദേശവും കർമ്മ പദ്ധതിയും തയ്യാറാക്കാവുന്നതാണ്. വേഗത്തിലും, ഏകജാലകവുമായി തീരുമാനങ്ങൾ എടുക്കുന്നതിന്റെ തുടർച്ചയ്ക്കായി മന്ത്രിസഭ- ഉപസമിതിയെ സ്ഥാപനവല്ക്കരിക്കാവുന്നതാണ്. കേരള സർക്കാർ ശുപാർശകളുമായി പൊരുത്ത പ്പെടുത്തി **2024** മുതൽ സംഭരണം തുടങ്ങാൻ സാധിക്കുന്ന നയ മാർഗ്ഗനിർദ്ദേശങ്ങളും ഒരു കർമ്മ പദ്ധതിയും പുറപ്പെടുവിക്കേണ്ടതാണ്. ഇന്ത്യാ ഗവണ്മെന്റിന്റെ **(GoI)** നാഷണൽ ഇൻഫ്രസ്ട്രക്ചർ ഫിനാൻസിംഗ് ഫസിലിറ്റി **(NIFF)** യുടെ കീഴിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സജ്ജീകരിച്ചു കൊണ്ട് **PACS** നെ സഹായിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള ഒരു നോഡൽ ഏജൻസിയായി സപ്ലൈകോയെ നിയമിക്കാവുന്നതാണ്. കൂടാതെ **PPC** കളുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് ധനസഹായം ചെയ്യുന്നതിന് **PACS** കളേയും ഗ്രാമപഞ്ചായത്തുകളേയും **(GPs)** ശക്തിപ്പെടുത്തണം. അതനുസരിച്ച് **2024** വിരിപ്പു സീസൺ, വിള **1** മുതൽ സംസ്ഥാനത്തെ സംഭരണ ഏജൻസികളായി **PACS** നെ കേരള സർക്കാരിന് അധികാരപ്പെടുത്താവുന്നതാണ്. കൂടാതെ, ഇന്ത്യാഗവണ്മെന്റ് വിഭാവനം ചെയ്ത പ്രകാരം നെല്ല് സംഭരണ കേന്ദ്രങ്ങളായി വികസിപ്പിക്കാൻ കഴിയുന്ന ആവശ്യമായ വെയർ ഹൗസിങ് സൗകര്യങ്ങൾ സ്ഥാപി

ക്കുന്നതിനോ, പുറം കരാർ കൊടുക്കുന്നതിനോ അവരെ സഹായിക്കുകയും ചെയ്യാവുന്നതാണ്. നിലവാരം പുലർത്തുന്ന മാനദണ്ഡങ്ങളുടെയും, വികേന്ദ്രീകൃത സംഭരണ സംവിധാനത്തിൽ (DPS) പങ്കെടുക്കുന്നതിനുള്ള അവരുടെ സന്നദ്ധതയെയും അടിസ്ഥാനപ്പെടുത്തി PAC കളെ ഷോർട്ട് ലിസ്റ്റ് ചെയ്യാവുന്നതാണ്.

PACS കൾ ലഭ്യമല്ലാത്തതോ സന്നദ്ധമല്ലാത്തതോ ആയ സ്ഥലങ്ങളിൽ PPC കളും വെയർഹൗസിംഗ് സൗകര്യങ്ങളും പ്രവർത്തിപ്പിക്കുന്നതിന് ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ (FPCs), സ്വയം സഹായ ഗ്രൂപ്പുകൾ/പാടശേഖരസമിതികൾ, മറ്റു സ്വകാര്യ ഏജൻസികൾ എന്നിവരെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനും അംഗീകരിക്കുന്നതിനും കേരള സർക്കാരിനും സപ്ലൈകോയ്ക്കും തുടക്കമിടാവുന്നതാണ്.

സംഭരണത്തിന് PPC/PACs മാതൃക സ്വീകരിക്കുന്നത് ഇനിപ്പറയുന്ന പ്രകാരം ഉയർന്ന ലാഭവിഹിതം നല്കുന്നതാണ്:

സാധ്യതയുള്ള തകർച്ചയിൽ നിന്ന് DPS നെ നിലനിറുത്തുക, ക്രമാനുഗതമായി സ്വാശ്രയ സമ്പ്രദായത്തിലേക്ക് നീങ്ങും

ഭക്ഷ്യസുരക്ഷ ശക്തിപ്പെടുത്തുകയും ക്ഷേമം വിപുലീകരിക്കുകയും ചെയ്യുക (കർഷകർക്കും ഉപഭോക്താക്കൾക്കും)

വിഭവ-കാര്യക്ഷമത, മിതവ്യയം, നികുതിദായകരുടെ പണത്തിനുള്ള മൂല്യം എന്നിവ മെച്ചപ്പെടുത്തുക

പരിഷ്കാരങ്ങൾ മാറ്റമില്ലാത്തതും, സുസ്ഥിരവും, വിജയകരവുമാക്കുന്നതിന് ശക്തമായ രാഷ്ട്രീയ ഇച്ഛാ ശക്തിയും, ശ്രദ്ധാപൂർവ്വമായ തയ്യാറെടുപ്പുകളും ആവശ്യമാണ്. ഇത് വിജയകരമായി നടപ്പാക്കിയാൽ, സംസ്ഥാനത്തുടനീളമുള്ള സമാനമായ സേവനവിതരണ പദ്ധതികളിലെ പരിഷ്കാരങ്ങൾക്ക് വഴി കാട്ടുന്ന ഒരു വിളക്ക് മാടം പദ്ധതിയായി ഇത് വർത്തിക്കും.